22
ജൂൺ 2024
ശനി
1445 ദുൽഹജ്ജ് 16
1199 മിഥുനം 08
പേജ് 20
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

facebook.com/@gulfchandrika instagram.com/@gulfchandrika youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily |
Managing Director: Panakkad Syed Sadikali Shihab Thangal

ലക്ഷങ്ങളുടെ നീറ്റൽ

- നീറ്റ് ചോദ്യപേപ്പറിന് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയത് 32 ലക്ഷം
- പ്രതിയുടെ വീട്ടിൽ കത്തിക്കരിഞ്ഞ ചോദ്യക്കടലാസ്
- ചോദ്യപ്പേപ്പർ വിദ്യാർത്ഥികൾക്ക് പരീക്ഷയുടെ തലേദിവസം കിട്ടി

CLICK യു.ജി.സി നെറ്റ് ചോദ്യപേപ്പർ ചോർച്ചയിൽ പ്രതിഷേധിച്ച് ഡൽഹിയിൽ കോൺഗ്രസ് നടത്തിയ പ്രതിഷേധ മാർച്ച് പൊലീസ് തടയുന്നു

യു.ജി.സി നെറ്റ് വിറ്റത് 6 ലക്ഷം രൂപയ്ക്ക്

5000 മുതൽ 10000 രൂപയ്ക്ക് ടെലഗ്രാമിൽ വിൽപന

ന്യൂഡൽഹി: യു.ജി.സി നെറ്റ് ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പുറത്ത്. ചോദ്യപേപ്പറുകൾ ഡാർക്ക് നെറ്റിലൂടെയും സാമൂഹിക മാധ്യമ പ്ലാറ്റ് ഫോമിലൂടെയും ആറ് ലക്ഷം രൂപയ്ക്കാണ് വിൽപന നടത്തിയതെന്ന് റിപ്പോർട്ട്. ചോദ്യപേപ്പർ ചോർച്ചയിൽ ചില കോച്ചിങ് സെന്ററുകൾക്കും പങ്കുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിലേക്ക് അന്വേഷണം വ്യാപിപ്പിക്കാനുള്ള തീരുമാനത്തിലാണ് സിബിഐ. ഓരോരുത്തരിൽ നിന്നും 5000 മുതൽ 10000 രൂപവരെ ഈടാക്കിയാണ് സാമൂഹിക മാധ്യമ പ്ലാറ്റ് ഫോമായ ടെലഗ്രാമിലൂടെ ചോദ്യപേപ്പർ വിൽപന നടത്തിയതെന്നാണ് പുറത്ത് വരുന്ന വിവരം. ടെലഗ്രാമിലൂടെ 10000 രൂപയ്ക്ക് ചോദ്യപേപ്പറുകൾ വിൽക്കുന്ന സംഘത്തെ കുറിച്ചുള്ള വിവരങ്ങൾ അന്വേഷണ ഏജൻസികൾക്ക് ലഭിച്ചതായും റിപ്പോർട്ടുണ്ട്. പരീക്ഷയ്ക്ക് ദിവസങ്ങൾ മുമ്പ് വിവിധ ടെലഗ്രാം ഗ്രൂപ്പുകളിൽ ചോദ്യപേപ്പറുകൾ ലഭ്യമായിരുന്നു എന്നാണ് അറിയുന്നത്. ഈ ഗ്രൂപ്പുകളെ അന്വേഷണ ഏജൻസികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. യു.ജി.സി നെറ്റ് ചോദ്യപ്പേപ്പർ ഡാർക്നെറ്റിൽ ചോർന്നതിനാലാണ് പരീക്ഷ റദ്ദാക്കിയതെന്ന് കഴിഞ്ഞ ദിവസം കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ പറഞ്ഞിരുന്നു. 18ന് നടത്തിയ പരീക്ഷ ബുധനാഴ്ച രാത്രിയാണ് റദ്ദാക്കിയത്. ഒ.എം.ആർ. പരീക്ഷയിൽ സൈബർ ക്രമക്കേടുകൾ നടന്നെന്ന കണ്ടെത്തലിനെത്തുടർന്നാണ് പരീക്ഷ റദ്ദാക്കുന്നതായി അറിയിച്ചത്. വിഷയത്തിൽ കേന്ദ്ര സർക്കാർ സി.ബി.ഐ. അന്വേഷണം പ്രഖ്യാപിച്ചിരുന്നു.

ന്യൂഡൽഹി: നീറ്റ് യു.ജി പരീക്ഷ ക്രമക്കേടുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പുറത്ത്. ചോദ്യപേപ്പറുകൾ ചോർത്തി നൽകിയത് 32 ലക്ഷം രൂപയ്ക്കെന്നാണ് വെളിപ്പെടുത്തൽ. പറ്റനയിൽ അറസ്റ്റിലായ വിദ്യാർത്ഥി അനുരാഗ് യാദവാണ് പൊലീസിന് ഇതു സംബന്ധിച്ച മൊഴി നൽകിയത്. അനുരാഗ് ഉൾപ്പെടെ അറസ്റ്റിലായ നാലുപേർക്കും പരീക്ഷയുടെ തലേ ദിവസം ചോദ്യപേപ്പർ ലഭിച്ചിരുന്നതാണ് കണ്ടെത്തൽ.

അനുരാഗ് യാദവിനെക്കൂടാതെ, അമ്മാവൻ സിക്കന്ദർ യാദവേന്ദു, നിതീഷ് കുമാർ, അമിത് ആനന്ദ് എന്നിവരാണ് അറസ്റ്റിലായത്. ധനാപൂർ മുൻസിപ്പൽ കൗൺസിലിലെ ജൂനിയർ എഞ്ചിനീയറായി വിരമിച്ചയാളാണ് സിക്കന്ദർ. ഇദ്ദേഹമാണ് അനുരാഗിന് ചോദ്യപേപ്പർ സംഘടിപ്പിച്ചു നൽകിയത്. രാജസ്ഥാനിലെ കോട്ടയിലുള്ള അലൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നീറ്റ് പരിശീലനത്തിലായിരുന്ന അനുരാഗിനെ സിക്കന്ദർ പറ്റനയിലേക്കു വിളിച്ചു വരുത്തിയാണു ചോദ്യപേപ്പർ സംഘടിപ്പിച്ചു നൽകിയത്. സിക്കന്ദർ അമിത് ആനന്ദ്, നിതീഷ് കുമാർ എന്നിവരുടെ അടുക്കലേക്കു തന്നെ കൊണ്ടു പോയെന്നും അവരാണു ചോദ്യപേപ്പർ നൽകിയതെന്നും അനുരാഗ് വെളിപ്പെടുത്തി.

പരീക്ഷാ ചോദ്യപേപ്പറിലെ അതേ ചോദ്യങ്ങളാണ് ഇതിൽ ഉണ്ടായിരുന്നതെന്നും അനുരാഗ് സമ്മതിച്ചു. ചോദ്യപേപ്പർ നൽകിയ നിതീഷ് കുമാറും അമിത് ആനന്ദും നേരത്തെ ബിഹാർ പി.എസ്.സി, യു.പി.എസ്.സി ചോദ്യപേപ്പറുകൾ ചോർത്തിയ കേസിലെ പ്രതികളാണ്. യാദവേന്ദു തങ്ങളോട് ചോദ്യപേപ്പർ ആവശ്യപ്പെട്ടെന്നും 32 ലക്ഷമാണ് തങ്ങൾ ഈടാക്കിയതെന്നും ഇരുവരും വെളിപ്പെടുത്തിയിട്ടുണ്ട്. യാദവേന്ദു ഉദ്യോഗാർത്ഥികളോട് 40 ലക്ഷം വീതമാണ് ഈടാക്കിയത്. പരീക്ഷയുടെ തലേ ദിവസം നാലു വിദ്യാർത്ഥികളെ സർക്കാർ ഗസ്റ്റ് ഹൗസിൽ താമസിപ്പിച്ചതായും ഇവിടെ വെച്ച് ചോദ്യപേപ്പർ നൽകിയെന്നുമാണ് മൊഴി. ഒറ്റരാത്രികൊണ്ട് ചോദ്യത്തിന് ഉത്തരം കണ്ടെത്താനും ഇത് പഠിക്കാനും നിതീഷ് കുമാറും അമിതും സഹായിക്കുകയായിരുന്നു. അനുരാഗ് യാദവിനൊപ്പം യാദവേന്ദുവിന്റെ ബന്ധുവായ ശിവാനന്ദ കുമാർ എന്ന വിദ്യാർത്ഥിയും ഇക്കാര്യങ്ങൾ ചോദ്യം ചെയ്യലിൽ വെളിപ്പെടുത്തിയിട്ടുണ്ട്. യാദവേന്ദുവിന് ചോദ്യപേപ്പറിന് 40 ലക്ഷം രൂപ നൽകിയതായി രണ്ട് വിദ്യാർത്ഥികളുടേയും മാതാപിതാക്കളും മൊഴി നൽകിയിട്ടുണ്ട്. അതേ സമയം വ്യാഴാഴ്ച അറസ്റ്റിലായ അമിത് ആനന്ദിന്റെ പറ്റനയിലെ വസതിയിൽ നിന്ന് നീറ്റ് ചോദ്യപ്പേപ്പറിന്റെയും ഉത്തരക്കടലാസിന്റെയും കത്തിക്കരിഞ്ഞ അവശിഷ്ടങ്ങൾ പൊലീസ് കണ്ടെടുത്തു.

സി.എസ്.ഐ.ആർ നെറ്റ് പരീക്ഷ റദ്ദാക്കി

ന്യൂഡൽഹി: 25 മുതൽ 27 വരെ നടത്താനിരുന്ന സി.എസ്.ഐ.ആർ നെറ്റ് പരീക്ഷ മാറ്റി. ഒഴിവാക്കാനാവാത്ത സാഹചര്യവും ലോജിസ്റ്റിക്സിലെ പ്രശ്നങ്ങളുമാണ് പരീക്ഷ മാറ്റാൻ കാരണമെന്നാണ് എൻ. ടി.എ യുടെ ഔദ്യോഗിക വിശദീകരണം.

പുനക്രമീകരിച്ച പരീക്ഷ തീയതി പിന്നീട് ഔദ്യോഗിക വെബ്സൈറ്റ് വഴി അറിയിക്കുമെന്നും യു.ജി.സി വാർത്താ കുറിപ്പിലൂടെ അറിയിച്ചു. ചോദ്യപേപ്പർ ചോർച്ചയെ തുടർന്ന് 18ന് നടത്തിയ യു.ജി.സി നെറ്റ് പരീക്ഷ എൻ.ടി. എ റദ്ദാക്കിയിരുന്നു.

അറസ്റ്റിലായ വിദ്യാർത്ഥി നേടിയത് 720 ൽ 185 മാർക്ക്

പറ്റ്ന: നീറ്റ് യുജി, യുജിസി നെറ്റ് പരീക്ഷകളിലെ ക്രമക്കേടുകളിൽ രാജ്യവ്യാപകമായി പ്രതിഷേധം തുടരവേ, പരീക്ഷയ്ക്ക് മുമ്പ് ചോദ്യക്കടലാസ് ചോർത്തിയെന്ന് ആരോപിക്കപ്പെട്ട നാലു ബിഹാർ വിദ്യാർഥികളുടെ സ്കോർ കാർഡുകൾ പുറത്തായി. നാഷനൽ ടെസ്റ്റിങ് ഏജൻസി (എൻടിഎ) പുറത്തുവിട്ട സ്കോർ കാർഡനുസരിച്ച് 720ൽ 185 മാർക്കാണ് അനുരാഗ് യാദവ് നേടിയത്. അതായത് 54.84 പെർസെന്റൈൽ. അതേസമയം, വ്യക്തിഗത വിഷയങ്ങളിലെ മാർക്ക് പരിശോധിക്കുമ്പോൾ ഫിസിക്സിൽ 85.8 പെർസെന്റൈലും ബയോളജിയിൽ 51 പെർസെന്റൈലും നേടിയ അനുരാഗിന് കെമിസ്ട്രിക്ക് 5 പെർസെന്റൈലുമാണ് മാർക്ക്. അനുരാഗിന്റെ ഓൾ ഇന്ത്യ റാങ്ക് 10,51,525 ആണ്. ഒബിസി വിഭാഗത്തിന്റെ സംവരണത്തിൽ റാങ്ക് 4,67,824. ചോദ്യപേപ്പർ ചോർത്തിക്കിട്ടിയ മറ്റൊരു വിദ്യാർത്ഥിക്ക് 720ൽ 300 മാർക്ക് നേടാനായിട്ടുണ്ട്. അതായത് 73.37 പെർസെന്റൈൽ. എന്നാൽ വ്യക്തിഗത വിഷയങ്ങളിലെ മാർക്ക് വളരെ കുറവാണ്. ഒരാൾക്ക് ബയോളജിയിൽ 87.8 പെർസെന്റൈൽ നേടാനായപ്പോൾ ഫിസിക്സിന് 15.5 പെർസെന്റൈലും കെമിസ്ട്രിക്ക് 15.3 പെർസെന്റൈലും മാത്രമാണ് നേടാനായത്.

CLICK സുന്ദരൻ ജോൺ മുഹമ്മദ് റാഫി

പിക്കപ്പ്വാൻ കടയിലേക്ക് ഇടിച്ചു കയറി മൂന്നു മരണം

കോഴിക്കോട്: കൂടരഞ്ഞി കുളിരാമുട്ടിയിൽ നിയന്ത്രണംവിട്ട പിക്കപ്പ് വാൻ കടയിലേക്ക് ഇടിച്ചു കയറി മൂന്നു പേർ മരിച്ചു. രണ്ടു പേർക്കു പരുക്കേറ്റു. കുളിരാമുട്ടി സ്വദേശികളായ സുന്ദരൻ പുളിക്കുന്നത്ത് (62), ജോൺ കമുങ്ങും തോട്ടിൽ (65), തേക്കും കുറ്റി സ്വദേശി മുഹമ്മദ് റാഫി എന്നിവരാണു മരിച്ചത്. സുന്ദരനും ജോണും കടവരാന്തയിൽ ഇരിക്കവേയാണ് നിയന്ത്രണം വിട്ട വാഹനം പാഞ്ഞെത്തി ഇടിച്ചത്. രാവിലെ ഒൻപതരയോടെയാണ് അപകടം. പൂവാറൻതോടിൽ നിന്നും ഇറക്കം ഇറങ്ങി വരികയായിരുന്നു പിക്കപ്പ് നിയന്ത്രണം വിട്ട് കടയിലേക്ക് ഇടിച്ചു കയറുകയായിരുന്നു. കടയുടമ ജോമോൻ, ശിഹാബുദ്ദീൻ തേക്കുംകുറ്റി എന്നിവർക്കാണ് പരുക്കേറ്റത്. ഇവരെ സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. പ്രേമയാണ് സുന്ദരന്റെ ഭാര്യ. മക്കൾ: അമൃത, ആതിര. ജോണിന്റെ ഭാര്യ: ലില്ലി കിഴക്കേപറമ്പിൽ (കൂടരഞ്ഞി). മക്കൾ: പ്രിയ (യു.കെ), പ്രജീഷ് (ഇറ്റലി). ശൈലത്ത് ബാനുവാണ് മുഹമ്മദ് റാഫിയുടെ ഭാര്യ. പിതാവ്: മുഹമ്മദ് കുട്ടി. മാതാവ്: പാത്തുമ്മ. മക്കൾ: ഹസ ഫാത്തിമ, ആശ്മി.

കെജ്‌രിവാളിന് ജാമ്യം പിന്നാലെ സ്റ്റേ

ഇ.ഡി ഹർജിയിൽ വിധി പറയുന്നതുവരെ ജാമ്യമില്ല, അന്തിമവിധി 3 ദിവസത്തിനകം

ന്യൂഡൽഹി: ഡൽഹി മദ്യനയ ക്കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് ജാമ്യവും ജാമ്യത്തിന് സ്റ്റേയും ഒരേ ദിവസം. കെജ്‌രിവാളിന് വിചാരണക്കോടതി ജാമ്യം അനുവദിച്ച നടപടി ഡൽഹി ഹൈക്കോടതി സ്റ്റേ ചെയ്യുകയായിരുന്നു. മൂന്നു ദിവസത്തിനുള്ളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ ഹർജിയിൽ അന്തിമ ഉത്തരവുണ്ടാകും. അതുവരെ ജാമ്യം സ്റ്റേ ചെയ്യുന്നതായി ഹൈക്കോടതി ജസ്റ്റിസുമാരായ സുധിർ കുമാർ ജെയ്ൻ, രവീന്ദർ ദുഡേജ എന്നിവർ ഉത്തരവിട്ടു.

കെജ്‌രിവാളിന് ഡൽഹി പട്യാല റോസ്അവന്യൂ കോടതി വ്യാഴാഴ്ച ജാമ്യം അനുവദിച്ചതിനെ എതിർത്താണ് ഇഡി ഡൽഹി ഹൈക്കോടതിയെ സമീപിച്ചത്. വാദങ്ങൾ അവതരിപ്പിക്കാൻ വേണ്ടത്ര സമയം കിട്ടിയില്ലെന്നു ചൂണ്ടിക്കാട്ടിയുള്ള ഇ.ഡിയുടെ ഹർജിയിൽ ഹൈക്കോടതി അടിയന്തരമായി വാദം കേൾക്കുകയായിരുന്നു. തലതിരിഞ്ഞ വിധിയാണ് വിചാരണക്കോടതിയുടെതെന്നും മദ്യനയ ക്കേസിൽ കെജ്‌രിവാളിന് നേരിട്ട് ബന്ധമില്ലെന്ന വിചാരണക്കോടതിയുടെ നിരീക്ഷണം തെറ്റാണെന്നും ഇഡിക്കായി ഹാജരായ സോളിസിറ്റർ ജനറൽ എസ്.വി.രാജു പറഞ്ഞു.

കെജ്‌രിവാൾ 100 കോടി രൂപ ആവശ്യപ്പെട്ടിരുന്നെന്ന കേസിലെ മാപ്പുസാക്ഷി മഗുന്ത റെഡ്ഡിയുടെ മൊഴി ഇതിന് തെളിവാണ്. വിചാരണക്കോടതിയിലെ ജഡ്ജി എല്ലാ രേഖകളും പരിശോധിച്ചിട്ടില്ല. അത് ചെയ്യേണ്ടത് കോടതിയുടെ ഉത്തരവാദിത്തമാണ്. അന്വേഷണ ഏജൻസിക്ക് വാദിക്കാൻ വേണ്ടത്ര സമയം നൽകിയിട്ടില്ല. കേസിൽ കെജ്‌രിവാളിന് ബന്ധമുണ്ടെന്നു തെളിയിക്കുന്ന രേഖകൾ അന്വേഷണ ഏജൻസി ഹാജരാക്കിയിട്ടും അത് പരിഗണിച്ചില്ലെന്നും ഇ.ഡി ഹൈക്കോടതിയിൽ പറഞ്ഞു. പ്രസക്തമായ തെളിവുകൾ പരിഗണിക്കാതിരിക്കാതെയും അപ്രസക്തമായ കാര്യങ്ങൾ പരിഗണിച്ചുമാണു ജാമ്യം നൽകിയതെങ്കിൽ അത് റദ്ദാക്കാൻ ആവശ്യപ്പെടാം. ഈ കേസിൽ അതുകൊണ്ടാണ് ജാമ്യം റദ്ദാക്കാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രിയാണെന്ന കാരണം കൊണ്ട് ജാമ്യം അനുവദിക്കാനാവില്ലെന്നും ഭരണഘടനാപരമായ സ്ഥാനം വഹിക്കുന്നുവെന്നുള്ളതിനാൽ എന്ത് തെറ്റ് ചെയ്താലും മന്ത്രിമാർക്ക് ജാമ്യം കിട്ടും എന്നതാണോ വിചാരണക്കോടതിയുടെ വിധി കൊണ്ട് അർഥമാക്കുന്നതെന്നും ഇ.ഡി കോടതിയിൽ ചോദിച്ചു. എന്നാൽ ഇ.ഡിയുടെ വാദങ്ങൾ ദൗർഭാഗ്യകരമാണെന്നും നിയമത്തെ മറികടക്കാനാണ് ഇ.ഡിയുടെ ശ്രമമെന്നും കെജ്‌രിവാളിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ അഭിഷേക് മനു സിങ്‌വി പറഞ്ഞു. കേസിൽ ജാമ്യത്തിനായി വിചാരണക്കോടതിയെ സമീപിക്കാമെന്നു മെയ് 10ലെ വിധിയിൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ടെന്നും കേസിൽ ഹൈക്കോടതിയുടേതാണ് അവസാനവാക്കെന്ന നിലയിലാണ് ഇഡിയുടെ നടപടികളെന്നും സിങ്‌വി വിമർശിച്ചു.

വിചാരണക്കോടതി ജാമ്യം അനുവദിച്ചതോടെ ഇന്നലെ ഉച്ചയ്ക്കു ശേഷം കെജ്‌രിവാൾ ജയിൽ മോചിതനാകുമെന്നാണ് എഎപി നേതാക്കൾ കരുതിയിരുന്നത്. അദ്ദേഹത്തെ സ്വീകരിക്കാനുള്ള ഒരുക്കങ്ങളും നടത്തിയിരുന്നു. എന്നാൽ ഇഡിയുടെ ഹർജി പരിഗണിക്കുന്നതുവരെ കെജ്‌രിവാളിന് ജാമ്യം അനുവദിക്കുന്നത് ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്യുകയായിരുന്നു.

എം. പി അബ്ദുൽ ഖാദർ നിര്യാതനായി

പെരുമ്പാവൂർ: മുതിർന്ന മുസ്‌ലിം ലീഗ് നേതാവും സംസ്ഥാന കൗൺസിൽ അംഗവുമായ കണ്ടന്തറ മുണ്ടക്കൽ വീട്ടിൽ എം. പി അബ്ദുൽ ഖാദർ (81) നിര്യാതനായി. മുസ്‌ലിം ലീഗ് എറണാകുളം ജില്ലാ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ട്രഷറർ, എറണാകുളം ജില്ലാ പഞ്ചായത്ത് അംഗം, ജില്ലാ വികസന സമിതി അംഗം, സ്കൂട്ടേഴ്സ് കേരള, തിരുവനന്തപുരം കോ ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്നി പൊതുമേഖല സ്ഥാപനങ്ങളുടെ ചെയർമാൻ, കണ്ടന്തറ മഹല്ല് ജമാഅത്ത് പ്രസിഡന്റ്, ചന്ദ്രിക കൊച്ചി യൂണിറ്റ് ഗവേണിംഗ് ബോഡി അംഗം തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കെ.എം.ഇ.എ സംസ്ഥാന കമ്മിറ്റിയംഗമായിരുന്നു. പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പി.കെ കുഞ്ഞാലിക്കുട്ടി തുടങ്ങിയവർ ജനാസ സന്ദർശിച്ചു. ഭാര്യ ചിരക്കകുടി കുടുംബാംഗം ഐഷാബീവി. മക്കൾ: ജമീല, പരേതനായ അഷ്റഫ് (അക്ബർ ട്രാവൽസ്), ജമാൽ (മലേഷ്യൻ പ്ലേ ആന്റ് ബോർഡ്, ഓടക്കാലി). മരുമക്കൾ: ഷാനു അഷറഫ്, ധന്യ ജമാൽ. ഖബറടക്കം വൻ ജനാവലിയുടെ സാന്നിധ്യത്തിൽ കണ്ടന്തറ ജമാഅത്ത് ഖബർസ്ഥാനിൽ നടത്തി. സഹോദരങ്ങൾ: മുഹമ്മദ്, അലി, ബഷീർ, മൈതീൻ, മിസ്‌റിയ, ഫാത്തിമ, നസീമ. എസ്. ഇ.യു. സംസ്ഥാന സെക്രട്ടറി സി. എം.അഷ്ക്കർ ഭാര്യാ സഹോദരനാണ്.

യൂറോ കപ്പിൽ ഫ്രാൻസിന് സമനിലപ്പൂട്ട്

നെതർലന്റ്സാണ് ഗോൾരഹിത സമനിലയിൽ തളച്ചത്

സാവി സൈമൺസിന്റെ ഗോൾ നിഷേധിച്ച് വാർ

ലെയ്പ്സിഗ്: യൂറോ കപ്പിലെ ഗ്രൂപ്പ് ഡിയിൽ ഒന്നാം സ്ഥാനത്തുള്ള ഫ്രാൻസിനെ വരിഞ്ഞുമുറുക്കി നെതർലന്റ്സ്. ഇന്നലെ നടന്ന ത്രില്ലിങ് പോരാട്ടത്തിൽ ഗോൾരഹിത സമനിലയിൽ കുരുക്കിയാണ് നെതർലന്റ് ഫ്രാൻസിന് സുല്ലിട്ടത്. നെതർലന്റിന്റെ സാവി സൈമൺസ് നേടിയ ഗോൾ വാർ നിഷേധിച്ചില്ലായിരുന്നുവെങ്കിൽ അവർക്ക് ചിരിച്ചു മടങ്ങാമായിരുന്നു. ഗോൾ പിറക്കാത്ത ആദ്യ പകുതിക്കു ശേഷം 69ാം മിനിറ്റിലാണ് ഫ്രാൻസിനെ ഞെട്ടിച്ച് സാവി സൈമൺസ് വലകുലുക്കിയത്. എന്നാൽ ലൈൻ റഫറി ഓഫ് ലൈൻ വിളിക്കുകയായിരുന്നു. മിനിറ്റുകൾ നീണ്ട പരിശോധനക്കൊടുവിൽ ഗോൾ നിഷേധിച്ചതായി വാർ വിധിയെഴുതി.

ഇന്നലെ ഇരു ടീമുകളും മത്സരിച്ചത് എങ്ങനെ ഗോളടിക്കാതിരിക്കാം എന്ന കാര്യത്തിലായിരുന്നു. മത്സരത്തിലുടനീളം ഗോളടിക്കാനുള്ള സുവർണാവസരങ്ങൾ രണ്ടു ടീമുകളും കളഞ്ഞുകുളിക്കുകയായിരുന്നു. ഫ്രഞ്ച് ക്യാപ്റ്റൻ ഗ്രീസ്മാൻ രണ്ട് ഗോളവസരങ്ങളാണ് തുലച്ചത്. ഇത്തവണ യൂറോയിലെ ആദ്യ ഗോൾരഹിത മത്സരമാണിത്. ഇരു ടീമുകളും കഴിഞ്ഞ പത്തു തവണ ഏറ്റുമുട്ടിയതിൽ ഇതാദ്യമായാണ് ആദ്യ പകുതി ഗോൾരഹിതമാകുന്നത്. സമനിലയോടെ രണ്ട് കളികളിൽ നിന്ന് നാല് പോയന്റുമായി ഫ്രാൻസാണ് ഒന്നാം സ്ഥാനത്ത്. നാലു പോയന്റുമായി നെതർലന്റ്സ് രണ്ടാമതുണ്ട്. ഇതോടെ പ്രീ ക്വാർട്ടറിലെത്തുന്ന ടീമുകളെ തീരുമാനിക്കാൻ ഗ്രൂപ്പിലെ അവസാന മത്സരങ്ങൾ നിർണായകമായി.

ഫ്രാൻസിനെതിരെ ഗോളടിച്ച നെതർലന്റ്സിന്റെ സാവി സൈമൺസിന്റെയും സഹതാരങ്ങളുടെയും ആഹ്ലാദം. എന്നാൽ ഓഫ്സൈഡിനെ തുടർന്ന് സാവിയുടേത് ഗോളല്ലെന്ന് വാർ വിധിക്കുകയായിരുന്നു.

ഫിഫ റാങ്കിങിൽ ഒമാന് 76ാം സ്ഥാനം

മസ്കത്ത്: ഫിഫയുടെ ലോക റാങ്കിങിൽ ഒമാൻ നാഷണൽ ഫുട്ബോൾ ടീം 76ത് സ്ഥാനം നേടി. ലോകകപ്പ് ഗവേണിംഗ് ബോഡിയാണ് ഈ പ്രഖ്യാപനം നടത്തിയത്. ഏപ്രിലിൽ 77ാം സ്ഥാനത്ത് നിന്ന ടീം ജൂണിൽ നില മെച്ചപ്പെടുത്തി മുന്നിലെത്തുകയായിരുന്നു.

FIFA World Rankings

കറൻസി മൂല്യം

1 യു.എ.ഇ ദിർഹം	22.75 ₹
1 ഒമാനി റിയാൻ	217.11 ₹
1 സൗദി റിയാൻ	22.28 ₹
1 ഖത്തർ റിയാൻ	22.96 ₹
1 കുവൈറ്റ് ദിനാർ	272.46 ₹
1 ബഹ്റൈൻ ദിനാർ	221.74 ₹

സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ്	286.25
22 കാരറ്റ്	265.00
21 കാരറ്റ്	256.75
18 കാരറ്റ്	220.00

ഗൾഫ് വാർത്തകൾ

SHORT NEWS

സമ്മർ ഓഫർ 28 മുതൽ

ദുബൈ: വിവിധ പരിപാടികളും ഷോപ്പിങ് ഓഫറുകളും പ്രൈസുകളുമായി ദുബൈ സമ്മർ സർപ്രൈസ് ജൂൺ 28 മുതൽ ആരംഭിക്കും. ദുബൈ ഫെസ്റ്റിവൽസ് ആൻഡ് റീട്ടെയ്ൽ എസ്റ്റാബ്ലിഷ്മെന്റ് സംഘടിപ്പിക്കുന്ന ദുബൈ സമ്മർ സർപ്രൈസിന്റെ 27ാമത് എഡിഷനാണ് ഇത്തവണ അരങ്ങേറുന്നത്. സെപ്റ്റംബർ ഒന്നിന് വേനൽക്കാല പ്രത്യേക ഓഫറുകളുടെ സമയം അവസാനിക്കും. 65 ദിവസം നീളുന്ന പരിപാടിയിൽ സന്ദർശകർക്കും താമസക്കാർക്കും ഷോപ്പിങ്, ഡൈനിങ് അനുഭവങ്ങൾക്കൊപ്പം തത്സമയ സംഗീത, വിനോദ പരിപാടികൾ ആസ്വദിക്കുന്നതിനും അവസരമുണ്ടാവും.

ഖോർഫക്കാനിൽ കുടിവെള്ള പദ്ധതി

ഷാർജ: ഖോർഫക്കാനിൽ സേവയുടെ കുടിവെള്ള, ഇലക്ട്രിസിറ്റി പദ്ധതി. അൽഹാര മേഖലയിലേക്ക് 9 ദശലക്ഷം ദിർഹത്തിന്റെ 12 സബ് ഡിസ്ട്രിബ്യൂഷൻ സ്റ്റേഷനുകളും 12 കിലോമീറ്റർ 11 കെവി കേബിളുകളും സ്ഥാപിക്കും. ഇവിടെയുള്ള 30,000 ലീനിയർ മീറ്റർ പൈപ്പുകൾ അൽഹരേ വാണിജ്യ വ്യാവസായിക മേഖലയിലെ എല്ലാ ഉപയോക്താക്കൾക്കും ഗുണകരമാവും.

ബ്രിക്സിൽ യുഎഇ

അബുദാബി: റഷ്യൻ ഫെഡറേഷന്റെ അധ്യക്ഷതയിൽ നടന്ന ബ്രിക്സ് ചീഫ് ജസ്റ്റിസുമാരുടെ ഫോറത്തിൽ യുണൈറ്റഡ് അറബ് എമിറേറ്റ്സ് പങ്കെടുത്തു. പ്രസിഡന്റ് മുഹമ്മദ് ഹമദ് അൽ ബാദിയുടെ നേതൃത്വത്തിലുള്ള യുഎഇ പ്രതിനിധി സംഘം, വികസന അവസരങ്ങൾ പങ്കിടുന്നതിനും ആഗോള വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും ആഗോള ഭരണം ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. ഐക്യരാഷ്ട്രസഭയുടെ ചാർട്ടറിന് അനുസൃതമായി അന്താരാഷ്ട്ര നിയമങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

ശൈഖ് സായിദ് റോഡിൽ അപകടം

ദുബൈ: ശൈഖ് സായിദ് റോഡിൽ ഇന്നലെ വാഹനങ്ങൾ കൂട്ടിമുട്ടിയുണ്ടായ അപകടത്തെ തുടർന്ന് ദീർഘനേരം ഗതാഗത തടസ്സം നേരിട്ടു. അബുദാബി ഭാഗത്തേക്കുള്ള അവസാന എക്സിറ്റ് എത്തുന്നതിന് മുമ്പായിരുന്നു അപകടം. പൊലീസ് സ്ഥലത്തെത്തി ഗതാഗതം തിരിച്ചുവിട്ടു.

കൊടും ചൂടിൽ കുളിരേകാൻ ഖരീഫ്

സലാലയിൽ ശരത്കാല രാപകലുകൾ

ജസ്ല മുഹമ്മദ്
മസ്കത്ത്

കൊടും ചൂടിൽ വെന്തുരുകുമ്പോൾ അൽപം ആശ്വാസം ആരും ആഗ്രഹിച്ചു പോവും. ഗൾഫ് രാജ്യങ്ങളെല്ലാം കടുത്ത ഉഷ്ണതരംഗത്തിലാവുമ്പോൾ പ്രകൃതി എയർ കണ്ടീഷനൊരുക്കുന്ന ഒരു കൊച്ചു സ്ഥലമുണ്ട് ഒമാനിൽ. നമ്മളെല്ലാവരും ഒരിക്കലെങ്കിലും പോകാൻ ആഗ്രഹിക്കുന്ന സ്ഥലം സലാല. കേരളത്തിന്റെ അതേ പ്രകൃതിയിൽ സഞ്ചാരികൾക്ക് എപ്പോഴും വിസ്മയക്കാഴ്ചയൊരുക്കുന്ന സലാലയിൽ ഇനി ഖരീഫ് സീസൺ കാലമാണ്. ശരത്കാലം എന്നർത്ഥം വരുന്ന ഖരീഫ് സീസൺ സലാലക്ക് ഉത്സവകാലമാണ്. ഗൾഫ് രാജ്യങ്ങളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഏറ്റവും മനോഹരമാണ് സലാല . മഞ്ഞും മഴയും ഇളം വെയിലും മണ്ണുമെല്ലാം കേരളത്തിന് സമാനമായ ഒമാനിലെ മനോഹരമായ സ്ഥലം. കോടമഞ്ഞും നനുത്ത മഴയുമായി സലാല മനോഹരിയായിരിക്കുന്ന കാലമാണ് ഖരീഫ്. ഖരീഫിന്റെ തുടക്കമറിയിച്ച് പ്രകൃതി പച്ചപ്പണിഞ്ഞ് ചെറിയൊരു ചാറ്റൽമഴയോടെ സഞ്ചാരികളുടെ മനം നിറയ്ക്കാൻ സലാല ഇതാ ഒരുങ്ങി കഴിഞ്ഞിരിക്കുകയാണ്. സഞ്ചാരികൾക്ക് ഈ അപൂർവ്വ പ്രകൃതി സൗന്ദര്യവും കാലാവസ്ഥയും ആഘോഷിക്കാൻ

ടൂറിസം മന്ത്രാലയത്തിന്റെയും ദോഫാർ ഗവർണറേറ്റിന്റെയും കീഴിൽ എല്ലാ വർഷവും നടത്തിവരാറുള്ള ടൂറിസം ഫെസ്റ്റിവൽ ജൂൺ 20ന് തുടങ്ങി. ജൂൺ 21 മുതൽ സെപ്റ്റംബർ 21 വരെയാണ് ഔദ്യോഗിക ഖരീഫ് കാലം. രാജ്യത്തെ ഏറ്റവും വലിയ വിനോദ സഞ്ചാര കാലം കൂടിയാണിത്. 90 ദിവസങ്ങൾ നീണ്ടുനിൽക്കുന്ന വ്യത്യസ്ത വിനോദ പരിപാടികൾ ഫെസ്റ്റിവലിന്റെ ഭാഗമായി അരങ്ങേറും. ഇത്തവണ ഖരീഫ് ആഘോഷത്തിന് ഇരട്ടി മധുരം നൽകാൻ കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

ഒമാനിലെ ദോഫാർ ഗവർണറേറ്റിൽ മാത്രം അനുഭവപ്പെടുന്ന പ്രകൃതിയുടെ പ്രതിഭാസമാണിത്. ഇളം കാറ്റും ചാറ്റൽ മഴയും നിറഞ്ഞ ശരത്കാല വിസ്മയമാണ്ഖരീഫ് സീസൺ ആയി അറിയപ്പെടുന്നത്. അറേബ്യൻ മേഖല കനത്ത ചൂടിൽ വലയുമ്പോൾ സലാലയിൽ താപനില ക്രമാതീതമായി താഴുകയും അന്തരീക്ഷം തണുക്കുകയും ഒപ്പം നേരിയ മഴയും മഞ്ഞുമായി പ്രകൃതി കൂടുതൽ സുന്ദരിയാവുകയും ചെയ്യുന്ന സമയം. അറബിക്കടലിന്റെ തീരത്തിനടുത്തുള്ള വെള്ളത്തിൽ മതിയായ തണുപ്പുണ്ടാവുന്നു. സമുദ്രത്തിന്റെ ഉപരിതല താപനിലയും താഴുന്നു. മധ്യ അറബിക്കടലിൽ നിന്ന് കരയിലേക്ക് വീശുന്ന ചൂടുള്ള ഈർപ്പമുള്ള വായു ആ തണുത്ത വെള്ളത്തിന് മുകളിലൂടെ കടന്നുപോകുകയും മൂടൽമഞ്ഞും മഴയും ഘനീഭവിക്കുന്നതുവരെ തണുപ്പിക്കുകയും ചെയ്യുന്ന പ്രതിഭാസമാണ് സലാലയെ കുളിരണിയിപ്പിക്കുന്നത്. ഖരീഫ്കാലം ആരംഭിക്കുന്നത് മുതൽ രാജ്യത്തിന്റെ അകത്തുനിന്നു പുറത്തുനിന്നുമായി ലക്ഷക്കണക്കിനാളുകളാണ് സലാലയിലെ പ്രകൃതി ആസ്വദിക്കാനായി എത്താറുള്ളത്. ഇത്തവണ ഖരീഫ് കാലത്തിന് മുമ്പ് തന്നെ ഇവിടെ മഴ ലഭിച്ചിരുന്നു. ഇക്കാരണത്താൽ ദോഫാറിലെ മരുഭൂമി നേരത്തെ പച്ച പുതയ്ക്കാൻ തുടങ്ങിയിരുന്നു. ഖരീഫ് അനുഭൂതി ലഭിച്ചു തുടങ്ങിയതോടെ ഒമാനിലെ മറ്റുപ്രദേശങ്ങളിലെ ചൂടിൽ നിന്നും ആശ്വാസം തേടി അവധി ദിവസങ്ങളിൽ സലാലയിലേക്ക് സഞ്ചാരികളുടെ വരവും നേരത്തെ തുടങ്ങിയിരുന്നു. ഇനി മറ്റു ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ വരവും തുടങ്ങും. അതിൻ സ്കയർ പ്രദേശത്ത് പുതിയതും ആകർഷണീയവുമായ വ്യത്യസ്ത പരിപാടികൾ ഈ വർഷമുണ്ടാകും. സ്പോർട്സ് ചാലഞ്ച് മൈതാനം, ലൈറ്റ് ലേസർ ഷോ, പരമ്പരാഗത കലാരൂപങ്ങൾ, പൈതൃക ചന്തകൾ, വ്യത്യസ്ത കരകൗശല വസ്തുക്കൾ, ഒമാനി സംസ്കാരവുമായി ബന്ധപ്പെട്ട തത്സമയ കലാപരിപാടികൾ, പ്രകടനങ്ങൾ എന്നിവയെല്ലാം അരങ്ങേറും. കഴിഞ്ഞ വർഷം ജൂൺ 21 മുതൽ സെപ്റ്റംബർ21 വരെയുള്ള ഖരീഫ് കാലയളവിൽ ദോഫാർ സന്ദർശിച്ചത് പത്ത് ലക്ഷത്തോളം സഞ്ചാരികളാണ്. കടുത്ത ചൂടിൽ നിന്നും നാടിന്റെ മഴയോർമ്മകളിലേക്കുള്ള കുളിരുള്ള യാത്രകൂടിയാണ് ഓരോ മലയാളികൾക്കും ഈ സീസണിലെ ഇങ്ങോട്ടുള്ള യാത്ര.

സലാലയിലെ ഖരീഫ് കാഴ്ചകളിലൊന്ന്

എമിറേറ്റ്സ് എയർലൈനിൽ ഗ്രീൻ ഓപ്പറേറ്റിങ് സംവിധാനം

ഇന്ധന ഉപയോഗം കുറച്ചു

വിമാനത്തിൽ നിന്ന് കാർബൺ പുറംതള്ളുന്നതിലും നിയന്ത്രണം

ദുബൈ: ഓപ്പറേറ്റിങ് സംവിധാനത്തിൽ കൃത്യത വരുത്തി ഇന്ധനം കത്തിക്കുന്നതിൽ കുറവ് വരുത്തി അതുവഴി കാർബൺ ഉദ്വമനം കുറക്കാൻ കഴിഞ്ഞതായി എമിറേറ്റ്സ് കമ്പനി വ്യക്തമാക്കി. പൈലറ്റുമാർക്ക് ആവശ്യമായ സാങ്കേതിക ബോധവൽക്കരണം നൽകുന്നതിലൂടെയാണ് ഗ്രൗണ്ടിലും വിമാനത്തിനുള്ളിലും ഇന്ധന ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുള്ളത്. 2016 മുതലാണ് എമിറേറ്റ്സ് ഗ്രീൻ ഓപ്പറേറ്റിംഗ് പ്രൊസീജേഴ്സ് നടപ്പിലാക്കാൻ തുടങ്ങിയത്. ഡാറ്റ അനലിറ്റിക്സും സാങ്കേതിക വിദ്യയും സമന്വയമായി നടപ്പാക്കിയാണ് ഇത് സാധ്യമായത്. എമിറേറ്റ്സ് പൈലറ്റുമാർ ഓപ്പറേഷൻ സമയത്ത് ഇന്ധനം പുറന്തള്ളുന്നത് എങ്ങനെ കുറയ്ക്കുന്നു എന്ന തലക്കെട്ടിൽ പുറത്തിറക്കിയ റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്. ഏറ്റവും ഉയർന്ന സുരക്ഷ ഉറപ്പാക്കിക്കൊണ്ട്, സാധ്യമാകുന്നിടത്തെല്ലാം അനാവശ്യ ഇന്ധനം കത്തുന്നതും പുറന്തള്ളുന്നതും ലഘൂകരിക്കാനുള്ള ആന്തരിക ക്രോസ് ഫങ്ഷണൽ ഓപ്പറേഷൻസ് എഫിഷ്യൻസി സ്റ്റിയറിംഗ് സംവിധാനം ക്രിയാത്മകമായി നടപ്പിലാക്കി. എമിറേറ്റ്സ് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ ഒരിക്കലും വിട്ടുവീഴ്ച ചെയ്തിരുന്നില്ല. ഇതുവഴി 202324 സാമ്പത്തിക വർഷത്തിൽ ഗ്രീൻ ഓപ്സ് നടപ്പാക്കിയതിലൂടെ ഇന്ധനം കത്തിക്കുന്നത് 48,000 ടണ്ണിലധികം കുറയ്ക്കാനും കാർബൺ ഉദ്വമനം 151,000 ടണ്ണിലധികം കുറയ്ക്കാനും സഹായിച്ചതായി റിപ്പോർട്ടിൽ പറയുന്നു. ഫ്ലൈറ്റ് ഓപ്പറേഷൻസ് ടീമിലൂടനീളം ഇന്ധന ഉപഭോഗവും ഉദ്വമനവും ഗണ്യമായി കുറയ്ക്കുന്നതിൽ ഞങ്ങളുടെ പൈലറ്റുമാരുടെ സംഭാവനകളിലും ഞങ്ങൾ അഭിമാനിക്കുന്നതായി എമിറേറ്റ്സിന്റെ ഡിവിഷണൽ സീനിയർ വൈസ് പ്രസിഡന്റ് ക്യാപ്റ്റൻ ഹസ്സൻ അൽ ഹമ്മദി പറഞ്ഞു. കൂട്ടായ അച്ചടക്കം, പ്രതിബദ്ധത, കോക്പിറ്റിലെ സുസ്ഥിര വ്യോമയാന സമ്പ്രദായങ്ങളോടുള്ള സമർപ്പണം എന്നിവയിലൂടെയാണ് ഇത് സാധ്യമായത്. അതേസമയം എല്ലാ ഉയർന്ന സുരക്ഷ നിലനിർത്തിക്കൊണ്ടാണ് ഈ ഉയർച്ച കൈവരിച്ചത്. പൈലറ്റുമാർക്ക് ഓരോ വിമാനത്തിന്റെയും പ്രകടനം നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമുള്ള ഏറ്റവും പുതിയ ടൂളുകളും ആപ്ലിക്കേഷനുകളും സജ്ജീകരിച്ചിട്ടുണ്ട്. വിമാനങ്ങളുടെ ഇന്ധന ഉപഭോഗത്തെയും ഉദ്വമനത്തെയും എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ചുള്ള കൃത്യമായി മനസ്സിലാക്കാനുള്ള സാങ്കേതിക വിദ്യ സഹായകമായി.

പിതാവിനൊപ്പം നീന്തൽ പരിശീലിക്കുന്ന

ശൈഖ് മുഹമ്മദിന്റെ കുട്ടിക്കാല ചിത്രം വൈറൽ

നിങ്ങൾ എക്കാലവും ഞങ്ങളുടെ ഉപദേഷ്ടാവും പിതാവും രാജ്യത്തിന്റെ പ്രതീകവും: ശൈഖ് മുഹമ്മദ്

അബുദാബി: 'നിങ്ങൾ എക്കാലവും ഞങ്ങളുടെ ഉപദേഷ്ടാവും ഞങ്ങളുടെ പിതാവും ഞങ്ങളുടെ രാജ്യത്തിന്റെ പ്രതീകവുമായിരിക്കും.'ഇങ്ങനെ ഒരു അടിക്കുറിപ്പോടെ യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽനഹ്യാൻ പൊതു സമൂഹത്തിലേക്ക് ഒരു ഫോട്ടോ പങ്കുവെച്ചിരിക്കുന്നു. ഫാദേഴ്സ് ഡേയിൽ എക്സിൽ പോസ്റ്റ് ചെയ്ത ഈ ഫോട്ടോ 5.1 ദശലക്ഷം ആളുകൾ കാണുകയും അഭിവാദ്യം ചെയ്യുകയുമുണ്ടായി. കുട്ടിക്കാലത്ത് പിതാവ് ശൈഖ് സായിദ് ബിൻ സുൽത്താൻ അൽനഹ്യാനൊടൊപ്പം വെള്ളത്തിൽ നീന്താൻ പരിശീലിക്കുന്നതാണ് ചിത്രം. ബ്ലാക്ക് ആന്റ് വൈറ്റിലുള്ള ഈ ഫോട്ടോ ലോകം ഏറ്റെടുത്തിരിക്കുകയാണ്.

യുഎഇ രാഷ്ട്രപിതാവിനൊപ്പം കുട്ടിക്കാലത്തുള്ള അപൂർവ്വവും ഹൃദയസ്പർശിയുമായ ശൈഖ് മുഹമ്മദിന്റെ ഫോട്ടോ ഇതിനകം സോഷ്യൽ മീഡിയയിൽ വൈറലായി. രാഷ്ട്രപിതാവും രാജ്യത്തിന്റെ ഭരണാധികാരിയാണെങ്കിലും മറ്റേതൊരു സ്നേഹനിധിയായ പിതാവിനെ പോലെ തന്നെ ശൈഖ് സായിദ് മക്കളെ എങ്ങനെ സ്വാധീനിച്ചുവെന്ന് പറയാതെ പറയുന്ന ചിത്രമാണിത്. നീന്തുമ്പോൾ ധരിക്കുന്ന മാസ്ക് ധരിച്ച ശൈഖ് സായിദ് കുട്ടിയായ ശൈഖ് മുഹമ്മദ് ബിൻ സായിദിനോട് സംസാരിക്കുന്നതാണ് ചിത്രത്തിൽ.

പിതാവ് ശൈഖ് സായിദ് ബിൻ സുൽത്താൻ അൽനഹ്യാനൊപ്പം കുട്ടിക്കാലത്ത് നീന്തൽ പരിശീലിക്കുന്ന ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽനഹ്യാൻ. ഫാദേഴ്സ് ഡേയിൽ ഈ ചിത്രമാണ് എക്സിൽ പോസ്റ്റ് ചെയ്തത്

അബുദാബി പൊലീസിന്റെ മുന്നറിയിപ്പ് മലയാളത്തിലും

ടയർ പൊട്ടിയുള്ള അപകടം ഒഴിവാക്കാനുള്ള അബുദാബി പൊലീസിന്റെ മുന്നറിയിപ്പിലാണ് മലയാളവും ഇടംപിടിച്ചത്

അബുദാബി: കടുത്ത വേനലിൽ വാഹനങ്ങളുടെ ടയർ പൊട്ടിയുള്ള അപകടം ഒഴിവാക്കാനുള്ള അബുദാബി പൊലീസിന്റെ മുന്നറിയിപ്പ് മലയാളത്തിലും. മേഖലയിൽ മലയാളി സമൂഹം ധാരാളമുണ്ടെന്ന തിരിച്ചറിവിന്റെ പശ്ചാത്തലത്തിലാണ് മലയാളികളെ ലക്ഷ്യംവെച്ച് അബുദാബി പൊലീസിന്റെ അറിയിപ്പ്. വാഹനം ഓടിക്കുന്നവർക്കുള്ള മുന്നറിയിപ്പാണ് അബുദാബി പൊലീസ് മലയാളത്തിൽ പങ്കുവെച്ചത്. ചൂട് കാലത്ത് ടയറുകളുടെ തേയ്മാനം, ടയറുകളിലെ വിള്ളലുകൾ, കാലാവധി എന്നിവ പരിശോധിക്കേണ്ടതിന്റെ ആവശ്യകതയാണ് പൊലീസ് വീഡിയോയിലൂടെ പങ്കുവച്ചത്. ഇംഗ്ലീഷിനും അറബിക്കും പുറമേയാണ് മലയാളത്തിലും അറിയിപ്പ്. അറിയിപ്പുകളും സർക്കാർ ഇടപാടുകളും മറ്റും മലയാളം ഉൾപ്പെടെ ഏഴോളം ഭാഷകളിൽ പങ്കുവയ്ക്കുന്നത് യുഎഇ പിന്തുടരുന്ന രീതിയാണ്.

സ്വദേശിവത്കരണം പൂർത്തിയാക്കാത്ത

സ്വകാര്യ കമ്പനികൾക്ക് ജൂൺ 30 വരെ സമയപരിധി

പ്രതിവർഷം 2% വർധന കണക്കാക്കി 2026 അവസാനത്തോടെ 10%ൽ എത്തിക്കുക എന്നതാണ് ലക്ഷ്യം

ദുബൈ: സമയ പരിധിക്കുള്ളിൽ സ്വദേശിവത്കരണം പൂർത്തിയാക്കാത്ത സ്വകാര്യ കമ്പനികൾക്ക് മുന്നറിയിപ്പുമായി അധികൃതർ. 50 അല്ലെങ്കിൽ അതിൽ കൂടുതൽ ജീവനക്കാരുള്ള യുഎഇയിലെ സ്വകാര്യ കമ്പനികൾക്ക് നിശ്ചിത സ്വദേശിവത്കരണ ക്വാട്ട പൂർത്തീകരിക്കാൻ ജൂൺ 30 ഞായറാഴ്ച വരെ സമയമുണ്ടെന്ന് ഓർമ്മപ്പെടുത്തുന്നു. ഇതിനകം ഇമാറാത്തികൾക്കായി നൽകിയ തസ്തികകളുടെ അളവ് 5 ശതമാനമായി വർധിച്ചിട്ടുണ്ട്.

മൊത്തം തൊഴിലാളി പ്രാതിനിധ്യം 6 ശതമാനമാക്കാൻ കമ്പനികൾക്ക് ഡിസംബർ 30 വരെ സമയമുണ്ട്. 2022 സെപ്റ്റംബറിൽ തുടങ്ങിയ സ്വദേശിവത്കരണ ടാർഗറ്റുകൾ ഓരോ ആറ് മാസത്തിലും 1 ശതമാനം വർദ്ധനവ് ആവശ്യമാണ്. പ്രതിവർഷം 2 ശതമാനം വർദ്ധനവ് കണക്കാക്കി 2026 അവസാനത്തോടെ 10 ശതമാനത്തിലെത്തിക്കുക എന്നതാണ് ലക്ഷ്യം. 20 മുതൽ 49 വരെ ജീവനക്കാരുള്ള ചെറുകിട ബിസിനസ്സുകൾ ഈ വർഷാവസാനത്തോടെ ഒരു ഇമാറാത്തിയെയെങ്കിലും വിദഗ്ധ തസ്തികയിൽ നിയമിക്കണം. അടുത്ത വർഷത്തോടെ മറ്റൊന്ന്. പ്രോപർട്ടി, വിദ്യാഭ്യാസം, നിർമാണം, ആരോഗ്യം തുടങ്ങി 14 മേഖലകളിലെ സ്വകാര്യ ഉടമസ്ഥതയിലുള്ള കമ്പനികൾക്ക് ഈ നിബന്ധന ബാധകമാണ്. ഈ ലക്ഷ്യം കൈവരിക്കാൻ കമ്പനികളോട് മാനവ വിഭവശേഷി, എമിറേറ്റൈസേഷൻ മന്ത്രാലയം ആവശ്യപ്പെട്ടു.

ക്വാട്ട പൂർത്തീകരിച്ച കമ്പനികൾ അംഗീകൃത പെൻഷൻ ഫണ്ടുകളിലും വേതന സംരക്ഷണ സംവിധാനത്തിലും ഇമാറാത്തി ജീവനക്കാരെ രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെടുന്നതായി മന്ത്രാലയം അറിയിച്ചു. എമിറേറ്റൈസേഷൻ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പരാജയപ്പെട്ട കമ്പനികൾക്ക് അവരുടെ ബിസിനസ്സിന്റെ വളർച്ചയ്ക്ക് ആവശ്യമായ ഇമാറാത്തി പ്രൊഫഷണലുകളെ കണ്ടെത്താൻ നാഫിസ് പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്താം. സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഇമാറാത്തികളുടെ എണ്ണം ആദ്യമായി ഒരു ലക്ഷം കവിഞ്ഞതായി ഈ വർഷം മെയ് മാസത്തിൽ പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് വ്യക്തമാക്കിയിരുന്നു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ പൗരന്മാർക്കായി 100,000 പുതിയ ജോലികൾ കണ്ടെത്തുകയാണ് ലക്ഷ്യമെന്നും ശൈഖ് മുഹമ്മദ് പറഞ്ഞു.

എമിറേറ്റൈസേഷൻ ഡ്രൈവ് വഴി സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന സ്വദേശികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ ശ്രമിക്കുന്നു. ഇതിലൂടെ ഇമാറാത്തി തൊഴിൽ നിരക്ക് ഈ വർഷം 6 ശതമാനമായും അടുത്ത വർഷം 8 ശതമാനമായും 2026 ൽ 10 ശതമാനമായും വർധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫ്രീസോണുകളിലെ കമ്പനികളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

യുഎഇയിൽ തൊഴിലവസരങ്ങൾ വർധിക്കും, സംരംഭകത്വ വളർച്ച വേഗത്തിൽ

ദുബൈ: ജോലി തേടി യുഎഇയിലെത്തുന്നവർ നിരാശപ്പെടേണ്ടെന്ന് തൊഴിൽ മേഖലയിലെ കണക്കുകൾ വ്യക്തമാക്കുന്നു. രാജ്യത്തെ തൊഴിൽ വിപണി ശ്രദ്ധേയമായ ആഗോള അംഗീകാരം നേടിയിരിക്കുന്നു. ഐഎംഡി വേൾഡ് കോംപറ്റിറ്റീവ്നസ് റിപ്പോർട്ട് 2024 പ്രകാരം രണ്ട് പ്രധാന സൂചികകളിൽ ഒന്നാം സ്ഥാനത്താണ്. തൊഴിലവസരങ്ങളിലും വ്യാവസായിക തർക്കങ്ങൾ പരിഹരിക്കുന്നതിലും രാജ്യം മികച്ച സ്ഥാനം നേടിയിട്ടുണ്ട്. ഈ മേഖലകളിലെ മുൻനിര ആഗോള കേന്ദ്രമെന്ന ഖ്യാതി ഇതോടെ ഉറപ്പിച്ചു. കൂടാതെ ഇമിഗ്രേഷൻ നിയമങ്ങളിൽ യുഎഇ ആഗോളതലത്തിൽ മൂന്നാം സ്ഥാനത്താണ്. സംരംഭങ്ങൾക്ക് സുസ്ഥിര വളർച്ച കൈവരിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ക്ഷേമം വർധിപ്പിക്കാനും കഴിയുന്ന അന്തരീക്ഷം വളർത്തിയെടുക്കാനുള്ള രാജ്യങ്ങളുടെ കഴിവ് അനുസരിച്ചാണ് വിലയിരുത്തൽ.

ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രസിദ്ധീകരിക്കുന്ന വാർഷിക റിപ്പോർട്ട് പ്രകാരമാണിത്. സാമ്പത്തിക മുന്നേറ്റം, ഗവൺമെന്റ് കാര്യക്ഷമത, ബിസിനസ് കാര്യക്ഷമത, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുൾപ്പെടെ മത്സരക്ഷമതയുടെ വിവിധ വശങ്ങൾ അളക്കുന്ന വിപുലമായ സാമ്പത്തിക ഡാറ്റയുടെയും സർവേകളുടെയും അടിസ്ഥാനത്തിലാണ് രാജ്യങ്ങളെ റാങ്ക് ചെയ്യുന്നത്.

യുഎഇ ആഗോള അംഗീകാരം നേടിയതോടെ ഒട്ടേറെ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷ. കോവിഡിന് ശേഷം ഇന്ത്യയിൽ നിന്നും മറ്റും യുഎഇയിലേക്ക് തൊഴിലന്വേഷകരുടെ വൻ ഒഴുക്കാണ്.

23 സ്കൂളുകൾ ഔട്ട്സ്റ്റാന്റിങ്

ദുബൈ: നോളജ് ആന്റ് ഹ്യൂമൻ ഡവലപ്മെന്റ് അതോറിറ്റി 209 സ്കൂളുകളിൽ നടത്തിയ സർവേയിൽ 23 സ്കൂളുകൾ ഔട്ട്സ്റ്റാന്റിങ് പട്ടികയിൽ ഇടംനേടി. 48 സ്കൂളുകൾ വെരിഗുഡ് പട്ടികയിലും 85ഗൂഡ്, 51അക്സപ്റ്റബിൾ, 2വീക്ക് പട്ടികയിലും ഉൾപ്പെട്ടു. ആകെ 3,60,000 വിദ്യാർത്ഥികളാണുള്ളത്.

ഗൾഫ് വാർത്തകൾ

അബുദാബിയിലെത്തിയ എൻ.കെ പ്രേമചന്ദ്രൻ എം.പിക്ക് ആർ.എസ്.പി പ്രവാസി സംഘടന 'പ്രവാഹം' നൽകിയ സ്വീകരണം

എൻ.കെ പ്രേമചന്ദ്രൻ എം.പിക്ക് സ്വീകരണം

അബുദാബി: കൊല്ലം പാർലമെന്റ് മണ്ഡലത്തിൽ നിന്നും ഒന്നരലക്ഷം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ച എൻ.കെ പ്രേമചന്ദ്രൻ എം.പിക്ക് ആർഎസ്പി പ്രവാസി സംഘടന 'പ്രവാഹം' സ്നേഹ വിരുന്നൊരുക്കി. യുഎഇയുടെ വിവിധ എമിറേറ്റുകളിൽ നടന്ന പരിപാടികളിൽ പങ്കെടുത്ത ശേഷം അബുദാബിയിൽ എത്തിയ അദ്ദേഹത്തെ പ്രവാഹം ആക്ടിങ് പ്രസിഡന്റ് ഗീവർഗീസ് സൈമൺ, ജനറൽ സെക്രട്ടറി ഷാജികുമാർ ബാഹുലേൻ, രാജീവ് രാജൻ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. തിരഞ്ഞെടുപ്പിൽ നേടിയ ഉജ്വല വിജയം പ്രവാഹം പ്രവർത്തകരോടും കുടുംബാംഗങ്ങളോടുമൊപ്പം അദ്ദേഹം ആഘോഷിച്ചു. രാജ്യത്തിന്റെ മതേതരത്വം കാത്തുസൂക്ഷിക്കാനുള്ള പ്രയത്നത്തിനാണ് പാർലമെന്റ് അംഗം എന്ന നിലയിൽ പ്രഥമ പരിഗണനയെന്നും കേരളത്തിന്റെ, വിശിഷ്യാ കൊല്ലത്തിന്റെ സമഗ്ര വികസനം പൂർണതയിൽ എത്തിക്കാനുള്ള ശ്രമം ലക്ഷ്യം കാണുമെന്നും അദ്ദേഹം പറഞ്ഞു.

പ്രവാഹം ഏർപ്പെടുത്തിയ സ്നേഹ വിരുന്നിലും എം.പി പങ്കെടുത്തു. സ്വീകരണ ചടങ്ങിൽ അബ്ദുല്ല അൽ കുവാർ, സന്തോഷ്കുമാർ , താജുദീൻ, റിജോ കെ റെജി, ശിൽപ ചാക്കോ എന്നിവരും പങ്കെടുത്തു.

കാസർകോട് ജില്ലാ ദുബൈ കെഎംസിസി പ്രവർത്തക കൺവൻഷൻ നാളെ

ദുബൈ: ദുബൈ കെഎംസിസി കാസർകോട് ജില്ലാ പ്രവർത്തക കൺവൻഷൻ നാളെ (ഞായറാഴ്ച) രാവിലെ 9.30ന് അബു ഹൈൽ കെഎംസിസി ആസ്ഥാനത്തെ പി.എ ഇബ്രാഹിം ഹാജി ഓഡിറ്റോറിയത്തിൽ നടക്കും. യുഎഇ കെഎംസിസി ഉപദേശക സമിതി വൈസ് ചെയർമാൻ യഹ്യ തളങ്കര, കെഎംസിസി നാഷണൽ കമ്മിറ്റി ട്രഷറർ നിസാർ തളങ്കര, മുസ്‌ലിംലീഗ് കാസർകോട് ജില്ലാ വൈസ് പ്രസിഡന്റുമാരായ കെഇഎ ബക്കർ, ദുബൈ കെഎംസിസി കാസറഗോഡ് ജില്ലാ കമ്മിറ്റി വൺഫോർ അബ്ദുറഹ്മാൻ,ദുബൈ കെഎംസിസി നേതാക്കളായ എം.സി ഹുസൈനാർ ഹാജി എടച്ചാക്കൈ, ഹംസ തൊട്ടി, അഡ്. ഇബ്രാഹിം ഖലീൽ ,അബ്ദുല്ല ആറങ്ങാടി,അഫ്സൽ മെട്ടമ്മൽ പങ്കെടുക്കും.

കൺവൻഷനിൽ ജില്ലയിലെ മണ്ഡലം,മുനിസിപ്പൽ,പഞ്ചായത്ത് കമ്മിറ്റികളുടെ മുഴുവൻ ഭാരവാഹികളും മുൻ ഭാരവാഹികളും പ്രധാന പ്രവർത്തകരും കൃത്യസമയത്ത് പങ്കെടുക്കണമെന്ന് ജില്ലാ പ്രസിഡന്റ് സലാം കന്യപ്പാടി ജനറൽ സെക്രട്ടറി ഹനീഫ് ടി.ആർ ആക്ടിങ് ജനറൽ സെക്രട്ടറി പി.ഡി നൂറുദ്ദീൻ ട്രഷറർ ഡോ.ഇസ്മായിൽ മൊഗ്രാൽ എന്നിവർ അറിയിച്ചു.

ബഹ്റൈൻ കെഎംസിസി കാസർകോട് ജില്ലാ പ്രവർത്തനോദ്ഘാടനത്തിൽ പങ്കെടുക്കാൻ എത്തിയ മുസ്‌ലിം യൂത്ത്‌ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് അഷ്റഫ് എടനീർ,വ്യവസായി ഖലീൽ സ്പെക്ട്രം, ഹനീഫ് എന്നിവരെ സംസ്ഥാന,ജില്ലാ നേതാക്കൾസ്വീകരിക്കുന്നു

ദുബൈയിൽ വിസ സേവനങ്ങൾ പരിചയപ്പെടുത്തുന്ന പ്രദർശനം തിങ്കളാഴ്ച മുതൽ

28 വരെ വാഫി സെന്ററിൽ രാവിലെ 10 മണിക്ക് തുടങ്ങുന്ന പ്രദർശനം രാത്രി 10 മണിക്ക് അവസാനിക്കും

ദുബൈ: വിസ സേവനങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവത്കരിക്കുന്നതിന് ജൂൺ 24 മുതൽ 28 വരെ ദുബൈ വാഫി മാളിൽ പ്രദർശനം സംഘടിപ്പിക്കുമെന്ന് ദുബൈ ജനറൽ ഡയറക്ടറേറ്റ് ഓഫ് റസിഡൻസി ആന്റ് ഫോറിനേഴ്സ് അഫയേഴ്സ് (ജിഡിആർഎഫ്എ) അറിയിച്ചു. 'നിങ്ങൾക്കായി, ഞങ്ങൾ ഇവിടെയുണ്ട്' (ل്ي ്ീ്, ംല മ്യല വല്യല) എന്ന പൊതുജന ബോധവത്ക്കരണ കാമ്പയിനിന്റെ ഭാഗമായാണ് പ്രദർശനം. വിവിധ തരത്തിലുള്ള വിസകളെക്കുറിച്ചും അവയ്ക്കായി എങ്ങനെ അപേക്ഷിക്കാമെന്നും പ്രദർശനത്തിൽ വിവരങ്ങൾ ലഭ്യമാകും. രാവിലെ 10 മണി മുതൽ രാത്രി 10 വരെയാണ് പ്രദർശനം. ദുബൈയിലെ താമസക്കാരുടെയും സന്ദർശകരുടെയും ഉപഭോക്തൃ അവബോധം വർധിപ്പിക്കാനും മികച്ച സേവന സമ്പ്രദായങ്ങൾക്കും അന്താരാഷ്ട്ര നിലവാരത്തിനും അനുസൃതമായി ജിഡിആർഎഫ്എ നൽകുന്ന സൗകര്യങ്ങളുടെ വിപുലമായ ശ്രേണി പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പരിപാടിയെന്ന് ഡയരക്ടറേറ്റ് അറിയിച്ചു. ഉപഭോക്തൃ കമ്മ്യൂണിറ്റി നെറ്റ്‌വർക്ക്, ഗോൾഡൻ വിസ, എൻട്രി പെർമിറ്റ് സേവനങ്ങൾ, വീഡിയോ കോൾ, ഐഡന്റിറ്റി, പൗരത്വ മേഖലയുടെ കാര്യങ്ങൾ, റസിഡൻസി വിസ ഇഷ്യു ചെയ്യൽ നടപടിക്രമങ്ങൾ, താമസ കുടിയേറ്റ നിയമ ഉപദേശ സർവീസ് എന്നിവയുൾപ്പെടെ നിരവധി സേവനങ്ങൾ പ്രദർശനത്തിന്റെ ഭാഗമായി പരിചയപ്പെടുത്തും. ഇവയുടെ വിശദമായ വിശദീകരണങ്ങളും അവ വേഗത്തിലും സുഗമമായും എങ്ങനെ അപേക്ഷിക്കാമെന്നും പൊതുജനങ്ങൾക്ക് അവബോധം നൽകുകയും ചെയ്യും.

സമ്മാനങ്ങൾ നേടാനുള്ള വിവിധ തരം മത്സരങ്ങൾ, കുട്ടികളുടെ ചിത്രരചനാ വൈഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി ഒരുക്കിയ പ്രത്യേക കോൺ, മറ്റ് ഇന്ററാക്ടീവ് പരിപാടികൾ എന്നിവ കാമ്പയിന്റെ ഭാഗമായി നടക്കും. കാർട്ടൂൺ കഥാപാത്രങ്ങളായ സലേമിനെയും സലാമയെയും ആളുകളെ സ്വാഗതം ചെയ്യാൻ പരിപാടിയിൽ ഉണ്ടാകും.

ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്ത വിവിധ ഗുണനിലവാര സേവനങ്ങളെക്കുറിച്ച് പൊതുജന അവബോധം വളർത്തുന്നതിനാണ് ജിഡിആർഎഫ്എ 'നിങ്ങൾക്കായി, ഞങ്ങൾ ഇവിടെയുണ്ട്' എന്ന ബോധവത്ക്കരണ കാമ്പയിൻ ആരംഭിച്ചതെന്ന് ദുബൈ ജനറൽ ഡയറക്ടറേറ്റ് ഓഫ് റസിഡൻസി ആന്റ് ഫോറിനേഴ്സ് അഫയേഴ്സ് അധികൃതർ വ്യക്തമാക്കി.

ജിഡിആർഎഫ്എ പുറത്തിറക്കിയ കാമ്പയിൻ ബ്രോഷർ

ഉന്നത ഉദ്യോഗസ്ഥർ ഉപഭോക്തൃ അവബോധ ക്യാമ്പ് സന്ദർശിക്കുന്നു (ഫയൽ ചിത്രം)

അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സമ്മർ ക്യാമ്പ് ജൂലൈ 5 മുതൽ 14 വരെ

അബുദാബി: ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ എജ്യുക്കേഷൻ വിങ്ങിനു കീഴിൽ സംഘടിപ്പിക്കുന്ന സമ്മർ ക്യാമ്പ് 'ഇൻസൈറ്റ്' ജൂലൈ 5 മുതൽ 14 വരെ നടക്കും. വൈകിട്ട് 5.30ന് ആരംഭിക്കുന്ന ക്യാമ്പ് രാത്രി 9.30 വരെ നീണ്ടുനിൽക്കും. പ്രഗത്ഭരായ അധ്യാപകരാണ് 10 ദിവസത്തെ ക്യാമ്പിന് നേതൃത്വം നൽകുക. സമ്മർ ക്യാമ്പിൽ പങ്കെടുക്കാൻ താൽപര്യമുള്ള കുട്ടികൾ ഉടൻ രജിസ്റ്റർ ചെയ്ത് അഡ്മിഷൻ ഉറപ്പുവരുത്തണം. കൂടുതൽ വിവരങ്ങൾക്ക് 026424488, 0508077217 നമ്പറുകളിൽ ബന്ധപ്പെടുക.

യോഗാദിനം യുഎഇയിലും

ദുബൈ: പത്താമത് രാജ്യാന്തര യോഗാദിനത്തിൽ യുഎഇയുടെ വിവിധ യിടങ്ങളിൽ പ്രത്യേക യോഗ അഭ്യാസങ്ങളും പ്രകടനങ്ങളും നടന്നു. ഫിറ്റനസ് സെന്ററുകൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ യോഗയും മെഡിറ്റേഷൻ ക്ലാസുകളും സംഘടിപ്പിച്ചു. വിവിധ കേന്ദ്രങ്ങളിൽ നൂറുകണക്കിന് സ്വദേശികളും താമസക്കാരും പങ്കെടുത്തു.

പ്രവാസം മതിയാക്കി ഉബൈദ് ചേറ്റുവ നാടണയുന്നു

ദുബൈ: ദീർഘകാലം ദുബൈയിൽ സാമൂഹ്യ ജീവകാരുണ്യ മേഖലയിൽ നിറസാന്നിധ്യമായിരുന്ന ഉബൈദ് ചേറ്റുവ പ്രവാസ ജീവിതം മതിയാക്കി നാട്ടിലേക്ക്. 38 വർഷത്തെ പ്രവാസത്തിന് ശേഷമാണ് നിറഞ്ഞ സംതൃപ്തിയോടെ ഉബൈദ് യുഎഇയോട് വിടപറയുന്നത്. ജോലിക്കൊപ്പം സാമൂഹ്യ പ്രവർത്തനങ്ങൾ നിശ്ശബ്ദമായി നടത്തിയ അപൂർവ്വ വ്യക്തികളിലൊരാളാണ് ഉബൈദ്.

1985ലാണ് ഇദ്ദേഹം ദുബൈയിലെത്തുന്നത്. ആദ്യം ഓട്ടോ സേഫ് എന്ന സ്ഥാപനത്തിലായിരുന്നു ജോലി തുടങ്ങുന്നത്. അതിൽ നിന്നുള്ള സമ്പാദ്യം ഉപയോഗിച്ച് സ്വന്തമായി ഗ്രോസറി തുടങ്ങിയെങ്കിലും ഇറാഖ്കുവൈത്ത് യുദ്ധകാലത്ത് അവസാനിപ്പിക്കേണ്ടി വന്നു. ഇതിനിടയിൽ നേടിയ ഡ്രൈവിങ് ലൈസൻസ് ഉപയോഗിച്ച് പ്ലാന്റേഴ്സ് ഹോർട്ടികൾചർ എന്ന ബ്രിട്ടീഷ് സ്ഥാപനത്തിൽ ഡ്രൈവറായി ജോലി നോക്കി. പിന്നീട് പി.ആർ.ഒ ജോലിയിലേക്ക് മാറുകയായിരുന്നു. കഴിഞ്ഞ മുപ്പത് വർഷമായി ഈ ജോലിയിൽ തുടരുന്നു. തൃശൂരിൽ നിന്നുള്ള കെഎംസിസി നേതാക്കളിൽ പ്രമുഖൻ. നിസ്വാർത്ഥ സേവനത്തിന്റെ മുഖമുദ്രകൂടിയായിരുന്നു.

പിന്നീട് കെഎംസിസി നേതൃത്വത്തിലേക്ക് ഉയർന്നു. പ്രാദേശിക കൂട്ടായ്മകളായ ചേറ്റുവ അസോസിയേഷൻ, മഹല്ല് സി.എം.ആർ.സി, വാദി നൂർ എന്നിവയോടൊപ്പം എസ്കെഎസ്എസ്എഫ്, സുന്നി മഹല്ല് ഫെഡറേഷൻ, സീതിസാഹിബ് ഫൗണ്ടേഷൻ തുടങ്ങിയ സംഘടനകൾ സ്ഥാപിക്കുന്നതിലും പ്രവർത്തനങ്ങൾ സജീവമാക്കുന്നതിലും മുഖ്യ പങ്കുവഹിച്ചു. തൃശൂർ ജില്ലാ കെഎംസിസിയെ ഊർജിതമാക്കുന്നതിന് മുന്നിൽ നിന്ന് പ്രയത്നിച്ചു. ചേറ്റുവ മുൻ ഖത്തീബ് പൊന്നമ്പത് അലി മുസ്‌ലിയാർ ഫാത്തിമ ദമ്പതികളുടെ അഞ്ചാമത്തെ മകനാണ്. ഭാര്യ റസിയ. ഫവാസലി, മുഹമ്മദ് അഫ്സൽ, അഷ്ഫാഖ്, ഫാത്തിമ സിബില എന്നിവരാണ് മക്കൾ. ഇതിൽ മൂന്ന് ആൺമക്കളും ദുബൈയിലുണ്ട്.

ഷാർജ ഇന്ത്യൻ അസോസിയേഷനിൽ മാനസ്സ് യു.എ.ഇ സംഘടിപ്പിച്ച സിവിൽ സർവീസ് ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുത്തവർ മുൻ ഇന്ത്യൻ അംബാസഡർ ടി.പി ശ്രീനിവാസനോടൊപ്പം

സിവിൽ സർവീസ് ഓറിയന്റേഷൻ പ്രോഗ്രാം

ഷാർജ: മനം സാംസ്കാരിക സമിതിയും (മാനസ്സ് യുഎഇ) യുഎഇയിലെ ആദ്യ സിവിൽ സർവീസ് ട്രെയിനിങ് സെന്ററായ ഐഎഎസ് ഇക്രയും (അജ്മാൻ) സംയുക്തമായി കുട്ടികൾക്കും രക്ഷിതാക്കൾക്കും സിവിൽ സർവീസ് ഓറിയന്റേഷൻ ആന്റ് ഇൻട്രാക്ടീവ് സെഷൻ സംഘടിപ്പിച്ചു. ഷാർജ ഇന്ത്യൻ അസോസിയേഷൻ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ റെജി മോഹനൻ നായർ അധ്യക്ഷത വഹിച്ചു.

പ്രകാശ് നാരായണൻ സ്വാഗതം പറഞ്ഞു. ഷാർജ ഇന്ത്യൻ അസോസിയേഷൻ പ്രസിഡന്റ് നിസാർ തളങ്കര ഉദ്ഘാടനം ചെയ്തു. രഘുകുമാർ, ഡോ. ഗോപിനാഥക്കുറുപ്പ്, ഷാജി ജോൺ,അനിൽകുമാർ കൈപ്പള്ളിൽ പ്രസംഗിച്ചു. മുൻ അംബാസിഡറും മുതിർന്ന സിവിൽ സർവീസ് ഉദ്യോഗസ്ഥനുമായ ടി.പി ശ്രീനിവാസൻ ഐ.എഫ്.എസ് മുഖ്യ പ്രഭാഷണം നടത്തി. കുട്ടികളും രക്ഷിതാക്കളുമായുള്ള ഇൻട്രക്ടീവ് സെഷൻ മച്ചിങ്ങൽ രാധാകൃഷ്ണൻ നിയന്ത്രിച്ചു.

വിദേശ നിക്ഷേപത്തിലും യുഎഇ മുന്നിൽ

ദുബൈ: 2023ൽ ആഗോള നേരിട്ടുള്ള വിദേശ നിക്ഷേപത്തിൽ കുറവുണ്ടായെങ്കിലും, യുഎഇ കഴിഞ്ഞ വർഷം എഫ്ഡിഐ ഒഴുക്കിൽ 35 ശതമാനം കുതിപ്പ് നേടി, ഏകദേശം 112 ബില്യൺ ദിർഹം. 2023ൽ പുതിയ നേരിട്ടുള്ള വിദേശ നിക്ഷേപ പദ്ധതികളുടെ കാര്യത്തിൽ ആഗോളതലത്തിൽ യുഎഇ രണ്ടാം സ്ഥാനത്തും, ഇൻബൗണ്ട്, ഔട്ട്ബൗണ്ട് നിക്ഷേപങ്ങളിൽ അറബ് ലോകത്തും പശ്ചിമേഷ്യയിലും മിഡിൽ ഈസ്റ്റിലും ഒന്നാമതെത്തി. മൊത്തത്തിൽ, വിദേശ നിക്ഷേപത്തിന്റെ കാര്യത്തിൽ രാജ്യം ഇപ്പോൾ ആഗോളതലത്തിൽ 11ാം സ്ഥാനത്താണ്.

യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം വെള്ളിയാഴ്ച എക്സിൽ എഴുതിയ കുറിപ്പിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആൻഡ് ഡെവലപ്മെന്റ് വ്യാഴാഴ്ച പുറത്തിറക്കിയ വേൾഡ് ഇൻവെസ്റ്റ്മെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണിത്. ലോകമെമ്പാടുമുള്ള 200ലധികം സമ്പദ്‌വ്യവസ്ഥകളെ ഉൾക്കൊള്ളുന്ന റിപ്പോർട്ട് പ്രകാരം സാമ്പത്തിക മാന്ദ്യത്തിനും വർദ്ധിച്ചുവരുന്ന ജിയോപൊളിറ്റിക്കൽ പിരിമുറുക്കങ്ങൾക്കും ഇടയിൽ, 2023 ൽ ആഗോള എഫ്ഡിഐ 2 ശതമാനം ഇടിഞ്ഞ് 1.3 ട്രില്യൺ ഡോളറായി.

ബലിപെരുന്നാൾ അവധി ദിനങ്ങളിൽ ദുബൈ വിമാനത്താവളത്തിൽ അഞ്ചര ലക്ഷത്തിലധികം യാത്രക്കാർ

ദുബൈ: 2024 ജൂൺ 15 മുതൽ 18 വരെയുള്ള പെരുന്നാൾ അവധിക്കാലത്ത് ദുബൈ എയർപോർട്ടുകൾ വഴി 562,000ത്തിലധികം യാത്രക്കാർ യാത്ര ചെയ്തതായി ദുബൈ ജനറൽ ഡയറക്ടറേറ്റ് ഓഫ് റസിഡൻസി ആന്റ് ഫോറിനേഴ്സ് അഫയേഴ്സ് (ജിഡിആർഎഫ്എ) വെളിപ്പെടുത്തി. ഈ കാലയളവിൽ യാത്രക്കാരുടെ മൊത്തം എണ്ണം 562,347 ആയി രേഖപ്പെടുത്തിയിട്ടുണ്ട്.

പെരുന്നാൾ അവധിക്കാലത്ത് ദുബൈ സന്ദർശിക്കുന്ന യാത്രക്കാർക്ക് സുഗമമായ യാത്രാനുഭവം ഉറപ്പാക്കുന്നതിനായി ജിഡിആർഎഫ്എ വിപുലമായ തയാറെടുപ്പുകൾ നടത്തിയിരുന്നു. ഹജ്ജ് തീർത്ഥാടകരെ സ്വീകരിക്കാൻ പ്രത്യേക സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു. അവരുടെ പാസ്പോർട്ടിൽ പ്രത്യേക സീൽ പതിപ്പിച്ചു കൊണ്ടാണ് അവരെ സ്വാഗതം ചെയ്തത്.

ഈ കണക്കുകൾ സഞ്ചാരികൾ,സന്ദർശകർ,താമസക്കാർ എന്നിവർക്ക് മികച്ച വിനോദസഞ്ചാര കേന്ദ്രമായി ദുബൈ നിലനിൽക്കുന്നുവെന്ന് വ്യക്തമാക്കുന്നുവെന്ന് മേധാവി ലഫ്റ്റനന്റ് ജനറൽ മുഹമ്മദ് അഹമ്മദ് അൽമറി പറഞ്ഞു. 'തങ്ങളുടെ സേവനങ്ങൾ മെച്ചപ്പെടുത്താനും യാത്രക്കാർക്ക് സുഗമമായ യാത്രാനുഭവം ഉറപ്പാക്കാനും തങ്ങൾ നിരന്തരം പരിശ്രമിക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ദുബൈ എൻഖാലിയിൽ ജലസംഭരണി 120 എംഐജി സംഭരണശേഷി

ദുബൈ: ദുബൈ ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ അതോറിറ്റി (ദേവ) എൻഖാലിയിൽ ഒരു പുതിയ ജലസംഭരണി കമ്മീഷൻ ചെയ്തു. ദുബൈയിലെ ജലശൃംഖലയുമായി ബന്ധിപ്പിച്ച പുതിയ പദ്ധതിക്ക് 120 ദശലക്ഷം ഇംപീരിയൽ ഗാലൻ (MIG) സംഭരണശേഷിയുണ്ട്. പുതിയ റിസർവോയറിന് 287.8 ദശലക്ഷം ദിർഹമാണ് ചെലവായത്. എൻഖാലിയിലെ പുതിയ റിസർവോയറും ലുസൈലി, ഹസിയാൻ, ഹത്ത എന്നിവിടങ്ങളിലെ മറ്റ് റിസർവോയറുകളും ദുബൈയുടെ ജല ശൃംഖലകളുടെ കാര്യക്ഷമത വർധിപ്പിക്കും.

ഇത് ദേവയുടെ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ വലിയ മികവാണെന്ന് ദേവയുടെ എംഡിയും സിഇഒയുമായ സയീദ് മുഹമ്മദ് അൽ തായർ പറഞ്ഞു. ദുബൈയുടെ വർദ്ധിച്ചുവരുന്ന ഡിമാൻഡും സുസ്ഥിര വികസനവും നിറവേറ്റുന്നതിനായി ജലശേഖരം ലക്ഷ്യം കാണും. ഇതോടെ ഉപ്പ് കലരാത്ത വെള്ളത്തിന്റെ സംഭരണശേഷി 1121.3 എംഐജിയിലെത്തും. നിലവിലെ ശേഷി 1001.3 (MIG) ആണ്. ഈ ജലസംഭരണികൾ അക്വിഫർ സ്റ്റോറേജ് ആൻഡ് റിക്കവറി (ASR) പദ്ധതിയിലേക്ക് ചേർക്കും. 2025ഓടെ പൂർണ്ണമായ തോതിൽ 6,000 ദശലക്ഷം ഇംപീരിയൽ ഗാലൻ വെള്ളം വരെ സംഭരിക്കാൻ കഴിയും.

ഇത് കുടിവെള്ളം സംഭരിക്കാനും അടിയന്തര സാഹചര്യത്തിൽ അത് വീണ്ടെടുക്കാനുമുള്ള ലോകത്തിലെ ഇത്തരത്തിലുള്ള ഏറ്റവും വലിയ എഎസ്ആർ പദ്ധതി ആക്കി മാറ്റും. ഏറ്റവും ഉയർന്ന അന്താരാഷ്ട്ര നിലവാരത്തിലാണ് എൻഖാലി റിസർവോയർ പ്രവർത്തിക്കുന്നതെന്ന് ദുബായ് ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ അതോറിറ്റിയിലെ വാട്ടർ ആൻഡ് സിവിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് അബ്ദുല്ല ഒബൈദുല്ല പറഞ്ഞു.

അമൻ മുഹമ്മദ് റാസിഖിന്റെ ജനാസ നാട്ടിലേക്ക് കൊണ്ടുപോയി

അബുദാബി: അബുദാബിയിലെ താമസ സ്ഥലത്ത് കോണിപ്പടിയിൽ നിന്നും അബദ്ധത്തിൽ വീണു മരിച്ച അമൻ മുഹമ്മദ് റാസിഖിന്റെ (22) മയ്യിത്ത് നടപടികൾ പൂർത്തിയാക്കി ഇന്നലെ രാത്രിയോടെ നാട്ടിലേക്ക് കൊണ്ടുപോയി. ഇന്ന് (ശനി) കണ്ണൂർ പുതിയങ്ങാടി ഹൈദ്രോസ് മസ്ജിദ് ഖബർസ്ഥാനിൽ മറവ് ചെയ്യും. അബുദാബി യൂണിവേഴ്സിറ്റിയിലെ ഗവേഷകനും പൊതുപ്രവർത്തകനുമായ കണ്ണൂർ മാടായി പുതിയങ്ങാടിയിലെ ഡോക്ടർ മുഹമ്മദ് റാസിഖിന്റെ മകനാണ്. ഡിഗ്രി വിദ്യാർത്ഥിയായ അമൻ കഴിഞ്ഞ തിങ്കളാഴ്ച രാത്രിയാണ് അബുദാബി ബനിയാസിനടുത്ത മഹാവിയിലെ താമസസ്ഥലത്ത് വീടിന്റെ കോണിപ്പടിയിൽ നിന്നും തെന്നിവീണത്. ഉടനെ മഫ്റക് ആശുപത്രിയിൽ എത്തിച്ചെങ്കിലും യുവാവിന്റെ ജീവൻ രക്ഷിക്കാനായില്ല. പെരുന്നാൾ അവധിക്ക് നാട്ടിൽ പോയ മാതാപിതാക്കളും സഹോദരനും കുടുംബക്കാരും അപകട വിവരമറിഞ്ഞു തുടിക്കുന്ന ഹൃദയവുമായി അബുദാബിയിൽ തിരിച്ചെത്തി. മകനെ തിരിച്ചുകിട്ടാൻ പരമാവധി ചികിത്സ നടത്തിയെങ്കിലും റാസിഖിന്റെ ജീവൻ രക്ഷിക്കാനായില്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കിയ യുവാവിന്റെ മൃതദേഹം അവസാനമായി ഒരു നോക്ക് കാണാൻ സ്കൂൾ വിദ്യാർത്ഥികളും കൂട്ടുകാരും നാട്ടുകാരുമായി നൂറുകണക്കിന് ആളുകളാണ് ബനിയാസിൽ എത്തിയത്. മൃതദേഹം കണ്ട് പലരും പൊട്ടിക്കരഞ്ഞു. പിതാവ് ഡോക്ടർ മുഹമ്മദ് റാസിഖിനെ ആശ്വസിപ്പിക്കാനാവാതെയും പലരും കുഴങ്ങി. അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ വൈസ് പ്രസിഡന്റ് വിപികെ അബ്ദുല്ല, അബുദാബി കെഎംസിസി ജനറൽ സെക്രട്ടറി സിഎച്ച് യൂസുഫ് മാട്ടൂൽ, സിംസാറുൽ ഹഖ് ഹുദവി ഉൾപ്പെടെ മത-സാമൂഹ്യ രംഗത്തെ നിരവധി ആളുകൾ കുടുംബത്തെ ആശ്വസിപ്പിക്കാനായി എത്തിയിരുന്നു. ബനിയാസ് കെഎംസി

നിരീക്ഷണം

നല്ല നാട്ടിൽ അതിലെ സസ്യങ്ങൾ അതിന്റെ രക്ഷിതാവിന്റെ അനുമതിയോടെ നന്നായി മുളച്ചു വരുന്നു. എന്നാൽ മോശമായ നാട്ടിൽ ശുഷ്ക്കമായിക്കൊണ്ടല്ലാതെ സസ്യങ്ങൾ മുളച്ച് വരികയില്ല. അപ്രകാരം, നന്ദികാണിക്കുന്ന ജനങ്ങൾക്കുവേണ്ടി നാം ദൃഷ്ടാന്തങ്ങൾ വിവിധ രൂപത്തിൽ വിവരിക്കുന്നു.

(വിശുദ്ധ ഖുർആൻ: 07: 58)

ഗൾഫ് ചന്ദ്രിക
1445 ദുൽഹജ്ജ് 16 • 1199 മിഥുനം 08 • 1946 ജ്യേഷ്ഠം 31

നവമന്ത്രിയുടെ വകുപ്പു മെലിയുമ്പോൾ

ലോക്സഭാ തിരഞ്ഞെടുപ്പിൽ ആലത്തൂർ മണ്ഡലത്തിൽ നിന്ന് വിജയിച്ചതിനെ തുടർന്ന് കെ. രാധാകൃഷ്ണൻ രാജിവെച്ച ഒഴിവിൽ മന്ത്രിസഭയിലെത്തുന്ന ഒ.ആർ കേളുവിന്റെ വകുപ്പുകളിൽ വന്ന കാതലായമാറ്റം വിവാദങ്ങൾക്ക് വഴിവെച്ചിരിക്കുകയാണ്. പട്ടികജാതി വികസനം, ദേവസ്വം, നിയമം, പാർലമെന്ററി കാര്യം എന്നീ വകുപ്പുകളാണ് കെ. രാധാകൃഷ്ണൻ കൈയ്യാളിയിരുന്നതെങ്കിൽ ഒ.ആർ കേളുവിന് പട്ടിക ജാതി വികസനം എന്ന വകുപ്പ് മാത്രമാണ് കൈമാറിയത്. ദേവസ്വം ജി. വാസവനും നിയമം, പാർലമെന്ററി കാര്യം എന്നിവ എം.ബി രാജേഷിനും അധിക ചുമതലകളായി നൽകിയിരിക്കുകയാണ്. രാഷ്ട്രീയ രംഗത്തും പാർലമെന്ററി രംഗത്തും ഒരുപോലെ പരിചയസമ്പത്തുള്ള കേളുവിനെ അനുഭവ സമ്പത്തിന്റെ പേര് പറഞ്ഞ് ഒതുക്കിനിർത്തുമ്പോൾ അതിന്റെ യഥാർത്ഥ കാരണത്തെക്കുറിച്ച് കേരള ജനതയോട് വിശദീകരിക്കേണ്ട ഉത്തരവാദിത്തം സംസ്ഥാന സർക്കാറിനും സി.പി.എമ്മിനുമുണ്ട്. ശ്രദ്ധേയമായ ഒരു ഉത്തരവിൽ ഒപ്പുവെച്ചുകൊണ്ടാണ് കെ. രാധാകൃഷ്ണൻ മന്ത്രി പദവി ഒഴിഞ്ഞത്. ആദിവാസി, പട്ടിക ജാതി, പട്ടിക വർഗ വിഭാഗക്കാർ എന്നിവരുടെ താമസ സങ്കേതങ്ങളെ ഊര്, കോളനി, സങ്കേതം എന്നീ പേരുകൾ കൊണ്ട് വിശേഷിപ്പിക്കരുതെന്നും പകരം ഉന്നതി, നഗർ, പ്രകൃതി തുടങ്ങിയ പേരുകൾ നൽകണമെന്നുമായിരുന്നു ആ ഉത്തരവ്. അടിസ്ഥാന വർഗത്തിന്റെ സാമൂഹിക അന്തസ് ഉയർത്താനും സാമൂഹിക ബോധത്തെ കൂടുതൽ ജനാധിപത്യവൽക്കരിക്കാനുമുള്ള സംസ്ഥാന സർക്കാറിന്റ കാഴ്ച്ചപ്പാടിന്റെ ഫലമെന്നാണ് ഈ തീരുമാനത്തെ സർക്കാർ വിശദീകരിക്കുന്നത്. മുൻമന്ത്രിയുടെ ഉത്തരവും പുതിയ മന്ത്രിയുടെ കാര്യത്തിലുള്ള സംസ്ഥാന സർക്കാറിന്റെ നടപടിയും എങ്ങിനെ യോജിച്ചുപോകുമെന്ന് സർക്കാർ വിശദീകരിക്കേണ്ടതുണ്ട്. പാർലമെന്ററി രംഗത്തെ പരിചയ സമ്പത്തും പൊതുരംഗത്തെ അനുഭവ സമ്പത്തും വേണ്ടുവോളമുള്ളയാളാണ് ഒ.ആർ കേളു. ഗ്രാമപഞ്ചായത്ത് മെമ്പർ പദവിയിൽ നിന്നാരംഭിച്ച് രണ്ടുതവണ പഞ്ചായത്ത് പ്രസിഡന്റും പിന്നീട് ബ്ലോക്ക് പഞ്ചായത്ത് മെമ്പറും രണ്ടു തവണ എം.എൽ.എയുമായ അദ്ദേഹം പട്ടികജാതി, പട്ടിക വർഗ, പിന്നോക്ക ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ ചെയർമാൻ, ആദിവാസി ക്ഷേമ സമിതി സംസ്ഥാന പ്രസിഡന്റ്, ആദിവാസി അധികാർ രാഷ്ട്രീയ മഞ്ച് അഖിലേന്ത്യാ കമ്മറ്റി അംഗം, സി.പി.എം സംസ്ഥാന സമിതിയംഗം എന്നീ പദവികളും വഹിക്കുന്നു. ഇങ്ങനെയുള്ള ഒരാളിൽനിന്ന് പരിചയസമ്പത്തിന്റെ പേരിൽ സുപ്രധാന വകുപ്പുകൾ എടുത്തുമാറ്റിയിരിക്കുന്നത് എങ്ങനെ വിശദീകരിച്ചാലും പാർട്ടിക്ക് ജനങ്ങളെ ബോധ്യപ്പെടുത്താനാവില്ല.

മുൻ മന്ത്രി കെ. രാധാകൃഷ്ണന്റെ കാര്യത്തിലും ഇതേ ആരോപണം പാർട്ടിക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. ആദ്യമായി നിയമസഭയിലെത്തിയവർക്ക് പോലും ഏറ്റവും പ്രധാന വകുപ്പുകൾ വകവെച്ച് നൽകിയപ്പോൾ മുതിർന്ന നേതാവും നിയമസഭാ സ്പീക്കർ എന്ന ഏറ്റവും പ്രധാനപ്പെട്ട ഭരണഘടനാ ഉത്തരവാദിത്തം വഹിക്കുകയും ചെയ്ത രാധാകൃഷ്ണന് താരതമ്യേന അപ്രസക്തമായ വകുപ്പുകളാണ് നൽകിയിരുന്നത്. മന്ത്രിയായിരിക്കേ ക്ഷേത്ര ചടങ്ങിൽ അയിത്തം നേരിടേണ്ടിവന്ന അനുഭവം അദ്ദേഹം ഒരിക്കൽ പങ്കുവെച്ചിരുന്നു. നിലവിളക്ക് തന്റെ കൈയ്യിൽ തരാതെ നിലത്തുവെച്ചെന്നും അതിനാൽ അതെടുത്ത് കൊളുത്താൻ താൻ തയാറായില്ലെന്നും സംഘാടകരോട് പോയി പണിനോക്കാൻ പറഞ്ഞുവെന്നുമായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. കേരള നവേത്ഥാനത്തിന്റെ പിതൃത്വവും തുടർച്ചയും ഒരു മടിയുമില്ലാതെ അവകാശപ്പെടുന്നവരാണ് കമ്യൂണിസ്റ്റുകാർ. എന്നാൽ ആ അവകാശവാദം എത്രമാത്രം പൊള്ളയാണെന്ന് സാഹചര്യങ്ങൾ ഒത്തുവരുമ്പോഴെല്ലാം അവർ തെളിയിക്കാറുമുണ്ട്. പാർട്ടി പദവയിലും സ്ഥാനാർത്ഥി നിർണയത്തിലും സത്രീകളോടും അധസ്ഥിത വിഭാഗങ്ങളോടും സ്വീകരിച്ചിട്ടുള്ള വിവേചനത്തിന്റെ തെളിവുകൾ ജനാധിപത്യ കേരളത്തിൽ നിരവധിയുണ്ട്. കെ.ആർ ഗൗരിയമ്മയുടെയും സുശീലാ ഗോപാലന്റെയുമെല്ലാം രാഷ്ട്രീയ ചരിത്രം ഇതിന്റെ ദൃഷ്ടാന്തങ്ങളാണ്. അധികാരലബ്ധിക്കുവേണ്ടി ജാതീയതയും വർഗീയതയുമെല്ലാം തരാതരം ഉപയോഗിച്ചതിന് ജനം കടുത്ത മുന്നറിയിപ്പ് നൽകിയ ഈ ഘട്ടത്തിലും പിന്നോക്ക വിഭാഗങ്ങളോടുള്ള ഇരട്ടത്താപ്പ് സി.പി.എമ്മിന് മറച്ചുവെക്കാൻ കഴിയുന്നില്ല എന്നതാണ് വസ്തുത.

അടിക്കുറിപ്പ്

കോൺഗ്രസിനു ശേഷം വയനാട്ടിൽനിന്നൊരു പട്ടിക വർഗ മന്ത്രിയെ നിയോഗിച്ചതിനെ അഭിനന്ദിക്കുന്നു, പക്ഷേ വകുപ്പുകളുടെ ചിറകരിഞ്ഞ് ആരെയോ പ്രീണിപ്പിക്കാൻ ദേവസ്വം വകുപ്പും നിഷേധിച്ചുകൊണ്ടുള്ള സി.പി.എം തീരുമാനം പട്ടികജാതി /വർഗ ജനവിഭാഗങ്ങളെ അപമാനിക്കുന്നതാണ്. കേരളത്തിന്റ ചരിത്രത്തിലാദ്യമായി ഭരണഘടനാപരമായിതന്നെ അവകാശമുള്ള പട്ടികജാതി വിഭാഗത്തിനുള്ള മന്ത്രി സ്ഥാനം ഇല്ലാതാക്കിയിരിക്കുകയാണ് പിണറായി സർക്കാർ. അതുകൊണ്ട് കേളുവിനൊപ്പം പട്ടികജാതി വിഭാഗത്തിനും പ്രാതിനിധ്യം നൽകുകയാണ് വേണ്ടത്. അല്ലാതെ അവരെ കുരങ്ങന് അപ്പം പങ്കുവെച്ചതുപോലെ കബളിപ്പിക്കുകയല്ല വേണ്ടത്.

–പന്തളം സുധാകരൻ

ചരിത്രത്തിൽ ഇന്ന്

1812 നെപ്പോളിയൻ റഷ്യയിൽ ആക്രമിച്ചു കടന്നു.
1911 എഡ്വാർഡ് ഏഴാമനെ പിന്തുടർന്ന് ജോർജ്ജ് അഞ്ചാമൻ യു.കെ.യുടെ രാജാവായി.
1941 രണ്ടാം ലോകമഹായുദ്ധം: ഓപ്പറേഷൻ ബാർബറോസ എന്ന സൈനികനടപടിയിലൂടെ നാസി ജർമ്മനി സോവിയറ്റ് യൂണിയനിൽ ആക്രമിച്ചു കടന്നു.
1962 113 പേരുടെ മരണത്തിന് കാരണമായി, എയർ ഫ്രാൻസിന്റെ ബോയിങ് 707 ജെറ്റ് വിമാനം വെസ്റ്റ് ഇൻഡീസിലെ ഗ്വാഡ്ലൗപ്പിൽ തകർന്നു വീണു.
1978 പ്ലൂട്ടോയോടൊപ്പമുള്ള കുള്ളൻ ഗ്രഹം ഷാരോൺ കണ്ടെത്തി. മുൻപ് ഇത് പ്ലൂട്ടോയുടെ ഉപഗ്രഹമായിരുന്നു അറിയപ്പെട്ടിരുന്നത്.
1986 അർജന്റീനയുടെ ഫുട്ബോൾ കളിക്കാരൻ ഡീഗോ മറഡോണ ഇംഗ്ലണ്ടിനെതിരെ ദൈവത്തിന്റെ കൈ എന്നറിയപ്പെടുന്ന വിവാദഗോൾ നേടി.
2001 കടലുണ്ടി തീവണ്ടിയപകടം
2002 പടിഞ്ഞാറൻ ഇറാനിൽ, റിച്ചർ സ്കേലിൽ 6.5 രേഖപ്പെടുത്തിയ ഒരു ഭൂകമ്പത്തിൽ 261 പേരിലധികം പേർ മരണമടഞ്ഞു.

ട്രിപ്പിൾ എഞ്ചിൻ സർക്കാർ

ഉബൈദ് കോട്ടുമല

ഇത്തവണ നാനൂറിലധികം സീറ്റുകൾ നേടി അധികാരത്തിലെത്തുക, 370 സീറ്റുകൾ ബി.ജെ.പി കൈവശപ്പെടുത്തുക, കോൺഗ്രസ് മുക്തഭാരതം യാഥാർത്ഥ്യമാക്കുക, പ്രധാനമന്ത്രി മത്സരിക്കുന്ന വാരാണസിയിൽ നിന്നും 10 ലക്ഷത്തിന് മീതെ ഭൂരിപക്ഷം നേടുക, 80 സീറ്റുള്ള യു.പിയിൽ നിന്നും 75 സീറ്റ് സ്വന്തമാക്കുക, ഭരണഘടന മാറ്റി എഴുതുക. ന്യൂനപക്ഷ സംവരണം റദ്ദാക്കുക, പൗരത്വവും ഏക സിവിൽകോഡും മതപരിവർത്തന നിരോധന നിയമവും നടപ്പിലാക്കുക, ഹിന്ദുത്വ രാഷ്ട്രം സാധ്യമാക്കുക എന്നീ അജണ്ടകളുമായിട്ടാണ് ബി.ജെ.പി പതിനെട്ടാം ലോക്സഭ തിരഞ്ഞെടുപ്പിനെ നേരിട്ടത്. ഏഴ് ഘട്ടങ്ങളിലായി വോട്ടെടുപ്പ് ക്രമീകരിച്ച് ഭരണകൂടത്തിന് എല്ലാവിധ ഒത്താശയും തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഭാഗത്ത് നിന്നും ഉണ്ടാവുകയും ചെയ്തു. എക്സിറ്റ് പോളിൽ മതി മറന്ന് സത്യപ്രതിജ്ഞ ചടങ്ങ് പോലും മുൻകൂട്ടി നിശ്ചയിച്ച ബി.ജെ.പിയുടെ എല്ലാ സ്വപ്നങ്ങളും തകർക്കുന്നതായിരുന്നു യഥാർത്ഥ തിരഞ്ഞെടുപ്പ് ഫലം.

ഫലം വന്നാൽ അഹങ്കാരത്തിന്റെ ഭാഷയും ശരീരഭാഷയുമായി രംഗപ്രവേശനം ചെയ്യുന്ന പ്രധാനമന്ത്രി ഇപ്രാവശ്യം പൊതുവെ സൗമ്യനായിട്ടാണ് കാണപ്പെട്ടത്. 2014ലും 2019ലും പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ എൻ.ഡി.എ യോഗം ചേർന്നപ്പോഴുണ്ടായ ആർപ്പുവിളികളും ജയ് ശ്രീറാം വിളികളും മോദി മോദി ജയ് വിളികളും ഒന്നും തന്നെ ഇപ്രാവശ്യം ഉയർന്ന് കേട്ടില്ല. വ്യക്തി പ്രഭാവത്തെ കുറിച്ചുള്ള മേന്മകളില്ല, മോദിയെ പ്രകീർത്തിച്ചുള്ള പ്രഭാഷണങ്ങളുമില്ല. ആഗോള സമ്മേളനങ്ങളിൽ പോലും തന്റെ പേരെഴുതിയ കോട്ട് ധരിക്കുന്ന പ്രധാനമന്ത്രിയുടെ പേര് പ്രകടന പത്രികയിൽ അമ്പതിടത്ത് എഴുതിച്ചേർത്തതിൽ അൽഭുതപ്പെടേണ്ടതുമില്ല.

പ്രസംഗത്തിൽ പോലും പല തവണ തന്റെ പേര് സ്വയം പരാമർശിക്കുന്ന പ്രധാനമന്ത്രിയാകട്ടെ ഘടകകക്ഷി നേതാക്കളായ നിതീഷ് കുമാറിനെയും ചന്ദ്രബാബു നായിഡുവിനെയും പ്രകീർത്തിക്കാനാണ് സമയം കണ്ടെത്തിയത്. മോദിയെ ആശീർവദിക്കാൻ യോഗിയെ പ്രത്യേകം ഓർമപ്പെടുത്തേണ്ടിവന്നുവെന്നാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എൻ.ഡി.എ യോഗങ്ങളിൽ പ്രധാനമന്ത്രിയുടെ ഇരുവശങ്ങളിലുമായി അമിത്ഷയും രാജ്നാഥ്സിങും ഉണ്ടായിരുന്നിടത്ത് പകരക്കാരായി നിതീഷ് കുമാറും ചന്ദ്രബാബു നായിഡുവും സ്ഥാനം പിടിച്ചിരിക്കുന്നു.

400 സീറ്റ് നേടി ഭരണഘടന മാറ്റി എഴുതുമെന്ന് പ്രഖ്യാപിച്ചവരെ കൊണ്ട് തന്നെ ഭരണഘടനയെ കയ്യിലെടുത്ത് മുത്തം വെക്കാൻ പ്രേരിപ്പിച്ച തിരഞ്ഞെടുപ്പ് ഫലം വലിയ മുന്നറിയിപ്പാണ് ബി.ജെ.പിക്ക് നൽകിക്കൊണ്ടിരിക്കുന്നത്. തിരഞ്ഞെടുപ്പിലുടനീളം ഭരണഘടന ഉയർത്തിപ്പിടിച്ച് പ്രചരണം നടത്തിയ രാഹുൽ ഗാന്ധിയുടെ ചിത്രം ഇവിടെ പ്രസക്തമാവുകയാണ്.

ഗാന്ധി സിനിമ ഇല്ലായിരുന്നുവെങ്കിൽ മഹാത്മാഗാന്ധി അറിയപ്പെടില്ലായിരുന്നുവെന്ന വിവാദ പ്രസ്താവന നടത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രഥമ മന്ത്രിസഭ യോഗം ചേർന്നത് പോലും ഗാന്ധിയുടെ ചിത്രം പതിച്ച ഹാളിലായിരുന്നുവെന്നതും കാലത്തിന്റെ കാവ്യനീതി തന്നെയാണ്. ബി.ജെ.പിക്ക് മാത്രമായി കേവല ഭൂരിപക്ഷമുള്ളതിനാൽ കഴിഞ്ഞ രണ്ട് തവണയും പേരിൽ എൻ.ഡി.എ മുന്നണി ആണെങ്കിലും ഫലത്തിൽ മോദിയും അമിത്ഷയും മാത്രമായിരുന്നു ഭരണം നിയന്ത്രിച്ചിരുന്നത്. അങ്ങിനെയാണ് 'ഡബ്ൾഎഞ്ചിൻ സർക്കാറാ'യി മോദി സർക്കാർ മാറിയത്. എന്നാൽ 2024ലാണ് യഥാർത്ഥ മുന്നണി ഭരണത്തിലേക്ക് ബി.ജെ.പി പ്രവേശിക്കുന്നത്. മുന്നണി സർക്കാറിന് നേതൃത്വം നൽകിയ പാടവം മോദിക്ക് അവകാശപ്പെടാനില്ലെന്ന് മാത്രമല്ല, കേവല ഭൂരിപക്ഷം നേടാനാകാത്തതിലുള്ള പ്രതിസന്ധിയാണ് ബി.ജെ.പിയെ ഭാവിയിൽ അലട്ടാൻ പോകുന്നത്.

കഴിഞ്ഞ രണ്ട് തവണയും മുന്നണി നേതാക്കൾക്ക് അപ്രാപ്യനായ പ്രധാനമന്ത്രിയായിരുന്നു നരേന്ദ്രമോദി. അൽപം ബുദ്ധിമുട്ടിയാലും പ്രധാനമന്ത്രിയെ കാണാൻ കഴിയുമായിരുന്നില്ല. ഫോണിൽ പോലും ലഭ്യമായിരുന്നില്ല. മുന്നണി നേതാക്കളെയും മന്ത്രിമാരെയും തന്റെ ദാസന്മാരായി കാണുന്ന നിലപാട് ഇനി പ്രധാനമന്ത്രിയുടെ ഭാഗത്ത് നിന്നും ഉണ്ടാകാൻ ഇടയില്ല. ഇനി മുതൽ ഘടകകക്ഷികളുടെ ദയാദാക്ഷിണ്യത്തിൽ പ്രധാനമന്ത്രിക്ക് കഴിയേണ്ടിവരും. ഭരണപരമായ ഏത് തീരുമാനത്തിനും നിതീഷ്കുമാറിന്റെയും നായിഡുവിന്റെയും അനുമതിക്കായി കാത്തിരിക്കേണ്ടിവരുമെന്നതിലാണ് ബി.ജെ.പിക്ക് വലിയ ആശങ്കയുള്ളത്. അത്കൊണ്ട് തന്നെ 'ട്രിപ്പ്ൾ എഞ്ചിൻ സർക്കാറ'യിട്ടാണ് ഇനി ബി.ജെ.പി സർക്കാർ അറിയപ്പെടുക.

ഉദ്ദേശിച്ച പോലെ തീരുമാനങ്ങൾ നടപ്പിലാക്കാനും പാർലമെന്റിൽ ദൃതിപിടിച്ച് നിയമങ്ങൾ ചുട്ടെടുക്കാനും കഴിയില്ല. വരാനിരിക്കുന്ന സ്പീക്കർ തിരഞ്ഞെടുപ്പ് അതിലേക്കുള്ള സൂചനയാണ്. ഈ സാഹചര്യം ബി.ജെ.പിയേക്കാൾ ആർ.എസ്.എസിനാണ് വെല്ലുവിളിയാകാൻ പോകുന്നത്. ആർ.എസ്.എസിന്റെ നൂറാം വാർഷികത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് കാത്തിരിക്കുന്ന മോഹൻഭാഗവതിന് ഈ തിരഞ്ഞെടുപ്പ് ഫലം നിരാശയാണ് സമ്മാനിച്ചിട്ടുള്ളത്. ഏകസിവിൽകോഡ് നടപ്പിലാക്കുമെന്ന നിയമമന്ത്രിയുടെ പ്രസ്താവനയെ തുടക്കത്തിൽ തന്നെ തള്ളുകയാണ് നിതീഷ് കുമാർ ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ടവരുമായി സമവായം ഉണ്ടാക്കിയതിന് ശേഷം മാത്രമേ ഏകസിവിൽകോഡ് നടപ്പിലാക്കാവൂ എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഹിന്ദുത്വ അജണ്ടകൾ നടപ്പിലാക്കുന്നതിൽ ബി.ജെ.പിക്ക് വിയർക്കേണ്ടി വരുമെന്നതിന്റെ സൂചനയായിട്ടാണ് നിതീഷ് കുമാറിന്റെ പ്രസ്താവനയെ പൊതുവെ കണക്കാക്കപ്പെടുന്നത്.

ജാതി സെൻസസ് നടപ്പിലാക്കിയ ആദ്യ സംസ്ഥാനമെന്ന ഖ്യാതി നേടിയ നിതീഷ്കുമാറിന്റെ നയം തന്നെയാണ് ചന്ദ്രബാബു നായിഡുവിനുമുള്ളത്. അതേസമയം ജാതി സെൻസസ് നടപ്പിലാക്കില്ലെന്ന നിലപാടാണ് ബി.ജെ.പി സ്വീകരിച്ചിട്ടുള്ളതും. മതാടിസ്ഥാനത്തിലുള്ള സംവരണം വേണ്ടെന്ന നിലപാടിൽ ബി.ജെ.പി ഉറച്ച് നിൽക്കുമ്പോൾ സംവരണം നടപ്പിലാക്കുന്ന നയമാണ് നായിഡു സ്വീകരിച്ചിട്ടുള്ളത്. പൗരത്വത്തിന് മതം മാനദണ്ഡമാക്കുന്നതിനോട് നിതീഷ് കുമാർ നേരത്തെ എതിർപ്പ് പ്രകടിപ്പിച്ചിട്ടുമുണ്ട്. ബീഹാറിലും ആന്ധ്രയിലും മുസ്ലിം ന്യൂനപക്ഷത്തിന്റെ സ്വാധീനത്തിൽ അധികാരം നിലനിർത്തുന്ന നിതീഷ്കുമാറിനും ചന്ദ്രബാബു നായിഡുവിനും അവരെ പ്രകോപിപ്പിക്കുന്ന നിലപാടുകൾ സ്വീകരിക്കാൻ കഴിയില്ലെന്നതാണ് ബി.ജെ.പിയെയും ആർ.എസ്.എസിനെയും പ്രതിസന്ധിയിലാക്കിയിരിക്കുന്നത്.

> ഈ സാഹചര്യം ബി.ജെ.പിയേക്കാൾ ആർ.എസ്.എസിനാണ് വെല്ലുവിളിയാകാൻ പോകുന്നത്. ആർ.എസ്.എസിന്റെ നൂറാം വാർഷികത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് കാത്തിരിക്കുന്ന മോഹൻഭാഗവതിന് ഈ തിരഞ്ഞെടുപ്പ് ഫലം നിരാശയാണ് സമ്മാനിച്ചിട്ടുള്ളത്. ഏകസിവിൽകോഡ് നടപ്പിലാക്കുമെന്ന നിയമമന്ത്രിയുടെ പ്രസ്താവനയെ തുടക്കത്തിൽ തന്നെ തള്ളുകയാണ് നിതീഷ് കുമാർ ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ടവരുമായി സമവായം ഉണ്ടാക്കിയതിന് ശേഷം മാത്രമേ ഏകസിവിൽകോഡ് നടപ്പിലാക്കാവൂ എന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

തെറ്റു തിരുത്തുന്ന സി.പി.എം

റസാഖ് ആദൃശ്ശേരി

ലോക്സഭാ തിരഞ്ഞെടുപ്പിൽ സി.പി.എമ്മിനേറ്റ കനത്ത തിരിച്ചടി സൂചിപ്പിക്കുന്നത് പാർട്ടിയുടെ അടിത്തറക്ക് ക്ഷതമേറ്റുവെന്നു തന്നെയാണ്. ബംഗാളിലും ത്രിപുരയിലും വലതുപക്ഷ വ്യതിയാനം മൂലം തകർന്നു തരിപ്പണമായ, അതേ പാതയിൽ തന്നെയാണ് കേരളത്തിലെ സി.പി.എമ്മും. പക്ഷേ, അത് അംഗീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയനോ പാർട്ടി നേതാക്കളോ തയ്യാറല്ല എന്നതാണ് സി.പി.എം സംസ്ഥാന സമിതിയുടെ തിരഞ്ഞെടുപ്പ് പരാജയകാരണങ്ങൾ വിലയിരുത്തലിൽ നിന്നും മനസ്സിലാവുന്നത്. തിരഞ്ഞെടുപ്പിലെ കനത്ത പരാജയം സംസ്ഥാന സർക്കാറിനെതിരായ വികാരമല്ലെന്ന മുഖ്യമന്ത്രിയുടെ വാദം പിണറായി ഭക്തന്മാർക്ക് മാനസികോല്ലാസം പകരാൻ മാത്രമേ ഉപകരിക്കുകയുള്ളു.

20 ലോകസഭാ മണ്ഡലങ്ങളിൽ 19 ഉം ഇടതുപക്ഷത്തെ കൈവിട്ടു. ആലത്തൂർ മണ്ഡലത്തിൽ നിന്നും കിട്ടിയ ഒരു സീറ്റാവട്ടേ, എൽ.ഡി.എഫ് വിജയം എന്നതിനെക്കാൾ കെ.രാധാകൃഷ്ണൻ എന്ന ജനകീയ നേതാവിന്റെ വ്യക്തിപ്രഭാവം കൊണ്ടായിരുന്നുവെന്നു വിലയിരുത്തുന്നതായിരിക്കും ശരി. മിക്ക മണ്ഡലങ്ങളിലും യു.ഡി.എഫ് സ്ഥാനാർത്ഥികൾ ജയിച്ചത് റെക്കാർഡ് ഭൂരിപക്ഷത്തിനായിരുന്നു. സി.പി.എമ്മിനുണ്ടായ ഈ കനത്ത തോൽവിയെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞത് ബി.ജെ.പിക്കെതിരായ വികാരം യു.ഡി.എഫിന് അനുകൂലമാകുകയായിരുന്നു എന്നാണ്. എത്രമാത്രം ബാലിശമാണ് ഈ വാദം?. മുഖ്യമന്ത്രിയുടെ വാദം അംഗീകരിച്ചാൽ തന്നെ, ബി.ജെ.പിയെ നേരിട്ട 'ഇന്ത്യ' മുന്നണിയിൽ സി.പി.എമ്മും അംഗമല്ലേ? എന്നിട്ട് എന്തുകൊണ്ട് ജനം ഇടതു മുന്നണിക്ക് വോട്ട് ചെയ്തില്ല, അവർ എന്തുകൊണ്ട് വൻ ഭൂരിപക്ഷത്തിന് യു.ഡി.എഫ് സ്ഥാനാർത്ഥികളെ വിജയിപ്പിച്ചു തുടങ്ങിയ ചോദ്യങ്ങൾക്ക് പ്രസക്തിയേറെയുണ്ട്.

പാർട്ടിക്ക് നേരിട്ട കനത്ത തോൽവി വിലയിരുത്തുമ്പോൾ മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി തോറ്റുവെന്നത് സമ്മതിക്കാൻ പാർട്ടി സെക്രട്ടറി തയ്യാറായത് തന്നെ വലിയ കാര്യം. 'തിരഞ്ഞെടുപ്പിൽ നല്ലപോലെ തോറ്റു, തോറ്റിട്ട് ജയിച്ചു എന്നു പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ?' എന്ന എം.വി.ഗോവിന്ദന്റെ ചോദ്യം മുൻകാലങ്ങളിലെ പോലെ പാർട്ടിയുടെ തോൽവി കടിച്ചാൽ പൊട്ടാത്ത പ്രത്യയശാസ്ത്ര സിദ്ധാന്തങ്ങൾ കൊണ്ടു ന്യായീകരിക്കാൻ കഴിയില്ലയെന്ന ബോധ്യത്തിൽ നിന്നുണ്ടായതാണ്. 'പാർട്ടി ജനങ്ങളുടെതാണെന്ന ബോധ്യം വേണം. തിരുത്തേണ്ട തെറ്റുകൾ തിരുത്തണം.' എന്ന മുൻമന്ത്രി ഡോ: തോമസ് ഐസക്കിന്റെ വാക്കുകൾ പാർട്ടിയിലെ അഹങ്കാരികളായ നേതാക്കൾക്കുള്ള താക്കീത് മാത്രമായിരുന്നില്ല, സി.പി.എം നേതാക്കൾക്ക് സംസ്ഥാന സമിതിയിൽ പിണറായി വിജയനെ വിമർശിക്കാനുള്ള ധൈര്യം നൽകാനുള്ള പ്രചോദനം കൂടിയായിരുന്നു. സി.പി.ഐയുടെ തിരുവനന്തപുരം, എറണാകുളം ജില്ലാ കമ്മിറ്റികൾ പരാജയകാരണം പിണറായിയെ പേടിയില്ലാതെ തന്നെ തുറന്നു പറഞ്ഞു. മുഖ്യമന്ത്രിയുടെ ധാർഷ്ട്യവും മകളുടെ പേരിലുള്ള അഴിമതി ആരോപണവും പരാജയ കാരണമായി അവർ വിലയിരുത്തി. മുഖ്യമന്ത്രി മാറാതെ ഭരണം നന്നാകില്ലെന്നു പറയാനുള്ള തന്റേടം സി.പി.ഐ തിരുവനന്തപുരം ജില്ലാ കൗൺസിൽ യോഗത്തിൽ അംഗങ്ങൾ കാണിച്ചു. നവകേരള സദസ്സ് പോലെയുള്ള ധൂർത്തുകളും ന്യൂനപക്ഷ പ്രീണനം പരിധിവിട്ടതും അവർ ചൂണ്ടി കാണിച്ചപ്പോൾ, 'കേരളത്തിൽ നല്ലതെന്നു പറയാൻ ഒരു മന്ത്രി പോലുമില്ല, മന്ത്രി ജി.ആർ.അനിലും ഭക്ഷ്യവകുപ്പും നാടിന് നാണക്കേടാണെന്ന ' സി.പി.ഐ എറണാകുളം ജില്ലാ കമ്മിറ്റിയിലെ വിമർശനം ഏറെ ശ്രദ്ദേയമായി.

ലോകസഭാ തിരഞ്ഞെടുപ്പ് ഫലം സി.പി.എമ്മിന് ഒരു സൂചനയാണ്. മുഖ്യമന്ത്രി പിണറായി വിജയന്റെ സ്വേച്ഛാധിപത്യ പ്രവണതകൾ പാർട്ടിയെ ബാധിക്കുന്നതിന്റെ അനന്തരഫലത്തിലേക്കുള്ള സൂചന. കനത്ത തോൽവി ഏറ്റുവാങ്ങിയിട്ടും പിണറായി വിജയന് ഒരു മാറ്റവും ഇല്ല. തിരഞ്ഞെടുപ്പ് ഫലം വിലയിരുത്തുന്നതിൽ പോലും ധിക്കാരിയായ ഒരാളുടെ സ്വരവും ശരീരഭാഷയുമാണ് മുഖ്യമന്ത്രിയിൽ കണ്ടത്. 'കേരളത്തിൽ എൽ.ഡി.എഫ് കനത്ത പരാജയം ഏറ്റുവാങ്ങിയതിന്റെ പേരിൽ ആരും തന്റെ രാജി ആവശ്യപ്പെടാൻ വരേണ്ട' എന്നു അദ്ദേഹം നിയമസഭയിൽ പറയുമ്പോൾ മുഖഭാവം വളരെ കടുത്തതായിരുന്നു. ഈ വാക്കുകളിലൂടെ അദ്ദേഹം ലക്ഷ്യം വെച്ചത് പ്രതിപക്ഷത്തെ മാത്രമായിരുന്നില്ല, സി.പി.എം കേന്ദ്ര കമ്മിറ്റി നേതാക്കളെയും കേരളത്തിൽ തന്നെയെതിർക്കാൻ തയ്യാറായി നിൽക്കുന്ന സി.പി.എം നേതാക്കളെയുമായിരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിലെ വൻ പരാജയത്തിന് കാരണം ഒന്നാം പിണറായി സർക്കാരിനെ അപേക്ഷിച്ച് രണ്ടാം സർക്കാരിന്റെ നിലവാര തകർച്ചയാണെന്നും ധാർഷ്ട്യവും ധൂർത്തും ഇനിയും തുടർന്നാൽ ഇതിലും വലിയ തിരിച്ചടികൾ ആയിരിക്കും ഇടതുപക്ഷത്തെ കാത്തിരിക്കുകയെന്നും എപ്പോഴും പ്രളയവും മഹാമാരികളും രക്ഷയ്ക്ക് എത്തണമെന്നില്ലെന്നും അഭിപ്രായപ്പെട്ട യാക്കോബായ സഭ നിരണം ഭദ്രാസന മുൻ മെത്രാപ്പോലീത്ത ഡോ.ഗീവർഗീസ് മാർ കൂറിലോസിനെ 'വിവരദോഷി' എന്നാണ് മുഖ്യമന്ത്രി വിളിച്ചത്. തിരഞ്ഞെടുപ്പ് പരാജയത്തിൽ മുഖ്യമന്ത്രിയുടെ ശൈലിക്കുള്ള പങ്കിനെക്കുറിച്ച് ചോദ്യം ഉന്നയിച്ച റിപ്പോർട്ടർ ചാനലിലെ നികേഷ് കുമാറിനോട് 'ചെറ്റത്തരം' പറയരുത് എന്നാണ് മുഖ്യമന്ത്രി ആക്രോശിച്ചത്. വിമർശനങ്ങൾ സഹിക്കാൻ കഴിയാതെ വരികയെന്നത് ഏകാധിപതികളുടെ സ്വഭാവ വിശേഷതയാണ്. അത് പി

പ്രധാനമന്ത്രിക്ക് വിശ്വാസ്യതയില്ല

മുംബൈ: പ്രധാനമന്ത്രി നരേന്ദ്ര മോദി വിശ്വാസ്യതയില്ലാത്തയാളാണെന്ന് എൻ.സി.പി സ്ഥാപക നേതാവ് ശരത് പവാർ. മോദിയുടെ ഗ്യാരണ്ടിയിൽ ജനങ്ങൾ വിശ്വസിക്കുന്നില്ല. ലോക്സഭാ തിരഞ്ഞെടുപ്പിൽ പ്രധാനമന്ത്രിയേക്കാൾ കൂടുതൽ വോട്ട് തന്റെ മകൾ സുപ്രിയ സുലെയ്ക്ക് ലഭിച്ചു. വാരാണസിയിൽ 1.50 ലക്ഷം വോട്ടുകളാണ് മോദിക്ക് ഭൂരിപക്ഷം ലഭിച്ചത്. എന്നാൽ ബാരാമതി ലോക്സഭാ മണ്ഡലത്തിൽ നിന്ന് 1.58 ലക്ഷത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് സുപ്രിയ സുലെ തിരഞ്ഞെടുക്കപ്പെട്ടത്. ഈ തിരഞ്ഞെടുപ്പ് ഫലം ബി.ജെ.പിയുടെയും മോദിയുടെയും ഏകാധിപത്യ നീക്കങ്ങൾക്കുള്ള തിരിച്ചടിയാണ്.

യുവാക്കളുടെ ഭാവി ഇരുട്ടിലാക്കി

ന്യൂഡൽഹി: ചോദ്യപേപ്പർ ചോർച്ചയിലൂടെ കോടിക്കണക്കിന് യുവാക്കളുടെ ഭാവിയാണ് ബി.ജെ.പി സർക്കാർ ഇരുട്ടിലാക്കിയതെന്ന് പ്രിയങ്ക ഗാന്ധി. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ രാജ്യത്ത് 43 മത്സര പരീക്ഷകളുടെ ചോദ്യപേപ്പറുകളാണ് ചോർന്നത്. നമ്മുടെ രാജ്യത്തിന്റെ ഭാവി തകർത്ത ഒരു ദേശീയ പ്രശ്നമായി മാറിയിരിക്കുകയാണ് ചോദ്യപേപ്പർ ചോർച്ച. ലോകത്ത് ഏറ്റവും കൂടുതൽ യുവാക്കളുള്ള രാജ്യമാണ് നമ്മുടെത്. യുവാക്കളെ നൈപുണ്യവും കഴിവുമുള്ളവരാക്കുന്നതിന് പകരം ബി.ജെ.പി സർക്കാർ അവരെ ദുർബലരാക്കുകയാണ്. രാവും പകലും കഷ്ടപ്പെട്ട് പഠിച്ചാണ് അവർ വ്യത്യസ്ത പരീക്ഷകൾക്ക് തയ്യാറെടുക്കുന്നത്.

ഇന്ത്യ വാർത്തകൾ

ചുരുക്കത്തിൽ

ബി.ആർ.എസിന് വീണ്ടും തിരിച്ചടി; തെലങ്കാന മുൻ സ്പീക്കർ കോൺഗ്രസിൽ

ഹൈദരാബാദ്: തെലങ്കാനയിൽ ബി.ആർ.എസിന് വീണ്ടും തിരിച്ചടി. മുതിർന്ന നേതാവും മുൻ സ്പീക്കറും നിലവിലെ എം.എൽ.എയുമായ പോച്ചാറാം ശ്രീനിവാസ റെഡ്ഡി കോൺഗ്രസിൽ ചേർന്നു. മുഖ്യമന്ത്രി എ രേവന്ത് റെഡ്ഡി ശ്രീനിവാസ റെഡ്ഡിയുമായി കൂടിക്കാഴ്ച നടത്തിയതിന് പിന്നാലെയാണ് അദ്ദേഹം കോൺഗ്രസിൽ ചേർന്നത്. നിസാമാബാദ് ജില്ലയിൽ നിന്നുള്ള ബി.ആർ.എസിന്റെ ഏറ്റവും പ്രധാനപ്പെട്ട നേതാവായിരുന്നു പോച്ചാറാം ശ്രീനിവാസ്. രേവന്ത് റെഡ്ഡിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസിന്റെ പ്രവർത്തനം ശ്ലാഘനീയമാണെന്നും കോൺഗ്രസുമായി ചേർന്നു പ്രവർത്തിക്കുന്നതാണ് സംസ്ഥാനത്തിന് ഗുണകരമെന്നും അദ്ദേഹം പറഞ്ഞു.

2014 മുതൽ 18വരെ ബി.ആർ.എസ് സർക്കാറിൽ സഹകരണ, കൃഷി വകുപ്പ് മന്ത്രിയായിരുന്നു പോച്ചാറാം ശ്രീനിവാസ്. അവിഭക്ത ആന്ധ്രയിൽ ടി.ഡി.പി സർക്കാറിലും മന്ത്രിയായിരുന്നു. 2011ൽ ടി.ഡി.പി വിട്ട് ബി.ആർ.എസിൽ ചേരുകയായിരുന്നു.

നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷം കോൺഗ്രസിൽ ചേരുന്ന നാലാമത്തെ ബി.ആർ.എസ് എം.എൽ.എയാണ് ശ്രീനിവാസ്. 39 എം.എൽ.എമാരുണ്ടായിരുന്ന ബി.ആർ.എസിന് ഇപ്പോൾ 34 എം.എൽ.എമാരാണുള്ളത്. സെക്കന്തരാബാദ് കന്റോൺമെന്റ് സിറ്റ് ഉപതിരഞ്ഞെടുപ്പിൽ കോൺഗ്രസ് പിടിച്ചെടുത്തിരുന്നു.

അധീർ രഞ്ജൻ ചൗധരി ബംഗാൾ കോൺഗ്രസ് അധ്യക്ഷസ്ഥാനം രാജിവെച്ചു

കൊൽക്കത്ത: ലോക്സഭാ തിരഞ്ഞെടുപ്പിലെ തോൽവിക്ക് പിന്നാലെ പശ്ചിമ ബംഗാൾ കോൺഗ്രസ് അധ്യക്ഷ സ്ഥാനത്ത് നിന്ന് അധീർ രഞ്ജൻ ചൗധരി രാജിവെച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് പാർട്ടിക്കുണ്ടായ തിരിച്ചടി അവലോകനം ചെയ്യുന്നതിനായി ചേർന്ന പിസിസി യോഗത്തിന് ശേഷമാണ് അധീർ രാജി പ്രഖ്യാപിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ രാജി സ്വീകരിക്കുന്നത് സംബന്ധിച്ച് കോൺഗ്രസ് നേതൃത്വത്തിന്റെ ഔദ്യോഗിക പ്രതികരണം വന്നിട്ടില്ല. മുർഷിദാബാദിലെ ബഹറാംപുർ മണ്ഡലത്തിൽനിന്ന് അഞ്ചു തവണ എംപിയായിട്ടുള്ള അധീർ രഞ്ജൻ ചൗധരി ഇത്തവണ തൃണമൂൽ സ്ഥാനാർഥിയും ക്രിക്കറ്റ് താരവുമായ യൂസുഫ് പഠാനോട് പരാജയപ്പെട്ടിരുന്നു. 85,022 വോട്ടിന്റെ ഭൂരിപക്ഷത്തിനായിരുന്നു അധീറിന്റെ തോൽവി. മമതാ ബാനർജിയുടെ തൃണമൂൽ കോൺഗ്രസിനെ ഇന്ത്യ സഖ്യത്തിൽ ഉൾപ്പെടുത്തുന്നതിൽ കടുത്ത എതിർപ്പ് പ്രകടിപ്പിച്ചിരുന്ന അധീർ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുമായും ഇതിന്റെ പേരിൽ ഇടഞ്ഞിരുന്നു.

മമതയുടെ കടുത്ത വിമർശകനായ അധീർ ബംഗാളിൽ ഇടതുപക്ഷത്തോടൊപ്പം സഖ്യമുണ്ടാക്കുന്നതിലായിരുന്നു കൂടുതൽ മുൻഗണന നൽകിയിരുന്നത്. അധീർ രഞ്ജൻ ചൗധരിയുടെ രാജി കോൺഗ്രസ് നേതൃത്വം സ്വീകരിക്കുകയാണെങ്കിൽ സംസ്ഥാന നേതൃസ്ഥാനത്തേക്ക് ഇഷാ ഖാൻ ചൗധരി എത്തുമെന്നാണ് വിവരം. ബംഗാളിലെ കോൺഗ്രസിന്റെ ഏക ലോക്സഭാ അംഗമാണ് ഇഷാ ഖാൻ ചൗധരി.

നീറ്റ് പരീക്ഷാ ക്രമക്കേടിനെതിരെ കർണാടകയിലെ ചിക്കമംഗളൂരുവിൽ പ്രതിഷേധി ക്കുന്ന വിദ്യാർത്ഥിനികൾ

നീറ്റ്, നെറ്റ് ക്രമക്കേട്

രാജ്യവ്യാപക പ്രതിഷേധം

ഡൽഹിയിൽ കോൺഗ്രസ് മാർച്ചിൽ സംഘർഷം

ന്യൂഡൽഹി: നീറ്റ്, നെറ്റ് പരീക്ഷ ക്രമക്കേടിൽ കേന്ദ്ര സർക്കാറിനെതിരെ പ്രതിഷേധം ശക്തമാക്കി പ്രതിപക്ഷ പാർട്ടികൾ. ഡൽഹിയിൽ കോൺഗ്രസ് നേതൃത്വത്തിൽ നടന്ന മാർച്ചിൽ നേരിയ സംഘർഷം. പാർലമെന്റ് വളയൽ സമരത്തിന്റെ ഭാഗമായി കോൺഗ്രസ് നടത്തിയ മാർച്ചിലാണ് പൊലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളമുണ്ടായത്.

കേന്ദ്ര സർക്കാറിനെതിരെ മുദ്രാവാക്യം മുഴക്കി പാർലമെന്റിലേക്ക് നടത്തിയ കോൺഗ്രസ് മാർച്ച് ഡൽഹി പൊലീസ് തടഞ്ഞതോടെയാണ് സംഘർഷമുണ്ടായത്. പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കാൻ ശ്രമിച്ചതോടെ ഉന്തും തള്ളുമുണ്ടായി. ബി.ജെ.പി ആസ്ഥാനത്തിനു പുറത്തും കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധിച്ചു. ഡൽഹി പി.സി.സി അധ്യക്ഷൻ ദേവേന്ദ്ര യാദവിന്റെ നേതൃത്വത്തിലായിരുന്നു പ്രതിഷേധം. നീറ്റ്, നെറ്റ് പരീക്ഷകളിലെ ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ രാജ്യവ്യാപക പ്രതിഷേധത്തിന് കോൺഗ്രസ് ആഹ്വാനം ചെയ്തിരുന്നു.

ചോദ്യപേപ്പർ ചോർച്ചയുടെ പ്രഭവ കേന്ദ്രമായ പറ്റ്നയിൽ ഉൾപ്പെടെ വിവിധയിടങ്ങളിലും കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് നടന്നു. എൻ.എസ്.യു നേതൃത്വത്തിൽ സർവകലാശാല, ജില്ലാ തലങ്ങളിലും പ്രതിഷേധം സംഘടിപ്പിച്ചു. കേരളത്തിലും വിവിധയിടങ്ങളിൽ പ്രതിഷേധ സമരം നടന്നു.

നീറ്റ് പരീക്ഷ റദ്ദാക്കില്ലെന്ന് സർക്കാർ വ്യക്തമാക്കിയതോടെ പ്രതിഷേധം ശക്തമാക്കാനാണ് പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളുടെ തീരുമാനം. കേന്ദ്ര സർക്കാർ യോഗ ദിനം ആചരിക്കുന്നത് വിദ്യാർത്ഥികളെ തെറ്റിദ്ധരിപ്പിക്കാനാണെന്ന് യു.പി കോൺഗ്രസ് അധ്യക്ഷൻ അജയ് റായ് ആരോപിച്ചു. സുപ്രീം കോടതി മേൽനോട്ടത്തിൽ അന്വേഷണം വേണമെന്ന് പഞ്ചാബ് പി.സി.സി അധ്യക്ഷൻ അമരീന്ദർ സിങ് രാജ ആവശ്യപ്പെട്ടു.

ഡൽഹി യൂണിവേഴ്സിറ്റിയിൽ ഇടത് വിദ്യാർത്ഥി സംഘടനയായ ഐസയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ പ്രതിഷേധിച്ചതോടെ യോഗ ദിന പരിപാടിക്കെത്തേണ്ടിയിരുന്ന വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ പരിപാടി റദ്ദാക്കി. ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ മോദി സർക്കാർ കുറ്റക്കാരെ സംരക്ഷിക്കുകയാണെന്ന് ടി.എം.സി എം.പി സാഗരിക ഘോഷ് ആരോപിച്ചു.

നീറ്റ് കൗൺസലിങ് റദ്ദാക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി

കേന്ദ്രത്തിനും എൻ.ടി.എക്കും നോട്ടീസ്

ന്യൂഡൽഹി: പരീക്ഷയിലെ ക്രമക്കേടിനെത്തുടർന്ന് നീറ്റ് കൗൺസലിങ് റദ്ദാക്കണമെന്ന ആവശ്യം സുപ്രീം കോടതി അംഗീകരിച്ചില്ല. നീറ്റുമായി ബന്ധപ്പെട്ട എല്ലാ ഹർജികളും ജൂലൈ എട്ടിന് പരിഗണിക്കാനായി മാറ്റി. വ്യാഴാഴ്ച 14 റിട്ട് ഹർജികളാണ് സുപ്രീം കോടതിയുടെ പരിഗണനയിൽ വന്നത്.

വ്യക്തിഗത പരാതിയുമായി ബന്ധപ്പെട്ട ഹർജികൾ ഹൈക്കോടതിക്ക് പരിഗണിക്കാമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. നീറ്റ് യു.ജി പരീക്ഷയിൽ വ്യാപക ക്രമക്കേട് കണ്ടെത്തിയ സാഹചര്യത്തിൽ അടുത്ത മാസം ആറിന് ആരംഭിക്കുന്ന കൗൺസിലിങ് റദ്ദാക്കണമെന്നായിരുന്നു ഹർജിക്കാരുടെ ആവശ്യം. എന്നാൽ കൗൺസലിങ് വളരെ എളുപ്പത്തിൽ നടപ്പിലാക്കാവുന്ന പ്രക്രിയ അല്ലെന്നു ചൂണ്ടിക്കാട്ടിയാണ് കോടതി ഇതിന് വിസമ്മതിച്ചത്. അതേ സമയം മെയ് അഞ്ചിന് നടന്ന നീറ്റ് പരീക്ഷയുടെ ഫലം റദ്ദാക്കണമെന്ന ആവശ്യത്തിൽ പരീക്ഷ നടത്തിപ്പുകാരായ നാഷണൽ ടെസ്റ്റിങ് ഏജൻസി (എൻ.ടി.എ)ക്കും കേന്ദ്ര സർക്കാറിനുമുൾപ്പെടെ ജസ്റ്റിസ് വിക്രം നാഥ്, എസ്.വി.എൻ ഭട്ടി എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് നോട്ടീസ് അയച്ചു. ജൂലൈ എട്ടിന് ഹർജി പരിഗണിക്കാനിരിക്കുന്ന സാഹചര്യത്തിൽ രണ്ട് ദിവസത്തേക്ക് കൗൺസലിങ് മാറ്റിവെക്കണമെന്ന് ഹർജിക്കാരുടെ അഭിഭാഷകൻ ആവശ്യപ്പെട്ടു. കൗൺസലിങ് സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെടുന്നില്ലെന്നും എന്നാൽ ഹർജി പരിഗണിക്കുന്ന എട്ടാം തീയതിയിലേക്ക് കൗൺസലിങ് നടപടി മാറ്റണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എന്നാൽ കൗൺസലിങ് വളരെ വേഗത്തിൽ തീർക്കാവുന്ന പ്രക്രിയ അല്ലെന്നും അത് ജൂലൈ ആറിന് ആരംഭിക്കുന്നുവെന്നേയുള്ളുവെന്നുമായിരുന്നു കോടതിയുടെ പ്രതികരണം. ആദ്യ റൗണ്ട് കൗൺസിലിങിന് എത്ര ദിവസം വേണ്ടിവരുമെന്ന് എൻ.ടി.എ അഭിഭാഷകനോട് കോടതി ആരാഞ്ഞു. ഒരാഴ്ച സമയം വേണമെന്നു അദ്ദേഹം മറുപടി നൽകിയതോടെ കൗൺസിലിങ് നടപടികൾ റദ്ദാക്കാൻ കോടതി വിസമ്മതിക്കുകയായിരുന്നു. എൻ.ടി.എയുടേയും കേന്ദ്രത്തിന്റേയും അഭിഭാഷകരോട് വിഷയത്തിൽ രണ്ടാഴ്ചക്കകം പ്രതികരണം അറിയിക്കാനും കോടതി നിർദേശിച്ചു.

നാളെ നടക്കാനിരിക്കുന്ന പുനപരീക്ഷയുടെ വിഷയവും ഹർജിക്കാരുടെ അഭിഭാഷകൻ കോടതിയിൽ ചൂണ്ടിക്കാട്ടി. എൻ.ടി.എ ചില വിവരങ്ങൾ പുറത്തുവിട്ടിട്ടില്ലെന്നും അദ്ദേഹം ആരോപിച്ചു. ഇക്കാര്യത്തിൽ ജൂലൈ എട്ടിനകം മറുപടി നൽകാൻ എൻ.ടി.എയോട് കോടതി ആവശ്യപ്പെട്ടു.

നേരത്തെ ഗ്രേസ് മാർക്ക് നൽകിയ 1563 വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്ക് റദ്ദാക്കാനും ഇവർക്ക് 23ന് പുനപരീക്ഷ നടത്താനും തീരുമാനിച്ചതായി ഈ മാസം 13ന് എൻ.ടി.എ കോടതിയെ അറിയിച്ചിരുന്നു.

പ്രജ്വലിനെ ഗസ്റ്റ് ഹൗസിൽ എത്തിച്ച് തെളിവെടുത്തു

ബെംഗളൂരു: ലൈംഗികപീഡനക്കേസിൽ അറസ്റ്റിലായ ജെ.ഡി.എസ് മുൻ എം.പി പ്രജ്വൽ രേവണ്ണയെ ആർ.സി റോഡിലുള്ള സർക്കാർ ഗസ്റ്റ് ഹൗസിലെത്തിച്ച് തെളിവെടുത്തു. ഗസ്റ്റ് ഹൗസിൽ വെച്ച് പ്രജ്വൽ ലൈംഗികമായി പീഡിപ്പിച്ചുവെന്ന മുൻ ജില്ലാ പഞ്ചായത്ത് അംഗത്തിന്റെ പരാതിയിലാണ് അന്വേഷണം. കൂടുതൽ തെളിവുകൾ ശേഖരിക്കാൻ ഫോറൻസിക് വിദഗ്ധരുടെ അകമ്പടിയോടെയാണ് പ്രത്യേക അന്വേഷണ സംഘം പ്രജ്വലിനെ തെളിവെടുപ്പിനെത്തിച്ചത്. ജുഡീഷ്യൽ കസ്റ്റഡിയിലായിരുന്ന പ്രജ്വലിനെ കഴിഞ്ഞ ദിവസം പ്രത്യേക കോടതി എട്ടുദിവസത്തേക്ക് എസ്.ഐ.ടി.യുടെ കസ്റ്റഡിയിൽ വിട്ടിരുന്നു.

ഡൽഹി ജലക്ഷാമം: നിരാഹാര സമരവുമായി മന്ത്രി അതിഷി

ന്യൂഡൽഹി: ഡൽഹിയിൽ ജലക്ഷാമം രൂക്ഷമായിട്ടും വിഷയത്തിൽ കേന്ദ്ര സർക്കാർ ഇടപെടാത്തതിനെതിരെയും കൂടുതൽ ജലം വിട്ടുനൽകാൻ ഹരിയാന തയാറാകണമെന്നും ആവശ്യപ്പെട്ട് ഡൽഹി ജലവിഭവ മന്ത്രി അതിഷി മർലേന അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചു.

സൗത്ത് ഡൽഹിയിലെ ഭോഗാലിലുള്ള സമരപ്പന്തലിലാണ് അതിഷി നിരാഹാരമിരിക്കുന്നത്. അനീതിക്കെതിരെ പോരാടാൻ സത്യാഗ്രഹത്തിന്റെ പാത സ്വീകരിക്കണമെന്നാണ് മഹാത്മാഗാന്ധി നമ്മെ പഠിപ്പിച്ചതെന്ന് അതിഷി പറഞ്ഞു. സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയിട്ടും ഹരിയാന സർക്കാർ ഡൽഹിക്ക് ആവശ്യമായ വെള്ളം നൽകുന്നില്ല. വിഷയത്തിൽ ഇടപെടാതെ പ്രധാനമന്ത്രിയും ഒളിച്ചുകളിക്കുകയാണ്. ഡൽഹിയിലെ ജനങ്ങൾക്ക് ഹരിയാനയിൽ നിന്ന് അർഹമായ വെള്ളം ലഭിക്കുന്നതുവരെ നിരാഹാരം തുടരും– അതിഷി വ്യക്തമാക്കി. രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിയുടെ അന്ത്യവിശ്രമ സ്ഥലമായ രാജ്ഘട്ട് സന്ദർശിച്ച ശേഷമാണ് അതിഷി സമര പന്തലിലെത്തിയത്.

മന്ത്രി അതിഷി രാജ്യസഭാ എം.പി സഞ്ജയ് സിങ്നൊപ്പം സമരപന്തലിൽ

മന്ത്രിമാരായ സൗരഭ് ഭരദ്വാജ്, ഇമ്രാൻ ഹുസൈൻ, രാജ്യസഭാ എം.പി സഞ്ജയ് സിങ്, മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ ഭാര്യ സുനിത കെജ്രിവാൾ എന്നിവരും ആം ആദ്മി പാർട്ടി എം.എൽ.എമാരും നേതാക്കളും പിന്തുണയുമായി സമര പന്തലിലെത്തി. അതിഷിയുടെ പോരാട്ടം വിജയിക്കുമെന്ന കെജ്രിവാളിന്റെ സന്ദേശം സുനിത കെജ്രിവാൾ വായിച്ചു. ജലക്ഷാമം രണ്ട് ദിവസത്തിനകം പരിഹരിച്ചില്ലെങ്കിൽ ജൂൺ 21 മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുമെന്ന് ബുധനാഴ്ചയാണ് അതിഷി പ്രഖ്യാപിച്ചത്. ഇക്കാര്യം ചൂണ്ടിക്കാട്ടി പ്രധാനമന്ത്രിക്ക് കത്തയക്കുകയും ചെയ്തു.

28 ലക്ഷം പേരാണ് പ്രതിസന്ധി നേരിടുന്നതെന്നും ഡൽഹിയിലേക്ക് ദിനംപ്രതി 613 എം.ജി.ഡി വെള്ളം വിട്ടുനൽകേണ്ട സാഹചര്യത്തിൽ 18–ാം തീയതി ഹരിയാന നൽകിയത് 513 എം.ജി.ഡി വെള്ളം മാത്രമാണെന്നും അതിഷി ചൂണ്ടിക്കാട്ടി. ജലക്ഷാമം പരിഹരിക്കാൻ ഹിമാചൽ പ്രദേശ്, ഹരിയാന സർക്കാരുകൾ അധിക ജലം നൽകണമെന്ന് സുപ്രീംകോടതി ഉത്തരവിട്ടിരുന്നു. എന്നാൽ, ഡൽഹിക്ക് നൽകാൻ അധിക ജലമില്ലെന്നാണ് ഹിമാചൽ സർക്കാർ അറിയിച്ചത്.

ആസൂത്രണവും ദർശനെ കൊലയ്ക്ക് പ്രേരിപ്പിച്ചതും പവിത്ര; രേണുകസ്വാമി കൊലക്കേസിൽ പുതിയ വെളിപ്പെടുത്തൽ

ബെംഗളൂരു: കന്നട നടൻ ദർശൻ തൊഗുദീപയും നടിയും സുഹൃത്തുമായ പവിത്ര ഗൗഡയും ഉൾപ്പെട്ട കൊലപാതക കേസിൽ നിർണായക വെളിപ്പെടുത്തലുമായി പ്രോസിക്യൂഷൻ.

ചിത്രദുർഗ സ്വദേശിയായ രേണുകസ്വാമിയുടെ കൊലപാതകം നടത്താൻ ദർശനെ പ്രകോപിപ്പിച്ചതും കൃത്യം ആസൂത്രണം ചെയ്തതും പവിത്രയാണെന്ന് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. പവിത്രയെ സമൂഹമാധ്യമത്തിലൂടെ അപമാനിച്ചതിനാണ് രേണുകസ്വാമിയെ ദർശന്റെ നിർദേശപ്രകാരം അനുയായികൾ കൊലപ്പെടുത്തിയത്. ദർശനും പവിത്രയും ജയിലിലാണ്. തന്റെ അനുയായികളെ ഉപയോഗിച്ച് കൊലപാതകം നടത്തിയശേഷം, ദർശൻ അവരിൽ ചിലരെ കീഴടങ്ങാൻ പ്രേരിപ്പിച്ചതായി പ്രോസിക്യൂഷൻ വ്യക്തമാക്കി. ദർശന്റെ അടക്കം 8 പേരുടെ പൊലീസ് കസ്റ്റഡി ആവശ്യപ്പെടുമ്പോഴാണ്, കൊലപാതകത്തിന്റെ മുഖ്യ ആസൂത്രക പവിത്രയാണെന്ന് വ്യക്തമായതായി പ്രോസിക്യൂഷൻ അറിയിച്ചത്. ദർശനും പ്രതികളിൽ മൂന്നു പേരും അന്വേഷണത്തോട് സഹകരിക്കുന്നില്ലെന്നും പ്രോസിക്യൂഷൻ വ്യക്തമാക്കി. ദർശന്റെ വീട്ടിൽനിന്ന് 37.4 ലക്ഷം രൂപയും ഭാര്യയുടെ വീട്ടിൽനിന്ന് 3 ലക്ഷം രൂപയും ബുധനാഴ്ച പൊലീസ് കണ്ടെടുത്തിരുന്നു. ഈ പണത്തിന്റെ സ്രോതസ് വ്യക്തമാക്കണമെന്നും പ്രോസിക്യൂഷൻ ആവശ്യപ്പെട്ടു. കൊലപാതകത്തിനുശേഷം പൊലീസിൽ കീഴടങ്ങാൻ വിനയ്, ദീപക് എന്നിവർക്ക് 5 ലക്ഷം രൂപ ദർശൻ നൽകി.

ദർശൻ, പവിത്ര ഗൗഡ

ഈ തുക കേശവമൂർത്തി എന്നയാൾക്ക് കൈമാറി. തന്റെ സുഹൃത്തിന് പണം നൽകിയതായാണ് കേശവമൂർത്തി പറഞ്ഞത്. ഈ പണം കണ്ടെടുക്കേണ്ടതുണ്ടെന്ന് പൊലീസ് പറഞ്ഞു. സുഹൃത്തായ പവിത്രയ്ക്കെതിരെ സമൂഹമാധ്യമ അക്കൗണ്ടുകളിൽ പോസ്റ്റിട്ടും നേരിട്ട് അശ്ലീല സന്ദേശങ്ങളയച്ചും അപമാനിച്ച ചിത്രദുർഗ സ്വദേശിയും ഫാർമസി ജീവനക്കാരനുമായ രേണുകസ്വാമിയെന്ന ചെറുപ്പക്കാരനെ കൊലപ്പെടുത്തിയ കേസിലാണ് ദർശൻ അറസ്റ്റിലായത്. ദർശന്റെ കടുത്ത ആരാധകനായ ഇയാൾ പവിത്രയുമായുള്ള ബന്ധത്തെ രൂക്ഷമായി എതിർത്തിരുന്നു. ഭാര്യയുമായി അകന്നു താമസിക്കുന്ന ദർശനുമായി 10 വർഷമായി പവിത്ര ഗൗഡ അടുപ്പത്തിലാണ്.

അന്താരാഷ്ട്ര യോഗാദിനാചരണത്തിന്റെ ഭാഗമായി ശ്രീനഗറിൽ പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ നടന്ന യോഗാഭ്യാസം

കെട്ടിടത്തിൽ തൂങ്ങിക്കിടന്ന് റീൽസ്; യുവതിയും സുഹൃത്തും അറസ്റ്റിൽ

പൂനെ: ബഹുനില കെട്ടിടത്തിനു മുകളിൽ അപകടകരമായി തൂങ്ങിക്കിടന്ന് റീൽ സെടുത്ത യുവതിയും സുഹൃത്തും അറസ്റ്റിൽ. പൂനെ സ്വദേശികളായ മിഹിർ ഗാന്ധി (27), മിനാക്ഷി സലുൻഖെ (23) എന്നിവരെയാണ് ഭാരതി വിദ്യാപീഠ് പൊലീസ് അറസ്റ്റ് ചെയ്തത്.

വിഡിയോ ഫോണിൽ പകർത്തിയ മൂന്നാമൻ ഒളിവിലാണ്. പൊട്ടിപ്പൊളിഞ്ഞ ക്ഷേത്രക്കെട്ടിടത്തിനു മുകളിൽ വച്ചായിരുന്നു ഇവർ റീൽസെടുത്തത്. വിഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചതോടെ പൊലീസ് അന്വേഷണം ആരംഭിക്കുകയായിരുന്നു. കെട്ടിടത്തിന്റെ ഏറ്റവും മുകളിൽ കയറി അപകടകരമായി തൂങ്ങിക്കിടന്നാണ് ഇവർ റീൽസെടുത്തത്. മനുഷ്യജീവന് അപകടമുണ്ടാക്കുന്ന തരത്തിൽ അലക്ഷ്യമായി പെരുമാറിയതിന് ഐപിസി 336 പ്രകാരം ഇവർക്കെതിരെ കേസ് റജിസ്റ്റർ ചെയ്തതായി ഇൻസ്പെക്ടർ ദശരഥ് പാട്ടീൽ പറഞ്ഞു. ആറുമാസം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണിത്.

ബഹുനിലക്കെട്ടിടത്തിനു മുകളിൽ തൂങ്ങിക്കിടന്ന് റീൽസ് ചെയ്യുന്ന യുവതിയും സുഹൃത്തുക്കളും

ബാലികയെ പീഡിപ്പിച്ച് കൊന്ന പ്രതിയെ വിട്ടുകിട്ടണം; പൊലീസ് സ്റ്റേഷന് നേരെ കല്ലേറ്

മുംബൈ: ആറ് വയസുകാരിയെ ബലാത്സംഗം ചെയ്ത് കൊന്ന പ്രതിയെ വിട്ടുനൽകണമെന്നാവശ്യപ്പെട്ട് പൊലീസ് സ്റ്റേഷന് നേരെ കല്ലേറ്. മഹാരാഷ്ട്രയിലെ ജാൽഗൻ ജില്ലയിലാണ് സംഭവം. കല്ലേറിൽ ഒരു ഇൻസ്പെക്ടർ ഉൾപ്പെടെ 14 പൊലീസുകാർക്ക് പരിക്കേറ്റു. ജൂൺ 11ന് ജാംനറിലെ ചിഞ്ച്ഖേഡ ശിവാർ ഗ്രാമത്തിൽ നിന്ന് കുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കുകയും കൊലപ്പെടുത്തുകയുമായിരുന്നു. കൃത്യത്തിന് പിന്നാലെ പ്രതി രക്ഷപ്പെട്ടു. വ്യാഴാഴ്ച തെരച്ചിലിനിടെ പ്രതിയെ പൊലീസ് കണ്ടെത്തി. ഇതോടെ ഇയാളെ വിട്ടുകിട്ടണമെന്ന് ആവശ്യപ്പെട്ട് കൊല്ലപ്പെട്ട കുട്ടിയുടെ കുടുംബവും നാട്ടുകാരുമുൾപ്പെടെ രംഗത്തെത്തുകയായിരുന്നു. പ്രതിക്കുള്ള ശിക്ഷ തങ്ങൾ നടപ്പാക്കുമെന്നും ജനക്കൂട്ടം പറഞ്ഞു.

തമിഴ്നാട് വ്യാജമദ്യ ദുരന്തം; മരണം 52

കൈത്താങ്ങുമായി സർക്കാർ

ചെന്നൈ: തമിഴ്നാട് കള്ളക്കുറിച്ചിയിലുണ്ടായ വ്യാജമദ്യ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 52 ആയി. കള്ളക്കുറിച്ചി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 28 പേരും സേലം ജി.എം.സി.എച്ചിൽ 17 പേരും വില്ലുപുരം ജി.എം.സി.എച്ചിൽ നാല് പേരും പുതുച്ചേരിജിപ്മറിൽ മൂന്ന് പേരുമാണ് ഇതുവരെ മരിച്ചത്. നാല് ആശുപത്രികളിലുമായി 118 പേരാണ് ചികിത്സയിലുള്ളത്. ഇതിൽ ആറ് പേരുടെ നില അതീവ ഗുരുതരമാണ്.

ദുരന്തമുണ്ടായ കരുണാപുരം ഗ്രാമത്തിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ പരിശോധന തുടങ്ങിയിട്ടുണ്ട്. ആരോഗ്യ പ്രശ്നങ്ങളുണ്ടായിട്ടും വൈദ്യസഹായം തേടാതിരുന്ന ആറ് പേരെ ആശുപത്രിയിലേക്ക് മാറ്റിയതായി അധികൃതർ അറിയിച്ചു. വിഷമദ്യം വാറ്റി വിൽപന നടത്തിയ മുഖ്യപ്രതി ചിന്നദുരൈയെ കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തിരുന്നു. കടലൂരിൽ

എം.എ കൗൺസലിംഗ്; സീറ്റൊഴിവ്

കോട്ടയം: മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന എം.എ ഇൻ കൗൺസിലിംഗ് പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിൽ രണ്ടു സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ ഒരു അംഗീകൃത സർവകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ജൂൺ 25ന് ഉച്ചകഴിഞ്ഞ് രണ്ടിന് വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ 08301000560, 04812733399.

സംഘടനയിൽനിന്ന് പുറത്താക്കി

കോഴിക്കോട്: കേരള പ്രൈവറ്റ് ഫാർമസിസ്റ്റ് അസോസിയേഷൻ (കെ.പി.പി.എ) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ഒ.സി നവീൻ ചന്ദ്, പി.ജെ അൻസാരി കൊല്ലം, സംസ്ഥാന കമ്മിറ്റി അംഗം യോഹന്നാൻ കുട്ടി, മുൻ സംസ്ഥാന കമ്മിറ്റി അംഗം ടി സതീശൻ എന്നിവരെ സംഘടനാ വിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ പുറത്താക്കിയതായി കെ.പി.പി.എ സംസ്ഥാന പ്രസിഡണ്ട് ഗലീലിയോ ജോർജ്ജ് ജനറൽ സെക്രട്ടറി പി പ്രവീൺ എന്നിവർ അറിയിച്ചു.

കോവളം മാരത്തോൺ സെപ്തംബറിൽ

തിരുവനന്തപുരം: രണ്ടാമത് അന്താരാഷ്ട്ര കോവളം മാരത്തോൺ സെപ്തംബർ 29ന്. അഞ്ച് വിഭാഗങ്ങളിലായിട്ടാണ് മാരത്തോൺ സംഘടിപ്പിച്ചിരിക്കുന്നത്. 42.2 കിലോമീറ്റർ ദൈർഘ്യമുള്ള ഫുൾ മാരത്തോണാണ് ഈ വർഷത്തെ മുഖ്യ ആകർഷണം. 21.1 കിലോമീറ്റർ ദൈർഘ്യമുള്ള ഹാഫ് മാരത്തോൺ 10 കിലോമീറ്റർ ദൈർഘ്യമുള്ള ഓട്ടം, 5 കിലോമീറ്റർ ദൈർഘ്യമുള്ള കോർപറേറ്റ് റൺ, തുടങ്ങിയവയും രണ്ടാമത് അന്താരാഷ്ട്ര കോവളം മാരത്തോണിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

കോവളം മുതൽ ശംഖുമുഖം വരെയുള്ള പാതയിലൂടെയാണ് മാരത്തോൺ സംഘടിപ്പിച്ചിരിക്കുന്നത്. 18 വയസുമുതലുള്ളവർക്ക് മാരത്തോണിൽ പങ്കെടുക്കാം. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും സീനിയർ സിറ്റിസൺസിനും മാരത്തോണിൽ പങ്കെടുക്കുവാൻ കഴിയും. രണ്ടാമത് അന്താരാഷ്ട്ര കോവളം മാരത്തോണിൽ പങ്കെടുക്കുവാൻ വേണ്ടിയുള്ള വർക്കായി രജിസ്ട്രേഷൻ ആരംഭിച്ചു കഴിഞ്ഞു. https://kovalammarathon.com എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ വർഷം നടന്ന ആദ്യ അന്താരാഷ്ട്ര കോവളം മാരത്തോണിൽ 1500 പേരാണ് പങ്കെടുത്തത്. ഇക്കുറി മൂവായിരത്തോളം താരങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പങ്കെടുക്കും. യംഗ് ഇന്ത്യൻസ് ട്രിവാൻഡ്രം ചാപ്റ്ററാണ് കോവളം മരത്തോണിന്റെ മുഖ്യസംഘാടകർ. കോൺഫെഡറെഷൻ ഓഫ് ഇന്ത്യൻ ഇന്റസ്ട്രീസ്, കേരള പൊലീസ് തുടങ്ങിയവരുടെ സഹകരണത്തോടെയാണ് മരത്തോണിന്റെ രണ്ടാം പതിപ്പ് അവതരിപ്പിക്കപ്പെടുന്നത്. പരിചയസമ്പന്നരായ അത്‌ലറ്റുകൾ, ഫിറ്റ്നസ് പ്രേമികൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ മരത്തോണിൽ പങ്കെടുക്കും.

മരത്തോണിനുള്ള രജിസ്ട്രേഷന്റെ ഉദ്ഘാടനം തിരുവനന്തപുരം സിറ്റി പൊലീസ് കമീഷണർ നാഗരാജു ചക്കിലം നിർവഹിച്ചു. ചടങ്ങിൽ യംഗ് ഇന്ത്യൻസ് ട്രിവാൻഡ്രം ചാപ്റ്റർ ചെയർമാൻ സുമേഷ് ചന്ദ്രൻ, വൈസ് ചെയർ ശങ്കരി ഉണ്ണിത്താൻ, അന്താരാഷ്ട്ര കോവളം മാരത്തോൺ റൈസ് ഡയറക്ടർ ഷിനോ തുടങ്ങിയവർ പങ്കെടുത്തു.

ചെമ്മീൻ പീലിങ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കാൻ സമിതി

തിരുവനന്തപുരം: ചെമ്മീൻ പീലിങ് അടക്കം സംസ്ഥാനത്ത് മത്സ്യ സംസ്കരണ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചു പഠിക്കുന്നതിന് പ്രത്യേക സമിതിയെ നിയോഗിച്ചതായി തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. ലേബർ കമ്മിഷണർ, ഇ.എസ്.ഐ. ഡയറക്ടർ, ഫിഷറീസ് ഡയറക്ടർ, തൊഴിലാളി സംഘടനകളിൽനിന്നുള്ള ഓരോ പ്രതിനിധികൾ എന്നിവർ അംഗങ്ങളായി രൂപീകരിക്കുന്ന സമിതി മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുമെന്നും അദ്ദേഹം നിയമസഭയിൽ അറിയിച്ചു. ട്രോളിങ് നിരോധനകാലത്ത് മത്സ്യലഭ്യതക്കുറവ് മത്സ്യ സംസ്കരണ മേഖലയിൽ തൊഴിൽ നഷ്ടവും തൊഴിലാളുകളുടെ ജീവിതം ദുസ്സഹമാക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ചെമ്മീൻ പീലിങ് മേഖലയിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഒക്യുപേഷണൽ റിസേർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ തൊഴിൽജന്യ രോഗ നിർണയ സർവേ നടത്തി ഫാക്ടറികളിലെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ശുപാർശകൾ നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

കേരള വാർത്തകൾ

കാർഷിക ഉത്പ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കണം

■ സ്വകാര്യ ബില്ലുമായി കുറുക്കോളി മൊയ്തീൻ

തിരുവനന്തപുരം: കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ തറവില ഉറപ്പാക്കുന്നതിന് നിയമസഭയിൽ സ്വകാര്യബില്ലുമായി കുറുക്കോളി മൊയ്തീൻ. കാർഷിക ഉൾപന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതുകൊണ്ട് കർഷകർ ഈ മേഖലയിൽ നിന്ന് പിന്തിരിഞ്ഞുകൊണ്ടിരിക്കുകയാണെന്ന് ബില്ലിന് അവതരണാനുമതി തേടിക്കൊണ്ട് അദ്ദേഹം ചൂണ്ടിക്കാട്ടി. ജീവിച്ച ചെലവ് ഉയർന്നപ്പോൾ കർഷകരുടെ വരുമാനം അഞ്ചിലൊന്നായി ചുരുങ്ങുകയാണ് ചെയ്തത്. കർഷകരുടെ സ്ഥിതി വിലയിരുത്താൻ ഭരണകൂടങ്ങൾ പരാജയപ്പെട്ടുവെന്നും കുറുക്കോളി മൊയ്തീൻ കുറ്റപ്പെടുത്തി.

നാട്ടിലെ കർഷകരുടെ സ്ഥിതി അതിദയനീയമാണ്. കാർഷിക വിഷയങ്ങൾ ചർച്ചക്കെടുക്കുവാൻ പോലും ആരും തയാറാകുന്നില്ല. കർഷകരുടെ ദയനീയവസ്ഥ കണ്ടിട്ടാണ് പുതുതലമുറ കാർഷിക രംഗത്തേക്ക് കടന്നു വരാത്തത്. കർഷകർ നടത്തുന്ന സേവനങ്ങളുടെ വലിപ്പം തിരിച്ചറിയണം. കർഷകരുടെ ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ചുരുക്കിക്കൊണ്ടുവരുന്ന ഇന്ത്യയിലെ ഓരേഒരു സർക്കാർ കേരളത്തിലേതാണ്. കർഷകർക്ക് നൽകിയിരുന്ന ഇൻസെന്റീവ് വെട്ടിക്കുറക്കുകയാണ് സർക്കാർ ചെയ്തതെന്നും അദ്ദേഹം പറഞ്ഞു.

കർഷകർക്ക് നേരിട്ട് സർക്കാർ സബ്സിഡി നൽകുക, വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക തുടങ്ങിയ നിർദേശങ്ങൾ അടങ്ങുന്നതായിരുന്നു ബിൽ. എന്നാൽ കാർഷികോൽപന്നങ്ങൾ കൃത്യമായ ഇടവേളകളിൽ സംഭരിക്കാനും തറവില ഉറപ്പാക്കാനും സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ബില്ലിന് അവതരണാനുമതി നൽകുന്നതിനെ എതിർത്തുകൊണ്ട് കൃഷി മന്ത്രി പറഞ്ഞു. കാർഷികോൽപന്നങ്ങൾക്ക് ഉയർന്ന സംഭരണ വിലയാണ് കേരളത്തിൽ നൽകുന്നതെന്നും മന്ത്രി അവകാശപ്പെട്ടു. രാജ്യത്ത് ആദ്യമായി 16ഇനം പഴം പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിച്ച് സംഭരിക്കുന്ന സംസ്ഥാനമാണ് കേരളം. നെൽ, നാളികേരളം, പച്ചക്കറി കൃഷികൾക്ക് പരിഗണനയും സബ്സിഡികളും നൽകുന്നുണ്ടെന്നും മന്ത്രി വിശദീകരിച്ചു. മന്ത്രിയുടെ വിശദീകരണത്തെ തുടർന്ന് ബിൽ തുടർ ചർച്ചക്കായി മാറ്റിവെച്ചു.

തീരദേശ പരിപാലന നിയമം: 66 തീരദേശ ഗ്രാമപഞ്ചായത്തുകൾക്ക് ഇളവ് ലഭിക്കും

തിരുവനന്തപുരം: 2011 ലെ തീരദേശ പരിപാലന നിയമത്തിൽ കേന്ദ്രം ഇളവുകൾ അനുവദിക്കുന്നതോടെ സംസ്ഥാനത്തെ 66 തീരദേശ ഗ്രാമപഞ്ചായത്തുകൾ സി.ആർ.ഇസഡ് മൂന്ന് വിഭാഗത്തിൽ നിന്ന് രണ്ടിലേക്ക് മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ അറിയിച്ചു.

പൊക്കാളി പാടങ്ങളെയും അനുബന്ധ പ്രദേശങ്ങളും സി.ആർ.ഇസഡ് നിയമത്തിന്റെ പരിധിയിൽ നിന്ന് പൂർണമായി ഒഴിവാക്കും. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 1000 ചകി അധികം വിസ്തൃതിയിലുള്ള കണ്ടൽകാടുകളുടെ ചുറ്റുമുള്ള ബഫർസോൺ ഒഴിവാക്കും. ഉൾനാടൻ ജലാശയങ്ങളുടെ നിർമാണ നിരോധിത മേഖല 100 മീറ്ററിൽ നിന്ന് 50 ആയി കുറയും. നിയമത്തിൽ ഇളവുകൾ ലഭിക്കുന്ന കേന്ദ്രത്തിന്റെ ഭേദഗതി വിഞ്ജാപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് ലഭ്യമാകുന്ന ഇളവുകൾ സംബന്ധിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കാൻ പരിസ്ഥിതി വകുപ്പ് സെക്രട്ടറി ചെയർമാനായ മൂന്നംഗ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. ഇവർ തയാറാക്കിയ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറക്ക് പുതിയ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽവരും.

ഇതോടെ 300 ച.മീവരെയുള്ള വീടുകൾക്കുള്ള അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനാകുമെന്നും അദ്ദേഹം പറഞ്ഞു.

നിയുക്ത രാജ്യസഭാംഗം അഡ്വ. ഹാരിസ് ബീരാനെ മുസ്‌ലിം ലീഗ് നേതാവ് പി.കെ.കെ ബാവ വസതിയിൽ പൊന്നാടയണിച്ച് സ്വീകരിക്കുന്നു

അഡ്വ. ഹാരിസ് ബീരാൻ പി.കെ.കെ ബാവയെ സന്ദർശിച്ചു

കാപ്പാട്: നിയുക്ത രാജ്യസഭാംഗം അഡ്വ. ഹാരിസ് ബീരാൻ മുസ്‌ലിം ലീഗ് നേതാവ് പി.കെ.കെ ബാവയെ സന്ദർശിച്ചു. വസതിയിൽ എത്തിയ ഹാരിസ്ബീരാനെ അദ്ദേഹം പൊന്നാട അണിയിച്ചു സ്വീകരിച്ചു.

മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പാറക്കൽ അബ്ദുല്ല, ജില്ല ജന: സെക്രട്ടറി ടി.ടി ഇസ്മയിൽ, സംസ്ഥാന കമ്മിറ്റി അ



ഇറാന്റെ ദേശീയ സുരക്ഷയുടെ അവിഭാജ്യ ഘടകമാണ് ഇറാൻ റെവല്യൂഷണറി ഗാർഡ് കോർപ്സ് (ഐ.ആർ.ജി.സി). ഇറാന്റെ അതിർത്തി സംരക്ഷിക്കുന്നതിലും പ്രാദേശികമായി ഭീകരതയെ നേരിടുന്നതിലും ഐ.ആർ.ജി.സിയുടെ പങ്ക് എടുത്തുപറയേണ്ടതാണ്. അതിനാൽ ഐ.ആർ.ജി.സിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ കനേഡിയൻ നടപടി അപലപനീയമാണ്. ഇതിനെതിരെ പ്രതികരിക്കാൻ ഇറാന് അവകാശമുണ്ട്.

–നാസർ കനാനി
(ഇറാൻ വിദേശകാര്യ വക്താവ്)

ദക്ഷിണകൊറിയക്ക് മുന്നറിയിപ്പുമായി പുടിൻ

മോസ്കോ: യുക്രെയ്ന് ആയുധം നൽകുന്നത് സംബന്ധിച്ച് ദക്ഷിണകൊറിയക്ക് മുന്നറിയിപ്പുമായി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ രംഗത്ത്. റഷ്യക്കെതിരായ യുദ്ധത്തിൽ യുക്രെയ്ന് ആയുധം നൽകാൻ തീരുമാനിച്ചാൽ ദക്ഷിണ കൊറിയ വൻ പ്രത്യാഘാതം നേരിടേണ്ടി വരുമെന്ന് പുടിൻ മുന്നറിയിപ്പു നൽകി. വിദേശ ആക്രമണങ്ങളിൽ റഷ്യയും ഉത്തര കൊറിയയും കൈകോർത്തതിനു പിന്നാലെ യുക്രെയ്നു ആയുധം നൽകുന്നതു സംബന്ധിച്ച് ദക്ഷിണ കൊറിയ നീക്കം ആരംഭിച്ചതോടെയാണ് പുടിൻ രംഗത്തുവന്നത്.



പൊതുവാർത്തകൾ

സൈന്യത്തിന് ഗസ്സ വിടാൻ താൽപര്യം
പിടിവിടാതെ നെതന്യാഹു

ഗസ്സ: ഹമാസിനെതിരെ ഒമ്പതു മാസം നീണ്ട ആക്രമണത്തിൽ മനം മടുത്ത് ഗസ്സ വിടാൻ സന്നദ്ധത പ്രകടിപ്പിച്ച് ഇസ്രാഈൽ സൈന്യം. സേനാംഗങ്ങളെല്ലാം യുദ്ധം അവസാനിപ്പിച്ച് ഗസ്സയിൽ നിന്ന് പിന്മാറുന്നതിനെക്കുറിച്ച് സംസാരിക്കാൻ ആരംഭിച്ചതായി ഇസ്രാഈലി സൈനിക നിരീക്ഷകൻ അമോസ് ഹാരേൽ പറഞ്ഞു. ഇസ്രാഈലി പത്രമായ ഹാരെറ്റ്സിൽ എഴുതിയ ലേഖനത്തിലാണ് അമോസ് ഹാരേൽ ഇക്കാര്യം തുറന്നു വ്യക്തമാക്കുന്നത്. എന്നാൽ ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവാണ് സൈനിക പിന്മാറ്റത്തിന് തടസ്സം നിൽക്കുന്നതെന്ന് അമോസ് ഹാരേൽ പറഞ്ഞു.

ഹമാസിനെതിരായ സമ്പൂർണ യുദ്ധം എത്രകാലം വരെ വേണമെങ്കിലും തുടരുമെന്ന് പ്രഖ്യാപിക്കുന്നത് നെതന്യാഹു തുടരുകയാണെന്ന് അമോസ് ഹാരേൽ പറഞ്ഞു. നെതന്യാഹുവിന് മനുഷ്യ ജീവനല്ല വലുത്. പകരം അദ്ദേഹം തന്നെ പിന്തുണക്കുന്നവർക്ക് സമ്പൂർണ വിജയത്തിന്റെ വാഗ്ദാനങ്ങൾ വിതറുകയാണ്. വാസ്തവത്തിൽ ഒരു വിജയത്തേക്കാൾ ശാശ്വതമായ യുദ്ധമാണ് നെതന്യാഹു ആഗ്രഹിക്കുന്നതെന്ന് തോന്നും. നെതന്യാഹുവിന്റെ പരമോന്നത ലക്ഷ്യം അതിജീവനമാണ്, നെസെറ്റിന്റെ (ഇസ്രാഈൽ പാർലമെന്റ്) വേനൽകാല സെഷനിലൂടെ കടന്നുപോകാനും നവംബറിൽ അമേരിക്കൻ പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് തിരഞ്ഞെടുക്കപ്പെടുമെന്ന പ്രതീക്ഷയിൽ കാത്തിരിക്കാനുമാണ് അദ്ദേഹം ശ്രമിക്കുന്നത്. ഗസ്സയിലെ സ്ഥിരമായ വെടിനിർത്തൽ, പോരാട്ടത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലെ പരാജയത്തെ ഫലപ്രദമായി അംഗീകരിക്കൽ, സഖ്യത്തിൽ നിന്ന് തീവ്ര വലതുപക്ഷ പാർട്ടികളുടെ രാജി, സർക്കാറിന്റെ തകർച്ച എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ യുദ്ധം തുടരുകയെന്നതാണ് നെതന്യാഹുവിന് അഭികാമ്യമായി തോന്നുന്നത്, ഹാരേൽ പറഞ്ഞു.

ഹമാസിനെ തകർക്കാൻ സാധിക്കില്ലെന്ന് തുറന്നു സമ്മതിച്ച് ഇസ്രാഈൽ സൈനിക വക്താവ് റിയർ അഡ്മിറൽ ഡാനിയൽ ഹാഗരി തന്നെ രംഗത്തുവന്നത് നെതന്യാഹു വിസ്മരിക്കാൻ പാടുള്ളതല്ല. രാജ്യത്തിന്റെ രാഷ്ട്രീയ-സൈനിക നേതൃത്വങ്ങൾ തമ്മിലുള്ള വിള്ളൽ തുറന്നുകാട്ടുകയാണ് ഡാനിയൽ ഹാഗരി ചെയ്തത്. യുദ്ധം അവസാനിപ്പിക്കണമെങ്കിൽ ഗസ്സ മുനമ്പിലെ ഹമാസിനെ നശിപ്പിക്കണമെന്ന നെതന്യാഹുവിന്റെ പ്രഖ്യാപിത ലക്ഷ്യത്തെ ചോദ്യം ചെയ്യുന്നതായിരുന്നു ഇതെന്നും ഹാരേൽ പറഞ്ഞു.

അതിനിടെ, ഹമാസ് തിരിച്ചടിയിൽ പരിക്കേറ്റവർ ഇസ്രാഈൽ ഡിഫൻസ് ഫോഴ്സിന്റെ 35 ശതമാനം വരുമെന്ന് സൈന്യം സ്ഥിരീകരിച്ചു. ഇതുവരെ 70000 സൈനികർ അംഗവൈകല്യമുള്ളവരായി മാറിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഭൂരിഭാഗം പേരും കടുത്ത മാനസിക സംഘർഷത്തിലാണെന്നും റിപ്പോർട്ടുകളുണ്ട്. ഇസ്രാഈൽ സൈനിക മന്ത്രാലയമാണ് പുതിയ കണക്കുകൾ പുറത്തുവിട്ടത്. എന്നാൽ സൈനികരുടെ പ്രശ്നങ്ങൾ കണക്കിലെടുക്കാതെ യുദ്ധം കടുപ്പിക്കാൻ ഉത്തരവിട്ടിരിക്കുകയാണ് നെതന്യാഹു. ഇന്നലെയും ഗസ്സയുടെ വിവിധ മേഖലകളിൽ ആക്രമണം രൂക്ഷമാക്കി. വടക്കൻ ഗസ്സയിൽ മൂന്നു കുട്ടികളും ഒരു സ്ത്രീയുമുൾപ്പെടെ ഏഴു പേർ കൊല്ലപ്പെട്ടു. ഗസ്സ സിറ്റിയിലെ മുൻസിപ്പാലിറ്റി ഹെഡ്ക്വാർട്ടേഴ്സിനു സമീപത്തുണ്ടായ ആക്രമണത്തിൽ ജോലിയിലേർപ്പെട്ടിരുന്ന അഞ്ച് മുൻസിപ്പാലിറ്റി തൊഴിലാളികൾ ഉൾപ്പെടെ എട്ടു പേർ കൊല്ലപ്പെട്ടു. കഴിഞ്ഞ 24 മണിക്കൂറിനിടെ 21 പേരാണ് കൊല്ലപ്പെട്ടത്. ഇതോടെ മരണസംഖ്യ 37452 ആയി ഉയർന്നു. വെസ്റ്റ്ബാങ്കിൽ ഇസ്രാഈൽ പ്രത്യേക സേന നടത്തിയ ആക്രമണത്തിൽ മൂന്നു പേരും കൊല്ലപ്പെട്ടു. അതേസമയം, ഗസ്സയിൽ പകർച്ചവ്യാധികൾ വീണ്ടും പടർന്നുപിടിക്കാൻ ആരംഭിച്ചതായി ആരോഗ്യമന്ത്രാലയം അറിയിച്ചു. ശുദ്ധജല ലഭ്യതക്കുറവും കൃത്യമായ മരുന്നുകളുടെ അഭാവവും കാരണം പലവിധ രോഗങ്ങൾ വ്യാപിക്കാൻ ആരംഭിച്ചതായാണ് വിവരം.

ഗസ്സയിലെ ഖാൻ യൂനുസിൽ ഇസ്രാഈൽ സൈനിക ആക്രമണത്തിൽ പരിക്കേറ്റ യുവാവിനെ സന്നദ്ധ പ്രവർത്തകർ ആശുപത്രിയിലെത്തിച്ചപ്പോൾ

ആശുപത്രികളിൽ വേദനസംഹാരിയുടെ അഭാവം
വേദന തിന്ന് കുരുന്നുകൾ

ഗസ്സ: ഇസ്രാഈൽ ആക്രമണത്തിൽ പൊറുതിമുട്ടിയ ഗസ്സയിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് കുട്ടികളാണ്. ജനസംഖ്യയുടെ അമ്പതു ശതമാനത്തിലധികവും 18 വയസ്സിനു താഴെയുള്ള കുട്ടികളായതിനാൽ പരിക്കേൽക്കുന്നവരുടെ കൂട്ടത്തിൽ ഭൂരിഭാഗവും കുട്ടികളാണ്. ആശുപത്രികളിൽ വേദനസംഹാരികളോ അനസ്തേഷ്യയോ ഇല്ലാത്തതിനാൽ ഏറ്റവും വേദന അനുഭവിക്കുന്നതും കുട്ടികൾ തന്നെ. ഗുരുതര മുറിവുകളുമായി ആശുപത്രികളിലെത്തുന്ന കുട്ടികൾക്ക് പ്രാഥമിക ചികിത്സ നൽകി വിട്ടയക്കുകയാണ് ചെയ്യുന്നത്. അഭയാർത്ഥി ക്യാമ്പിൽ തുടരേണ്ടി വരുന്ന ഇവർക്ക് വേദന കടിച്ചമർത്തി കഴിയേണ്ട സാഹചര്യമാണുള്ളത്.

ആക്രമണങ്ങളിൽ ഇതുവരെ 16,000 കുട്ടികൾ കൊല്ലപ്പെടുകയും നിരവധി കുട്ടികൾക്ക് പരിക്കേൽക്കുകയും ചെയ്തു. പോഷകാഹാരക്കുറവിൽ കൊല്ലപ്പെട്ട കുട്ടികളും ഇതിലുൾപ്പെടുന്നു. നിലവിൽ 3500 കുട്ടികൾ പോഷകാഹാരക്കുറവ് മൂലം മരണത്തിന്റെ വക്കിലാണെന്നാണ് ആരോഗ്യ മന്ത്രാലയം നൽകുന്ന വിവരം.

കുടുംബാംഗങ്ങളെ പൂർണമായും നഷ്ടപ്പെട്ട പരിക്കേറ്റ കുട്ടികളുടെ എണ്ണം 17000 കടന്നു. ഗസ്സയിലെ 6,25,000 കുട്ടികളുടെ വിദ്യാഭ്യാസം കഴിഞ്ഞ ഒമ്പതു മാസമായി നിലച്ചിരിക്കുകയാണ്.

അൽ അഖ്സ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കുരുന്ന്

ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ച് അർമേനിയയും

യെരെവൻ: ഫലസ്തീനെ രാഷ്ട്രമായി അംഗീകരിച്ച് അർമേനിയയും. സ്പെയിൻ, അയർലാന്റ്, നോർവേ രാജ്യങ്ങൾ ഫലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി പ്രഖ്യാപിച്ചതിനു പിന്നാലെയാണ് അർമേനിയയുടെ നീക്കം. ഗസ്സയിലെ ഇസ്രാഈലി വംശഹത്യയിലും സൈനിക നടപടികളിലും ആശങ്ക പ്രകടിപ്പിച്ചാണ് അർമേനിയൻ വിദേശകാര്യ മന്ത്രാലയം ഔദ്യോഗിക വെബ്സൈറ്റിൽ പ്രസ്താവനയിലൂടെ ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. അന്താരാഷ്ട്ര നിയമങ്ങളോടുള്ള തങ്ങളുടെ പ്രതിബദ്ധതയും ജനങ്ങളുടെ സമത്വം, പരമാധികാരം, സമാധാനപരമായ സഹവർത്തിത്വം എന്നിവയുടെ തത്വങ്ങളും മുൻനിർത്തിയാണ് തീരുമാനമെന്ന് പ്രസ്താവനയിൽ പറയുന്നു. ഫലസ്തീനിൽ ശാശ്വതവും സമാധാനപരവുമായ പരിഹാരത്തിന് 1967-ലെ അതിർത്തികളെ അടിസ്ഥാനമാക്കിയുള്ള ദ്വിരാഷ്ട്ര യാഥാർത്ഥ്യമാവുകയാണ് വേണ്ടതെന്നും അർമേനിയൻ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കുന്നു. ഇതോടെ റഷ്യയും ചൈനയും ഉൾപ്പെടെ ഐക്യരാഷ്ട്രസഭയിലെ 193 അംഗരാജ്യങ്ങളിൽ 145 രാജ്യങ്ങൾ ഫലസ്തീനെ അംഗീകരിച്ചു. എന്നാൽ അമേരിക്ക, ഫ്രാൻസ്, കാനഡ തുടങ്ങിയ പ്രധാന പാശ്ചാത്യ രാജ്യങ്ങൾ ഫലസ്തീൻ രാഷ്ട്രത്തിന്റെ അംഗീകാരം പ്രഖ്യാപിച്ചിട്ടില്ല.

തേൻകുരുവികളെ രക്ഷിക്കാൻ ആൺ കൊതുകുകളെ നാടുകടത്തി ഹവായ്

ഹോനോലുലു: രാജ്യത്തെ തേൻകുരുവികളെ രക്ഷിക്കുന്നതിന് ഒരു കോടിയിലധികം ആൺ കൊതുകുകളെ നാടുകടത്തി ദ്വീപ് രാഷ്ട്രമായ ഹവായ്. വംശനാശ ഭീഷണി നേരിടുന്ന തേൻകുരുവികളെ നിലനിർത്തുന്നതിനാണ് ഇത്തരമൊരു നീക്കം. അമ്പതോളം ഇനങ്ങളിൽ 33 ഇനങ്ങൾ ഇതികനം വംശനാശം സംഭവിച്ചു കഴിഞ്ഞുവെന്നും ബാക്കിയുള്ളവെ സംരക്ഷിക്കുന്നതിനാണ് കൊതുകുകളെ തുരത്തിയതെന്ന് ഹവായ് വൃത്തങ്ങൾ പറഞ്ഞു. ആൺ കൊതുകുകളിൽ കണ്ടു വരുന്ന വൊൾബാചിയ എന്ന ബാക്ടീരിയയിലൂടെ വ്യാപകമായി മലേറിയ ബാധിച്ചതോടെയാണ് കുരുവികൾ കൂട്ടത്തോടെ ചത്തൊടുങ്ങിയത്. ഇതോടെയാണ് ഹെലികോപ്ടററുകളിലാക്കി ആഴ്ചയിൽ രണ്ടര ലക്ഷം വീതമെന്ന രീതിയിൽ ആൺ കൊതുകുകളെ ഹവായിൽ നിന്ന് നാടു കടത്തിയത്.

മാഹാ ഹുസൈനിയുടെ ധീരതക്കുള്ള മാധ്യമ പുരസ്കാരം റദ്ദാക്കി

ഗസ്സ: ഫലസ്തീൻ മാധ്യമ പ്രവർത്തക മാഹാ ഹുസൈനിക്ക് പ്രഖ്യാപിച്ച ധീരതക്കുള്ള അന്താരാഷ്ട്ര മാധ്യമ പുരസ്കാരം റദ്ദാക്കി ഇന്റർനാഷണൽ വിമൻസ് മീഡിയ ഫൗണ്ടേഷൻ (ഐ.ഡബ്ല്യു.എം.എഫ്). അമേരിക്കൻ ഇടപെടലിനെത്തുടർന്നാണ് പുരസ്കാരം റദ്ദാക്കിയതെന്നാണ് വിവരം. ഈ മാസം പത്തിനാണ് ഐ.ഡബ്ല്യു.എം.എഫ് 'കറേജ് ഇൻ ജേർണലിസം' അവാർഡ് പ്രഖ്യാപിച്ചത്. പുരസ്കാരം ലഭിച്ച മൂന്നു പേരിൽ ഒരാളായിരുന്നു മാഹാ ഹുസൈനി. ഗസ്സയിലെ ഇസ്രാഈൽ വംശഹത്യയുമായി ബന്ധപ്പെട്ട് മിഡിൽ ഈസ്റ്റ് ഐയിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലായിരുന്നു മാഹാ ഹുസൈനിക്ക് അവാർഡ് പ്രഖ്യാപിച്ചത്.

ഗസ്സ മുനമ്പിൽ നിന്ന് റിപ്പോർട്ട് ചെയ്ത രണ്ട് സ്റ്റോറികളായിരുന്നു അവാർഡിനായി പരിഗണിച്ചത്. എന്നാൽ മാഹാ ഹുസൈനിക്ക് പുരസ്കാരം നൽകിയതിനെതിരെ വിമർശനവുമായി യു.എസ് രംഗത്തു വന്നതോടെയാണ് പുരസ്കാരം റദ്ദാക്കാൻ ഫൗണ്ടേഷൻ ഭാരവാഹികൾ നിർബന്ധിതരായത്. മാഹായുടെ പഴയ ട്വീറ്റുകൾ റീട്വിറ്റ് ചെയ്ത് യു.എസിലെ വലതുപക്ഷ ഗ്രൂപ്പുകളും ചില പ്രസിദ്ധീകരണങ്ങളും പ്രതിഷേധവുമായി രംഗത്തെത്തി. മാഹാ ഹുസൈനി ഹമാസ് അനുഭാവിയാണെന്നും ജൂത വിരുദ്ധയാണെന്നും പ്രഖ്യാപിച്ചായിരുന്നു പ്രതിഷേധം. തങ്ങളുടെ സംഘടനയുടെ മൂല്യങ്ങൾക്ക് വിരുദ്ധമായി മുൻ വർഷങ്ങളിൽ മാഹാ ഹുസൈനി നടത്തിയ ഇടപെടലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അതിനാൽ സംഘടന അവർക്ക് പ്രഖ്യാപിച്ച ധീരതാ പുരസ്കാരം റദ്ദാക്കുന്നുവെന്നുമായിരുന്നു ഇന്റർനാഷണൽ വിമൻസ് മീഡിയ ഫൗണ്ടേഷന്റെ വിശദീകരണം. എന്നാൽ പുരസ്കാരം റദ്ദാക്കിയതിനെതിരെ മാഹാ ഹുസൈനിയും രംഗത്തുവന്നു. ഫലസ്തീൻ മാധ്യമപ്രവർത്തകർ നേരിടുന്നത് എന്താണെന്ന് ഈ പുരസ്കാരം റദ്ദാക്കലിലൂടെ ലോകമറിയുമെന്ന് മാഹാ ഹുസൈനി പ്രതികരിച്ചു. തനിക്ക് പുരസ്കാരം ലഭിച്ചതും അത് പിന്നീട് പിൻവലിച്ചതും ഫലസ്തീൻ മാധ്യമപ്രവർത്തകർ അവരുടെ ഔദ്യോഗിക ജീവിതത്തിലുടനീളം അനുഭവിക്കുന്ന ശാരീരികവും ധാർമികവുമായ ആക്രമണങ്ങളെ വ്യക്തമായി പ്രകടമാക്കുന്നതാണെന്നും അതിനാൽ ഈയൊരു പുരസ്കാരം റദ്ദാക്കലിൽ അതിയായി സന്തുഷ്ടയാണെന്നും മാഹാ ഹുസൈനി പറഞ്ഞു. ധീരതക്ക് പുരസ്കാരം നേടുകയെന്നതിനർഥം ആക്രമണങ്ങൾക്ക് വിധേയയാകുകയെന്നല്ലെന്നും പ്രതിസന്ധികൾക്കിടയിലും തങ്ങളുടെ ജോലിയിൽ വ്യാപൃതരാവാൻ തീരുമാനിക്കുകയെന്നതാണെന്നും മാഹാ ഹുസൈനി പറഞ്ഞു. ഗസ്സയിലെ സാഹചര്യം മനസ്സിലാക്കി തനിക്ക് പുരസ്കാരം നൽകിയ സംഘടന ചില സമ്മർദ്ദങ്ങൾക്ക് വഴങ്ങി അത് പിൻവലിച്ചതിൽ ദുഃഖമുണ്ടെന്നും അവർ പറഞ്ഞു.

പോഷകാഹാരക്കുറവിനെത്തുർന്ന് ഖാൻ യൂനുസിലെ ആശുപത്രിയിൽ കഴിയുന്ന ഒമ്പതു വയസ്സുകാരൻ യൂനുസ് ജുമ

ഫലസ്തീനെ രാഷ്ട്രമായി അംഗീകരിക്കുന്നത് നീതിയുക്തം: തുർക്കി

അങ്കാര: ഫലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിച്ച അർമേനിയൻ തീരുമാനത്തെ തുർക്കി ഉൾപ്പെടെ രാഷ്ട്രങ്ങൾ സ്വാഗതം ചെയ്തു. ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുന്നത് നീതിയുക്തമായ കാര്യമാണെന്ന് തുർക്കി വിദേശകാര്യമന്ത്രാലയം വ്യക്തമാക്കി. അന്താരാഷ്ട്ര നീതിന്യായ വ്യവസ്ഥ അംഗീകരിക്കുന്നതിലെ പ്രധാന ഘടകമാണ് ഇത്തരമൊരു നീക്കമെന്നും മന്ത്രാലയം എക്സ് അക്കൗണ്ടിൽ പോസ്റ്റ് ചെയ്ത വാർത്താക്കുറിപ്പിൽ പറയുന്നു. കൂടുതൽ രാഷ്ട്രങ്ങൾ ഫലസ്തീൻ അനുകൂല നിക്കവുമായി രംഗത്തുവരണമെന്നും വാർത്താക്കുറിപ്പിൽ പറയുന്നു.

ഹിജാബിന് വിലക്കേർപ്പെടുത്തി താജിക്കിസ്താൻ

ദുഷാൻബെ: രാജ്യത്ത് ഹിജാബ് ധരിക്കുന്നതിന് വിലക്കേർപ്പെടുത്തി താജിക്കിസ്താൻ. പാർലമെന്റ് ഉപരിസഭയുടെ 18-ാം സമ്മേളനത്തിൽ ഇതുസംബന്ധിച്ച ബില്ലിന് അംഗീകാരം നൽകി. വർഷങ്ങളായി തുടരുന്ന അനൗദ്യോഗിക നിരോധനത്തിന് പിന്നാലെയാണ് ഹിജാബ് നിരോധനം പ്രാബല്യത്തിൽ കൊണ്ടുവന്നത്. മെയ് എട്ടിന് പാർലമെന്റ് ലോവർ ചേംബർ ബില്ലിന് അംഗീകാരം നൽകിയിരുന്നു. പുതിയ നിയമ ഭേദഗതികൾ അനുസരിച്ച് നിയമലംഘകർക്കെതിരെ കനത്ത പിഴ ഈടാക്കുമെന്ന് താജിക്കിസ്താൻ സർക്കാർ അറിയിച്ചു. അന്യദേശത്തു നിന്ന് കുടിയേറി വന്ന വസ്ത്രധാരണ സംസ്കാരം രാജ്യത്ത് പൂർണമായും നിരോധിക്കുമെന്നറിയിച്ചാണ് നീക്കം.

തിരിച്ചെത്തിയ പ്രവാസികൾക്കും കുടുബത്തിനും മികച്ച ചികിത്സ ലഭ്യമാക്കാൻ പ്രവാസി ലീഗ് സംസ്ഥാന കമ്മിറ്റിയും മെയ്ത്ര ഹോസ്പിറ്റലും സംയുക്തമായി സംസ്ഥാനത്ത് നടപ്പിൽ വരുത്തിയ പ്രവാസി ലീഗ് മെയ്ത്രാ പ്രിവിലേജ് കാർഡ് വിതരണം കോഴിക്കോട് ലീഗ് ഹൗസിൽ വെച്ച് പ്രവാസി ലീഗ് സംസ്ഥാന പ്രസിഡന്റ് ഹനീഫ മൂന്നിയൂർ പ്രവാസി ലീഗ് കോഴിക്കോട് ജില്ലാ വൈസ് പ്രസിഡന്റ് പി.കെ മജീദ് ഹാജിക്ക് നൽകി ഉദ്ഘാടനം ചെയ്യുന്നു. ജനറൽ സെക്രട്ടറി കെ.പി ഇമ്പിച്ചി മമ്മുഹാജി, എം.എസ് അലവി, റഷീദ് ബേപ്പൂർ തുടങ്ങിയവർ സംബന്ധിച്ചു

കലാലീഗ് സംഗീത പരിപാടി ഇന്ന്

കോഴിക്കോട്: കലാലീഗ് സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ബലിപെരുന്നാളിനോടനുബന്ധിച്ച് കൊട്ടും പാട്ടും പരിപാടി ഇന്ന് 3 മണി മുതൽ നടക്കും. മലപ്പുറം ജില്ലയിലെ കൊളമ്പലത്ത് നടക്കുന്ന പരിപാടിയിൽ പ്രമുഖ ഗായകനും സംഗീത അധ്യാപകനുമായ വെള്ളയിൽ അബൂബക്കറിനെയും കണ്ണിന് കാഴ്ചയില്ലാത്ത ഗായികയായ ആയിശ സമീഹയെയും ആദരിക്കും. ചെറുപ്രായത്തിൽ തന്നെ കണ്ണിന് കാഴ്ചയില്ലാത്ത ആയിശ സമീഹ ഒട്ടേറെ ചാനലുകളിലും ആൽബങ്ങളിലും ഇമ്പമാർന്ന പാട്ടുകളവതരിപ്പിച്ചിട്ടുണ്ട്.

നിമിഷ പ്രിയയുടെ മോചനം
പ്രാരംഭ ചർച്ചയക്കായി തുക കൈമാറി

കൊച്ചി: യമൻ പൗരനെ കൊലപ്പെടുത്തിയ കേസിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട് സനയിലെ ജയിലിൽ കഴിയുന്ന നിമിഷ പ്രിയയുടെ മോചനത്തിനായി സമവായ ചർച്ചകൾക്കായി ആവശ്യമായ തുക ലഭ്യമാക്കി ആക്ഷൻ കൗൺസിൽ. പ്രീ നെഗസിയേഷന് വേണ്ടി ആവശ്യപ്പെട്ട 16,71,000 രൂപ സേവ് നിമിഷ പ്രിയ ഇന്റർനാഷണൽ ആക്ഷൻ കൗൺസിൽ കേന്ദ്ര വിദേശ കാര്യ മന്ത്രാലയത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചു.

വിദേശകാര്യ മന്ത്രാലയം ഈ തുക ജിബൂട്ടിയിലെ എംബസിക്ക് കൈമാറും. തുടർന്ന് എമ്പസി അധികൃതർ യമനിലെ ചർച്ചകൾ നടത്താൻ നിയോഗിച്ച അഭിഭാഷകന് നൽകും. നിമിഷയുടെ അമ്മ പ്രേമകുമാരിയും സേവ് നിമിഷപ്രിയ ഇന്റർനാഷണൽ ആക്ഷൻ കൗൺസിൽ അംഗം സാമുവേൽ ജെറോമും യമനിൽ തുടരുകയാണ്. യമനിലെ ഗോത്ര തലവന്മാരുമായി ഇടനിലക്കാർ മുഖേന നടത്തിയ ചർച്ചകളുടെ ഫലമായാണ് നിമിഷയുടെ മോചനത്തിനുള്ള വഴികൾ തുറന്നത്.

2017ൽ നടന്ന കൊലപാതക കേസിൽ ലഭിച്ച വധശിക്ഷയിൽ ഇളവു നൽകണമെന്ന നിമിഷപ്രിയയുടെ ആവശ്യം നേരത്തെ യമനിലെ വിചാരണകോടതി തള്ളിയിരുന്നു. ഇതിനെതിരേ നൽകിയ അപ്പീൽ യെമൻ സുപ്രീംകോടതി കഴിഞ്ഞ വർഷം നവംബറിലും തള്ളി. എന്നാൽ അപ്പീൽ കോടതി വിധി പ്രകാരം ശരിയത്ത് നിയമപ്രകാരമുള്ള ബ്ലഡ് മണി കൊല്ലപ്പെട്ട തലാൽ അബ്ദു മഹ്ദിന്റെ കുടുംബം സ്വീകരിച്ചാൽ ശിക്ഷയിൽ ഇളവ് ലഭിക്കുമെന്നാണ് സൂചന.

ഇറാൻ സേനയെ തീവ്രവാദ സംഘടനയായി പ്രഖ്യാപിച്ച് കാനഡ

ഒട്ടാവ: ഇറാൻ സായുധ സേനയെ തീവ്രവാദ സംഘടനയായി പ്രഖ്യാപിച്ച് കാനഡ. ഇറാൻ റെവല്യൂഷണറി ഗാർഡ് കോർപ്സിനെയാണ് (ഐ.ആർ.ജി.സി) തീവ്രവാദ സംഘടനയായി മുദ്രകുത്തിയത്. ഫലസ്തീൻ സായുധ സംഘമായ ഹമാസുമായും ലെബനനിലെ സായുധ ഷിയാ ഇസ്ലാമിക സംഘടനയായ ഹിസ്ബുല്ലയുമായുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയാണ് ഇറാൻ സേനയെയും തീവ്രവാദ സംഘടനയായി പ്രഖ്യാപിച്ചത്. ഇതിനു പിന്നാലെ ഇറാനിലെ തങ്ങളുടെ പൗരന്മാരോട് രാജ്യം വിടാനും കാനഡ ഭരണകൂടം ആവശ്യപ്പെട്ടു. പ്രതികാര നടപടിയെന്നോണം തടങ്കലിൽ വെക്കാൻ സാധ്യതയുള്ളതിനാൽ ഇറാനിലേക്കുള്ള യാത്രയും സർക്കാർ വിലക്കി. തങ്ങളുടെ നീക്കം തീവ്രവാദ ധനസഹായത്തെ തടയുന്നത് സഹായിക്കാനാവുമെന്ന് കാനഡ സർക്കാർ ചൂണ്ടിക്കാട്ടി. ഇതിന പുറമെ കാനഡയിലെ ധനകാര്യ സ്ഥാപനങ്ങൾ ഇറാൻ സേനയുടെ ആസ്തികൾ മരവിപ്പിക്കണമെന്നും ഭരണകൂടം ആവശ്യപ്പെട്ടു.

ഇറാൻ സേനയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കാനഡയിലെ പ്രതിപക്ഷ പാർട്ടിയായ കൺസർവേറ്റീവ് പാർട്ടി അംഗങ്ങൾ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയോട് ആവശ്യപ്പെട്ടിരുന്നു. ഇതിനു പിന്നാലെയാണ് കാനഡ ഐ.ആർ.ജി.സിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയത്. എന്നാൽ ഇതിനെതിരെ ഇറാൻ രംഗത്തുവന്നു.ഐ.ആർ. ജി.സിയെ തടയുന്ന കാനേഡിയൻ നടപടി അപലപനീയമാണ്. ഇത് പ്രത്യേകിച്ച് ഒരു ഫലവുമുണ്ടാക്കില്ലെന്ന് ഇറാൻ വിദേശകാര്യ വക്താവ് നാസർ കനാനി പറഞ്ഞു. ഇറാൻ സേനയെ കരിമ്പട്ടികയിൽപ്പെടുത്തിയതിനോട് ആനുപാതികമായി പ്രതികരിക്കാനുള്ള അവകാശം ഇറാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇറാന്റെ ദേശീയ സുരക്ഷയുടെ അവിഭാജ്യ ഘടകമായ ഐ.ആർ.ജി.സി, ഇറാനിയൻ ഭരണഘടനയിൽ നിന്നാണ് അതിന്റെ നിയമസാധുത തേടിയത്. ഇറാന്റെ അതിർത്തി സംരക്ഷിക്കുന്നതിലും പ്രാദേശികമായി ഭീകരതയെ നേരിടുന്നതിലും ഐ.ആർ.ജി.സിയുടെ പങ്ക് എടുത്തുപറയേണ്ടതാണെന്നും കനാനി പറഞ്ഞു.

ബെൽജിയം ടെൻഷൻ

ഇന്ന് ജയിക്കണം

മ്യൂണിച്ച്: കെവിൻ ഡി ബ്രുയനും സംഘത്തിനും ഇന്ന് യൂറോയിൽ ജീവന്മരണം. ആദ്യ മൽസരത്തിൽ സ്ലോവാക്യക്ക് മുന്നിൽ തകർന്ന ബെൽജിയത്തിന് ഇന്ന് രാത്രി 12-30ന് നിലനിൽപ്പിന്റെ അങ്കം. റുമേനിയക്കെതിരായ മൽസരത്തിൽ തോറ്റാൽ പുറത്താവും. ഗ്രൂപ്പ് ഇ-യിൽ നിലവിൽ റുമേനിയക്കാർ ഒന്നാമതാണ്. യുക്രെയിനെ വിറപ്പിച്ചുള്ള മൂന്ന് പോയിന്റാണ് അവരുടെ കരുത്ത്. സൂപ്പർ താരങ്ങളുടെ ബെൽജിയമാവട്ടെ ആദ്യ കളിയിൽ വലിയ നിരാശയാണ് സമ്മാനിച്ചത്. വൻകരാ ഫുട്ബോളിൽ വലിയ വിലാസമില്ലാത്ത സ്ലോവാക്യക്കാർക്ക് മുന്നിൽ തുറന്ന അവസരങ്ങൾ കിട്ടിയിട്ടും അത് ഉപയോഗപ്പെടുത്താൻ ബെൽജിയത്തിനായിരുന്നില്ല. അവസരങ്ങൾ പലതും പാഴാക്കിയ റുമേലു ലുക്കാക്കുവിനും മുൻനിരക്കാർക്കും ആത്മവിശ്വാസത്തോടെ കളിക്കുന്ന റുമേനിയക്കാർ വലിയ വെല്ലുവിളിയാവുമെന്നുറപ്പ്. ഇതേ ഗ്രൂപ്പിൽ ഇന്നലെ നടന്ന തകർപ്പനങ്കത്തിൽ യുക്രെയിൻ സ്ലോവാക്യക്കാരെ തകർത്തിരുന്നു. ആദ്യ മൽസരത്തിൽ പതറിയ യുക്രെയിന് നിലനിൽപ്പിന് വിജയം നിർബന്ധമായ അങ്കത്തിലായിരുന്നു ജയം. യുക്രെയിൻ ജയിച്ചതോടെ ഗ്രൂപ്പിൽ ബെൽജിയത്തിനാണ് ഇപ്പോൾ ഒരു പോയിന്റുമില്ലാത്തത്.

ഗോൾമാൻ

ഹാംബർഗ്: യൂറോയിൽ ഇന്ന് വീണ്ടും കൃസ്റ്റിയാനോ റൊണാൾഡോ രാത്രി. രാത്രി 9-30ന് നടക്കുന്ന അങ്കത്തിൽ പോർച്ചുഗൽ തുർക്കിയേയുമായി കളിക്കുമ്പോൾ കണ്ണുകൾ സൂപ്പർ താരത്തിലേക്കാണ്. ഗ്രൂപ്പ്-എഫിൽ ഒന്നാം സ്ഥാനക്കാർ തുർക്കിയേയാണ്. ജോർജ്ജിയയെ മറികടന്ന അവർക്കൊപ്പം പോർച്ചുഗലിനും മൂന്ന് പോയിന്റുണ്ട്. ചെക്കിയക്കെതിരായ മൽസരത്തിൽ മുഴുനീളം കളിച്ച സി.ആർ മിന്നും ഫോം തെളിയിച്ചപ്പോഴും സ്ക്കോർ ചെയ്യാനായിരുന്നില്ല. ഇന്ന് അദ്ദേഹത്തിന്റെ ലക്ഷ്യം ഗോൾ തന്നെയാണ്. ചെക്കിയ പ്രതിരോധനിരയിലെ വലുപ്പക്കാർ സി.ആറിനെ ശാരീരികമായാണ് നേരിട്ടത്. ഇന്ന് തുർക്കേയും ആ വഴിക്കാവും നീങ്ങുക. സാൻസിലോ ഉൾപ്പെടുന്ന യുവനിരക്കാരുടെ ഗോളിലായിരുന്നു ആദ്യ മൽസരം പോർച്ചുഗൽ പിന്നിട്ടത്. 39-കാരനായ സി.ആറും 41- കാരനായ പെപ്പെയുമെല്ലാമായിരുന്നു ആ മൽസരം നിയന്ത്രിച്ചത്. തുടർച്ചയായി ആറാമത് യൂറോ കളിക്കുന്ന സി.ആറിന് ഇന്ന് സ്ക്കോർ ചെയ്യാനായാൽ റെക്കോർഡ് ബുക്കിൽ പുതിയ ഇടം നേടാം.

ചന്ദ്രിക
സ്പോർട്സ്

ഹാപ്പിയാണ് ടീം. ആദ്യ മൽസരത്തിൽ തന്നെ നല്ല പ്രകടനം. രണ്ട് ഗോൾ വിജയം. ലിയോ ആരോഗ്യവാനാണ്. അദ്ദേഹം പൂർണ സമയവും പഴയ കരുത്തിൽ കളിച്ചതാണ് വലിയ സന്തോഷം നൽകുന്നത്. ഗോളടിച്ചില്ലെങ്കിലും ഗോളടിപ്പിക്കാൻ മുൻപന്തിയിലുണ്ടായിരുന്ന നായകൻ ഈ മികവ് തുടർന്നാൽ കപ്പ് നിലനിർത്താൻ പ്രയാസമുണ്ടാവില്ല

-ലയണൽ സ്കലോനി

www.chandrikadaily.com

BREAKING യൂറോ 2024: തുർക്കേയുടെ യുവതാരം ഗുലാറിന് വൻ ഡിമാൻഡ്. റയലിൽ നിന്നും താരത്തെ റാഞ്ചാൻ ലിവർപൂൾ



ഇന്ന്

യൂറോ 2024
ജോർജിയ-ചെക്കിയ
(വൈകീട്ട് 6-30)
തുർക്കിയേ-
പോർച്ചുഗൽ
(രാത്രി 9-30)
ബെൽജിയം-റുമേനിയ
(രാത്രി 12-30)
സോണി സ്പോർട്സ്
സോണി ലിവ്

കോപ്പ അമേരിക്ക
പെറു-ചിലേ
(രാവിലെ 5-30)
ഇക്വഡോർ-വെനിസ്വേല
(നാളെ പുലർച്ചെ 3-30)
ലൈവ് ഇല്ല

ടി-20 ലോകകപ്പ്
സൂപ്പർ 08
അമേരിക്ക-വിൻഡീസ്
(രാവിലെ 6-00 മുതൽ)
ഇന്ത്യ-ബംഗ്ലാദേശ്
(രാത്രി 8-00 മുതൽ)
സ്റ്റാർ സ്പോർട്സ്
ലൈവ്

വിൻഡീസിന് ജയിക്കണം

ബ്രിഡ്ജ്ടൗൺ: ടി-20 ലോകകപ്പിൽ ആതിഥേയരായ വിൻഡീസിന് ഇന്ന് ജീവന്മരണം. ആദ്യ മൽസരത്തിൽ ഇംഗ്ലണ്ടിനോട് തകർന്ന കരിബീയൻ സംഘത്തിന് മുന്നിൽ ഇന്ന് അമേരിക്ക. രാവിലെ ആറിന് ആരംഭിക്കുന്ന അങ്കത്തിൽ ജയിക്കാത്തപക്ഷം സെമി ഫൈനൽ നഷ്ടമാവും. പ്രാഥമിക റൗണ്ടിലെ എല്ലാ മൽസരങ്ങളിലും തകർപ്പൻ വിജയം സ്വന്തമാക്കിയ ശേഷം സൂപ്പർ എട്ടിലെ ആദ്യ മൽസരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഇംഗ്ലണ്ടിനോട് ടീം തോറ്റിരുന്നു.

കറാസിന് തോൽവി

ലണ്ടൻ: വിംബിൾഡണിന് മുന്നോടിയായുള്ള ക്യൂൻസ് ഓപ്പണിൽ സൂപ്പർ താരം കാർലോസ് അൽകറാസിന് തോൽവി. ഇംഗ്ലീഷ് താരം ഡ്രാപ്പറാണ് ചാമ്പ്യൻ താരത്തെ മറിച്ചിട്ടത്. സ്ക്കോർ 7-6 (7-3),6-3. രണ്ടാഴ്ച്ച മുമ്പ് നടന്ന ഫ്രഞ്ച് ഓപ്പണിൽ ജേതാവായിരുന്നു അൽ കറാസ്.

മെഗാ മെസി

അർജന്റീനക്ക് ഗംഭീര തുടക്കം

ഇതിഹാസത്തെ കാണാൻ

അറ്റ്ലാന്റ: മെർസിഡസ് ബെൻസ് സ്റ്റേഡിയം ഇന്നലെ നിറഞ്ഞ് കവിഞ്ഞിരുന്നു. 70, 564 സിറ്റുകളും ഫുൾ. എല്ലാവർക്കും കാണേണ്ടത് ലിയോ മെസി എന്ന ഇതിഹാസത്തെ. അമേരിക്കൻ മേജർ സോക്കർ ലീഗിൽ ഇന്റർ മിയാമിയുടെ താരമാണെങ്കിലും മെസി ഇവിടെ കളിക്കുന്നത് ആദ്യമാണ്. അർജൻറീനക്കാരും അമേരിക്കക്കാരുമെല്ലാം ഒഴുകിയെത്തിയപ്പോൾ മെഗാതാരം അവരെ നിരാശപ്പെടുത്തിയില്ല. ലോക ചാമ്പ്യന്മാർ രണ്ട് ഗോളിന് ജയിച്ച മൽസരത്തിലെ ഹീറോ നായകനായിരുന്നു. രണ്ട് റെക്കോർഡും അദ്ദേഹം കുറിച്ചു. മെസിക്കിത് ഏഴാം കോപ്പയാണ്. കൃസ്റ്റിയാനോ റൊണാൾഡോ ആറാം യൂറോ കളിക്കുമ്പോഴാണ് മെസി ഏഴാം കോപ്പ കളിക്കുന്നത്. ഇന്നലെ കോപ്പയിൽ കളിച്ചത് 35-ാമത് മൽസരം. ഇത് വരെ ഇത്രയും മൽസരങ്ങൾ ലാറ്റിനമേരിക്കൻ വൻകരാ ചാമ്പ്യൻഷിപ്പിൽ ആരും കളിച്ചിട്ടില്ല. 34 മൽസരങ്ങൾ കളിച്ച ചിലേയുടെ സെർജിയോ ലിവിങ്സ്റ്റണിന്റെ റെക്കോർഡ് പഴങ്കഥയായി

അറ്റ്ലാന്റ (അമേരിക്ക):തകർപ്പൻ വിജയത്തടെ അർജൻറീനയും ലിയോ മെസിയും കോപ്പ അമേരിക്കയിൽ അരങ്ങേറി. ഇന്നലെ നടന്ന ഉദ്ഘാടന മൽസരത്തിലവർ കാനഡയെ മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് തകർത്തു. രണ്ട് ഗോളിലേക്കും പന്ത് നൽകിയ നായകൻ മെസി തന്നെ കളിയിലെ കേമൻ. ഗോൾ രഹിതമായ ആദ്യ പകുതിക്ക് ശേഷം 49-ാമത് മിനുട്ടിലായിരുന്നു അർജൻറീനയുടെ ആദ്യ ഗോൾ. മെസി തുടക്കമിട്ട നീക്കത്തിൽ നിന്നും ജൂലിയൻ അൽവാരസ് ആദ്യ ഗോൾ സ്വന്തമാക്കിയപ്പോൾ നായകൻ തന്നെ നൽകിയ പന്തിൽ ലത്തുറോ മാർട്ടിനസിന്റെ ബൂട്ടിൽ നിന്നായിരുന്നു രണ്ടാമത് ഗോൾ. കഴിഞ്ഞ കോപ്പ കപ്പിനും അതിന് ശേഷം ഖത്തറിൽ നടന്ന ലോകകപ്പിനും ശേഷം തുടർച്ചയായി മൂന്നാം രാജ്യാന്തര കിരീടത്തിനായി കളത്തിലിറങ്ങിയ അർജന്റീനയെ വെല്ലുവിളിക്കാൻ ഒരു തരത്തിലും കാനഡക്കായില്ല. കോപ്പയിൽ ഇന്നലെ കളിച്ചത് വഴി മെസി പുതിയ റെക്കോർഡും സ്വന്തമാക്കി. കാനഡക്കെതിരെ അദ്ദേഹം കളത്തിലിറങ്ങിയപ്പോൾ കോപ്പയിൽ ഇതിഹാസ താരത്തിന്റെ 35-ാമത് മൽസരമായിരുന്നു ഇത്. രണ്ടാം ഗോളിന് നേരിട്ട് പന്ത് നൽകിയതോടെ കോപ്പയിൽ മെസിയുടെ അസിസ്റ്റ് 18 ആയി ഉയർന്നു. ത്രോയിൽ നിന്നായിരുന്നു മെസി ആദ്യ ഗോളിന് തുടക്കമിട്ടത്. അദ്ദേഹം പന്ത് മനോഹരമായി അലക്സി മാക് അലിസ്റ്റർക്ക് നൽകി. അലിസ്റ്റർ അതേ വേഗതയിൽ പന്ത് അൽവാരസിന് കൈമാറിയ വേളയിൽ കാനഡ ഗോൾമുഖം ശൂന്യമായിരുന്നു. രാജ്യത്തിനായി 32-ാമത് മൽസരം കളിക്കുന്ന അൽവാരസിന്റെ എട്ടാമത് രാജ്യാന്തര ഗോൾ. മെസിയുടെ ഡയരക്ട് അസിസ്റ്റിലായിരുന്നു 65-ാം മിനുട്ടിൽ ലത്തുറോ മാർട്ടിനസിന്റെ തകർപ്പൻ ഗോൾ. 24 ന് 37-ാം പിറന്നാൾ ആഘോഷിക്കുന്ന മെസി രണ്ട് വട്ടം ഗോളിന് അരികിലെത്തിയിരുന്നു. പക്ഷേ രണ്ട് തവണയും ഗോൾ ക്കീപ്പർ തടസമായി. അർജൻറീനയുടെ അടുത്ത മൽസരം ന്യൂജഴ്സിയിലെ ഈസ്റ്റ് റുഥർ ഫോർഡിൽ അയൽക്കാരായ ചിലേക്കെതിരെയാണ്. ഫ്ളോറിഡയിൽ നടക്കുന്ന ഗ്രൂപ്പിലെ അവസാന മൽസരത്തിലവർ പെറുവുമായി കളിക്കും.

കോപ്പയിൽ ഉദ്ഘാടന മൽസരത്തിൽ കാനഡയെ രണ്ട് ഗോളിന് തോൽപ്പിച്ചതിന്റെ ആഹ്ലാദം പങ്ക് വെക്കുന്ന ക്യാപ്റ്റൻ ലിയോ മെസിയും സംഘവും. നായകൻ മെസിയായിരുന്നു കളിയിലെ കേമൻ.

വമ്പനങ്കത്തിൽ സ്പാനിഷ് ഭാഗ്യം

യൂറോയിൽ ഇറ്റലിക്കെതിരെ നേടിയ സെൽഫ് ഗോൾ ആഹ്ലാദത്തിൽ സ്പാനിഷ് താരങ്ങൾ

മ്യൂണിച്ച്: യൂറോപ്പിലെ രണ്ട് പ്രബലർ. അതിവേഗ ഫുട്ബോളിന്റെ വക്താക്കളായ സ്പെയിനും പ്രതിരോധ സോക്കറിന്റെ പ്രതിനിധികളായ ഇറ്റലിയും നേർക്കുനേർ വന്ന യൂറോ പോരാട്ടത്തിൽ പക്ഷേ ഗോളുകൾ അധികം പിറന്നില്ല. 95 മിനുട്ട് പോരാട്ടത്തിൽ ആകെ പിറന്നത് ഒരു സെൽഫ് ഗോൾ. അത് ഇറ്റലിക്കാരുടെ പിഴവായപ്പോൾ നിർണായകമായ മൂന്ന് പോയിന്റ് സ്വന്തമാക്കി സ്പെയിൻ പ്രികാർട്ടർ ഉറപ്പാക്കി. ആദ്യ മൽസരത്തിൽ ക്രൊയേഷ്യക്കാരെ മറുപടിയില്ലാത്ത മൂന്ന് ഗോളിന് തകർത്ത സ്പെയിൻ ഇന്നലെ അതേ വേഗതയും തന്ത്രങ്ങളുമായി കളത്തിലിറങ്ങിയപ്പോൾ നിർഭാഗ്യമായിരുന്നു അവരുടെ കൂട്ട്. കിക്കോഫ് മുതൽ സ്പാനിഷ് യുവനിര നായകൻ അൽവാരോ മൊറാത്തയുടെ നേതൃത്വത്തിൽ ആഞ്ഞടിച്ചെങ്കിലും ഗോൾക്കീപ്പർ ദോനോരുമ പലപ്പോഴും നിലവിലെ ചാമ്പ്യന്മാരുടെ രക്ഷകനായി മാറുകയായിരുന്നു. 16 കാരനായ യാമിൽ, ഫാബിയാൻ റുയിസ്, റോഡ്രി, പെഡ്രി, വില്ല്യംസ് ഉൾപ്പെടുന്ന സംഘം ഒന്നിന് പിറകെ ഒന്നായി ഇറ്റാലിയൻ ബോക്സിൽ തന്നെ തമ്പടിച്ചപ്പോൾ ഏത് സമയവും ഗോൾ പിറക്കുമെന്ന് തോന്നി. എന്നാൽ സ്പാനിഷ് നിരക്ക് മുന്നിൽ ദോനോരുമ വിലങ്ങ് തടിയായി. റെക്കോർഡോ കലഫിയാരിയുടെ സെൽഫ് ഗോൾ പക്ഷേ ദോനോരുമക്കും തടയാനായില്ല. ഗോൾ രഹിതമായ ആദ്യ പകുതിക്ക് ശേഷമായിരുന്നു സെൽഫ് ഗോൾ. ഇടത് വിംഗിൽ തകർപ്പൻ പ്രകടനം നടത്തിയ വില്ല്യംസിനെ തടയാൻ പലപ്പോഴും പേര് കേട്ട ഇറ്റാലിയൻ ഡിഫൻസിനായില്ല. ടിക്കടാക്ക ശൈലിയെല്ലാം വിട്ട് വേഗതയേറിയ ത്രൂപാസുകളുമായി കളം നിറഞ്ഞ സ്പാനിഷ് നിരയിലെ കാവൽക്കാരൻ ഉനായി സിമോൺ പലപ്പോഴും കാഴ്ചക്കാരനായിരുന്നു. അദ്ദേഹത്തിന് വെല്ലുവിളി ഉയർത്താൻ ഇറ്റാലിയൻ മുൻനിരയിലെ ആർക്കുമായില്ല. വില്ല്യംസിന്റെ കുതിപ്പിൽ അദ്ദേഹം പായിച്ച മിന്നൽ ഷോട്ട് ദോനോരുമ കുത്തിയകറ്റിയപ്പോൾ തൊട്ടരികിൽ നിൽക്കുകയായിരുന്ന കലഫിയാരിയുടെ കാലിൽ തട്ടി പന്ത് വലയിൽ കയറുകയായിരുന്നു. തോൽവിയിലും ഇറ്റലിയുടെ പ്രികാർട്ടർ പ്രതീക്ഷ അവസാനിച്ചിട്ടില്ല. ആദ്യ മൽസരത്തിൽ അൽബേനിയക്കാരെ തോൽപ്പിച്ച അസൂരികൾക്ക് അവസാന ഗ്രൂപ്പ് മൽസരത്തിൽ ക്രൊയേഷ്യക്കാരോട് തോൽക്കാതിരുന്നാൽ മതി.

യുദ്ധവീര്യം

യുക്രെയിൻ വിജയത്തോടെ തിരിച്ചെത്തി

സ്ലോവാക്യക്കെതിരെ യുക്രെയിൻ വിജയ ഗോൾ സ്ക്കോർ ചെയ്തപ്പോൾ സൂപ്പർ താരം അലക്സാണ്ടർ സിൻചെങ്കോയുടെ ആഹ്ലാദം

മ്യൂണിച്ച്: യൂറോയിൽ ഗ്രൂപ്പ്-ഇ വിശാലമാവുന്നു. ഇന്നലെ നടന്ന മൽസരത്തിൽ യുക്രെയിൻ വിജയിച്ചതോടെ കരുത്തരായ ബെൽജിയം കിടക്കുന്നത് നാലാമത്. ആദ്യ മൽസരത്തിൽ റുമേനിയക്ക് മുന്നിൽ നിറം മങ്ങിയ യുക്രെയിൻ ഇന്നലെ അതിഗംഭീരമായി തിരിച്ചെത്തി. ബെൽജിത്തെ അട്ടിമറിച്ച സ്ലോവാക്യക്കാരെ യുക്രെയിൻ 2-1 ന് വീഴ്ത്തിയതോടെ ഗ്രൂപ്പിൽ മൂന്ന് ടീമുകൾക്ക് സാധ്യതകളായി. ഒരു മൽസരം പിന്നിട്ട റുമേനിയക്ക് മൂന്നും രണ്ട് മൽസരങ്ങൾ വീതം പൂർത്തിയാക്കിയ യുക്രെയിനും സ്ലോവാക്യക്കും ഇതേ പോയിന്റുമുണ്ട്. ബെൽജിയത്തിന് മാത്രം പോയന്റില്ല. ഇന്നവർ കളത്തിലുണ്ട്. ആദ്യ മൽസരത്തിൽ നിറം മങ്ങിയിരുന്ന യുക്രെയിനികൾക്ക് തിരിച്ചുവരാൻ കഴിയില്ല എന്നാണ് കരുതിയിരുന്നത്. സ്ലോവാക്യക്കാർ തുടക്കത്തിൽ തന്നെ ഗോളും നേടിയിരുന്നു. എന്നാൽ രണ്ടാം പകുതി യുദ്ധം തകർത്ത നാടിന്റേതായിരുന്നു. പതിനേഴാം മിനുട്ടിൽ ഷറൻസ് നേടിയ ഗോളിന് മറുപടിയായി രണ്ടാം പകുതിയുടെ തുടക്കത്തിൽ ഷപറെങ്കോ യുക്രെയിനായി സമനില നേടി. ലോംഗ് വിസിലിന് പത്ത് മിനുട്ട് മുമ്പായിരുന്നു റോമൻ യെർമചുക് നിർണായക വിജയ ഗോൾ സ്വന്തമാക്കിയത്. മൈതാനത്തിറങ്ങി പതിമൂന്നാം മിനുട്ടിൽ തന്നെയായിരുന്നു സ്പാനിഷ് ലാലീഗയിൽ വലൻസിയക്കായി കളിക്കുന്ന യെർമചൂകിന്റെ ഗോളെത്തിയത്. അലക്സാണ്ടർ സിൻചെങ്കോ, മിഖാലിയോ മുദ്രിക് തുടങ്ങിയവരും കരുത്തരായി കളിച്ചപ്പോൾ ഗ്യാലറിയിലെ യുക്രെനിയൻ ഫാൻസിന് അത് വലിയ ആവേശമാ

ഇന്ത്യ ഇന്ന് കടുവകൾക്കെതിരെ

ICC MEN'S T20 WORLD CUP WEST INDIES & USA 2024

ജോർജ്ടൗൺ: ടി-20 ലോകകപ്പിൽ സെമി ഫൈനലുറപ്പിക്കാൻ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെതിരെ. സൂപ്പർ 08 ലെ ആദ്യ മൽസരത്തിൽ അഫ്ഗാനിസ്താനെ അനായാസം വീഴ്ത്തിയ ഇന്ത്യക്ക് ഇന്ന് രാത്രി എട്ടിന് ആരംഭിക്കുന്ന മൽസരത്തിൽ കടുവകൾ വലിയ പ്രതിയോഗികളാവില്ല. തട്ടിമുട്ടി സൂപ്പർ എട്ടിലെത്തിയ ഷാന്തോയും സംഘവും ആദ്യ പോരാട്ടത്തിൽ ഇന്നലെ ഓസ്ട്രേലിയക്കെതിരെ തകർന്നിരുന്നു. ഇന്ത്യയുടെ സൂപ്പർ എട്ടിലെ അവസാന പ്രതിയോഗികൾ കരുത്തരായ ഓസ്ട്രേലിയയായതിനാൽ ഇന്ന് വിജയം സ്വന്തമാക്കി ഗ്രൂപ്പിലെ ആദ്യ രണ്ട് സ്ഥാനങ്ങളിലൊന്ന് ഉറപ്പിക്കലാണ് പ്രധാനം. മുൻനിര ബാറ്റിംഗാണ് ഇന്ത്യക്ക് തലവേദനയാവുന്നത്. ലോകകപ്പിലെ ആദ്യ ഘട്ടത്തിലും സൂപ്പർ എട്ടിലെ ആദ്യ മൽസരത്തിലും രോഹിത് ശർമ- വിരാട് കോഹ്ലി സഖ്യം പരാജയപ്പെട്ടിരുന്നു. അഫ്ഗാനെതിരെ രണ്ട് പേരും വേഗം പുറത്തായപ്പോൾ സൂര്യകുമാർ യാദവിന്റെ ഇന്നിംഗ്സാണ് കരുത്തായത്. മധ്യനിരയിൽ ശിവം ദുബേ നിരന്തരം പരാജയപ്പെട്ടിട്ടും അദ്ദേഹത്തിന് തന്നെയാണ് ടീം മാനേജ്മെന്റ് അവസരം നൽകുന്നത്. അതിനാൽ ഇന്നും ടീമിൽ മാറ്റമുണ്ടാവില്ല. സഞ്ജു സാംസൺ പുറത്ത് തന്നെ ഇരിക്കേണ്ടി വരും. ബംഗ്ലാദേശിന് തലവേദനയാവുന്നതും ബാറ്റിംഗ് തന്നെ. ഇന്ന് രാവിലെ നടക്കുന്ന മൽസരത്തിൽ വിൻഡീസ് അമേരിക്കയുമായി കളിക്കും. രണ്ട് ടീമുകളും ആദ്യ മൽസരത്തിൽ പരാജയപ്പെട്ടവരാണ്.

കമിൻസ് ഹാട്രിക്കിൽ ഓസീസ്

സെന്റ് ലൂസിയ: മഴയിൽ കുതിർന്ന ടി-20 ലോകകപ്പ് സൂപ്പർ 08 അങ്കത്തിൽ 28 റൺസ് വിജയവുമായി ഓസ്ട്രേലിയ ബംഗ്ലാദേശിനെതിരെ നിർണായക പോയിന്റ് സ്വന്തമാക്കി. ഇന്ത്യ ഉൾപ്പെടുന്ന ഗ്രൂപ്പിലിപ്പോൾ ഓസ്ട്രേലിയക്കും മൂന്ന് പോയിന്റായി. ഗ്രൂപ്പിലെ ആദ്യ മൽസരത്തിൽ ഇന്ത്യ അഫ്ഗാനിസ്താനെ തകർത്തിരുന്നു. ഇന്നലെ ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേസ് 140 റൺസാണ് നേടിയത്. മൽസരത്തിനിടെ മഴ പെയ്തപ്പോൾ ഡെക്വർത്ത് ലൂയിസ് നിയമ പ്രകാരം പ്രയോഗിച്ചു. 11.2 ഓവറിൽ രണ്ട് വിക്കറ്റിന് 100 റൺസുമായി ഓസ്ട്രേലിയ വിജയത്തിരമണഞ്ഞു. രണ്ട് പേർ മാത്രമായിരുന്നു ബംഗ്ലാ ബാറ്റിൽ കാര്യമായി ശോഭിച്ചത്. നായകൻ ഷാന്തോ 41 റൺസ് സ്വന്തമാക്കിയപ്പോൾ തൗഹീദ് ഹൃദോയി 40 ലെത്തി. മറ്റാർക്കും തിളങ്ങാനായില്ല. പരുക്ക് കാരണം മുൻ നായകൻ ഷാക്കിബ് അൽ ഹസൻ കളിക്കാനുണ്ടായിരുന്നില്ല. ഓസീസ് ബൗളിംഗ് നിരയിൽ ഹാട്രിക്കോടെ 29 റൺസിന് മൂന്ന് വിക്കറ്റുമായി പാറ്റ് കമിൻസ് ഒന്നാമനായി. ആദം സാംപ 24 റൺസിന് രണ്ട് വിക്കറ്റ് നേടി. ഓസ്ട്രേലിയൻ മറുപടി അതിവേഗതയിലായിരുന്നു. ഡേവിഡ് വാർണർ 35 പന്തിൽ നിന്ന് 53 റൺസുമായി വിജയം എളുപ്പമാക്കി. ട്രാവിസ് ഹെഡ് 21 പന്തിൽ 31 റൺസ് നേടി.

ദക്ഷിണാഫ്രിക്ക സെമിയിലേക്ക്

സെന്റ് ലൂസിയ: ആവേശം കത്തിയ ടി-20 ലോകകപ്പ് പോരാട്ടത്തിൽ ദക്ഷിണാഫ്രിക്കക്ക് ജയം. അവസാന ഓവറിൽ ജയിക്കാൻ 15 റൺസ് ആവശ്യമായ ഇംഗ്ലണ്ടിന് ഹാരി ബ്രൂക്സിനെ (53) നഷ്ടമായപ്പോൾ സാം കറൻ നേടിയ ബൗണ്ടറിയും തുണയായില്ല. 7 റൺസിന് വിജയിച്ച ദക്ഷിണാഫ്രിക്ക സെമി ഉറപ്പാക്കി. ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക ആറ് വിക്കറ്റിന് 136 റൺസാണ് സ്വന്തമാക്കിയത്. തുടർച്ചയായ രണ്ടാം മൽസരത്തിലും അരങ്ങ് തകർത്ത് വിക്കറ്റ് കീപ്പർ ബാറ്റർ ക്വിന്റൺ ഡികോക്കായിരുന്നു ആഫ്രിക്കൻ സ്ക്കോറിന് മാന്യത നൽകിയത്. 38 പന്തിൽ നാല് സിക്സറുകളും നാല് ബൗണ്ടറികളും സ്വന്തമാക്കിയ ഡി കോക്ക് 65 റൺസാണ് സ്വന്തമാക്കിയത്.

ഓസ്ട്രിയ കരുത്തർ

ബെർലിൻ: 3-1ന് പോളണ്ടിനെ തകർത്ത് ഓസ്ട്രിയക്കാർ യൂറോയിൽ കരുത്ത് കാട്ടി. ഓസ്ട്രിയക്കാർ തുടക്കത്തിൽ തന്നെ ലീഡ് നേടി. ആദ്യ മൽസരത്തിൽ ഫ്രാൻസിന് മുന്നിൽ പൊരുതി കീഴടങ്ങിയ ഡേവിഡ് അലാബയും സംഘവും വേഗ ഫുട്ബോളിൽ ഒമ്പതാം മിനുട്ടിൽ തന്നെ പ്രതിയോഗികളുടെ വല ചലിപ്പിച്ചു. ട്രോണറായിരുന്നു സ്ക്കോറർ. എന്നാൽ പോളണ്ട് കീഴടങ്ങാൻ മനസില്ലാതെ കളിച്ചു. മുപ്പതാം മിനുട്ടിൽ പായിറ്റെക്കിലൂടെ അവർ സമനിലയും നേടി. രണ്ടാം പകുതിയിൽ ഓസ്ട്രിയ രണ്ട് ഗോളുമായി വിജയമുറപ്പിച്ചു. ബൗമാർഗർ രണ്ടാം ഗോൾ നേടിയപ്പോൾ പെനാൽട്ടിയിൽ നിന്നും നായകൻ അർണോ ടോവിച്ച് മൂന്നാം ഗോൾ നേടി. ഗോൾക്കീപ്പറുടെ ഫൗളിലായിരുന്നു പെനാൽട്ടി.

പോളണ്ടിനെതിരായ വലിയ വിജയം ആഘോഷമാക്കുന്ന ഓസ്ട്രിയൻ താരങ്ങൾ

ഇന്ത്യാ ചരിത്രത്തിന്റെ നിർഭാഗ്യകരമായ ഒരു അധ്യായമാണ് ഇന്ന് നമ്മുടെ മുന്നിൽ ചുരുളഴിയുന്നത്. ഇന്ത്യയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം ഒരുപക്ഷേ, ഏറ്റവും നിർണായകവുമാണത്. ഈ പ്രതിഭാസത്തിന്റെ മുമ്പിൽ സാഹിത്യവും കലകളും എല്ലാം ഒരർഥത്തിൽ അപ്രസക്തമാവുകയാണ്. ഇന്ത്യ എന്ന ജനാധിപത്യ രാഷ്ട്രത്തിന്റെ നിലനിൽപു മാത്രം പ്രസക്തമായിത്തീരുകയാണ്. അതുകൊണ്ടുതന്നെ സാഹിത്യകാരിയുടെയും സാഹിത്യകാരന്റെയും രാഷ്ട്രീയം അതിപ്രധാനമായിത്തീരുന്നു. സാഹിത്യവും ജനാധിപത്യവുമായുള്ള ബന്ധം അത്രമാത്രം ഗാഢമാണ്.

–സക്കരിയ

ഒരു പത്രപ്രവർത്തകൻ വിദ്വേഷവും നുണയും പ്രചരിപ്പിക്കുകയും ആൾക്കൂട്ട കൊലപാതകത്തിന് പ്രേരിപ്പിക്കുകയും സർക്കാരിന്റെ എല്ലാ കൊള്ളരുതായ്മക്കും കൂട്ടുനിൽക്കുകയും ചെയ്യുമ്പോൾ അവർ ജനാധിപത്യത്തെ കൊല്ലാനുള്ള ഒരു ഉപകരണമായി മാറുകയാണ്. നൂറുകണക്കിന് വാർത്താ ചാനലുകൾ ഇത് ആവർത്തിക്കുമ്പോൾ അവ മനുഷ്യരാശിയെ തന്നെ ഇല്ലാതാക്കുന്ന ഒരു ആയുധമായി മാറുന്നു. അത്തരത്തിൽ നോക്കുമ്പോൾ ഇന്ത്യയിലെ മുഖ്യധാരാ മാധ്യമങ്ങളിൽ ഭൂരിഭാഗവും ജനാധിപത്യത്തിനും മാനവികതയ്ക്കും അപമാനമാണ്.

–രവീഷ് കുമാർ

കേരള വാർത്തകൾ

അവയവ സ്വീകർത്താവിന് ഏകീകൃത തിരിച്ചറിയൽ രേഖ

അവയവദാനവും മനുഷ്യക്കടത്തും നടപടി ആവശ്യപ്പെട്ട് പ്രതിപക്ഷം

തിരുവനന്തപുരം: അവയവദാനവുമായി ബന്ധപ്പെട്ട വിവാദങ്ങളും പരാതികളും നിയമസഭയിൽ ഉന്നയിച്ച് പ്രതിപക്ഷം. ചോദ്യോത്തര വേളയിലായിരുന്നു മനുഷ്യക്കടത്ത് അടക്കമുള്ള വിഷയങ്ങൾ പ്രതിപക്ഷം ഉയർത്തിയത്. അവയവദാന രംഗത്ത് ശക്തമായ മാഫിയ പ്രവർത്തിക്കുന്നു എന്ന് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. അവയവ മാഫിയയുമായി ബന്ധപ്പെട്ട യാഥാർത്ഥ്യമുള്ളതും ഇല്ലാത്തതുമായ വാർത്തകളുടെ പശ്ചാത്തലത്തിൽ അവയവ ദാതാവിനെ കിട്ടാത്ത അവസ്ഥ ഉണ്ടാകുന്നതായി പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ചൂണ്ടിക്കാട്ടി.

അവയവദാന നടപടിയിൽ പിഴവ് കണ്ടെത്തിയാൽ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് മറുപടി നൽകി. അവയവ സ്വീകർത്താവിന് ഏകീകൃത തിരിച്ചറിയൽ രേഖ നൽകുന്നത് പരിഗണനയിലാണ്. അവയവദാനത്തിന്റെ ഭാഗമായി ദാതാവിന്റെയും സ്വീകർത്താവിനെയും സംബന്ധിച്ച വിവരങ്ങൾ ജനപ്രതിനിധികൾ രേഖാമൂലം എഴുതി നൽകുന്ന രീതി ഒഴിവാക്കി സർട്ടിഫൈ ചെയ്യാൻ തീരുമാനിച്ചതായും മന്ത്രി അറിയിച്ചു.

സംസ്ഥാനത്ത് 49 അംഗീകൃത അവയവമാറ്റ ശസ്ത്രക്രിയ കേന്ദ്രങ്ങളാണുള്ളത്. ഇവിടങ്ങളിൽ കെ സോട്ടോ ഓഡിറ്റ് നടത്തുകയും ശസ്ത്രക്രിയകൾ സംബന്ധിച്ച വിവരങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. അവയവത്തിനായി കെ സോട്ടോയിൽ രജിസ്റ്റർ ചെയ്ത് കാത്തിരുന്ന ശേഷം മരണത്തിന് കീഴടങ്ങുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് തിരിച്ച് കൊടുക്കുന്നതും പരിഗണനയിലാണ്. കെ സോട്ടോ വെബ്സൈറ്റ് നവീകരിച്ച് കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തും. കഴിഞ്ഞ അഞ്ച് വർഷത്തിൽ സംസ്ഥാനത്തെ മരണാനന്തര അവയവ ദാനത്തിൽ വലിയ കുറവാണ് രേഖപ്പെടുത്തിയത്. അവയവദാനത്തിൽ പണമിടപാടോ ഇടനിലക്കാരോ ഉണ്ടെന്ന് കണ്ടെത്തിയാൽ ആശുപത്രിയുടെ ലൈസൻസ് തന്നെ റദ്ദാക്കുന്ന തരത്തിൽ നിയമനടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

അവയവക്കടത്തിൽ നെടുമ്പാശേരിയിലും പൂജപ്പുരയിലും പരാതികൾ ലഭിച്ചിട്ടുണ്ടെന്നും വിശദമായ അന്വേഷണം നടന്നുവരുന്നതായും മുഖ്യമന്ത്രി സഭയെ അറിയിച്ചു. കേസിൽ മൂന്ന് പേർ നിലവിൽ അറസ്റ്റിലായിട്ടുണ്ട്. മുഖ്യസൂത്രധാരനായ മധുജയകുമാർ എന്നയാൾക്കെതിരെ ബ്ലൂകോർണർ നോട്ടീസ് പുറപ്പെടുവിക്കാൻ ഇന്റർ പോൾ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. അവയവ റാക്കറ്റുകളുടെ പ്രവർത്തനം തടയുന്നതിന് ശക്തമായ നിരീക്ഷണം ഏർപ്പെടുത്തിയതായും മുഖ്യമന്ത്രി വിശദീകരിച്ചു.

ഓൺലൈൻ തട്ടിപ്പ്

ആറുമാസത്തിനിടെ നഷ്ടമായത് 617. 59 കോടി രൂപ

തിരുവനന്തപുരം: സംസ്ഥാനത്ത് കഴിഞ്ഞ ആറുമാസത്തിനിടെ ഓൺലൈൻ തട്ടിപ്പിലൂടെ നഷ്ടമായത് 617. 59 കോടി രൂപ. 2023 ഡിസംബർ മുതൽ 2024 മേയ് വരെയുള്ള കണക്കാണിത്. മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ വെളിപ്പെടുത്തിയതാണ് ഇക്കാര്യം. സംസ്ഥാനത്ത് പ്രതിമാസം പതിനഞ്ച് കോടിയോളം രൂപയാണ് ഇത്തരത്തിൽ നഷ്ടപ്പെടുന്നതെന്നും നജീബ് കാന്തപുരം, എൻഷംസുദ്ദീൻ, യു.എ ലത്തീഫ്, എ.കെ.എം അഷ്റഫ് എന്നിവരുടെ ചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

ഇതിൽ 9.67 കോടി രൂപ തിരിച്ചുപിടിക്കാനായിട്ടുണ്ട്. 2023 ഡിസംബറിൽ 54.31 കോടി രൂപ നഷ്ടപ്പെട്ടപ്പോൾ 73.41 ലക്ഷം രൂപ തിരിച്ചുപിടിക്കാനായി. 2024 ജനുവരിയിൽ 32.84 കോടി രൂപ നഷ്ടപ്പെട്ടപ്പോൾ 84.57 ലക്ഷം രൂപ തിരിച്ചുപിടിച്ചു. ഫെബ്രുവരിയിൽ 126.86 കോടി രൂപ നഷ്ടപ്പെട്ടപ്പോൾ 1,87 കോടി രൂപ തിരിച്ചുപിടിയ്ക്കാനായി. മാർച്ചിൽ 86.11 കോടി രൂപ നഷ്ടപ്പെടുകയും 1.65 കോടി രൂപ തിരിച്ചുപിടിച്ചു. ഏപ്രിലിൽ 136.28 കോടി രൂപ നഷ്ടപ്പെട്ടപ്പോൾ 3.30 കോടി തിരിച്ചുപിടിച്ചു. മേയിൽ 181.17 കോടി രൂപ നഷ്ടപ്പെടുകയും 1.25 കോടി രൂപ തിരിച്ചുപിടിക്കുകയും ചെയ്തു. ഓൺലൈൻ ലോൺ തട്ടിപ്പുകളെ സംബന്ധിച്ച് വിവരം നൽകാൻ കേരള പൊലീസിന്റെ 9497980900 എന്ന വാട്സ് ആപ് നമ്പറും 1930 എന്ന ടോൾഫ്രീ നമ്പറും ലഭ്യമാണ്. മയക്കുമരുന്ന് കേസുകളിൽ ആവർത്തിച്ചു ഏർപ്പെടുന്നവർക്ക് രണ്ട് വർഷംവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് മഞ്ഞളാംകുഴി അലി, കെ.പി.എ മജീദ്, ടി.വി ഇബ്രാഹിം, പി. അബ്ദുൽ ഹമീദ് എന്നിവരുടെ ചോദ്യങ്ങൾക്ക് എക്സൈസ് മന്ത്രി എം.ബി രാജേഷ് മറുപടി നൽകി. സ്കൂൾ പരിസരങ്ങൾ ലഹരി വിൽപ്പന തടയാൻ പൊലീസ് മോട്ടോർ വാഹന വകുപ്പുകൾ പട്രോളിംഗും വാഹന പരിശോധനയും നടത്തുന്നതിന് നിർദശം നൽകിയിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ചുവെന്ന മന്ത്രിയുടെ മറുപടി പ്രകോപനപരം: എൽ.ജി.എം.എൽ

ജനപ്രതിനിധികളുടെ കലക്ട്രേറ്റ് ധർണ്ണ ജൂലൈ 20ന്

കോഴിക്കോട്: തദ്ദേശ സ്ഥാപനങ്ങൾക്കുള്ള 2023-24 ലെ ബജറ്റ് വിഹിതം പൂർണ്ണമായും അനുവദിച്ചിരുന്നു എന്ന മന്ത്രി വീണജോർജ്ജിന്റെ നിയമസഭയിലെ പ്രസ്താവന വസ്തുതാ വിരുദ്ധമാണെന്ന് ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് സംസ്ഥാന കമ്മിറ്റി കുറ്റപ്പെടുത്തി. ഇതിനെതിരെ പ്രക്ഷോഭം ശക്തമാക്കാനും ജൂലൈ 20ന് കലക്ട്രേറ്റുകൾക്ക് മുമ്പിൽ ജനപ്രതിനിധികളുടെ ധർണ്ണ സംഘടിപ്പിക്കാനും സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. ജൂലൈ 10ന് തദ്ദേശ സ്ഥാപനങ്ങൾക്ക് സമീപം ഒപ്പുമതിലും ഒരുക്കും. ടി.വി.ഇബ്രാഹീം എം.എൽ.എ യുടെ സബ് മിഷന് വകുപ്പ് മന്ത്രിയുടെ അഭാവത്തിൽ നൽകിയ മറുപടിയിലാണ് മന്ത്രി വീണ സഭയെ തെറ്റിദ്ധരിപ്പിച്ചത്. 2023-24 സാമ്പത്തിക വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റിന്റെ അവസാന ഗഡുവും ജനറൽ പർപ്പസ് ഗ്രാന്റിറിന്റെ അവസാന മൂന്ന് ഗഡുക്കളും മാർച്ച് 31 വരെ അനുവദിച്ചിട്ടില്ല. എന്നാൽ ഇവ മാർച്ചിൽ അനുവദിച്ചു എന്നാണ് മന്ത്രി മറുപടി നൽകിയത്. ഈ ഗഡു അനുവദിച്ചെങ്കിൽ ഇത് പ്രകാരം എത്ര ബില്ലുകൾ സ്വീകരിച്ചു എന്ന് കൂടി മന്ത്രി വ്യക്തമാക്കണം.

പദ്ധതി പൂർത്തീകരിച്ചിട്ടും സർക്കാർ ഫണ്ട് അനുവദിക്കാത്തത്മൂലം പ്രതിസന്ധിയിലായ തദ്ദേശസ്ഥാപനങ്ങളെ, അനുവദിക്കാത്ത ഫണ്ട് അനുവദിച്ചിരുന്നു എന്ന പ്രസ്താവന നടത്തി പ്രതിസ്ഥാനത്ത് നിർത്താൻ ശ്രമിക്കുന്നത് പ്രകോപനകരമാണ്. ട്രഷറി ക്യൂ ലിസ്റ്റിൽ പെടുത്തിയ ബില്ലുകളുടെ തുക ക്യാരിഓവറായി അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരികയാണെന്ന മന്ത്രിയുടെ മറുപടിയും പരിഹാരമല്ല. സർക്കാർ അനുവദിക്കാതിരുന്ന മെയിൻറനൻസ് ഗ്രാന്റ് വിഹിതം 1215കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് വിഹിതം 557 കോടി രൂപയും വരും. ഈ തുകയുടെ പദ്ധതികളിലേറെയും പൂർത്തീകരിച്ചതാണെങ്കിലും തുക അനുവദിക്കാത്തതിനാൽ ട്രഷറിയിൽ ബില്ല് സ്വീകരിച്ചിരുന്നില്ല. ആയതിനാൽ ഇവ ക്യൂ ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ല. ക്യാരി ഓവറായി പദ്ധതി ഏറ്റെടുക്കാൻ അനുമതി നൽകിയാൽ പോലും നടപ്പുവർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും തുക കണ്ടെത്തേണ്ട സാഹചര്യമാണുണ്ടാവുക. കഴിഞ്ഞ വർഷങ്ങളിൽ ഇത്തരം പദ്ധതികൾക്കായി അധിക തുക അനുവദിച്ചിട്ടുമില്ല.

ധനവകുപ്പിന്റെ കുരുക്ക് മൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കാതെ പോയ 2928 കോടി രൂപ പ്രത്യേക വിഹിതമായി ഈ വർഷം അനുവദിക്കുക മാത്രമാണ് പരിഹാരം. യോഗത്തിൽ പ്രസിഡണ്ട് കെ.ഇസ്മാഈൽ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പി.കെ.ഷറഫുദ്ദീൻ, അഡ്വ.എ.കെ.മുസ്തഫ, വി.വി.മുഹമ്മദലി, എം.മുഹമ്മദ് ബഷീർ വയനാട്, പി.ശമീമ ടീച്ചർ കണ്ണൂർ, ഗഫൂർ മാട്ടൂൽ, കെ.പി.വഹീദ കൽപ്പകഞ്ചേരി,സുഫൈജ അബൂബക്കർ, സുജല പയ്യോളി, അഡ്വ.പി.വിമനാഫ്, ഗഫൂർ കോൽക്കളത്തിൽ, വിപി ഇബ്രാഹീം കുട്ടി, അബ്ദുൽ റസാഖ് കണ്ണൂർ, മുജീബ് കാമ്പാർ, ഇബ്രാഹീംകുട്ടി എറണാകുളം, എകെ.റഫീഖ് വയനാട്, ജാസർ പിണങ്ങോട് പ്രസംഗിച്ചു.

മേൽമുറി മുട്ടിപ്പടി ദുരന്തം: മരിച്ചവരുടെ മയ്യിത്തുകൾ ഖബറടക്കി

മലപ്പുറം: വ്യാഴാഴ്ച രാവിലെ മലപ്പുറം മേൽമുറി മുട്ടിപ്പടിയിൽ ബസും ഓട്ടോറിക്ഷയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരിച്ച ഒരു കുടുംബത്തിലെ മൂന്നു പേരുടെ മയ്യിത്തുകൾ ഖബറടക്കി. ഇന്നലെ ഉച്ചക്ക് ഒന്നര മണിയോടെയാണ് വൻജനാവലിയുടെ സാന്നിധ്യത്തിൽ ഒളമതിൽ മഹല്ല് ജുമഅത്ത് പള്ളി ഖബർസ്ഥാനിൽ മറവ് ചെയ്തത്. പുൽപറ്റ ഒളമതിൽ സ്വദേശി അക്കരമ്മൽ മണ്ണിങ്ങച്ചാലി മുഹമ്മദ് അഷ്റഫ് (45), ഭാര്യ സാജിത കുമ്മിണിപറമ്പ് (37), മകൾ ഫിദ (15) എന്നിവരാണ് മരിച്ചത്. പ്ലസ് വൺ അലോട്മെന്റ് ലഭിച്ചതിനെത്തുടർന്ന് മലപ്പുറം ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂളിലേക്ക് പ്രവേശനം നേടാൻ പോകുന്നതിനിടെ വ്യാഴാഴ്ച രാവിലെ 11.30നായിരുന്നു അപകടം. ഒരു കുടുംബത്തിലെ മൂന്നു പേരുടെ വിയോഗം ഇന്നും ഒളമതിൽ ഗ്രാമത്തിന് ഉൾക്കൊള്ളാനായിട്ടില്ല.

മഞ്ചേരി മെഡിക്കൽ കോളജ് മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന മൃതദേഹങ്ങൾ ഇന്നലെ രാവിലെ എട്ട് മണിയോടെയാണ് പോസ്റ്റ്മോർട്ടം നടപടികൾ ആരംഭിച്ചത്. 10.30ന് പോസ്റ്റ്മോർട്ടം പൂർത്തീകരിച്ചു. രാവിലെ 11 മണിയോടെ മയ്യിത്തുകൾ ഒളമതിലിലെ അക്കരമ്മൽ വീട്ടിലെത്തിച്ചു. മയ്യിത്ത് വീട്ടിലെത്തുമെന്നറിഞ്ഞ് ആയിരങ്ങളാണ് പ്രദേശത്ത് കാത്തിരുന്നത്. മൂന്നു മയ്യിത്തുകൾ വ്യത്യസ്ത ആംബുലൻസുകളിലായി വരിയായി വീട്ടിലേക്കെത്തിയപ്പോൾ കണ്ടുനിന്നവരുടെ കണ്ണുകൾ നിറഞ്ഞു. പലരും സങ്കടം അടക്കാനാവാതെ പൊട്ടിക്കരഞ്ഞു. മകളുടെ സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് ആഹ്ലാദത്തോടെ വീട്ടിൽ നിന്നുമിറങ്ങിയവർ ചേതനയറ്റ ശരീരവുമായി മുഖംപോലും കാണാൻ കഴിയാത്തവിധം വീടിന്റെ ഡൈനിങ് ഹാളിൽ കിടത്തിയപ്പോൾ ചുറ്റും നിന്നവരുടെ ഹൃദയം പൊട്ടി. അടക്കിപ്പിടിച്ച തേങ്ങലുകൾ ഒരു നിമിഷം കൂട്ടക്കരച്ചിലായി. വെള്ളിയാഴ്ച ദിവസമായത് കൊണ്ടുതന്നെ ജുമുഅ കഴിഞ്ഞാണ് ഖബറടക്കം തീരുമാനിച്ചത്. പലരും ജുമുഅക്ക് മുമ്പ് തന്നെ എത്തിയത് കൊണ്ടു ഒളമതിൽ മഹല്ല് ജുമഅത്ത് പള്ളി തിങ്ങിനിറഞ്ഞു. ജനബാഹുല്യം കണക്കിലെടുത്ത് പിന്നീട് വ്യത്യസ്ത പള്ളികളിലായി ജുമുഅ നിസ്കാരം ക്രമീകരിച്ചു. രണ്ടര മണിക്കൂറോളമാണ് ഉറ്റവർക്കിടയിൽ മയ്യിത്തിനെ കിടത്തിയത്. മരിച്ച അഷ്റഫിന്റെയും സാജിതയുടെയും ഇളയ മകൻ എൽ.കെ.ജി വിദ്യാർഥി മുഹമ്മദ് അഷ്ഫഖ് ഒരു നൊമ്പരക്കാഴ്ചയായി. നാലാം ക്ലാസ് വിദ്യാർഥിനി ഫാത്തിമ ഹൈഫ, മൂത്തമകൾ ഡിഗ്രി വിദ്യാർഥി മഹ്മിദ ഷെറിൻ എന്നിവർ മയ്യിത്തിനരികിൽ ഒന്നുകരയാൻ പോലും കഴിയാത്ത വിധം വിറങ്ങലിച്ചു നിന്നത് കണ്ടുനിന്നവരിൽ കണ്ണീർ പടർത്തി. മരിച്ച ഫിദയുടെ സഹപാഠികളും മറ്റുമായി നിരവധി വിദ്യാർഥികളും ഈ സമയം അവിടെയുണ്ടായിരുന്നു. അഷ്റഫിന്റെ വയോധികയായ മാതാവ് ഫാത്തിമ തന്റെ ഏക മകന്റെയും തനിക്കാശ്രയമായിരുന്ന മരുമകളുടെയും പേരമകൾ ഫിദയുടെയും മയ്യിത്ത് കണ്ടു വിങ്ങിപ്പൊട്ടി.

ജുമുഅക്ക് ശേഷം മയ്യിത്തുകൾ പള്ളിയിലേക്ക് കൊണ്ടുപോകാൻ വീട്ടുമുറ്റത്തു നിരത്തി. പണ്ഡിതൻമാരുടെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തി. ഉച്ചക്ക് ഒന്നേകാലോടെ മയ്യിത്ത് മൂന്ന് ആംബുലൻസുകളിലായി പള്ളിയിലേക്ക് കൊണ്ടുപോയി. മയ്യിത്തുകളെ അനുഗമിക്കാൻ ആയിരങ്ങളാണ് ഒളമതിൽ ദേശത്ത് എത്തിയത്. കൃത്യം ഒന്നര മണിക്ക് തന്നെ നിസ്കാരം ആരംഭിച്ചു. രണ്ടു തവണകളിലായാണ് നിസ്കാരം നടന്നത്. ആദ്യ മയ്യിത്ത് നിസ്കാരത്തിന് സയ്യിദ് ശിഹാബുദ്ദീൻ ബുഖാരി തങ്ങൾ കടലുണ്ടിയും രണ്ടാമത്തെ നിസ്കാരത്തിന് ഇസ്മാഈൽ ബാഖവി മുടിക്കോടും നേതൃത്വം നൽകി. പള്ളിയുടെ കിഴക്ക് വശത്താണ് മൂന്നുപേർക്കും ഖബറൊരുക്കിയത്. മുസ്ലിംലീഗ് ദേശീയ ഓർഗനൈസിങ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി ഉൾപ്പെടെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മേഖലയിലെ പ്രമുഖർ ജനാസ സന്ദർശിച്ചു.

മേൽമുറി മുട്ടിപ്പടിയിൽ കെ.എസ്.ആർ.ടി.സി ബസ്സും ഓട്ടോയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരിച്ച പുൽപറ്റ ഒളമതിൽ സ്വദേശി അഷ്റഫ്, ഭാര്യ സാജിത മകൾ ഫിദ എന്നിവരുടെ മയ്യിത്ത് വീട്ടിൽ വെച്ചപ്പോൾ

മലയാളി ഹാജിമാർ ഇന്ന് മുതൽ പ്രവാചക നഗരിയിൽ

അഷ്റഫ് വേങ്ങാട്ട്
റിയാദ്

മലയാളി ഹാജിമാർ ഇന്ന് മക്കയിൽ നിന്ന് പ്രവാചക നഗരിയിലേക്ക് പുറപ്പെടും. ഹജ്ജിന് ശേഷമെത്തുന്ന മലയാളി ഹാജിമാരുൾപ്പടെയുള്ള മുഴുവൻ ഹാജിമാരെയും സ്വീകരിക്കാൻ മസ്ജിദുന്നബവിയിൽ വിപുലമായ ഒരുക്കങ്ങൾ. ഹാജിമാർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഹറമിലും പ്രവാചക നഗരിയിൽ പൊതുവെയും ഇരുഹറം കാര്യാലയം ഒരുക്കിയിട്ടുണ്ട്. ഹാജിമാരുൾപ്പടെ നിസ്കാരത്തിനെത്തുന്നവരുടെ ബാഹുല്യം കണക്കിലെടുത്ത് എല്ലാ സുരക്ഷാ സന്നാഹങ്ങളും ഹാജിമാർക്ക് ആവശ്യമായ സേവനങ്ങളും നൽകാൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഹറം കാര്യാലയം അറിയിച്ചിട്ടുണ്ട്. മക്കയിൽ നിന്ന് രാവിലെ പുറപ്പെടുന്ന 166 മലയാളി ഹാജിമാർ ഉച്ചയോടെ മദീനയിലെത്തുമെന്നാണ് കരുതുന്നത്. അസർ നിസ്കാരത്തിന് ശേഷം 166 ഹാജിമാർ കൂടി മദീനയിലേക്ക് പുറപ്പെടും. കാലാവസ്ഥയുടെ ഗതിയനുസരിച്ചാകും യാത്ര. നിലവിൽ ശക്തമായ ചൂടാണ് മക്കയിലും മദീനയിലും. ഉഷ്ണത്തിന് കുറവുണ്ടെങ്കിൽ സുബ്ഹി നിസ്കാരത്തിന് ശേഷവും അത്യുഷ്ണം തുടരുന്നതാണെങ്കിൽ ഉച്ചക്ക് ശേഷവുമാകും യാത്രയെന്ന് ഇന്ത്യൻ ഹജ്ജ് മിഷൻ നേരത്തെ അറിയിച്ചിരുന്നു . ഏതായാലും രണ്ട് വിമാനങ്ങളിലെത്തിയ ഹാജിമാർ ഇന്ന് രാത്രിക്കകം പ്രവാചക നഗരിയിലെത്തും. ഹജ്ജിന്റെ കർമ്മങ്ങൾ നടക്കുന്ന ഘട്ടത്തിൽ മക്കയിലുണ്ടായിരതിനേക്കാൾ ചൂടാണ് മദീനയിൽ നിലവിലുള്ളത്. ഇപ്പോൾ മക്കയിൽ 42 ഡിഗ്രിയാണെങ്കിൽ മദീനയിൽ 47 ഡിഗ്രിയാണ് താപനില. മദീനയിൽ പുണ്യ പ്രദേശങ്ങൾ സന്ദർശിക്കാനുള്ള സമയ ക്രമം ഇന്ത്യൻ ഹജ്ജ് മിഷൻ ഹാജിമാർക്ക് നിർണ്ണയിച്ചു നൽകുന്നുണ്ട് . ഇത് കൃത്യമായി പാലിച്ചാൽ മാത്രമേ സൂര്യാഘാതം പോലുള്ള അപകടങ്ങളിൽ നിന്ന് രക്ഷപെടാൻ സാധിക്കുകയള്ളൂ. അത്യുഷ്ണത്തിൽ ഉച്ചക്ക് ഒന്ന് മുതൽ വൈകീട്ട് നാല് മണി വരെ പുറത്തിറങ്ങരുതെന്നാണ് മക്കയിൽ നിന്ന് ഹാജിമാർക്ക് ഇന്ത്യൻ മിഷൻ നൽകിയിരുന്ന കർശന നിർദേശം. എട്ട് ദിവസത്തെ സന്ദർശനത്തിനായി ഹജ്ജ് കർമ്മം പൂർത്തിയാക്കിയാണ് കേരളത്തിൽ നിന്നുള്ള 18200 ഹാജിമാർ മദീനയിലെത്തുന്നത്. ഇവിടെ ലഭ്യമാകുന്ന പരമാവധി സമയം റൗള ശരീഫിൽ ഉപയോഗപ്പെടുത്താനാണ് ഹാജിമാരുടെ ശ്രമം . പ്രവാചക പാദസ്പർശമേറ്റ് പുളകംകൊണ്ട പുണ്യപ്രദേശങ്ങളിലെത്താൻ സൗഭാഗ്യം നൽകിയ ജഗന്നിയന്താവിനോട് നന്ദിയോതികൊണ്ടാകും പ്രവാചക നഗരിയിലെ നിമിഷങ്ങൾ ഹാജിമാർ ചെലവഴിക്കുക. ബദ്ർ, ജന്നതുൽ ബഖീഅ്, മസ്ജിദ് ഖുബാ, മസ്ജിദുൽ ഫത്ഹ്, മസ്ജിദുൽ ഖിബ്ലതൈൻ, ഉഹദ് താഴ്വാരം തുടങ്ങിയ ചരിത്ര സ്മാരകങ്ങളും മറ്റു പുണ്യ പ്രദേശങ്ങളും സന്ദർശിച്ച ശേഷമായിരിക്കും മദീനയോട് വിട പറയുക. ഹജ്ജിന് മുമ്പേ മദീനയിൽ വിമാനമിറങ്ങി സന്ദർശനം പൂർത്തിയാക്കിയ ഇന്ത്യൻ ഹജ്ജ് കമ്മിറ്റിക്ക് കീഴിലുള്ള ഹാജിമാർ മക്കയിൽ നിന്നും ജിദ്ദയിലെത്തി ഇന്ന് മുതൽ നാട്ടിലേക്കുള്ള മടക്കം ആരംഭിക്കും. ഹാജിമാരെ ജിദ്ദ വിമാനത്താവളത്തിലേക്കും മദീന സന്ദശർശനത്തിനും അയക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും ഇന്ത്യൻ ഹജ്ജ് മിഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഹാജിമാർക്ക് തുണയായി സഊദി കെഎംസിസിക്ക് കീഴിലുള്ള മക്ക സെൻട്രൽ കമ്മിറ്റിയുടെ വളണ്ടിയർമാരും മദീനയിൽ മദീന സെൻട്രൽ കമ്മിറ്റി വളണ്ടിയർമാരും ജിദ്ദയിൽ ജിദ്ദ കമ്മിറ്റിയുടെ വളണ്ടിയർമാരും സഹായവുമായി രംഗത്തുണ്ടാകുമെന്ന് നാഷണൽ കമ്മിറ്റ് പ്രസിഡണ്ട് കുഞ്ഞിമോൻ കാക്കിയ, ഹജ്ജ് സെൽ ചെയർമാൻ അഹമ്മദ് പാളയാട്ട് , ജനറൽ കൺവീനർ മുജീബ് പൂക്കോട്ടൂർ എന്നിവർ അറിയിച്ചു .

ഇന്ത്യൻ ഹാജിമാരുടെ മടക്കം ആദ്യ സംഘം ബംഗളൂരുവിലേക്ക്

റിയാദ് : കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് കീഴിലെത്തിയ 3232 ഹാജിമാർ ഇന്ന് ജിദ്ദയിൽ നിന്ന് സ്വദേശങ്ങളിലേക്ക് യാത്ര തിരിക്കും. ബാംഗ്ലൂർ , ശ്രീനഗർ , ലക്നൗ, കൊൽക്കത്ത, ഡൽഹി എന്നിവിടങ്ങളിലേക്കുള്ള ഹാജിമാരാണ് സഊദി എയർലൈൻസ്, ഫ്ളൈഅദീൽ വിമാനങ്ങളിൽ യാത്ര തിരിക്കുക. നാളെ (ഞായർ) പുലർച്ചെ 1 . 50 നുള്ള സഊദി എയർലൈൻസ് വിമാനത്തിൽ 289 പേർ ബംഗളൂരുവിലേക്ക് യാത്ര തിരിക്കുന്നതോടെയാണ് ഇന്ത്യൻ ഹാജിമാരുടെ മടക്കയാത്രയ്ക്ക് തുടക്കമാവുക. ജിദ്ദയിലെ ഹജ്ജ് ടെർമിനലിൽ ഹാജിമാരെ യാത്രയയക്കാനുള്ള നടപടി ക്രമങ്ങളെല്ലാം ഇന്ത്യൻ ഹജ്ജ് മിഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇന്ത്യൻ മിഷൻ ഉദ്യോഗസ്ഥരോടൊപ്പം കെഎംസിസി വളണ്ടിയർമാരും ഹാജിമാരെ സ്വീകരിക്കാൻ വിമാനത്താവളത്തിലുണ്ടാകും. സഊദി കെഎംസിസി ഹജ്ജ് സെൽ ചെയർമാൻ അഹമ്മദ് പാളയാട്ട് , ജിദ്ദ കെഎംസിസി നേതാക്കളായ റസാക്ക് മാസ്റ്റർ, വി പി മുസ്തഫ, വി പി അബ്ദുൾറഹ്മാൻ, വളണ്ടിയർ ക്യാപ്റ്റൻ ശിഹാബ് താമരക്കുളം, എയർപോർട്ട് മിഷൻ ജനറൽ കൺവീനർ നൗഫൽ റാഹേലി, വനിതാ കെഎംസിസിയുടെയും നേതാക്കളുടെയും നേതൃത്വത്തിലാണ് കെഎംസിസി സംഘം വിമാനത്താവളത്തിൽ ഹാജിമാർക്ക് സഹായവുമായി രംഗത്തുണ്ടാവുക

റിമോർട്ട് ഗെയ്റ്റിൽ കുടുങ്ങിയ

പേരക്കിടാവിന്റെ മരണവാർത്തയറിഞ്ഞ് വലിയുമ്മ മരിച്ചു

താനാളൂർ: പേരക്കിടാവിന്റെ മരണവാർത്തയറിഞ്ഞ് വലിയുമ്മ മരിച്ചു. വൈലത്തൂർ ചിലവിൽ ചങ്ങനക്കാട്ട് കുന്നശ്ശേരി അബ്ദുൽ ഗഫൂറിന്റെയും സജ്ലയുടെയും മകനായ മുഹമ്മദ് സിനാൻ തൊട്ടടുത്ത വീട്ടിലെ ഓട്ടോമാറ്റിക്ക് ഗൈറ്റിനിടയിൽ പെട്ട് മരണപ്പെട്ട വാർത്ത കേട്ടാണ് വലിയുമ്മയായ ചിലവിൽ മഹല്ല് കമ്മിറ്റി പ്രസിഡന്റ് കുന്നശ്ശേരി കുഞ്ഞലവി

മേൽമുറി അപകടം; നൊമ്പരമായി അഷ്ഫഖും സഹോദരിമാരും

എ.പി.എം അഷ്റഫ്
വള്ളുവമ്പ്രം

കുസൃതികൾ പങ്കുവെച്ചും കളിചിരികൾ മാത്രമായും നടന്ന കുഞ്ഞുമോൻ അഷ്ഫഖ് തന്റെ മാതാപിതാക്കളും സഹോദരിയും അന്ത്യയാത്രയായത് അറിഞ്ഞതേയില്ല. വീടിന് ചുറ്റും ഓടിക്കളിക്കുന്നതിനിടെ എപ്പഴോ അവൻ ഉപ്പയേയും ഉമ്മയേയും തിരക്കി. മനസ് പൊള്ളിക്കുന്ന ആ കാഴ്ച കണ്ടുനിന്നവർ വിങ്ങിപ്പൊട്ടി. പിച്ചവെച്ച് തുടങ്ങും മുമ്പേ തന്റെ ഉറ്റവർ നഷ്ടമായ ആ കുഞ്ഞിന്റെ കണ്ണീർ വാർക്കുന്ന ദൃശ്യങ്ങൾ ഹൃദയഭേദകമാണ്. തനിക്ക്

മേൽമുറി മുട്ടിപ്പടിയിൽ കെ.എസ്.ആർ.ടി.സി ബസ്സും ഓട്ടോയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരിച്ച പുൽപ്പറ്റ ഒളമതിൽ സ്വദേശി അഷ്റഫ്, ഭാര്യ സാജിത, മകൾ ഫിദ എന്നിവരുടെ വീട് സന്ദർശിക്കുന്ന മലപ്പുറം നിയുക്ത എം.പി ഇ.ടി മുഹമ്മദ് ബഷീർ.

മിഠായിപ്പൊതികളുമായി പുഞ്ചിരിച്ച് വീട്ടിൽ എത്തേണ്ട പ്രിയപ്പെട്ടവർ വെള്ളപുതച്ച് വീട്ടുമുറ്റത്ത് കിടക്കുന്നത് നോക്കി നിൽക്കാനെ കഴിഞ്ഞുള്ളു മക്കൾ മൂന്ന് പേർക്കും. പെരുന്നാൾ പിറ്റേന്ന് രാത്രി സാജിദയുടെ കുമ്മിണിപ്പറമ്പിലെ വീട്ടിൽ നിന്നും ബന്ധുക്കൾക്കൊപ്പം മൂന്നാറിലേക്ക് നടത്തിയ വിനോദയാത്ര കഴിഞ്ഞ് തിരിച്ചെത്തിയ ശേഷമാണ് വ്യാഴാഴ്ച രാവിലെ ഫിദയെയും കുട്ടി പ്ലസ് ടു അഡ്മിഷനായി മൂവരും മലപ്പുറത്തേക്ക് തിരിച്ചത്. എല്ലാ സന്തോഷവും ഞൊടിയിടയിൽ നഷ്ടമായി. ജോലിയാവശ്യാർത്ഥവും കുടുംബ യാത്രകൾക്കുമായി താൻ ഉപയോഗി

മേൽമുറി മുട്ടിപ്പടിയിൽ കെ.എസ്.ആർ.ടി.സി ബസ്സും ഓട്ടോയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ മരിച്ചവരുടെ മയ്യിത്തുകൾ ഖബറടക്കത്തിനായി ഒളമതിൽ ജുമാമസ്ജിദിലേക്ക് കൊണ്ടുവരുന്നു.

ക്കുന്ന സ്വകാര്യ ഓട്ടോയിലായിരുന്നു ആ അന്ത്യയാത്ര. ആരെയും കരളലിയിപ്പിക്കുന്ന രംഗങ്ങൾ. സംഭവ ദിവസം മൂത്ത മകൾ ഫഹ്മിദ മോങ്ങം വനിത അറബിക് കോളജിൽ പരീക്ഷ ഹാളിലായിരുന്നു. വൈകീട്ടോടെയാണ് ബന്ധുക്കൾ ഫഹ്മിദയെ സങ്കടഭാരം അറിയിക്കാതെ വീട്ടിലേക്ക് കൂട്ടികൊണ്ടുപോയത്. തന്റെ സഹോദരിമാത്രം അപകടത്തിൽപെട്ടതെന്ന വിവരംമാത്രമാണ് അറിയിച്ചത്. ഉറ്റവരുടെ മരണവാർത്തയിൽ തരിച്ച മൂത്ത മകൾ മൂകമായി. സങ്കടച്ചുഴിയിൽ നീറിക്കഴിയുന്ന അഷ്റഫിന്റ ഉമ്മ ഫാത്തിമ കുട്ടിയേയും മക്കളെയും ആശ്വസിപ്പിക്കാൻ നിരവധിപേരാണ് വസതിയിലെത്തിയത്. ഫിദയുടെ വേർപാട് കളിക്കൂട്ടുകാരെയും അധ്യാപകരേയും ഒരുപോലെ കണ്ണിരിലാഴ്ത്തി. എസ്.എസ്.എൽ.സി പഠനം പൂർത്തിയാക്കിയ ശേഷം പ്ലസ് ടുവിന് ചേരാനിരിക്കെ ഫിദയുടെ വിയോഗത്തിൽ പൂക്കൊളത്തൂർ സ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും ഇന്നലെ അനുശോചനം രേഖപ്പെടുത്തി. പ്രധാനാധ്യാപകൻ സുനിൽ കുമാർ തന്റെ വിദ്യാർഥിയുടെ ആകസ്മിക വേർപാട് ഫെയ്സ് ബുക്കിലും കുറിച്ചു. തേങ്ങലടങ്ങുന്നില്ല. തങ്ങളുടെ പ്രിയപ്പെട്ട കളിക്കൂട്ടുകാരിയെ അവസാനമായി ഒരു നോക്കുകാണാൻ സഹപാഠികൾ നേരത്തെ തന്നെ വീട്ടിലും പരിസരങ്ങളിലും എത്തിയിരുന്നു. ഓരോ മൃതദേഹവും പ്രത്യേകം ആംബുലൻസുകളിൽ ആ വിറങ്ങലിച്ച ഗ്രാമത്തിലെത്തിയപ്പോൾ കാത്തുനിന്ന നാട്ടുകാരുടെയും ഉറ്റവരുടെയും കണ്ണീർ ആരുടെ ഹൃദയം തകർക്കുന്നതായിരുന്നു.

പോസ്റ്റ്മോർട്ടം വൈകിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം: പി ഉബൈദുല്ല എം.എൽ.എ

തിരുവനന്തപുരം: വ്യാഴാഴ്ച മലപ്പുറം മേൽമുറി മുട്ടിപ്പടിയിൽ കെ.എസ്.ആർ.ടി.സി ബസും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് ദാരുണമായി മരണപ്പെട്ട പുൽപ്പറ്റ ഒളമതിൽ സ്വദേശികളായ ഒരു കുടുംബത്തിലെ മൂന്ന് പേരുടെയും പോസ്റ്റ്മോർട്ടം നടപടികൾ അന്നേ ദിവസം തന്നെ പൂർത്തീകരിക്കാതെ വൈകിപ്പിച്ചവർക്കെതിരിൽ കർശന നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പി. ഉബൈദുല്ല എം.എൽ.എ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ്ജിന് കത്ത് നൽകി. അപകട ദിവസം ഉച്ചക്ക് ഒരു മണിയോടെ മൂന്ന് പേരുടേയും മൃതദേഹങ്ങൾ മഞ്ചേരി മെഡിക്കൽ കോളജിൽ എത്തിച്ചിരുന്നു. എന്നാൽ ഇൻക്വസ്റ്റ് നടത്തുവാൻ പൊലീസ് ഉദ്യോഗസ്ഥർ എത്തിയത് വൈകീട്ട് 4.30ന് മാത്രമാണ്. അതുമൂലം വ്യാഴാഴ്ച തന്നെ പോസ്റ്റുമോർട്ടം നടത്താൻ സാധിച്ചില്ല. വെള്ളിയാഴ്ചയാണ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ബന്ധുക്കൾക്ക് മൃതദേഹം വിട്ടു കിട്ടിയത്. പോസ്റ്റുമോർട്ടം വൈകിയ സംഭവം അന്വേഷിക്കുമെന്നും ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമെന്നും ആരോഗ്യവകുപ്പ് മന്ത്രി എം.എൽ.എക്ക് ഉറപ്പു നൽകി.

പേരക്കിടാവിന്റെയും വലിയുമ്മയുടെയും മരണം: ദുഃഖം താങ്ങാനാവാതെ വൈലത്തൂർ ചിലവിൽ പ്രദേശം

താനാളൂർ: ഒരു പ്രദേശത്തെ ദുഃഖക്കയത്തിലാഴ്ത്തിയ ഒമ്പതുകാരനായ പേരമകന്റെയും 58 കാരിയായ വലിയുമ്മയുടെയും വേർപാടിൽ തേങ്ങുകയാണ് പൊന്മുണ്ടം വൈലത്തൂർ ചിലവിൽ പ്രദേശം. വ്യാഴാഴ്ച്ച അസർ നമസ്കാരത്തിനായി പള്ളിയിലേക്ക് പുറപ്പെട്ട സിനാൻ എളുപ്പ വഴിയിലൂടെ ബന്ധുവീട്ടിലെ ഗെയ്റ്റ് തുറന്ന് റോഡിലേക്ക് കടക്കവെയാണ് ഗെയ്റ്റിനിടയിൽപെട്ട് മരണപ്പെട്ടത്. വൈലത്തൂർ ചിലവിൽ ചങ്ങനക്കാട്ടിൽ കുന്നശ്ശേരി അബ്ദുൽ ഗഫൂറിന്റെയും കുറുക്കോളിലെ പാറയിൽ സജ്ലയുടെയും മകനും തിരൂർ എം.ഇ.ടി സ്കൂൾ നാലാംതരം വിദ്യാർഥിയുമായ മുഹമ്മദ് സിനാൻ ഓട്ടോമാറ്റിക്ക് ഗെയ്റ്റിൽ കുടുങ്ങി മരണപ്പെട്ടത്. വീട്ടുമുറ്റത്ത് നിന്ന് സ്വിച്ചിട്ട് ഗെയ്റ്റ് തുറന്ന് പുറത്തേക്ക് പോകുന്നതിനിടയിൽ ഗെയ്റ്റ് അടഞ്ഞതാണ് അപകടത്തിന് കാരണമായത്. വീട്ടിലുള്ളവർ ഹജ്ജിന് പോയതിനാൽ സംഭവസ്ഥലത്ത് മറ്റാരും ഉണ്ടായിരുന്നില്ല. തുറന്ന ഗെയ്റ്റ് എങ്ങനെ അടഞ്ഞു എന്നറിയില്ല. വഴിയാത്രക്കാർ ഗെയ്റ്റിൽ കുടുങ്ങിക്കിടക്കുന്ന കുട്ടിയെ പുറത്തെടുക്കുകയായിരുന്നു. സിനാൻ അപകടത്തിൽപെട്ടതറിഞ്ഞ സിനാന്റെ വലിയുമ്മ ചിലവിൽ മഹല്ല് കമ്മിറ്റി പ്രസിഡന്റ് കുന്നശ്ശേരി കുഞ്ഞലവി ഹാജിയുടെ ഭാര്യയും പാങ്ങ് പടിഞ്ഞാറ്റുമുറി കല്ലങ്ങാട്ട് കുഴിയിൽ മുഹമ്മദ് മാസ്റ്ററുടെ മകളുമായ ആസ്യ ഹജ്ജുമ്മ (58) ഹൃദയാഘാതത്തെ തുടർന്ന് മരണപ്പെടുകയായിരുന്നു. സിനാനെ വാത്സല്യത്തോടെ വളർത്തി വന്ന വലിയുമ്മ പേരമകന്റെ മരണവാർത്ത കേട്ടതോടെ അസ്വസ്ഥയാവുകയായിരുന്നു. സിനാനെ കാണണമെന്ന അതിയായ ആഗ്രഹത്താൽ കോട്ടക്കലിലെ സ്വകാര്യ ആശുപത്രിയിലേക്കുള്ള വഴിമധ്യേ രാത്രി പത്ത് മണിയോടെ ആസ്യ ഹജ്ജുമ്മ മരണപ്പെടുകയായിരുന്നു. ഇന്നലെ തിരൂർ ജില്ലാ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയ ശേഷം സിനാന്റെ മൃതദേഹം വീട്ടിൽ കൊണ്ടുവന്നു. ഇരുവരുടെയും മൃതദേഹങ്ങൾ ഉച്ചക്ക് പന്ത്രണ്ട് മണിയോടെ ചിലവിൽ ജുമാമസ്ജിദ് ഖബർസ്ഥാനിൽ അടുത്തടുത്തായി മറവ് ചെയ്തു. മൃതദേഹങ്ങൾ ഒരേസമയം വീട്ടിൽ നിന്നെടുത്തപ്പോൾ ദുഃഖം താങ്ങാനാവാതെ പലരും വിതുമ്പുകയായിരുന്നു. നിരവധി പേരാണ് ജനാസ സംസ്കരണ ചടങ്ങുകളിൽ പങ്കെടുത്തത്.

വൈലത്തൂർ ചിലവിൽ മരണപ്പെട്ട മുഹമ്മദ് സിനാന്റെയും ആസ്യ ഹജ്ജുമ്മയുടെയും വീട് നിയുക്ത എം.പി അബ്ദുസമദ് സമദാനി എം.പി സന്ദർശിക്കുന്നു

ഡോ.അബ്ദുസമദ് സമദാനി സന്ദർശിച്ചു

താനാളൂർ: പൊന്മുണ്ടം ചിലവിൽ മരണപ്പെട്ട ചങ്ങനക്കാട്ട് കുന്നശ്ശേരി അബ്ദുൽ ഗഫൂർ-സജ്ല ദമ്പതികളുടെ മകൻ മുഹമ്മദ് സിനാന്റെയും വലിയുമ്മ കുന്നശ്ശേരി കുഞ്ഞലവി ഹാജിയുടെ ഭാര്യയുമായ ആസ്യ ഹജ്ജുമ്മയുടെയും വീട് നിയുക്ത എം.പി അബ്ദുസമദ് സമദാനി സന്ദർശിച്ചു. കുടുംബത്തെ സമാശ്വസിപ്പിക്കുകയും ഇരുവർക്കും വേണ്ടി പ്രാർഥിക്കുകയും ചെയ്തു. പൊന്മുണ്ടം പഞ്ചായത്ത് മുസ്ലിം ലീഗ് പ്രസിഡന്റ് ഉമറലി തങ്ങൾ മണ്ണാരക്കൽ, ജനറൽ സെക്രട്ടറി പി.കെ മൊയ്തീൻ കുട്ടി,ടി. അബ്ദുൽ കരീം, സി.കെ മൻസൂറലി, സുലൈമാൻ, പഞ്ചായത്ത് മെമ്പർമാരായ ഹംസക്കുട്ടി, കെ.പി സൈനുദ്ദീൻ പങ്കെടുത്തു.

കുറുക്കോളി മൊയ്തീൻ എം.എൽ.എ അനുശോചിച്ചു

താനാളൂർ: പൊന്മുണ്ടം ചിലവിൽ മരണപ്പെട്ട ചങ്ങനക്കാട്ട് കുന്നശ്ശേരി അബ്ദുൽ ഗഫൂർ-സജ്ല ദമ്പതികളുടെ മകൻ മുഹമ്മദ് സിനാന്റെയും വലിയുമ്മ കുന്നശ്ശേരി കുഞ്ഞലവി ഹാജിയുടെ ഭാര്യയുമായ ആസ്യ ഹജ്ജുമ്മയുടെയും നിര്യാണത്തിൽ കുറുക്കോളി മൊയ്തീൻ എം.എൽ.പി അനുശോചിച്ചു. കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കെടുക്കുകയും പ്രാർഥിക്കുകയും ചെയ്തു.

പ്ലസ് വൺ സീറ്റ് പ്രതിസന്ധി; വീറോടെ എം.എസ്.എഫ്

സമരത്തീച്ചൂളയിൽ ജില്ല

മലപ്പുറം: തുടർപഠനത്തിൽ നിന്നും പുറത്തായ 32410 വിദ്യാർഥികൾക്ക് നീതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ജില്ലയിൽ പ്രതിഷേധം കനക്കുന്നു.

മൂന്നാംഘട്ട അലോട്ട്മെന്റിലും സീറ്റ് ലഭിക്കാത്ത വിദ്യാർഥികൾക്കുണ്ടായ കടുത്ത നീതി നിഷേധത്തിനെതിരെ എം. എസ്.എഫ് അടക്കമുള്ള പ്രതിപക്ഷ വിദ്യാർഥി സംഘടനകളുടെ നേതൃത്വത്തിൽ സമരം കടുപ്പിച്ചിരിക്കുകയാണ്. ജില്ലാ ആസ്ഥാനം അക്ഷരാർത്ഥത്തിൽ സമരത്തീച്ചൂളയായി മാറിയിരിക്കുന്ന സ്ഥിതിയാണ്.

ആർ.ഡി.ഡി ഓഫീസ് പൂട്ടിയിട്ടും ഓഫീസറെ ഉപരോധിച്ചുമുള്ള എം.എസ്.എഫിന്റെ ശക്തമായ സമരത്തിന് വൻസ്വീകാര്യതയാണ് വിദ്യാർഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ലഭിക്കുന്നത്. കഴിഞ്ഞ ശനിയാഴ്ച ആർ.ഡി.ഡി ഓഫീസ് താഴിട്ട് പൂട്ടി ഓഫീസിനുള്ളിലും പുറത്തും പ്രതിഷേധിച്ച പ്രവർത്തകരെ പൊലീസ് ബലം പ്രയോഗിച്ച് അറസ്റ്റ്ചെയ്ത് നീക്കുകയായിരുന്നു.

പ്ലസ് വൺ സീറ്റ് നിഷേധത്തിനെതിരെ എം.എസ്.എഫ് മലപ്പുറത്ത് തുടരുന്ന ആർ.ഡി.ഡി ഓഫീസ് ഉപരോധത്തിൽ പങ്കെടുത്തവരെ പൊലീസ് അറസ്റ്റ് ചെയ്തു നീക്കുന്നു

എം.എസ്.എഫ് പ്രവർത്തകനെ തൂക്കിയെടുത്ത് നീക്കുന്ന പൊലീസുകാർ

ന്യായമായ അവകാശത്തിന് വേണ്ടിയുള്ള സമരത്തെ കേസെടുത്ത് പരാജയപ്പെടുത്താനുള്ള ശ്രമമാണ് ഇടത് പക്ഷ സർക്കാറിൽ നിന്നുമുണ്ടായത്. എന്നാൽ പ്രതിഷേധം കനപ്പിക്കുകയാണ് എം.എസ്.എഫ് ചെയ്തത്. തുടർന്നുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് പൂട്ടിയിട്ടുള്ള പ്രതിഷേധം തുടരുകയും ഓരോ ദിവസവും നിരവധി പേർ അറസ്റ്റ് വരിക്കുകയും ചെയ്തു.

ആദ്യദിവസം എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റടക്കം 10 പേരാണ് അറസ്റ്റിലായത്. ഉന്നത വിജയം നേടിയിട്ടും ജില്ലയുടെ ആവശ്യത്തെ അവഗണിക്കുന്ന സർക്കാരിനെതിരെയും കൃത്യമായ കണക്ക് നൽകാത്ത ഉദ്യോഗസ്ഥനെതിരെയും തുടർന്നുള്ള ദിവസങ്ങളിലും ശക്തമായ സമര പോരാട്ടം നടന്നു. വ്യാഴാഴ്ച നടന്ന സമരത്തിൽ അഞ്ചുപേരെ പൊലീസ് അറസ്റ്റ് ചെയ്തു.

ഇന്നലെയും കടുത്ത സമരത്തിനാണ് ആർ.ഡി.ഡി ഓഫീസ് വേദിയായത്. 7 പേരാണ് ഇന്നലെ അറസ്റ്റിലായത്. എം.എസ്.എഫിന് പുറമെ എസ്.കെ.എസ്.എസ്.എഫ്, കെ.എസ്.യു, ഫ്രറ്റേണിറ്റി തുടങ്ങിയ വിദ്യാർഥി സംഘടനകളും പ്രതിഷേധം ശക്തമാക്കിയിരുന്നു.

ഏറ്റവും കൂടുതൽ വിദ്യാർഥികൾ എസ്.എസ്.എൽ.സി വിജയിക്കുകയും കൂടുതൽ പേർ മുഴുവൻ വിഷയത്തിൽ എ പ്ലസ് നേടുകയും ചെയ്ത ജില്ലയിൽ തന്നെയാണ് ഏറ്റവും കൂടുതൽ വിദ്യാർഥികൾക്ക് നീതി നിഷേധിക്കപ്പെടുന്നതും. സർക്കാർ മേഖലയിലെ സീറ്റുകളിലേക്കും മറ്റു പ്രൈവറ്റ് മാനേജ്മെന്റ് സീറ്റുകളിലേക്കും പ്രവേശനം പൂർത്തിയായാൽ പോലും പഠനം നടത്താൻ കഴിയാത്ത വിദ്യാർഥികൾ ജില്ലയിലുണ്ട്.

ദിവസങ്ങൾക്ക് മുമ്പാണ് ജില്ലയിലെ വിദ്യാർഥി പ്ലസ് വൺ സീറ്റ് കിട്ടാത്തതിന്റെ മനോവിഷമത്തിൽ ആത്മഹത്യ ചെയ്തത്. എന്നാൽ ഗുരുതരമായ പ്രശ്നങ്ങൾ പരിഗണിക്കാതെ ന്യായീകരിച്ചും കള്ളം പറഞ്ഞും സമയം പാഴാക്കുകയാണ് സർക്കാറും വകുപ്പുമന്ത്രിയും. ക്ലാസുകൾ തുടങ്ങാൻ ദിവസങ്ങൾ മാത്രം ശേഷിക്കേ കടുത്ത നിരാശയിലാണ് ജില്ലയിലെ വിദ്യാർഥികൾ.

സ്റ്റാഫ് നഴ്സ് നിയമനം

മലപ്പുറം: മലപ്പുറം താലൂക്ക് ആശുപത്രിയിൽ താത്കാലിക അടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സിനെ നിയമിക്കുന്നു. ഗവ. അംഗീകൃത ജി.എൻ.എം/ ബി.എസ്.സി നഴ്സിങ്, നഴ്സിങ് കൗൺസിൽ രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത. യോഗ്യരായ അപേക്ഷകർക്കായി 27 ന് രാവിലെ 11 മണിക്ക് ആശുപത്രി സൂപ്രണ്ട് ഓഫീസിൽ വെച്ച് കൂടിക്കാഴ്ച നടത്തും. യോഗ്യരായ ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഹാജരാവണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0483 2734866.

കൊണ്ടോട്ടിയിൽ ആവേശം തീർത്ത് ഇ.ടിയുടെ പര്യടനം

കൊണ്ടോട്ടി: ചരിത്ര ഭൂരിപക്ഷം ലഭിച്ച ഇ.ടി. മുഹമ്മദ് ബഷീറിന്റെ കൊണ്ടോട്ടി നഗരസഭ വിജയാഘോഷ പര്യടനം ആവേശമായി. വൈകിട്ട് നീറാട് നിന്ന് ആരംഭിച്ച പര്യടനത്തിന് മുണ്ടപ്പലം, തുറക്കൽ, കൊളത്തൂർ, നീറ്റാണിമ്മൽ, ഹജ്ജ് ഹൗസ്, കുമ്മിണിപ്പാറ, മേലങ്ങാടി, ക്രോസ് റോഡ്, മുക്കൂട്, ചിറയിൽ, മേലേപറമ്പ്, ചോലമുക്ക് എന്നിവിടങ്ങളിൽ സ്വീകരണം നൽകി. തുടർന്ന് രാത്രി മുസ്ലിയാരങ്ങാടിയിൽ നിന്ന് റോഡ്ഷോയായി കോളനി റോഡ്, കൊടുക്കര, കോടങ്ങാട്, കുറുപ്പത്ത്, കൊണ്ടോട്ടി പോസ്റ്റ് ഓഫീസ്, ബസ്സ്റ്റാന്റ് എന്നിവിടങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങി കൊടിമരത്ത് സമാപിച്ചു. വഴിയോരങ്ങളിൽ എല്ലാം ഇ.ടിക്ക് അഭിവാദ്യമർപ്പിച്ച് സ്ത്രീകളും കുട്ടികളുമുൾപ്പെടെ ഒട്ടേറെപേർ തടിച്ചുകൂടി. ഡി.ജെ വാഹനം ഉൾപ്പെടെ നിരവധി വാഹനങ്ങൾ അകമ്പടിയായി. യു.ഡി.എഫ് നേതാക്കളായ കെ.കെ ആലി ബാപ്പു, പി.എ ജബ്ബാർ ഹാജി, പി.കെ.സി അബ്ദുറഹിമാൻ, പി അഹ്മദ് കബീർ, പി.വി.എ ലത്തീഫ്, എം.എ റഹീം, ദാവൂദ് കുന്നംപള്ളി, ഇ.എം ഉമ്മർ, വി.പി സിദ്ദിഖ്, യു.കെ മമ്മദിശ, ടി.കെ അബ്ദുൽ അസീസ്, സി.ടി ഫാത്തിമത്ത് സുഹറാബി, പി.ഇ അബൂബക്കർ, മഹബൂബ് കോപ്പിലാൻ, അഷ്റഫ് മടാൻ, കോട്ട വീരാൻകുട്ടി, എ മൊയ്തീൻ അലി, കെ.എ മുന്നാസ്, ഇ.എം റഷീദ്, ഫൈസൽ ആലുങ്ങൽ, കെ.പി ഫിറോസ്, കെ.ഷറഫലി, കെ. മുസ്തഫ, ആസിഫ് ആലുങ്ങൽ, കെ.എം ശുഹൈബ്, റംല കൊടവണ്ടി, എം ഉമർ കോയ, ബഷീർ കാരി, അഷ്റഫ് മാനു, കെ സഫ്വാൻ നേതൃത്വം നൽകി. ഇതോടെ കൊണ്ടോട്ടി മണ്ഡലത്തിലെ ഇ.ടിയുടെ വിജയാഘോഷ പര്യടനം പൂർത്തീകരിച്ചു.

ഇ.ടി മുഹമ്മദ് ബഷീറിന്റെ കൊണ്ടോട്ടി നഗരസഭയിൽ നടന്ന വിജയാഘോഷ പര്യടനത്തിന് കൊണ്ടോട്ടി അങ്ങാടിയിൽ നൽകിയ വരവേൽപ്

പാലാ ബ്രില്ല്യന്റിന്റെ പുതിയ സെന്റർ കോട്ടക്കലിൽ പ്രവർത്തനം ആരംഭിച്ചു

കോട്ടക്കൽ: മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷാ പരിശീലന രംഗത്ത് 40 വർഷത്തെ പ്രവർത്തനപാരമ്പര്യമുള്ള ബ്രില്ല്യന്റ് സ്റ്റഡി സെന്റർ പാലായുടെ 8-ാമത് സെന്റർ മലപ്പുറം ജില്ലയിൽ കോട്ടക്കലിൽ പ്രവർത്തനം ആരംഭിച്ചു. പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ കെ.പി.എ മജീദ് എം.എൽ.എ അധ്യക്ഷത വഹിച്ചു.

ജില്ലാകളക്ടർ വി.ആർ വിനോദ്, ജില്ലാ പോലീസ് മേധാവി എസ്. ശശിധരൻ, കോട്ടക്കൽ ആര്യവൈദ്യശാല മാനേജിംഗ് ട്രസ്റ്റി ഡോ. പി മാധവൻകുട്ടി വാരിയർ, ബ്രില്ല്യന്റ് ഡയറക്ടർമാരായ ജോർജ് തോമസ്, സ്റ്റീഫൻ ജോസഫ്, സന്തോഷ്കുമാർ ബി., ലാവർണ ട്രാൻസ്പോർട്ട് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ മുഹമ്മദ് ഷാഫി, എടരിക്കോട് പഞ്ചായത്ത് പ്രസിഡന്റ് ഫസല്ലുദീൻ തയ്യിൽ, എടരിക്കോട് ഗ്രാമ പഞ്ചായത്ത് അംഗം സുജിത പ്രഭാ എന്നിവർ സംസാരിച്ചു.

പാലാ ബ്രില്ല്യന്റ് സ്റ്റഡി സെന്ററിന്റെ കോട്ടക്കൽ സെന്റർ പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവഹിക്കുന്നു

മദ്രസാധ്യാപക ക്ഷേമനിധി: ഗുണഭോക്താക്കൾ മസ്റ്ററിങ് നടത്തണം

മലപ്പുറം: കേരള മദ്രസാധ്യാപക ക്ഷേമനിധി ബോർഡിൽ നിന്നും 2023 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ച ഗുണഭോക്താക്കൾ ജൂൺ 25 മുതൽ ആഗസ്റ്റ് 25 വരെയുള്ള കാലയളവിനുള്ളിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ബയോമെട്രിക് മസ്റ്ററിങ് നടത്തണം. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയവരും മസ്റ്ററിങ് ചെയ്യേണ്ടതാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോ ൺ: 0495 2966577, 9188230577.

വ്യക്തിഗത ആനുകൂല്യം

അലനല്ലൂർ: അലനല്ലൂർ ഗ്രാമപഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഈ മാസം 30 നകം നൽകണമെന്ന് പ്രസിഡന്റ് പി.പി സജ്ന സത്താർ അറിയിച്ചു.

ഇൻസ്ട്രക്ടർ ഒഴിവ് :അഭിമുഖം 24 ന്

പാലക്കാട്: എംപ്ലോയബിലിറ്റി സെന്റർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പാലക്കാട് എന്നിവയുടെ ആഭിമുഖ്യത്തിൽ സ്വകാര്യ ഐ.ടി.ഐയിലേക്കുള്ള ഇൻസ്ട്രക്ടർ ഒഴിവിലേക്ക് ജൂൺ 24 ന് രാവിലെ 10:30 ന് പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അഭിമുഖം നടക്കും. ബിടെക്/ഡിപ്ലോമ (മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഓട്ടോമൊബൈൽ, റഫ്രിജറേഷൻ ആൻഡ് എയർ കണ്ടിഷനിംഗ്) യോഗ്യതയുള്ള, എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്തവർക്കാണ് അവസരം. രജിസ്റ്റർ ചെയ്യാൻ താൽപര്യമുള്ളവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും, ഒറ്റ തവണ രജിസ്ട്രേഷൻ ഫീസായി 250/ രൂപയും സഹിതം പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് എത്തണമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. ഫോൺ: 0491 2505204.

പി.എസ്.സി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

പാലക്കാട്: കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലയിലെ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിൽ നഴ്സ് ജിആർ II (ആയുർവേദ) ഫസ്റ്റ് എൻസിഎ (മുസ്ലിം) തസ്തികയിൽ നിയമനത്തിനായി കാറ്റഗറി നമ്പർ 116/2023 എന്ന വിജ്ഞാപന പ്രകാരം 2024 ഫെബ്രവരി പതിനഞ്ചിന് നടത്തിയ ഒ.എം.ആർ പരീക്ഷയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതായി ജില്ലാ പി.എസ്.സി ഓഫീസർ അറിയിച്ചു.

പാലക്കാട് വാർത്തകൾ

മൂച്ചിക്കുന്ന് പാടശേഖര സമിതി അംഗം കൃഷ്ണദാസിന്റെ ഞാറ്റടി പന്നിക്കൂട്ടം നശിപ്പിച്ച നിലയിൽ

നല്ലേപ്പിള്ളിയിൽ പന്നിക്കൂട്ടം ഞാറ്റടി നശിപ്പിച്ചു

ചിറ്റൂർ: മൂച്ചിക്കുന്ന് പാടശേഖര സമിതിയിൽ ഒന്നാംവിള നെൽകൃഷിക്ക് ഞാറ്റടിതയ്യാറാക്കി കർഷകരിൽ ഭൂരിഭാഗം പേരുടെ ഞാറ്റടികളിൽ പന്നി കൂട്ടമിറങ്ങി സർവ്വനാശം വരുത്തി കൊണ്ടിരിക്കുകയാണെന്ന് കർഷകപരാതി. വിത്തിന്റെ മൂപ്പിന്റെ അടിസ്ഥാനത്തിൽ കർഷകർ ഞാറ്റടി തയ്യാറാക്കിവരുന്നത്. കഴിഞ്ഞ മൂന്നുദിവസം മുമ്പ് ഞാറ്റടി തയ്യാറാക്കി നെല്ല് മുളപൊട്ടുന്ന സമയത്താണ് പന്നി കൂട്ടമിറങ്ങി നശിപ്പിക്കുന്നത്. പന്നിയുടെ വലിയതും ഇടത്തരം പന്നികളുടെ കാലടികളുമാണ് ഞാറ്റുപാടത്തിൽ പതിഞ്ഞു കാണപ്പെടുന്നത്. പന്നിയുടെ ചവുട്ടടിയേറ്റ സ്ഥലത്ത് നെൽവിത്ത് ഒരടിയോളം ചേറിൽ താഴ്ന്നു. ആവിത്ത് മുളച്ചാലും അത് വലിച്ചെടുക്കാൻ പണി മുന്നിരട്ടി വർധിക്കും. വലിയ പന്നിയായതുകൊണ്ട് ചവുട്ടടിയിൽ വെള്ളം കെട്ടിനിൽക്കും. മഴ പെയ്തു തുടങ്ങിയാൽ ഞാറു പാകാനും പറ്റില്ലെന്നതും കർഷകരെ നിരാശപ്പെടുത്തുകയാണ്.

പുഴക്കരയിൽ കുഴഞ്ഞ് വീണയാളെ ആശുപത്രിയിലെത്തിച്ചു

മണ്ണാർക്കാട്: പുഴയിൽ കുളിക്കുന്നതിനിടെ ശാരീരികാസ്വാസ്ഥ്യം അനുഭവപ്പെട്ട് മറുകരയിൽ കുഴഞ്ഞുവീണയാളെ നാട്ടുകാരും ആംബുലൻസ് പ്രവർത്തകരും ചേർന്ന് ആശുപത്രിയിലെത്തിച്ചു. മണ്ണാർക്കാട് തോരാപുരം സ്വദേശി പഴനിസ്വാമി (68) ആണ് കുഴഞ്ഞുവീണത്. ഇന്നലെ രാവിലെ ഏഴ് മണിയോടെ കുന്തിപ്പുഴയിലെ ആറാട്ടുകടവിലാണ് സംഭവം. ദിവസവും ഇവിടെ കുളിക്കാൻ വരുന്ന ശീലമുണ്ട് ഇദ്ദേഹത്തിന്. കടവിന്റെ മറുഭാഗത്തുള്ള പുൽതിട്ടയിൽ കുഴഞ്ഞുവീണ നിലയിൽ ഇദ്ദേഹത്തെ കടവിലെത്തിയവർ കാണുകയായിരുന്നു. ഉടൻ നാട്ടുകാർ നന്മ അംബുലൻസ് പ്രവർത്തകരെ വിവരം അറിയിക്കുകയായിരുന്നു. തുടർന്ന് ആംബുലൻസ് ജീവനക്കാരും പ്രദേശവാസികളായ ഏതാനുംപേരും പുഴമുറിച്ചുകടന്നെത്തി സ്ട്രെച്ചറിൽ കിടത്തി താങ്ങികൊണ്ടുവരികയായിരുന്നു. താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച ശേഷം വിദഗ്ധ ചികിത്സക്കായി പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ദേശീയ പാതയിൽ കാർയാത്രക്കാരെ ആക്രമിച്ച സംഭവം

മൂന്ന് പ്രതികൾ കൂടി പിടിയിൽ

ഇരുപതിലേറെ പേരുള്ള സംഘത്തിൽ അറസ്റ്റിലായത് എട്ടു പേർ

പാലക്കാട്: സേലം-കൊച്ചി ദേശീയപാതയിൽ മലയാളി കാർയാത്രക്കാരെ ആക്രമിച്ച് കവർച്ച നടത്താൻ ശ്രമിച്ച കേസിൽ മൂന്നുപേർ കൂടി പിടിയിൽ. മലമ്പുഴ കാഞ്ഞിരംകടവ് സ്വദേശി ജിനു (31), പാലക്കാട് അംബികാപുരം ജിജീഷ് (32), പാലക്കാട് കുന്നത്തൂർ മേട് ചിറക്കാട് വീട്ടിൽ നന്ദകുമാർ(31) എന്നിവരെയാണ് കസബ പൊലീസിന്റെ നേതൃത്വത്തിൽ പിടികൂടിയത്. ഇതോടെ അറസ്റ്റിലായവരുടെ എണ്ണം എട്ടായി.

ജിനു, നന്ദകുമാർ, ജിജീഷ്

കഴിഞ്ഞ വെള്ളിയാഴ്ചയാണ് മധുക്കര എൽ.ആന്റ് ടി ബൈപ്പാസിനു സമീപം പുലർച്ചെ രണ്ടരയോടെ കാർയാത്രക്കാർക്ക് നേരെ ആക്രമണം ഉണ്ടായത്. കുഴൽപ്പണവുമായി വരുന്നവരെന്ന് തെറ്റിദ്ധരിച്ചാണ് എറണാകുളം പട്ടിമറ്റം സ്വദേശികളായ അസ്‌ലം സിദ്ദീഖ്, ചാൾസ് റജി, 2 സഹപ്രവർത്തകർ എന്നിവർക്ക് നേരെ ആക്രമണമുണ്ടായത്. റെഡ് സിഗ്നലിൽ വാഹനം നിർത്തിയപ്പോൾ മുഖം മൂടി ധരിച്ച അക്രമികൾ കാർ അടിച്ചു തകർത്ത് കവർച്ചാശ്രമം നടത്തിയതോടെ യുവാക്കൾ അതിവേഗം കാറോടിച്ച് രക്ഷപ്പെടുകയായിരുന്നു. അക്രമികളുടെ ദൃശ്യങ്ങൾ കാറിലെ ഡാഷ്ക്യാമറയിൽ പതിഞ്ഞിരുന്നു. എന്നാൽ പ്രതികളുടെ ആദ്യ ദൗത്യം തന്നെ പാളി. സൈനിക നടക്കം അഞ്ചുപേരെ സംഭവം നടന്ന് മണിക്കൂറുകൾക്കകം മധുക്കര പൊലീസ് പാലക്കാട് കസബ പൊലീസിന്റെ സഹായത്തോടെ പിടികൂടിയിരുന്നു. ലഹരി, അടിപിടി, മോഷണ ക്കേസുകളിൽ പ്രതികളായവർ ജയിലിൽവെച്ചാണ് പരിചയപ്പെട്ടത്. പുതിയ ഗ്യാങിന് രൂപം നൽകിയത് ജയിലിൽവെച്ചാണ്. എല്ലാവരും പുറത്തിറങ്ങിയതോടെയാണ് കവർച്ചക്ക് പദ്ധതിയിട്ടതെന്നും പ്രതികൾ മൊഴി നൽകിയിട്ടുണ്ട്. ഇരുപതിലേറെ പേർ കവർച്ച സംഘത്തിലുണ്ടെന്നാണ് പൊലീസിന് ലഭിച്ച വിവരം. മൂന്നുകാറുകൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. മറ്റൊരു കാർ കണ്ടെത്താനുള്ള ശ്രമത്തിലാണ്.

എസ്.ടി.യു ജില്ലാ പ്രവർത്തക സമിതി 26 ന്

പാലക്കാട് : എസ്.ടി.യു. ജില്ലാ പ്രവർത്തക സമിതിയുടെയും ഫെഡറേഷൻ ജില്ലാ ഭാരവാഹികളുടെയും പ്രത്യേക ക്ഷണിതാക്കളുടെയും സുപ്രധാന യോഗം 26ന് രാവിലെ 10.30ന് പാലക്കാട് ശിഹാബ് തങ്ങൾ സ്മാരക സൗധത്തിൽ ചേരും. സംസ്ഥാന നേതാക്കളായ അഡ്വ.എം. റഹ്മത്തുള്ള, കെ.പി. മുഹമ്മദ് അഷ്റഫ്, കെ.ടി കുഞ്ഞാൻ എന്നിവർ പങ്കെടുക്കും.

സ്വതന്ത്ര കർഷകസംഘം ജില്ലാ കൗൺസിൽ ജൂലൈ 3ന്

പാലക്കാട്: സ്വതന്ത്ര കർഷകസംഘത്തിന്റെ പുതിയ മെമ്പർഷിപ്പ് അടിസ്ഥാനത്തിലുള്ള ജില്ലാ കമ്മിറ്റി രൂപീകരണ കൗൺസിൽ യോഗം ജൂലൈ 3ന് രാവിലെ 11മണിക്ക് പാലക്കാട് ജില്ലാ മുസ്‌ലിം ലീഗ് ഓഫീസിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി കെ.ടി.എ ലത്തീഫ് അറിയിച്ചു. മണ്ഡലങ്ങളിൽ നിന്നുള്ള ജില്ലാ കൗൺസിലർമാരുടെ പേരും ലിസ്റ്റും വിലാസവും മെമ്പർഷിപ്പ് വിഹിതവും ഈമാസം 29നുള്ളിൽ മണ്ഡലം പ്രസിഡന്റ്, സെക്രട്ടറിമാർ ജില്ലാ ജനറൽ സെക്രട്ടറിയെ ഏൽപ്പിക്കണം.

തട്ടിക്കൊണ്ടുപോകൽ ശ്രമം ദുരൂഹത കണ്ടെത്താൻ പൊലീസ്

ഒറ്റപ്പാലം: പട്ടാപ്പകൽ കാറിലെത്തിയ സംഘം യുവാവിനെ തട്ടി കൊണ്ടു പോകാൻ ശ്രമിച്ച കേസിൽ ദുരൂഹത. സ്കോർപ്പിയോ കാറിലെത്തിയ സംഘം കടത്തികൊണ്ട് പോകാൻ ശ്രമിച്ചതിന്റെ കാരണം കണ്ടെത്താനാണ് ഒറ്റപ്പാലം പൊലീസിന്റെ നീക്കം. ഇത് വഴി സംഘത്തിലേക്ക് എത്തിപ്പെടാൻ കഴിയുമെന്നാണ് പോലീസ് വിശ്വസിക്കുന്നത്. കഴിഞ്ഞ ഒരാഴ്ചയായി കാർ ഈ ഭാഗത്ത് കറങ്ങിക്കൊണ്ടിരുന്നതായി പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്. അമ്പലപ്പാറ പുളിയങ്കാവ് റോഡ് പൊട്ടച്ചിറ സന്തോഷ് കുമാറി(43)നെ സ്കോർപ്പിയോ കാറിലെത്തിയ സംഘം തട്ടികൊണ്ട് പോകാൻ ശ്രമിച്ച കേസിലാണ് ഊർജിതമായ അന്വേഷണം. തട്ടിക്കൊണ്ടുപോകൽ ശ്രമം നടന്നിട്ടുണ്ടെന്ന് ഉറപ്പിച്ച പൊലീസ് വാഹനത്തെയും പ്രതികളെയും കണ്ടെത്താൻ അന്വേഷണം ഊർജിതമാക്കി. പരാതിക്കാരന്റെ വിശദമായ മൊഴിയെടുത്തെങ്കിലും കാര്യമായ സൂചനകളൊന്നും ലഭിച്ചിട്ടില്ല. കഴിഞ്ഞ ദിവസം രാവിലെ എട്ടേമുക്കാലോടെ സന്തോഷ്കുമാറിന്റെ വീടിന് സമീപമായിരുന്നു സംഭവം. വീട്ടിൽ നിന്ന് ചുനങ്ങാട് തിരുണ്ടിക്കലിലെ സ്ഥാപനത്തിലേക്ക് സ്കൂട്ടറിൽ പോകുന്നതിനിടെയാണ് വെള്ള സ്കോർപിയോയിൽ കാത്തുനിന്ന സംഘം തടഞ്ഞു നിർത്തി തട്ടികൊണ്ട് പോകാൻ ശ്രമിച്ചത്. മർദിച്ചു ബലമായി കാറിലേക്കു തള്ളി കയറ്റാനായിരുന്നു ശ്രമം. പിടിവലിക്കിടെ കയ്യിലും മുഖത്തും മർദനമേറ്റ സന്തോഷ് കുമാർ നിലവിളിച്ച് സമീപത്തെ വീട്ടിലേക്ക് ഓടി കയറി രക്ഷപ്പെടുകയുമായിരുന്നു. കാർ ഉടൻ അതിവേഗം ഒറ്റപ്പാലം ഭാഗത്തേക്കാണ് കടന്നുകളഞ്ഞത്. കാറിന്റെ നിരീക്ഷണ ക്യാമറ ദൃശ്യങ്ങൾ പൊലീസിന് ലഭിച്ചിട്ടുണ്ടെങ്കിലും റജിട്രേഷൻ നമ്പർ വ്യക്തമാകാത്തതാണു വെല്ലുവിളി.

സർവ്വശ്രീ മോൾക്കൊരു കൈ സഹായം: ചികിത്സാ സഹായ കമ്മിറ്റി രൂപീകരിച്ചു

ചെർപ്പുളശ്ശേരി: രക്താർബുദം ബാധിച്ച ഏഴുവയസ്സുകാരി സുമനസ്സുകളുടെ സഹായം തേടുന്നു. മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് വേണ്ടി 50 ലക്ഷം രൂപയോളം ചെലവ് വരും. മകൾ സർവശ്രീയുടെ ചികിത്സക്കുള്ള ഈ തുക കണ്ടെത്താനാവാതെ പ്രയാസപ്പെടുകയാണ് കരുമാനാംകുറുശ്ശി അലിക്കൽ വീട്ടിൽ വിജയൻ- സുമ ദമ്പതികൾ. കോഴിക്കോട് മൈത്ര ഹോസ്പിറ്റലിൽ ഒരുവർഷത്തോളമായി ചികിത്സയിലായിരുന്നു. രോഗം വീണ്ടും മൂർച്ഛിച്ചപ്പോൾ ഡോക്ടറെ സമീപിച്ചെങ്കിലും ഇനി മജ്ജ മാറ്റിവക്കൽ മാത്രമാണ് പോംവഴിയെന്ന് ഡോക്ടർമാർ നിർദേശിക്കുകയായിരുന്നു. നിത്യവൃത്തിക്ക് പോലും പ്രയാസപ്പെടുന്ന ഉള്ളതെല്ലാം വിറ്റ് പെറുക്കിയാണ് ഇത്രകാലം ചികിത്സ നടത്തിയത്. മജ്ജ മാറ്റിവക്കൽ ഓപ്പറേഷൻ അടിയന്തിരമായി നടത്തണമെന്നാണ് വിദഗ്ധ അഭിപ്രായം. ഇതിന് നാട്ടുകാർ ഒത്തുകൂടി സർവ്വശ്രീ ചികിത്സാ സഹായ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. വിവിധ സ്കാഡുകളായി തിരിച്ച് നാട്ടുകാരെ സമീപിച്ച് പണം സ്വരൂപിക്കാനാണ് ശ്രമമെന്ന് ചികിത്സാ സഹായ നിധി കമ്മിറ്റി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു .നഗരസഭാ ചെയർമാൻ പി. രാമചന്ദ്രൻ, എം.ആർ രാജേഷ്. നിർമ്മല, കമലം, ജയകൃഷ്ണൻ പങ്കെടുത്തു

ഭാരതപ്പുഴയിൽ കന്നുകാലികൾ കൂട്ടത്തോടെ ചത്തുപൊങ്ങി

പാലക്കാട്: ഭാരതപ്പുഴയിൽ കന്നുകാലികൾ കൂട്ടത്തോടെ ചത്തുപൊങ്ങി. പട്ടാമ്പി മുതൽ തൃത്താല വെള്ളിയാങ്കല്ല് വരെയുമുള്ള ഭാഗത്താണ് സംഭവം. പാവറട്ടി കുടിവെള്ള സംഭരണിയിലാണ് കന്നുകാലികൾ ചത്തുപൊങ്ങിയത്. ഇതോടെ ആശങ്കയിലാണ് ജനങ്ങൾ. ഏഴ് ജഡങ്ങളാണ് ഇതുവരെ കണ്ടെത്തിയത്. അസഹ്യമായ ദുർഗന്ധം വമിച്ചതിനെ തുടർന്ന് നാട്ടുകാർ നടത്തിയ പരിശോധനയിലാണ് പുഴയിൽ കന്നുകാലികളുടെ ജഡം കണ്ടത്. ദിവസങ്ങളോളം പഴക്കമുള്ളതും പുഴുവരിച്ച നിലയിലുമാണ് ജഡങ്ങൾ. ഇവിടെ നിന്നും കുടിവെള്ള വിതരണം നിർത്തി വെക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. ഭാരതപ്പുഴയുടെ തീരങ്ങളിൽ കന്നുകാലികളെ മേയാൻ വിടുന്നത് പതിവ് കാഴ്ചയാണ്. എന്നാൽ മഴയിൽ ജലനിരപ്പ് കൂടുമ്പോൾ പുഴയുടെ മധ്യഭാഗങ്ങളിൽ ഇവ കുടങ്ങി പോകുന്ന സ്ഥിതി ഇതിന് മുമ്പുണ്ടായിട്ടുണ്ട്. മേയാൻ വിടരുതെന്ന് പ്രാദേശിക ഭരണകൂടം മുന്നറിയിപ്പ് നൽകിയിട്ടുണ്ടെങ്കിലും ഇത് അധികമാരും ഗൗനിക്കാറില്ല. ഇത്തരത്തിൽ ഒഴുക്കിൽപ്പെട്ട് പോയ കന്നുകാലികളുടെ ജഡമാണ് കരക്കടിഞ്ഞതെന്നാണ് നിഗമനം.



പാവറട്ടി കുടിവെള്ള സംഭരണിയിൽ കന്നുകാലികൾ ചത്തുപൊന്തിയ നിലയിൽ

അനുമോദന യാത്ര 'മാറ്റ് 24' നാളെ

മണ്ണാർക്കാട്: ജില്ലാ പഞ്ചായത്ത് മെമ്പർ ഗഫൂർ കോൽകളത്തിലിന്റെ നേതൃത്വത്തിലുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി ഉന്നത വിജയം നേടിയ പ്രതിഭകളെ ആദരിക്കുന്നതിന് വേണ്ടിയുള്ള അനുമോദന യാത്ര മാറ്റ്-24 നാളെ രാവിലെ 8.30ന് നാട്ടുകൽ അണ്ണാംതൊടിയിൽ നിന്നാരംഭിക്കും. അഡ്വ. എൻ ഷംസുദ്ധീൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും. ഈവർഷം എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ സമ്പൂർണ എ പ്ലസ് നേടിയവിദ്യാർഥികളെയും എൽ.എസ്.എസ്, യു.എസ്.എസ്, എൻ.എം.എം.എസ് സ്കോളർഷിപ്പ് നേടിയ കുട്ടികളെയും ആദരിക്കുന്നതിന് വേണ്ടിയാണ് മണ്ണാർക്കാട് അർബൺ ഗ്രാമീൺ സൊസൈറ്റിയുടെ സഹകരണത്തോടെ ജില്ലാ പഞ്ചായത്ത് തെങ്കര ഡിവിഷൻ മെമ്പറുടെ നേതൃത്വത്തിൽ അനുമോദന യാത്ര സംഘടിപ്പിച്ചിരിക്കുന്നത്. ഡിവിഷൻ പരിധിയിലെ അഞ്ച് പഞ്ചായത്തുകളിലും പര്യടനം നടത്തുന്ന അനുമോദന യാത്രയുടെ ആദ്യ പരിപാടി രാവിലെ 8.30ന് അണ്ണാംതൊടി പഞ്ചായത്ത് ഹാളിൽ നടക്കും. കോട്ടോപ്പാടം പഞ്ചായത്ത് പരിധിയിലുള്ളവർക്ക് 10 മണിക്ക് ആര്യമ്പാവ് അരിയൂർ മദ്രസ ഹാൾ, കുമരംപുത്തൂർ പഞ്ചായത്തിലുള്ളവർക്ക് 11 മണിക്ക് വട്ടമ്പലം ഉബൈദ് ചങ്ങലീരി സ്മാരക കമ്മ്യൂണിറ്റി ഹാൾ, ഉച്ചക്ക് 12 മണിക്ക് പള്ളിക്കുന്ന് സെന്റർ, ഉച്ചക്ക് 2മണിക്ക് ചങ്ങലീരി പള്ളിപ്പടി, 3.30ന് മണലടി ചെക്ക് പോസ്റ്റ് ജങ്ഷൻ, 4.30ന് തെങ്കര സെന്റർ, വൈകീട്ട് 6.30ന് കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ ചിറക്കൽപ്പടിയിൽ സമാപിക്കും. സമാപന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബിനുമോൾ ഉദ്ഘാടനം ചെയ്യും. വിവിധ കേന്ദ്രങ്ങളിൽ ജനപ്രതിനിധികളും, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ പ്രമുഖരും പങ്കെടുക്കും.

നെല്ലിയമ്പതിയിൽ ആരോഗ്യ വകുപ്പ് ജീവനക്കാർ പരിശോധന നടത്തുന്നു

നെല്ലിയാമ്പതിയിൽ ആരോഗ്യവകുപ്പ് മിന്നൽ പരിശോധന

നെല്ലിയാമ്പതി: നെല്ലിയാമ്പതി പുലയൻപാറ, നൂറടി എന്നി സ്ഥലങ്ങളിലെ കടകളിൽ ആരോഗ്യ വകുപ്പ് മിന്നൽ പരിശോധന നടത്തി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.കെ.ആർവിദ്യയുടെ പ്രത്യേക നിർദ്ദേശ പ്രകാരമാണ് പരിശോധന നടത്തിയത്. നെല്ലിയാമ്പതി ഹെൽത്ത് ഇൻസ്പെക്ടർ ജെ. ആരോഗിയം ജോയ്സൺ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരായ അഫ്സൽ, സൈനു സണ്ണി, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ശുദിന സുരേന്ദ്രൻ എന്നിവരടങ്ങുന്ന സംഘമാണ് നെല്ലിയാമ്പതിയിൽ പുലയംപാറ, നൂറടി എന്നിവിടങ്ങളിൽ പരിശോധന നടത്തിയത്. മുന്നറിയിപ്പ് ബോർഡുകൾ വയ്ക്കാത്ത കടകളിൽ നിന്നും 600 രൂപ പിഴ ഈടാക്കി. എല്ലാ മാസവും കടകൾ, റിസോർട്ടുകൾ, മറ്റു പൊതു സ്ഥാപനങ്ങളിൽ കോട്പ മറ്റും ശുചിത്വ പരിശോധന തുടർന്നും ഉണ്ടാകുമെന്നും ഹെൽത്ത് ഇൻസ്പെക്ടർ ആരോഗിയം ജോയ്സൺ പറഞ്ഞു.

അക്ഷയ കേന്ദ്രം: ഓൺലൈൻ പരീക്ഷ

പാലക്കാട്: 2023 ലെ നോട്ടിഫിക്കേഷൻ പ്രകാരം അക്ഷയ കേന്ദ്രത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും അക്ഷയയുടെ ജില്ലാ ഓഫീസിൽ വച്ച് സർട്ടിഫിക്കറ്റ് പരിശോധന കഴിഞ്ഞിട്ടുള്ളതുമായ ഉദ്യോഗാർത്ഥികൾക്കായി ജൂൺ 28 മുതൽ 30 വരെ പരീക്ഷ നടത്തുമെന്ന് ജില്ല പ്രൊജക്ട് മാനേജർ അറിയിച്ചു. ഓൺലൈൻ പരീക്ഷക്കുള്ള ഹാൾടിക്കറ്റ് അപേക്ഷകരുടെ മെയിൽ ഐ.ഡി യിലേക്ക് അയച്ചിട്ടുണ്ട്. ഹാൾടിക്കറ്റ് ലഭ്യമാകാത്തവർ 0491 2544188, 2547820, 949563611 എന്നീ ഓഫീസ് നമ്പറുകളിൽ ബന്ധപ്പെടണമെന്ന് ജില്ലാ പ്രോജക്ട് മാനേജർ അറിയിച്ചു.

അവശ നിലയിൽ കണ്ടെത്തിയ പുലി സുഖംപ്രാപിച്ചു വരുന്നു

പാലക്കാട്: പുളിയപ്പതിയിൽ അവശനിലയിൽ കണ്ടെത്തിയ പുലി ധോണിയിൽ സുഖംപ്രാപിച്ചു വരുന്നു. കഴുത്തിലേറ്റ മുറിവ് ഭേദമാകുന്നുണ്ട്. കഴുത്ത് ഉയർത്താനും കൂടുതലായി മാംസം കഴിക്കാനും തുടങ്ങിയിട്ടുണ്ട്. വൈകാതെ ഇര പിടിക്കാൻ പാകത്തിന് പൂർണ ആരോഗ്യം വീണ്ടെടുക്കുമെന്നും അധികൃതർ വ്യക്തമാക്കി.

എട്ട് വയസ്സു പ്രായമുള്ള ആൺപുലിയെ കഴുത്തിലും കവിളിലും മുറിവേറ്റ നിലയിൽ രണ്ടാഴ്ച മുമ്പാണ് പുളിയപ്പതിയിലെ കൃഷിയിടത്തിൽ നിന്നു കണ്ടെത്തിയത്. സ്വയം എഴുന്നേറ്റ് നിൽക്കാൻ പോലുമാകാത്ത അവശനിലയിൽ കണ്ടെത്തിയ പുലിയെ ബൊമ്മിയാംപടി കൃഷ്ണ വനത്തിലും സൈലന്റ് വാലി ഐ.ബി പരിസരത്തെ പ്രത്യേക കൂട്ടിലുമായി ഒരാഴ്ച ചികിത്സ നൽകി വരുന്നതിനിടെയാണ് കൂടുതൽ പരിചരണത്തിനുവേണ്ടി ധോണി ഫോറസ്റ്റ് സ്റ്റേഷനിലേക്ക് മാറ്റിയത്. വെറ്ററിനറി സർജന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ചികിത്സ നൽകുന്നത് കൂടുതൽ ഫലപ്രദമാകുമെന്ന് പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദഗ്ധ സംഘത്തിന്റെ നിർദേശത്തെ തുടർന്നാണ് പുലിയെ ധോണിയിലേക്ക് മാറ്റിയത്. കടുവയുടേയോ കൂടുതൽ ശക്തനായ മറ്റൊരു പുലിയിൽ നിന്നോ ഉള്ള ആക്രമത്തിലായിരിക്കാം പുലിക്ക് സാരമായി പരിക്കേറ്റതെന്ന നിരീക്ഷണത്തിലാണ് വനംവകുപ്പ്. വൈകാതെ കാട്ടിലേക്ക് തന്നെ പുലിയെ തിരിച്ചുവിട്ടേക്കും.

ഗവ ഐ.ടി.ഐയിൽ പ്രവേശനം

പാലക്കാട്: മംഗലം ഗവ. ഐ.ടി.ഐയിൽ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ കീഴിൽ എസ്.എസ്.എൽ.സി, പ്ലസ്ടു യോഗ്യതകൾ ഉള്ളവർക്കായി കേന്ദ്ര സർക്കാർ അംഗീകാരമുള്ള ഒരു വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ഷിപ്പിങ് വേയർ ഹൗസ് ആന്റ് മെറ്റീരിയൽ മാനേജ്മെന്റ്, ആറു മാസത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹെൽത്ത് കെയർ മാനേജ്മെന്റ് ആന്റ് അഡ്മിനിസ്ട്രേഷൻ കോഴ്സുകളിലേക്ക് പ്രവേശനം. താൽപര്യമുള്ളവർ നേരിട്ടെത്തി പ്രവേശനം നേടേണ്ടതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ: 9447653702, 8590702683.

നാട്ടുകൽ ഐ.എൻ.ഐ.സി ഹയർസെക്കന്ററി സ്കൂളിൽ നടത്തിയ ദേശീയ യോഗ ദിനാചരണം.

കാട്ടാനയുടെ മുന്നിലകപ്പെട്ട കർഷകൻ അത്ഭുതകരമായി രക്ഷപ്പെട്ടു

മണ്ണാർക്കാട്: കൃഷിയിടത്തിലിറങ്ങിയ കാട്ടാനയുടെ മുന്നിലകപ്പെട്ട കർഷകൻ അത്ഭുതകരമായി രക്ഷപ്പെട്ടു. കരിമ്പ മരുതംകാട് മാളിയേക്കൽ ചാക്കോ ദേവസ്യ എന്ന ജോഷി (52)യാണ് രക്ഷപ്പെട്ടത്. കാട്ടാന ആക്രമിച്ചതായും പറയുന്നു. കാൽപാദത്തിലും മറ്റും പരിക്കേറ്റ ചാക്കോ തച്ചമ്പാറയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സതേടി. കഴിഞ്ഞ ദിവസം ചുള്ളിയാംകുളത്ത് വൈകിട്ട് 6.45ഓടെയായിരുന്നു സംഭവം. മുണ്ടനാട് ഭാഗത്തുള്ള കൃഷിയിടത്തിൽ നിന്നും വീട്ടിലേക്ക് വരുമ്പോഴാണ് കാട്ടാനയുടെ മുന്നിലകപ്പെടുന്നത്. ചിന്നംവിളിയോടെ കാട്ടാന പാഞ്ഞടുക്കുകയും ചവിട്ടിവീഴ്ത്തുകയുമായിരുന്നുവെന്ന് പറയുന്നു. മൺതിട്ടയിൽ നിന്നും താഴേക്ക് തെറിച്ചുവീണ ഇയാളെ കാട്ടാന പിൻകാലുകൊണ്ട് ചവിട്ടാൻ ശ്രമിച്ചെങ്കിലും ഭാഗ്യവശാൽ ആക്രമണമേറ്റില്ല. തുടർന്ന് ധൈര്യം സംഭരിച്ച് ഓടിരക്ഷപ്പെടുകയായിരുന്നുവെന്നാണ് പറയുന്നത്. ചാക്കോയുടെ കൈവശമുണ്ടായിരുന്ന ചോറ്റുപാത്രങ്ങളും മുറ്റും ആന ചവിട്ടിമെതിച്ച നിലയിൽ പിന്നീട് കണ്ടെത്തി. വിവരമറിയിച്ചപ്രകാരം വനം വകുപ്പ് ദ്രുതകർമ സേന സ്ഥലത്തെത്തി.

ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം

കണ്ണൂർ: തലശ്ശേരി, തളിപ്പറമ്പ് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാർ വ്യവസ്ഥയിൽ ഒരു വർഷകാലയളവിലേക്ക് ഉദ്യോഗാർഥികളെ നിയമിക്കുന്നു. പ്രായം: 18-35.

അംഗീകൃത സർവകലാശാല ബിരുദം, വേർഡ് പ്രോസസിംഗിൽ സർക്കാർ അംഗീകൃത കമ്പ്യൂട്ടർ കോഴ്സ്, മലയാളം, ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ്, എംഎസ് ഡബ്ല്യു യോഗ്യരായവർക്ക് മുൻഗണന, മുതിർന്ന പൗരന്മാരുടെ സംരക്ഷണ മേഖലയിൽ പ്രവൃത്തി പരിചയം അഭികാമ്യം.

ഇന്റർവ്യൂവും സർട്ടിഫിക്കറ്റ് പരിശോധനയും ജൂലൈ 10ന് രാവിലെ 10 മണിക്ക് ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ കാര്യാലയത്തിൽ നടക്കും. മലയാളം ടൈപ്പിംഗ് പ്രായോഗിക പരിശോധനയും ഉണ്ടാകും. തുടർന്ന് അസിസ്റ്റന്റ് കലക്ടറുടെ ചേംബറിൽ വാക് ഇൻ ഇന്റർവ്യൂവിന് തിരിച്ചറിയൽ രേഖ, ആധാർ, പാസ്പോർട്ട് സൈസ് ഫോട്ടോ, വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പുമായി നേരിട്ട് ഹാജരാകണം.

ചാലോട് ജംഗ്ഷനിൽ വർധിച്ചു വരുന്ന വാഹനാപകടങ്ങളിൽ ശാശ്വത പരിഹാരം ആവശ്യപ്പെട്ടും ഇതിന് കാരണമാവുന്ന അശാസ്ത്രീയ പരിഷ്കാരങ്ങൾക്കെതിരെയും ചാലോട് വികസന സമിതി നേതൃത്വത്തിൽ പിഡബ്ല്യൂഡി ഓഫീസിനു മുന്നിൽ നടന്ന ധർണ

കണ്ണൂർ വാർത്തകൾ

സംഘർഷ ഭീതിയിൽ കരിവെള്ളൂർ കുണിയൻ

ബി.ജെ.പി നേതാവിന്റെ വീട് സി.പി.എം സംഘം വളഞ്ഞു

- 106 സി.പി.എം പ്രവർത്തകർക്കെതിരെ കേസെടുത്ത് പൊലീസ്
- ബി.ജെ.പി നേതാവിന്റെ വീട്ടുവളപ്പിൽ നിന്ന് വടിവാളും ഇരുമ്പ് ദണ്ഡും പിടികൂടി

പയ്യന്നൂർ: കരിവെള്ളൂർ കുണിയനിൽ ബി.ജെ.പി നേതാവിന്റെ വീട്ടിൽ പൊതുയോഗം നടക്കവെ സംഘടിച്ചെത്തിയ സി.പി.എം പ്രവർത്തകർ വീടുവളഞ്ഞു. ആരോപണ പ്രത്യാരോപണത്തിൽ പ്രദേശത്ത് സംഘർഷ ഭീതി.

ബി.ജെ.പി മണ്ഡലം ഭാരവാഹിയുടെ വീട്ടിൽ യോഗം നടക്കവെയാണ് ആയുധ പരിശീലനം നടക്കുന്നുവെന്ന ആരോപണവുമായി ഒരു സംഘം സി.പി.എം പ്രവർത്തകർ വീട് വളഞ്ഞത്. ഇതോടെ പ്രദേശം സംഘർഷാവസ്ഥയിലായി. വിവരമറിഞ്ഞെത്തിയ പൊലീസ് സംഘം പ്രദേശത്ത് നിലയുറപ്പിക്കുകയുമായിരുന്നു.

ബി.ജെ.പി പയ്യന്നൂർ മണ്ഡലം പ്രസിഡന്റ് പനക്കിൽ ബാലകൃഷ്ണന്റെ പരാതിയിൽ 106 സി.പി.എം പ്രവർത്തകർക്കെതിരെ പയ്യന്നൂർ പൊലീസ് കേസെടുത്തിട്ടുണ്ട്. അതേസമയം ബി.ജെ.പി നേതാവിന്റെ വീട്ടുവളപ്പിൽ ചാക്കിൽ പൊതിഞ്ഞ നിലയിൽ വടിവാളും ഇരുമ്പ് ദണ്ഡും കണ്ടെത്തി. ഈ സംഭവത്തിലും പൊലീസ് കേസെടുത്തിട്ടുണ്ട്.

സി.പി.എം പ്രവർത്തകരായ കരിവെള്ളൂരിലെ സി.പി അനീഷ്, കരിവെള്ളൂർ സർവീസ് ബാങ്ക് ജീവനക്കാരനായ പ്രശോഭ്, തെക്കേ മണക്കാട്ടെ ഗിരീഷ്, കൂക്കാനത്തെ പി രമേശൻ, മാലാപ്പിലെ അരുൺ, കരിവെള്ളൂരിലെ സുരേന്ദ്രൻ എന്നിവരുൾപ്പെടെ കണ്ടാലറിയാവുന്ന 106 പേർക്കെതിരെയാണ് പയ്യന്നൂർ പൊലീസ് കേസെടുത്തത്.

സംഘർഷം ഒഴിവാക്കാൻ കരിവെള്ളൂർ കുണിയനിൽ എത്തിയ പൊലീസ് സംഘം

കരിവെള്ളൂർ കുണിയനിൽ വ്യാഴാഴ്ച് രാത്രി എട്ടോടെയാണ് ബി.ജെ.പി നേതാവിന്റെ വീട് സി.പി.എം പ്രവർത്തകർ വളഞ്ഞത്. സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി കുണിയനിലെ ബി.ജെ.പി ഭാരവാഹി കുണ്ടത്തിൽ ബാലന്റെ വീട്ടിൽ യോഗം നടക്കവെ സി.പി.എം പ്രവർത്തകർ പ്രദേശത്ത് ലഹളയുണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടെ തടഞ്ഞുവെച്ച് കൈയേറ്റം ചെയ്തുവെന്നാണ് ബി.ജെ.പിയുടെ പരാതി. യോഗം നടക്കുന്ന വീട് വളഞ്ഞ് പ്രവർത്തകരെ കൈയേറ്റം ചെയ്ത് വാഹനങ്ങൾ തകർത്തതായും പറയുന്നു.

പ്രദേശത്ത് സമാധാനാന്തരീക്ഷം തകർക്കുകയെന്ന ഗൂഢലക്ഷ്യമാണ് അക്രമത്തിന് പിന്നിലെന്നുമാണ് ബി.ജെ.പി ആവശ്യം. അതേസമയം ഇവിടെ ആയുധ പരിശീലനം നടക്കുന്നുണ്ടെന്നാണ് സി.പി.എം ആരോപണം. ആർ.എസ്.എസ് പ്രവർത്തകന്റെ വീട്ടിൽ ആയുധ പരിശീലനം നടക്കുന്നതറിഞ്ഞ് നാട്ടുകാർ സംഘടിക്കുകയായിരുന്നുവെന്നും സംഭവം പുറത്തായതിലെ ജാള്യം മറക്കാനാണ് സി.പി.എം പ്രവർത്തകർക്കെതിരെ കേസെടുത്തതെന്നും സി.പി.എം ആരോപിച്ചു.

ഇന്നലെ രാവിലെ സംഭവസ്ഥലത്തെത്തിയ ഡിവൈഎസ്പി എ ഉമേഷും സംഘവും ഒരു വടിവാളും രണ്ട് ഇരുമ്പ് ദണ്ഡും കണ്ടെത്തുകയായിരുന്നു. ആയുധങ്ങൾ പൊലീസ് കസ്റ്റഡിയിലെടുത്തു. ആയുധം കണ്ടെത്തിയതുമായി ബന്ധപ്പെട്ട് ദുരൂഹത നീക്കണമെന്നും യഥാർത്ഥ പ്രതികളെ കണ്ടെത്തണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

ആറളം ഫാമിൽ നാടൻതോക്കുമായി ചെത്ത് തൊഴിലാളികളുൾപ്പെടെ മൂന്നുപേർ പിടിയിൽ

ഇരിട്ടി: ആറളം ഫാം ബ്ലോക്ക് മൂന്നിൽ കള്ള് ചെത്ത് തൊഴിലാളികളുടെ ഷെഡിന് സമീപം നാടൻ തോക്കുമായി ചെത്ത് തൊഴിലാളികൾ ഉൾപ്പെടെ മൂന്ന് പേരെ ആറളം പൊലീസ് അറസ്റ്റ് ചെയ്തു. വിയറ്റ്നാം സ്വദേശി വിബിഷ് മാത്യു (41) കുഞ്ഞകണ്ടിപറമ്പിൽ, വീർപ്പാട് സ്വദേശി ടി.ആർ വിനോദ് (51) തേക്കുമലയിൽ, ആറളം ഫാം ബ്ലോക്ക് 12ലെ താമസക്കാരൻ പി.കെ രാജേന്ദ്രൻ (34) പാലുമ്മ എന്നിവരാണ് അറസ്റ്റിലായത്. വ്യാഴാഴ്ച വൈകുന്നേരം ഏഴോടെയാണ് സംഭവം. മണത്തണ സെക്ഷൻ ഫോറസ്റ്റ് ഓഫീസറും സംഘവും പട്രോളിംഗ് നടത്തുന്ന സമയത്ത് മൂന്ന് പ്രതികളെയും സംശയകരമായ സഹചര്യത്തിൽ കാണുകയായിരുന്നു.

ഫോറസ്റ്റ് വാഹനം കണ്ട പ്രതികൾ കയ്യിലെ തോക്ക് എറിഞ്ഞ് രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഇവരെ തടഞ്ഞുനിർത്തി ആറളം പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. പൊലീസ് പ്രതികൾ വലിച്ചെറിഞ്ഞ തോക്കും തിരയും കണ്ടെടുത്തു. പ്രതികളെ അറസ്റ്റ് ചെയ്തു. ടി.ആർ വിനോദ്, പി.കെ രാജേന്ദ്രൻ എന്നിവർ ഫാമിൽ തെങ്ങ് പാട്ടത്തിനെടുത്ത് കള്ള് ചെത്തുന്ന തൊഴിലാളികളാണ്. വിയറ്റ്നാം സ്വദേശി വിബിഷ് മാത്യുവിന്റെ വീട്ടിൽ നിന്ന് മാനിറച്ചി പിടികൂടിയ ഫോറസ്റ്റ് കേസിലെ പ്രതിയാണെന്നും നായാട്ടിന് എത്തിയ സംഘമാണ് പിടിയിലായതെന്നും പൊലീസ് പറഞ്ഞു.

ജയിലിൽ ലഹരി വിരുദ്ധ ബോധവൽക്കരണം

കണ്ണൂർ: ജില്ലാ ആരോഗ്യവകുപ്പ്, ദേശീയ ആരോഗ്യദൗത്യം, സുഭിക്ഷാ പ്ലസ്, എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, മാനസികാരോഗ്യ പദ്ധതി എന്നിവ സംയുക്തമായി അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ജില്ലാ ജയിലിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടി നടത്തി.

ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ലഹരി ഉപേക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും ജയിൽ അന്തേവാസികളിൽ അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

ജില്ലാ ടിബി ഓഫീസർ ഡോ.രജ്നാ ദിൽനാഥ് ഉദ്ഘാടനം ചെയ്തു. ജയിൽ സൂപ്രണ്ട് കെ.കെ റിനിൽ അധ്യക്ഷനായി. സൈക്യാട്രിക് സോഷ്യൽ വർക്കർ നികിത വിനോദ് ലഹരി ക്ലാസെടുത്തു.

കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി കോ-ഓർഡിനേറ്റർ ഇ പ്രസൂഭൻ, കോ-ഓപ്പ് കോളജ് അധ്യാപിക പ്രിയ, ജില്ലാ ജയിൽ വെൽഫെയർ ഓഫീസർ ആർ.കെ അമ്പിളി സംസാരിച്ചു. മൊറാഴ കോ-ഓപ്പ് കോളജ് സൈക്കോളജി വിദ്യാർഥികളുടെ ലഘു നാടകവും കലാപരിപാടികളും അരങ്ങേറി.

ജില്ലാ വികസന സമിതി യോഗം

കണ്ണൂർ: ജില്ലാ വികസന സമിതി യോഗം 29ന് രാവിലെ 11 മണിക്ക് കലക്ടറേറ്റ് ഓഡിറ്റോറിയത്തിൽ ചേരും.

മുളിയാറിൽ വീണ്ടും പുലി ഭീതി

കാസർകോട്: മുളിയാർ പഞ്ചായത്തിലെ വിവിധയിടങ്ങളിലായി പുലിയെ കണ്ടതായി നിരവധി വെളിപ്പെടുത്തിയതോടെ പുലിപ്പേടിയിൽ നാടും നാട്ടുകാരും. ഏറ്റവുമൊടുവിൽ വ്യാഴാഴ്ച രാത്രിയാണ് മുളിയാർ പഞ്ചായത്തിലെ ബാവിക്കര എട്ടാംമൈൽ റോഡരികിൽ പുലിയെ കണ്ടതായി പറയുന്നത്. ബാവിക്കര നുസ്രത്ത് നഗറിലെ ആരിഫാണ് രാത്രി ഒമ്പതര മണിയോടെ പുലിയെ കണ്ടതായി വെളിപ്പെടുത്തിയത്. കാറിൽ യാത്ര ചെയ്യുന്നതിനിടെ പുലി റോഡിനു കുറുകെ പോകുന്നത് കണ്ടുവെന്നാണ് ആരിഫ് പറയുന്നത്. ബുധനാഴ്ച രാത്രി പാണൂർ തൈര ഭാഗത്ത് പുലിയെ കണ്ടതായി ഓട്ടോ ഡ്രൈവർ ജഗേഷും വെളിപ്പെടുത്തിയിരുന്നു. ഇതിനു പിന്നാലെയാണ് ബാവിക്കര എട്ടാംമൈലിൽ പുലിയെ കണ്ടെന്ന വെളിപ്പെടുത്തൽ. ഇതോടെ പ്രദേശത്തുകാർ ഭയാശങ്കയിലാണ്. പുലിയെ കണ്ടെന്ന് പറയുന്ന ഭാഗങ്ങളിൽ വനംവകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നു. പ്രദേശത്ത് വനപാതകളായതിനാൽ വിദ്യാർഥികളടക്കം വലിയ ആശങ്കയിലാണ്.

ഇരിയണ്ണി, കുട്ടിയാനം ഭാഗങ്ങളിൽ ഇതിനുമുമ്പും പുലിയെ കണ്ടതായി വിവരമുണ്ട്. ദേലംപാടി, കാറഡുക്ക, മുളിയാർ പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിലായി നായ്ക്കൾ ഉൾപ്പടെ നിരവധി വളർത്തുമൃഗങ്ങളെ കൊന്നതായും വിവരമുണ്ട്. നാലു ദിവസം മുമ്പ് ബേപ്പ്, തോണിപ്പള്ളത്തെ ബി. നാരായണന്റെ വീട്ടിൽ നിന്നു കെട്ടിയിട്ട നായയെ കടിച്ചുകൊണ്ടു പോയതായും വിവരമുണ്ട്. വനംവകുപ്പ് അധികൃതർ നടത്തിയ പരിശോധനയിൽ പുലിയുടേതെന്ന് സംശയിക്കുന്ന കാൽപ്പാടുകൾ കണ്ടെത്തുകയും ചെയ്തിരുന്നു. പുലിയാണെന്ന് സ്ഥിരീകരിക്കുന്നതിന് സ്ഥലത്ത് നിരീക്ഷണ കാമറകൾ സ്ഥാപിച്ചിരുന്നു. എന്നാൽ ദൃശ്യങ്ങളൊന്നും പതിഞ്ഞില്ല. ഇതിനിടയിലാണ് മറ്റു രണ്ടിടങ്ങളിൽ കൂടി പുലിയെ കണ്ടതായി വെളിപ്പെടുത്തലുണ്ടാകുന്നത്. അതേസമയം, രാത്രികാലങ്ങളിൽ പട്രോളിംഗ് നടത്തുന്നുണ്ടെന്നും ഇതുവരെ പുലിയെ കാണാൻ കഴിഞ്ഞിട്ടില്ലെന്നുമാണ് വനംവകുപ്പ് ഉദ്യോഗസ്ഥരുടെ വിശദീകരണം. എന്നാൽ പുലിയെ കണ്ടതായുള്ള തുടർച്ചയായ വാർത്തകൾ പുറത്തുവരുന്ന സാഹചര്യത്തിൽ വലിയ ആശങ്കയിലാണ് നാട്ടുകാർ.

മുസ്‌ലിംലീഗ് വേദികളിലെ ആവേശം കുഞ്ഞദുകുട്ടി

കണ്ണൂർ: മുസ്‌ലിംലീഗിനെ നെഞ്ചേറ്റിയ ഒരുകാലഘട്ടത്തിന്റെ ഇതിഹാസ പുരുഷൻ കെ.സി എന്ന കെ.സി കുഞ്ഞദുകുട്ടിക്ക് വിടനൽകി പാർട്ടി അണികളും നേതാക്കളും. പ്രസ്ഥാനത്തിന് വേണ്ടി ജീവിതകാലം മുഴുവൻ ഉഴിഞ്ഞുവെച്ച ഒരു പ്രവർത്തകൻ തന്നെയായിരുന്നു കെ.സി.

തന്റെ പുഞ്ചിരിയാൽ ഗൗരവകരമായ ഏത് പ്രശ്നങ്ങളെയും സധൈര്യം നേരിട്ട് എതിരാളികളെ പോലും കൂടെനിർത്തുന്ന വ്യക്തിത്വത്തിന് ഉടമയായിരുന്നു കെ.സി.

തന്റെ സിരകളിൽ ഒഴുകുന്ന രക്തം പോലെ മുസ്‌ലിംലീഗ് പാർട്ടി അദ്ദേഹത്തിന്റെ ജീവനായിരുന്നു. ഓരോ പാർട്ടിക്കാരനെയും കൂട്ടിപ്പിടിച്ച് പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വേണ്ടിയാണ് അദ്ദേഹം പ്രവർത്തിച്ചത്.

കണ്ണൂരിലും പരിസരത്തും മുസ്‌ലിംലീഗിന്റെ ഏത് പരിപാടിയായാലും വെള്ളത്തൊപ്പിയണിഞ്ഞ് പുഞ്ചിരിതൂവും മുഖവുമായി കെ.സി മുൻനിരയിൽ തന്നെയുണ്ടാകും. പ്രതിസന്ധിഘട്ടങ്ങളിലെല്ലാം പാർട്ടിയുടെ നയപരിപാടികളിൽ ഉറച്ചുനിന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹം. ഒ.കെ മുഹമ്മദ് കുഞ്ഞി, ഇ അഹമ്മദ്, വി.കെ അബ്ദുൽ ഖാദർ മൗലവി, ബി.പി ഫാറൂഖ്, കെ സുധാകരൻ എന്നിവരുമായി ഏറെ വ്യക്തിബന്ധം പുലർത്തിയ കെ.സി എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു.

കെ.സി കുഞ്ഞദുകുട്ടിയുടെ ജനാസയിൽ അബ്ദുൽ കരീം ചേലേരി പാർട്ടി പതാക പുതപ്പിച്ചപ്പോൾ

പൊതുപരിപാടിയിൽ പി.കെ കുഞ്ഞാലിക്കുട്ടി കെ.സി കുഞ്ഞദുവിനെ ആദരിക്കുന്നു (ഫയൽ)

മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അബ്ദുൽകരീം ചേലേരിയാണ് ജനാസയിന്മേൽ ഹരിത പതാക പുതപ്പിച്ചത്. ജില്ലാ ഭാരവാഹികളായ കെ.പി താഹിർ, ബി.കെ അഹമ്മദ്, മേയർ മുസ്‌ലിഹ് മഠത്തിൽ, നേതാക്കളായ ഫാറൂഖ് വട്ടപ്പൊയിൽ, സി സമീർ, പി.സി അഹമ്മദ് കുട്ടി, എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് നസീർ പുറത്തിൽ, സി എറമുള്ളാൻ, കൊളേക്കര മുസ്തഫ, കെ സൈനുദ്ദീൻ, ഡോ.എ.എ ബഷീർ, റഷീദ്, നസീർ ചാലാട്, പി.കെ റിയാസ്, കെ.പി.എ സലീം, കെ.പി റസാഖ്, സാജിദ് വട്ടപ്പൊയിൽ, സുരേഷ് ബാബു എളയാവൂർ, പാർഥൻ ചങ്ങാട്ട്, കുട്ടികൃഷ്ണൻ എന്നിവർ വസതിയിലെത്തി അന്തിമോപചാരമർപ്പിച്ചു.

വരിക്കാരുടെ ലിസ്റ്റും തുകയും ഏറ്റുവാങ്ങാൻ 28നും 29നും ജില്ലാ ഭാരവാഹികളുടെ മണ്ഡലപര്യടനം

കണ്ണൂർ: ഈമാസം ആദ്യം ആരംഭിച്ച് 25ന് അവസാനിക്കുന്ന 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' പദ്ധതിയിൽ വരിക്കാരായവരുടെ ലിസ്റ്റും തുകയും ഏറ്റുവാങ്ങുവാൻ മുസ്‌ലിംലീഗ് ജില്ലാ ഭാരവാഹികൾ 28നും 29നും മണ്ഡലങ്ങളിൽ പര്യടനം നടത്തും.

ജില്ലാ പ്രസിഡന്റ് അബ്ദുൽകരീം ചേലേരിയുടെ നേതൃത്വത്തിൽ ട്രഷറർ മഹമൂദ് കടവത്തൂർ, കെ.എ ലത്തീഫ്, എസ് മുഹമ്മദ്, ഇബ്രാഹിം മുണ്ടേരി, അൻസാരി തില്ലങ്കേരി, എം.പി മുഹമ്മദലി, ടി.പി മുസ്തഫ, പി.കെ സുബൈർ എന്നിവർ അടങ്ങുന്ന സംഘം 28ന് രാവിലെ 10 മണിക്ക് പേരാവൂർ, മൂന്ന് മണിക്ക് മട്ടന്നൂർ, അഞ്ച് മണിക്ക് കൂത്തുപറമ്പ്, ഏഴ് മണി തലശ്ശേരി, 29ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് പയ്യന്നൂർ, നാല് മണിക്ക് കല്യാശ്ശേരി എന്നീ മണ്ഡലങ്ങളിലാണ് പര്യടനം നടത്തുക.

ജനറൽ സെക്രട്ടറി കെ.ടി സഹദുല്ലയുടെ നേതൃത്വത്തിൽ ഭാരവാഹികളായ വി.പി വമ്പൻ, കെ.പി താഹിർ, കെ.വി മുഹമ്മദലി ഹാജി, ഇബ്രാഹിംകുട്ടി തിരുവട്ടൂർ, ടി.എ തങ്ങൾ, സി.കെ മുഹമ്മദ്, മഹമൂദ് അള്ളാംകുളം, എൻ.കെ റഫീഖ്, ബി.കെ അഹമ്മദ് എന്നിവർ അടങ്ങുന്ന സംഘം 28ന് മൂന്ന് മണിക്ക് ധർമടം, 4.30ന് അഴീക്കോട്, ഏഴ് മണിക്ക് കണ്ണൂർ, 29ന് രണ്ട് മണിക്ക് തളിപ്പറമ്പ്, നാല് മണിക്ക് ഇരിക്കൂർ എന്നീ മണ്ഡലങ്ങളിലും പര്യടനം നടത്തി വരിക്കാരുടെ ലിസ്റ്റും തുകയും ഏറ്റുവാങ്ങും.

ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് ഒരു വീട്ടിൽ ഒരു ചന്ദ്രിക 2024 ജൂൺ 1 മുതൽ 25 വരെ

ചന്ദ്രികയിൽ തിളങ്ങാൻ നോർത്ത് കുപ്പം

തളിപ്പറമ്പ: 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' പദ്ധതിയിൽ നൂറ് വരിക്കാരെ ചേർത്താണ് നോർത്ത് കുപ്പം ശാഖയുടെ കുതിപ്പ്. മുസ്‌ലിംലീഗ് കമ്മിറ്റിക്ക് കീഴിൽ ചന്ദ്രിക വരിക്കാരുടെ വർധനവ് ലക്ഷ്യമാക്കി പ്രത്യേക ശിൽപശാല ചേർന്നാണ് ആദ്യഘട്ടത്തിൽ തന്നെ നോർത്ത് കുപ്പം ശാഖ പദ്ധതികൾ ആവിഷ്കരിച്ചത്.

ചന്ദ്രികയെ പുതിയ തലമുറകളിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു ശാഖാ കമ്മിറ്റി മുന്നേറ്റം. മദ്രസകളിലും കടകളിലും സ്ഥാപനങ്ങളിലും പാവപ്പെട്ടവരുടെ വീടുകളിലും സ്പോൺസർമാരുടെ സഹായത്തോടെ ചന്ദ്രിക എത്തിക്കാനുള്ള പദ്ധതികളാണ് തയാറാക്കിയത്. ഒരു വർഷ സ്കീമിനൊപ്പം അർദ്ധവാർഷിക, ത്രൈമാസ വരിക്കാരെയും ചേർത്ത് എല്ലാ മേഖലയിലും ചന്ദ്രികയുടെ സന്ദേശം എത്തിക്കാനാണ് നോർത്ത് കുപ്പം ശാഖ കമ്മിറ്റിയുടെ ശ്രമം. മുസ്‌ലിംലീഗ് കമ്മിറ്റിക്ക് കീഴിൽ സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി പ്രത്യേകം വിംഗിനെയും സജ്ജമാക്കിയിരുന്നു.

സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി 25 വരെ ശാഖാതലങ്ങളിൽ വരിക്കാരായവരുടെ ലിസ്റ്റും തുകയും 26ന് പഞ്ചായത്ത് ഭാരവാഹികളും 27ന് പഞ്ചായത്ത്-മേഖല-മുൻസിപ്പൽ തലങ്ങളിൽ നിന്ന്

മണ്ഡലം ഭാരവാഹികളും ഏറ്റുവാങ്ങണമെന്ന് ജില്ലാ പ്രസിഡന്റ് അബ്ദുൽകരീം ചേലേരിയും ജനറൽ സെക്രട്ടറി കെ.ടി സഹദുല്ലയും അറിയിച്ചു.

പാപ്പിനിശ്ശേരി

ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് പാപ്പിനിശ്ശേരി പഞ്ചായത്തല ഉദ്ഘാടനം അബുദാബി പാപ്പിനിശ്ശേരി പഞ്ചായത്ത് കെഎംസിസി ട്രഷറർ പിവി സൽമാനെ വാർഷിക വരിക്കാരനാക്കി ചേർത്ത് ചന്ദ്രിക അഴീക്കോട് മണ്ഡലം കോഓർഡിനേറ്റർ ജലാലുദ്ദീൻ അറഫാത്ത് നിർവഹിക്കുന്നു. മുസ്‌ലിംലീഗ് പഞ്ചായത്ത് പ്രസിഡന്റ് ഒ.കെ മൊയ്തീൻ, വിപി റഹീം, കെപി ഷഫീഖ് പങ്കെടുത്തു.

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' പാപ്പിനിശ്ശേരി ടൗൺ ശാഖാതല ഉദ്ഘാടനം വി.കെ റഫീഖിനെ വരിക്കാരനാക്കി എ.കെ അബ്ദുൽ ബാഖി നിർവഹിക്കുന്നു. ശാഖ പ്രസിഡന്റ് സി.എച്ച് അബ്ദുൽ സലാം, ജനറൽ സെക്രട്ടറി വി.പി ഷഹീർ, എം ഹംസക്കുട്ടി എ.കെ മുഹമ്മദ് സുറൂർ, കെ അബ്ദുൽ മജീദ്, ടി.പി മുഹമ്മദ് അഫ്റാൻ പങ്കെടുത്തു.

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' പൊക്കുണ്ട് ശാഖാതല ഉദ്ഘാടനം എ.പി അയ്യൂബിനെ വരിക്കാരനാക്കി മുസ്‌ലിംലീഗ് ശാഖാ പ്രസിഡന്റ് പി.വി മുസ്തഫ നിർവഹിക്കുന്നു. കെ.പി അബ്ദുല്ല ഹാജി, മുസ്തഫ പൂമംഗലം, യൂസഫ്, ശരീഫ് എന്നിവർ പങ്കെടുത്തു.

ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് പറമ്പായി ശാഖയിൽ ടി.പി ബാസിത്തിനെ വരിക്കാരനായി ചേർത്ത് മുസ്‌ലിം ലീഗ് വേങ്ങാട് പഞ്ചായത്ത് പ്രസിഡന്റ് സിവി ഹംസ ഹാജി ഉദ്ഘാടനം ചെയ്യുന്നു. മണ്ഡലം പ്രസിഡന്റ്കെപി മുഹമ്മദലി മാസ്റ്റർ, ജന. സെക്രട്ടറി ഷക്കീർ മൗവ്വഞ്ചേരി, അബ്ദുൽഖാദർ മാസ്റ്റർ, ടിപി മുസ്തഫ, പിസി ഉമ്മർ, മുഹമ്മദലി ഹാജി, മുനീർ പറമ്പായി പങ്കെടുത്തു.

മദ്രസാധ്യാപകർ ബയോമെട്രിക് മസ്റ്ററിംഗ് നടത്തണം

കണ്ണൂർ: കേരള മദ്രസാധ്യാപക ക്ഷേമനിധി ബോർഡിൽ നിന്ന് 2023 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ച ഗുണഭോക്താക്കൾ 25 മുതൽ ആഗസ്ത് 24 വരെ കാലയളവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ബയോമെട്രിക് മസ്റ്ററിംഗ് നടത്തണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിവയരും മസ്റ്ററിംഗ് നടത്തേണം. ഫോൺ: 0495 2966577, 9188230577

യോഗാദിനം ആചരിച്ചു

ആലക്കോട്: പഞ്ചായത്തും ആയുർവേദ ആശുപത്രിയും ചേർന്ന് നെല്ലിപ്പാറ ആയുർവേദ ആശുപത്രിയിൽ അന്താരാഷ്ട്ര യോഗാദിനം ആചരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ജോജി കന്നിക്കാട്ട് ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ എം.എ ഖലീൽ റഹ്മാൻ അധ്യക്ഷനായി. സിഡിഎസ് അംഗം മിനി സാബു, എഡിഎസ്വെ സെക്രട്ടറി ജമീല, ഡോ.സനൂപ്, രാജേഷ് സംസാരിച്ചു. ചീഫ് മെഡിക്കൽ ഓഫീസർ ഡോ. വിനോദ് കൃഷ്ണൻ നമ്പൂതിരി യോഗാദിന സന്ദേശം നൽകി. യോഗ പരിശീലകരായ സിന്ധു.ജി മേനോൻ, പ്രദീപ് യോഗാ പരിശീലനത്തിന് നേതൃത്വം നൽകി.

നാളെ വൈദ്യുതി മുടങ്ങും

കണ്ണൂർ: 110 കെവി അഴീക്കോട് സബ്സ്റ്റേഷനിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ നാളെ രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെ 110 കെവി അഴീക്കോട് സബ്സ്റ്റേഷൻ, 33 കെവി കണ്ണൂർ ടൗൺ സബ്സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് വൈദ്യുതി വിതരണം ഭാഗികമായി മുടങ്ങുമെന്ന് അഴീക്കോട് സബ്സ്റ്റേഷൻ അസി.എഞ്ചിനീയർ അറിയിച്ചു.

വൈദ്യുതി മുടങ്ങും

വേങ്ങാട്: യുണികോ, ബുഷ്റ, നമാസ് കോ, ചാത്തൻമുക്ക്, വെള്ളപന്തൽ, കുടുക്കിമെട്ട, മുദ്ര, കൈതച്ചാൽ, കമ്പിതൂൺ, അലവിപീടിക 8-3. വേങ്ങാട് തെരു ടൗൺ ഭാഗം, വേങ്ങാട് ഓഫീസ് ടൗൺ ഭാഗം 8.30-1.

ഏച്ചൂർ: കോളിന്മൂല, നവകേരള, സിദ്ദിഖ് പള്ളി, മാവിലാച്ചാൽ, ഏച്ചൂർ കോളനി, നച്ചിലോട്, നമ്പ്യാർ പീടിക, മച്ചേരി സ്കൂൾ 9-2.

അപേക്ഷ ക്ഷണിച്ചു

കണ്ണൂർ:ഗവ.ഐടിഐ-ഐഎംസി ഡിപ്ലോമ ഇൻ മൊബൈൽ ഫോൺ ടെക്നോളജി, സിസിടിവി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 9745479354.

മയ്യിൽ ഐ.ടി.എം കോളജിൽ മെഗാ ജോബ് ഫെയർ

കണ്ണൂർ: കണക്ട് കരിയർ-ടു കാമ്പസ് പ്രോഗ്രാമിന്റെ ഭാഗമായി കേരള നോളജ് ഇക്കണോമിമിഷനും മയ്യിൽ ഐ.ടി.എം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനസും ചേർന്ന് സംഘടിപ്പിച്ച മെഗാ ജോബ് ഫെയർ അസിസ്റ്റന്റ് കലക്ടർ ഗ്രദ്ധേസായ് കൃഷ്ണ ഉദ്ഘാടനം ചെയ്തു.വിവിധ മേഖലകളിലെ 25ലേറെ കമ്പനികളും 200ലധികം വിദ്യാർഥികളും പങ്കെടുത്തു. ഐ.ടി.എം ഗ്രൂപ്പ് ചെയർമാൻ കെ.കെ മുനീർ അധ്യക്ഷനായി. ലിയോ സക്കറിയ, അബ്ദുൽ ജബ്ബാർ, സജ്ന, ക്രിസ്റ്റീന സെബാസ്റ്റ്യൻ, സന്ദീപ് നന്ദകുമാർ പങ്കെടുത്തു.

ഗസ്റ്റ് അധ്യാപക നിയമനം

കണ്ണൂർ: ഗവ.ടെക്നിക്കൽ ഹൈസ്കൂളിൽ സോഷ്യൽ സയൻസ് വിഷയത്തിൽ ഹൈസ്കൂൾ അസിസ്റ്റന്റ് തസ്തിക ഒഴിവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകനെ നിയമിക്കുന്നു. പിഎസ്സി നിഷ്കർഷിച്ച യോഗ്യരായ ഉദ്യോഗാർഥികൾ യോഗ്യത, പ്രവൃത്തി പരിചയം തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി 24ന് രാവിലെ 10.30ന് ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് മുമ്പാകെ കൂടിക്കാഴ്ച്ചക്ക് ഹാജരാകണം. ഫോൺ: 9400006494, 0497 2835260.

മൊബൈൽഫോൺ ടെക്നോളജി കോഴ്സ്

കണ്ണൂർ: കെൽട്രോൺ തലശ്ശേരി നോളജ് സെന്ററിൽ പ്രൊഫഷണൽ ഡിപ്ലോമ ഇൻ മൊബൈൽ ഫോൺ ടെക്നോളജി കോഴ്സിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഫോൺ: 9847925335, 0490 2321888.

പൊതുവാർത്തകൾ

ചന്ദ്രിക അറിവിൻ തിളക്കം

കുറുമാത്തൂർ ഗവ. വൊക്കേഷണൽ ഹയർസെക്കന്ററിയിൽ

കുറുമാത്തൂർ: ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതിക്ക് തുടക്കം. പ്രിൻസിപ്പൽ പി.വി പ്രവീഷിന് ചന്ദ്രിക കൈമാറി യുഎഇ കെ.എം.സി.സി പ്രതിനിധി കെ.പി അബ്ദുല്ല ഹാജി ഉദ്ഘാടനം ചെയ്തു. മുസ്ലിംലീഗ് മണ്ഡലം സെക്രട്ടറി മുജീബ് റഹ്മാൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ ആരിഫ്, യൂത്ത് ലീഗ് മണ്ഡലം പ്രസിഡന്റ് നൗഷാദ് പുതുക്കണ്ടം, മുസ്ലിംലീഗ് ശാഖാ പ്രസിഡന്റ് സാമ അബ്ദുല്ല, ട്രഷറർ ഹബീബ് തങ്ങൾ, എം.എസ്.എഫ് പഞ്ചായത്ത് ട്രഷർ ഫഹീം റഹ്മാൻ, അധ്യാപകരായ ഒ.വി പുരുഷോത്തമൻ, ഇന്ദുമതി പങ്കെടുത്തു.

കുറുമാത്തൂർ ഗവ.വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി ഉദ്ഘാടനം കെ.പി അബ്ദുല്ല ഹാജി നിർവഹിക്കുന്നു

ചന്ദ്രിക അറിവിൻ തിളക്കം

പൊതുവാച്ചേരി സെൻട്രൽ യുപി സ്കൂളിൽ

പൊതുവാച്ചേരി: സെൻട്രൽ യുപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതിക്ക് തുടക്കം. വാർഡ് അംഗം എം.കെ സീനത്ത് വിദ്യാർഥികൾക്ക് ചന്ദ്രിക കൈമാറി. മുസ്ലിംലീഗ് പെരളശ്ശേരി പഞ്ചായത്ത് ജനറൽ സെക്രട്ടറി കെ.കെ അഷ്റഫ്, യൂത്ത് ലീഗ് മണ്ഡലം സെക്രട്ടറി ഡി.എൻ ഫാസിൽ, മുസ്ലിംലീഗ് വാർഡ് പ്രസിഡന്റ് ഇബ്രാഹിം കുട്ടി, പ്രധാനാധ്യാപകൻ സി.എച്ച് ജസീൽ, അധ്യാപകരായ നഫ് സിയ, അഫ് സൽ, സി.എച്ച്.എം നിയാസ് പങ്കെടുത്തു.

പൊതുവാച്ചേരി സെൻട്രൽ യുപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതിയുടെ ഭാഗമായി വാർഡ് അംഗം എം.കെ സീനത്ത് വിദ്യാർഥികൾക്ക് ചന്ദ്രിക കൈമാറുന്നു

ചന്ദ്രിക അറിവിൻ തിളക്കം

കോറളായി ജിഎൽപി സ്കൂളിൽ

കോറളായി: വായനാദിനത്തിൽ കോറളായി ജിഎൽപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതിക്ക് തുടക്കം.

സ്കൂൾ എസ്എംസി ചെയർമാൻ അസൈനാറിന് ചന്ദ്രിക കൈമാറി പി.ടി.എച്ച് അംഗം റസാഖ് ഉദ്ഘാടനം ചെയ്തു.

നിസാർ കമ്പിൽ അധ്യക്ഷനായി. മുസ്ലിംലീഗ് ശാഖ പ്രസിഡന്റ് യു.പി മജീദ്, പിടിഎ പ്രസിഡന്റ് കെ ഹസീന, അധ്യാപകരായ സുമിതി, മെഹറു, ശ്രുതി, പ്രധാനാധ്യാപിക ശ്രീജ, സദ്ദാദ് പങ്കെടുത്തു.

കോറളായി ജിഎൽപി സ്കൂളിൽ ചന്ദ്രിക അറിവിൻ തിളക്കം പദ്ധതി പി.ടി.എച്ച് അംഗം റസാഖ് ഉദ്ഘാടനം ചെയ്യുന്നു

അഗ്നിശമന രക്ഷാ സേനയുടെ കീഴിലുള്ള സിവിൽ ഡിഫൻസ് ടീം സംഘടിപ്പിച്ച മഴക്കാലത്ത് വർധിച്ച് വരുന്ന വാഹനാപകടങ്ങൾക്കെതിരായ ബോധവൽക്കരണത്തിന്റെ ഭാഗമായുള്ള ലഘുലേഖ വിതരണം

മഴക്കാല റോഡപകടം കുറക്കാൻ ബോധവൽക്കരണം

കണ്ണൂർ: റോഡപകടങ്ങൾ കൂടുന്ന മഴക്കാലത്ത് പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും മോട്ടോർ വാഹന വകുപ്പ്, ഫയർ ആന്റ് റെസ്ക്യൂ സർവീസ് സിവിൽ ഡിഫൻസ് കണ്ണൂർ യൂണിറ്റ് ബോധവൽക്കരണം.

പഴയ ബസ്സ്റ്റാന്റ് പരിസരത്ത് ജില്ലാ ഫയർ ഓഫീസർ എസ്.കെ ബിജുമോൻ ഉദ്ഘാടനം ചെയ്തു.

അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കെ പുരുഷോത്തമൻ അധ്യക്ഷനായി.

കണ്ണൂർ ജോയിന്റ് ആർടിഒ റെജി കുര്യാക്കോസ്, കണ്ണൂർ ഡിഎഫ്ഒ ബിജുമോൻ, ജെ ആർടിഒ റെജി കുര്യാക്കോസ്, പ്രസ് ക്ലബ്ബ് സെക്രട്ടറി കെ വിജേഷ്, കണ്ണൂർ അഗ്നിരക്ഷാ നിലയം സ്റ്റേഷൻ ഓഫീസർ ടി അജയൻ, ഗ്രേഡ് എഎസ്ടി ഒ.എ കുഞ്ഞിക്കണ്ണൻ, സിവിൽ ഡിഫൻസ് വളണ്ടിയർ കെ.ബി.ആർ ജോയ് പങ്കെടുത്തു.

സിവിൽ ഡിഫൻസ് കണ്ണൂർ യൂണിറ്റിന്റെ ഭാഗമായി 18 തവണ രക്തദാനം ചെയ്ത കെ.പി ബിന്ദു, 13 തവണ രക്തദാനം ചെയ്ത കെ.വി രാഹുൽ എന്നിവരെ ആദരിച്ചു.

അധികാരികളെയുണർത്തി IMPACT ചന്ദ്രിക

അടച്ചു, കീറിയ ഭാഗങ്ങൾ

ആശ്വസിക്കാം,അപകടക്കെണി ഒഴിവായതിൽ

സ്വന്തം ലേഖകൻ
കണ്ണൂർ

കീറിമുറിച്ച റോഡ് പൂർവ സ്ഥിതിയിലാക്കാതെ പണി തീർത്ത് പോയവർ വീണ്ടുമെത്തി സിമന്റിട്ട് നിരപ്പാക്കി, അധികാരികളുടെ ശ്രദ്ധയിൽ അപകടക്കെണി കാണിച്ച 'ചന്ദ്രിക' വാർത്തയ്ക്ക് പിന്നാലെ മണിക്കൂറുകൾക്കകം.

കണ്ണൂർ പ്രസ്ക്ലബ്ബ് റോഡിൽ ഫുട്ബോൾ ഫ്രണ്ട് കോച്ചിംഗ് കേമ്പിന് മുന്നിൽ കുടിവെള്ള പൈപ്പിടാൻ വാട്ടർ അതോറിറ്റിക്കുവേണ്ടി കീറിയ റോഡാണ് ഇന്നലെ വൈകുന്നേരത്തോടെ പൂർവ സ്ഥിതിയിലാക്കി ഗതാഗതയോഗ്യമാക്കിയത്.

കുടിവെള്ള പൈപ്പിടാൻ കീറിയിടത്ത് അപകടം പതിയിരിക്കുന്ന കാഴ്ച ചിത്ര സഹിതം ചന്ദ്രിക വാർത്ത നൽകിയതിന് പിന്നാലെയാണ് നടപടി.

ചന്ദ്രിക വാർത്തയ്ക്ക് പിന്നാലെ നഗരത്തിൽ കുടിവെള്ള പൈപ്പിടാൻ റോഡ് മുറിച്ചിടത്തെ ഭാഗം സിമന്റിട്ട് പൂർവ സ്ഥിതിയിലാക്കിയപ്പോൾ

ചന്ദ്രിക
പൈപ്പിടാൻ കീറി അവരങ്ങ് പോയി
റോഡിൽ പൊലിയും ജീവനെ ഓർക്കാതെ

കുടിവെള്ള പൈപ്പിട്ട് റോഡിലെ കീറിയ ഭാഗം പഴയതുപോലെ മൂടാത്തതിനാൽ ഇരുചക്ര വാഹനങ്ങൾക്ക് ഉൾപ്പെടെ കടന്നുപോകാൻ പ്രയാസം സൃഷ്ടിച്ചിരുന്നു. പൈപ്പിട്ട് കീറിയ ഭാഗങ്ങൾ പൂർണമായും അടക്കാത്തത് അപകട ഭീഷണിയുയർത്തിയതോടെയാണ് അധികാരികളുടെ ശ്രദ്ധയിലെത്തിച്ചത്.

ജലവിതരണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിക്ക് വേണ്ടി രണ്ട് ഭാഗങ്ങളിലും കീറിമുറിച്ച് പൈപ്പിട്ടതിന് ശേഷം പേരിന് മാത്രം കുഴിയടച്ച് പോകുകയായിരുന്നു പ്രവൃത്തി ഏറ്റെടുത്ത് നടത്തിയവർ.

പഴയ ബസ്സ്റ്റാന്റിലേക്ക് വരുന്നഭാഗത്ത് നീളത്തിലെടുത്ത കുഴി കൃത്യമായി മൂടാത്തത് അപകടക്കെണിയായി മാറുകയായിരുന്നു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്ന് പഴയ ബസ്സ്റ്റാന്റിലേക്ക് എത്തുന്ന ബസുകൾ ഉൾപ്പെടെ ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന പാതയാണിത്. കുഴിയിൽ തടഞ്ഞ് കുലുങ്ങിയാണ് വലിയ വാഹനങ്ങൾ കടന്നുപോയിരുന്നത്. ഇരുചക്ര വാഹനങ്ങളുമായെത്തുന്നവർ കുഴിയിൽ കുടുങ്ങി മുന്നോട്ടു പോകാൻ സാധിക്കാതെ പ്രയാസപ്പെടുന്ന കാഴ്ചയായിരുന്നു. റോഡിൽ കുഴിയുണ്ടെന്നറിയാതെ ഓടിയെത്തിയാൽ റോഡിലേക്ക് തെറിച്ച് വീണേക്കാവുന്ന അവസ്ഥയായിരുന്നു. തിരക്കേറിയ പാതയിൽ ഇരുചക്ര വാഹനങ്ങൾ കുഴിയിൽ തടഞ്ഞ് റോഡിൽ തെറിച്ചുവീണാൽ പിന്നാലെയെത്തുന്ന വാഹനങ്ങൾ കയറിയിറങ്ങി ജീവഹാനിയും സംഭവിച്ചേക്കാവുന്ന അവസ്ഥയായിരുന്നു.

വ്യാഴാഴ്ച രാവിലെ ഇരുചക്ര വാഹനത്തിൽ എത്തിയ യുവാവ് കുഴിയിൽ തടഞ്ഞ് വീണെങ്കിലും ഭാഗ്യത്തിനാണ് രക്ഷപ്പെട്ടത്. റോഡിൽ എന്ത് ആവശ്യത്തിനും വെട്ടിമുറിക്കേണ്ടി വന്നാൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പൂർവ സ്ഥിതിയിലാക്കണമെന്ന് അധികാരികളുടെ ശ്രദ്ധയിൽപെടുത്തുന്നതോടൊപ്പം കരാറുകാരെയും തൊഴിലാളികളെയും ഉണർത്തുന്നതായിരുന്നു ചന്ദ്രിക വാർത്ത.

പണിപൂർത്തിയാക്കി തിടുക്കത്തിൽ പോകുന്നവർ റോഡിൽ പൊലിയുന്ന ജീവനുകളെ കുറിച്ചെങ്കിലും ഓർക്കണമെന്നും ഉണർത്തിയ വാർത്തയ്ക്ക് പിന്നാലെയാണ് റോഡിലെ കീറിയ ഭാഗങ്ങൾ സിമന്റിട്ട് പൂർവ സ്ഥിതിയിലാക്കിയത്.

ശ്വാസനാളത്തിൽ കടല കുടുങ്ങി ഒന്നരവയസുകാരന് രക്ഷകരായി ആസ്റ്റർ മിംസ് വൈദ്യസംഘം

കണ്ണൂർ: ശ്വാസനാളത്തിൽ കുടുങ്ങിയ കടല നീക്കി ഗുരുതരാവസ്ഥയിലായ ഒന്നര വയസുകാരന്റെ ജീവൻ രക്ഷിച്ച് കണ്ണൂർ ആസ്റ്റർ മിംസിലെ വൈദ്യസംഘം. അരീക്കമല സ്വദേശിയായ കുഞ്ഞിന്റെ ശ്വാസനാളത്തിലാണ് കടല കുടുങ്ങിയത്.

ശ്വാസം എടുക്കാനാകാതെ കാർഡിയാക് അറസ്റ്റിന് സമാനമായ സാഹചര്യത്തിൽ കണ്ണൂർ ആസ്റ്റർ മിംസ് അത്യാഹിത വിഭാഗത്തിൽ എത്തുകയായിരുന്നു.

വെന്റിലേറ്ററിൽ പ്രവേശിപ്പിച്ചിട്ടും ഓക്സിജനും എടുക്കാനായില്ല. ഈ അവസ്ഥയിൽ അടിയന്തര പ്രാധാന്യത്തോടെ കുടുങ്ങിക്കിടക്കുന്ന കടല നീക്കൽ മാത്രമായിരുന്നു പ്രതിവിധി.

കണ്ണൂർ ആസ്റ്റർ മിംസിലെ ഇന്റർവെൻഷണൽ പൾമനോലോജി വിഭാഗം ഡോ.വിഷ്ണുവിന്റെ നേതൃത്വത്തിൽ അനസ്തെഷ്യോളജി വിഭാഗം മേധാവി ഡോ.സുപ്രിയ രഞ്ജിത്ത്, ഡോ.പ്രശാന്ത്, ഡോ. അവിനാഷ് മുരുഗൻ, ഡോ. അരുൺ തോമസ്, ഡോ.പ്രിയ, ഡോ.ജസീം അൻസാരി തുടങ്ങിയവരടങ്ങുന്ന സംഘമാണ് പീഡിയാട്രിക് ബ്രോങ്കോസ്കോപ്പി നിർവഹിച്ചത്. തൊട്ടുപിന്നാലെ കടല നീക്കം ചെയ്യുകയായിരുന്നു.

കുഞ്ഞിന്റെ ശ്വാസനാളത്തിൽ കുടുങ്ങിയ കടല

രണ്ട് ദിവസത്തെ ആശുപത്രിവാസത്തിന് ശേഷം പൂർണാരോഗ്യത്തോടെയാണ് ആശുപത്രി വിട്ടത്.

കണ്ണൂർ ആസ്റ്റർ മിംസിലെ സിഎംഎസ് ഡോ. സുപ്രിയ രഞ്ജിത്ത്, ഡിജിഎം ഓപ്പറേഷൻസ് വിവിൻ ജോർജ്, ഡോ.വിഷ്ണു.ജി കൃഷ്ണൻ, ഡോ.സുഹാസ്, ഡോ. ജിതിൻ എന്നിവർ ശ്വാസനാളത്തിൽ നിന്ന് കടല നീക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ വാർത്താസമ്മേളനത്തിൽ പങ്കുവെച്ചു.

സമസ്ത സ്ഥാപക ദിനം

ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാതല ഉദ്ഘാടനം 25ന്

കണ്ണൂർ: ഈമാസം 26ന് നടക്കുന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സ്ഥാപക ദിനത്തോടനുബന്ധിച്ച് മദ്രസകൾ കേന്ദ്രീകരിച്ച് നടക്കുന്ന ദിനാചരണ പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം 25ന് പള്ളിപ്രത്ത് നടക്കും. വൈകുന്നേരം 5.30 മുതൽ പതാക ഉയർത്തൽ, മഖ്ബറ സിയാറത്ത്, ശംസുൽ ഉലമ മൗലിദ്, പൊതുസമ്മേളനം മജ്ലിസുന്നൂർ തുടങ്ങി വിവിധ പരിപാടികൾ നടക്കും.

വർക്കിംഗ് പ്രസിഡന്റ് സത്താർ മൗലവി വളക്കൈ അധ്യക്ഷനായി. റഫീഖ് ഫൈസി ഇർഫാനി, സിദ്ദീഖ് ഫൈസി, ഇസുദ്ദീൻ നിസാമി, ശാഹുൽ ഹമീദ് തങ്ങൾ അൽ അസ്ഹരി, മൊയ്തു മൗലവി മക്കിയാട്, ഉനൈസ് അസ്അദി, അബൂബക്കർ സിദ്ദീഖ് അസ്ഹരി, ബഷീർ ദാരിമി, സൈനുൽ ആബിദ് ദാരിമി, അബ്ദുസലാം ഹനീഫി, റഷീദ് ഫൈസി, അഷ്റഫ് മൗലവി, ഇൻശാദ് മൗലവി മുണ്ടേരി, ജമീൽ അഞ്ചരക്കണ്ടി, ലത്തീഫ് എടവച്ചാൽ പങ്കെടുത്തു.

അന്താരാഷ്ട്ര ഒളിംപിക് ദിനാഘോഷത്തിന്റെ ഭാഗമായി കണ്ണൂരിൽ സെൽഫി പോയിന്റ് സമർപ്പിച്ചപ്പോൾ

ഒളിംപിക് ദിനാഘോഷം കണ്ണൂരിൽ സെൽഫി പോയിന്റ് സമർപ്പിച്ചു

കണ്ണൂർ: അന്തർദേശീയ ഒളിംപിക് ദിനത്തോടനുബന്ധിച്ച് ജില്ലാ ഒളിംപിക് അസോസിയേഷനും സ്പോർട്സ് കൗൺസിലും ചേർന്ന് കണ്ണൂരിൽ സെൽഫി പോയിന്റ് സമർപ്പിച്ചു. 23ന് നടക്കുന്ന ഒളിംപിക് അന്തർദേശീയ ദിനാഘോഷ പ്രചാരണത്തിന്റെ ഭാഗമായാണ് ജവഹർ സ്റ്റേഡിയത്തിൽ സെൽഫി പോയിന്റ് സമർപ്പിച്ചത്. വി ശിവദാസൻ എംപി ഉദ്ഘാടനം ചെയ്തു. ജില്ലാ ഒളിംപിക് അസോസിയേഷൻ പ്രസിഡന്റ് ഡോ.എൻ.കെ സൂരജ്, കൺവീനർ ഡോ.പി.കെ ജഗന്നാഥൻ, സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ഡോ.പി.പി ബിനീഷ്, സെക്രട്ടറി എൻ.വി പ്രദീപൻ, ഒളിംപിക് അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം പി.പി മുഹമ്മദലി, സെക്രട്ടറി യു.പി ഷബിൻ കുമാർ, പി മോഹനൻ, പി.പി സുധീർ, ലജിത്ത് ഗംഗൻ, സ്പോർട്സ് ഡിവിഷൻ പരിശീലകരായ സന്തോഷ് മനാട്ട്, എസ് സത്യൻ, രാജേഷ് പങ്കെടുത്തു.

അന്താരാഷ്ട്ര യോഗാദിനാചരണത്തിന്റെ ഭാഗമായി കണ്ണൂർ കലക്ടറേറ്റിൽ നടന്ന പ്രദർശനം

അന്താരാഷ്ട്ര യോഗാദിനം ആചരിച്ചു

കണ്ണൂർ: പത്താം അന്താരാഷ്ട്ര യോഗാദിന ജില്ലാതല ഉദ്ഘാടനം എഡിഎം കെ നവീൻ ബാബു നിർവഹിച്ചു. ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി.പി ഷീജ അധ്യക്ഷയായി. ഹോമിയോ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വി അബ്ദുൽസലാം, ഡെപ്യൂട്ടി ഡിഎംഒ ഡോ.കെ.സി സച്ചിൻ, നാഷണൽ ആയുഷ് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ.കെ.സി അജിത്കുമാർ, കെ.സി മഹേഷ്, കെ പ്രേമരാജൻ, ഡോ.ഓംനാഥ്, ഡോ.സ്റ്റെനി സെബാസ്റ്റ്യൻ സംസാരിച്ചു. യോഗാ ഡാൻസും യോഗാ പ്രദർശനവും നടന്നു.

വാഹനം ആവശ്യമുണ്ട്

തൃശൂർ:ജില്ലാ പ്രൊബേഷൻ ഓഫീസിലേക്ക് ടാക്സി പെർമിറ്റുള്ള ഏഴ് വർഷത്തിൽ കുറവ് പഴക്കമുള്ള വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാക്കാൻ താൽപര്യമുള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ദർഘാസ് ക്ഷണിച്ചു. നിരതദ്രവ്യം 2700 രൂപ. ജൂലൈ 10 വൈകിട്ട് മൂന്നുവരെ ജില്ലാ പ്രൊബേഷൻ ഓഫീസിൽ ദർഘാസ് സ്വീകരിക്കും. ഫോൺ: 0487 2363999.

കാട്ടാനകളിറങ്ങി; വ്യാപക കൃഷി നാശം

തൃശൂർ : മാടക്കത്തറ പഞ്ചായത്തിലെ കട്ടില പൂവ്വം വാരികുളത്ത് കാട്ടാനകളിറങ്ങി വ്യാപക കൃഷി നാശം വരുത്തി. കഴിഞ്ഞ ദിവസം രാത്രി ജനവാസി മേഖലയിൽ കാട്ടാനയിറങ്ങി ഭീതി പരത്തിയത്. വാഴകൾ, തെങ്ങുതൈകൾ, മറ്റ് ഫലവൃക്ഷങ്ങൾ എന്നിവയെല്ലാം നശിപ്പിച്ചിട്ടുണ്ട്. കൊരണ്ടി പുള്ളിയിൽ ഷാജിയുടെ പറമ്പിലെ മൂന്നൂറോളം കുലച്ച നേന്ത്രവാഴകളാണ് നശിപ്പിച്ചത്. പ്രദേശത്ത് കാട്ടാന ശല്യം ഉണ്ടാകാറില്ലെന്ന് നാട്ടുകാർ പറയുന്നു. വീടുകകളുടെ മുറ്റത്ത് വരെ ആനകൾ എത്തിയതായി പറയുന്നു. ഇന്നലെ രാവിലെ വനപാലകർ സ്ഥലത്ത് എത്തിയിരുന്നു. കൃഷി നാശം സംഭവിച്ചവർ നഷ്ടപരിഹാരം നൽകണമെന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു. കുതിരാൻ പാത തുറന്നതോടെ നിരവധി ആനകളാണ് മച്ചാട് വനമേഖലിലേക്ക് പ്രവേശിച്ചിട്ടുള്ളത്. വാഴാനി ഡാം പരിസരത്ത് ഉൾപ്പടെ തെക്കുംകര പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കാട്ടാന ശല്യം രൂക്ഷമാണ്.

കമ്മ്യൂണിറ്റി നഴ്സ്

ഒല്ലൂർ: സാമൂഹികരോഗ്യ കേന്ദ്രത്തിലെ പാലിയേറ്റിവ് പരിചരണ വിഭാഗത്തിലേക്ക് (പ്രൈമറി തലം) താത്കാലികമായി കമ്മ്യൂണിറ്റി നഴ്സുമാരെ നിയമിക്കുന്നു. യോഗ്യത- ഓക്സിലറി നഴ്സിങ് ആൻഡ് മിഡ് വൈഫറി കോഴ്സ് (എ.എൻ.എം)/ ജനറൽ നഴ്സിങ് ആൻഡ് മിഡ് വൈഫറി കോഴ്സ് (ജി.എൻ.എം)/ബി.എസ്.സി നഴ്സിങ്, ആരോഗ്യവകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്ന മൂന്നു മാസത്തെ ബി.സി.സി.പി.എ.എൻ കോഴ്സ് അല്ലെങ്കിൽ മൂന്ന് മാസത്തെ സി.സി.സി.പി.എൻ കോഴ്സ് പൂർത്തിയാക്കണം. പ്രതിമാസ ഹോണറേറിയം 24,520 രൂപ. അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി ജൂലൈ മൂന്നിന് ഉച്ചയ്ക്ക് രണ്ടിന് ഒല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെത്തണം. ഫോൺ: 0487 2356052.

തൃശൂർ വാർത്തകൾ

അനധികൃത മത്സ്യബന്ധനം: തമിഴ്നാട് ഫൈബർവള്ളം പിടിച്ചെടുത്തു

ചാവക്കാട്: ചേറ്റുവ ട്രോളിങ് നിരോധന നിയമങ്ങൾ ലംഘിച്ച് അനധികൃത മത്സ്യ ബന്ധനം നടത്തിയ തമിഴ്നാട് രജിസ്ട്രേഷൻ ഉള്ള യാനത്തിനതിരേ കർശന നടപടിയെടുത്ത് ഫിഷറീസ് - മറൈൻ എൻഫോഴ്സ്മെന്റ് അധികൃതർ. പരമ്പരാഗത മത്സ്യതൊഴിലാളികളും,ഹാർബറിലെ വിവിധ ട്രേഡ് യൂണിയൻ തൊഴിലാളികളും നൽകിയ പരാതിയിൽ അഴീക്കോട് ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ എം.എഫ്. പോളിന്റെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘം ഹാർബറിലും അഴിമുഖത്തും നടത്തിയ പരിശോധനയിൽ കേന്ദ്ര-സംസ്ഥാന മൺസൂൺ കാല മത്സ്യ ബന്ധന നിയമങ്ങൾ ലംഘിച്ച് അനധികൃത മത്സ്യബന്ധനം നടത്തി വന്ന തമിഴ്നാട് കന്യകുമാരി ജില്ലയിൽ കുളച്ചൽ വില്ലേജിൽ വള്ളവിള സ്വദേശി സഹായലിബിൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള *ലിറ ജോ* ഫൈബർവഞ്ചി അണ്പിടിച്ചെടുത്തത്.



പിടിച്ചെടുത്ത ഫൈബർ വള്ളങ്ങൾ

പരിശോധനയും നടപടികളും കർശനമാക്കാൻ തൃശൂർ ജില്ല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ പ്രത്യേക നിർദ്ദേശം ൽകിയിരുന്നു.

ജില്ലയുടെ തെക്കേ അതിർത്തിയായ അഴീക്കോട് മുതൽ വടക്കേ അതിർത്തിയായ കാപ്രിക്കാട് വരെയുള്ള തീരക്കടലിലും ആഴക്കടലിലും നിരീക്ഷണം ശക്തമാക്കി വരവേയാണ് തമിഴ്നാട് കന്യാകുമാരി ഭാഗത്ത് നിന്ന് വന്ന ഫൈബർ വഞ്ചി ചേറ്റുവയിൽ പിടിച്ചെടുത്തത്.

കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 1980 പ്രകാരം മത്സ്യബന്ധന നിരോധന നിയമങ്ങൾ ലംഘിച്ചതിനും, ജീവൻരക്ഷാ ഉപകരണങ്ങൾ ഇല്ലാത്തതിനും, സ്രാങ്കിന് നിയമാനുസൃതം ലൈസൻസ് ഇല്ലാത്തതിനും കേസെടുത്ത് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തു. പ്രത്യേക പരിശോധന സംഘത്തിൽ മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് വിജിലൻസ് വിങ്ങ് ഉദ്യോഗസ്ഥരായ ഷൈബു വി.എം, ഷിനിൽ കുമാർ ഇ.ആർ, പ്രശാന്ത് കുമാർ വി.എൻ. എന്നിവർ നേതൃത്വം നൽകി.

സീറെസ്ക്യൂ ഗാർഡ്മാരായ പ്രമോദ്, ഷഫീക്ക്, സ്രാങ്ക് റസ്സാക്ക്, എൻജിൻ ഡ്രൈവർ റഷീദ് എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു.

ട്രോളിങ് നിരോധന സമയത്ത് ഇതര സംസ്ഥാന ബോട്ടുകൾ, വഞ്ചികൾ, വള്ളങ്ങൾ എന്നിവ ജില്ലയുടെ തീരത്ത് മീൻപിടിക്കാനോ, മീൻ ഇറക്കാനോ പാടില്ല എന്ന നിയമം പാലിക്കാത്തതിനാണ് ഫിഷറീസ് വകുപ്പ് നിയമനടപടികൾ എടുത്തത്. പിടിച്ചെടുത്ത ഫൈബർ വഞ്ചിയിലെ മത്സ്യലേലം ചെയ്ത് ലഭിച്ച 9700/ രൂപ ട്രഷറിയിൽ ഒടുക്കി. നിയമലംഘനം നടത്തിയതിന് വഞ്ചി ഉടമയ്ക്കെതിരെ തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കും.

പരിശോധന ശക്തമാക്കുമെന്നും അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്കെതിരേ നിയമ നടപടി സ്വീകരിക്കുമെന്നും തൃശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സുഗന്ധകുമാരി അറിയിച്ചു.

25 കൊല്ലത്തോളം യോഗ പരിശീലനം നൽകിയ യോഗാ പരിശീലകൻ പികെആർവാര്യർ, എൻ.ഐ.വർഗീസ് , ചെറിയാൻ എന്നിവരെ തൃശ്ശൂർ വൈഎംസിഎക്കു വേണ്ടി പ്രസിഡൻ് ജോജു മഞ്ഞില ആദരിക്കുന്നു

അന്താരാഷ്ട്ര യോഗാ ദിനം

തൃശ്ശൂർ : ബ്രഹ്മയോഗയുടേയും തൃശ്ശൂർ വൈഎംസിഎ യുടേയും നേതൃത്വത്തിൽ അന്താരാഷ്ട്ര യോഗാദിനം ആചരിച്ചു. വൈഎംസിഎ പ്രസിഡന്റ് ജോജു മഞ്ഞില യോഗം ഉദ്ഘാടനം ചെയ്തു. എൻ.ഐ. വർഗീസ് അധ്യക്ഷത വഹിച്ചു. യോഗയുടെ പ്രാധാന്യത്തെപറ്റിയും വിവിധ യോഗാസനങ്ങളെ പറ്റിയും യോഗ പരിശീലകൻ വി.കെ.ആർ വാര്യർ വിശദീകരിച്ചു. 25 കൊല്ലത്തോളം യോഗ പരിശീലനം നൽകിയ യോഗാ പരിശീലകൻ പികെആർ വാര്യർ, എൻ.ഐ.വർഗീസ്, ചെറിയാൻ എന്നിവരെ തൃശ്ശൂർ വൈഎംസിഎക്കു വേണ്ടി പ്രസിഡന്റ് ജോജു മഞ്ഞില പൊന്നാടയണിയിച്ച് ആദരിച്ചു. യോഗത്തിൽ ജോൺസൺ കാഞ്ഞിരത്തിങ്കൽ, വിൻസന്റ്, ചെറിയാൻ, ഡോ. ജസ്റ്റിൻ ജോർജ് , സജീവ് മഞ്ഞില , ജിൽസൺ ജോസ് എന്നിവർ സംസാരിച്ചു.

യോഗ ദിനാചരണം

എസ്.എൻ പുരം: അന്തർദേശീയ യോഗ ദിനത്തോടനുബന്ധിച്ച് എം.ഇ.എസ് അസ്മാബി കോളേജിലെ എൻ.സി.സി യൂണിറ്റും ഫിസിക്കൽ എജ്യുക്കേഷൻ ഡിപ്പാർട്ട്മെൻറും സംയുക്തമായി യോഗദിനം സമുചിതമായി ആഘോഷിച്ചു. എഴുപതോളം കാഡറ്റ്സ് ഇതിൽ പങ്കെടുത്തു. ക്യാപ്റ്റൻ. ബിന്ദിൽ എം.ബി. പരിപാടികൾക്ക് നേതൃത്വം നൽകി.

ലേഖന രചനാ മത്സരം; അപേക്ഷ ക്ഷണിച്ചു

തൃശൂർ: ജൂൺ 29 ന് നടക്കുന്ന ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനാചരണത്തിന്റെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ലേഖന രചനാ മത്സരം സംഘടിപ്പിക്കുന്നു. 'സ്റ്റാറ്റസ്റ്റിക്കൽ ലിറ്ററസി - എ നീഡ് ഓഫ് ടുഡേ' എന്ന വിഷയത്തിൽ സംസ്ഥാനത്തെ കേളേജുകളിൽനിന്നുള്ള ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും 'യൂസ് ഓഫ് ഡാറ്റ ഫോർ ഡിസിഷൻ മേക്കിംഗ്' എന്ന വിഷയത്തിൽ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ജീവനക്കാർക്കുമാണ് മത്സരം. ലേഖനങ്ങൾ അഞ്ച് പേജിൽ കവിയാതെ ഇംഗ്ലീഷിൽ തയ്യാറാക്കി ജൂൺ 25 ന് വൈകിട്ട് 5 നകം ലരീമേമേിേലം ങ്ങേഴാമശ ഹ.രീാ എന്ന ഇ-മെയിൽ വിലാസത്തിലോ ഡയറക്ടറേറ്റിൽ നേരിട്ടോ ലഭ്യമാക്കണം.

ലേഖനങ്ങൾ അയക്കുന്ന വിദ്യാത്ഥികളുടെ/ ജീവനക്കാരുടെ പേര്, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവയോടൊപ്പം വിദ്യാർത്ഥികൾ കോളേജിന്റെ പേരും വിലാസവും, ജീവനക്കാർ പെൻ നമ്പർ, തസ്തിക, ഓഫീസ് മേൽവിലാസം എന്നിവ കൂടി ലേഖനത്തോടൊപ്പം ഇൾപ്പെടുത്തണം. തെരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച ലേഖനത്തിന് ഉപഹാരം നൽകും. ലേഖനം വകുപ്പിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ ഇക്കോസ്റ്റാറ്റ് ന്യൂസിൽ പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 944770 8675, 9496320931.

നാട്ടിക പഞ്ചായത്തിന്റെ ദുർഭരണം; കോൺഗ്രസ് പ്രതിഷേധ ധർണ്ണ നടത്തി

തൃപ്രയാർ: നാട്ടിക പഞ്ചായത്ത് പൊതുശ്മശാന സ്ഥലത്തെ മാലിന്യ കൂമ്പാരം നീക്കം ചെയ്യുക, പ്രധാന തോടുകളും കാനകളും വൃത്തിയാക്കി വെള്ളക്കെട്ട് ഒഴിവാക്കുക, തെരുവ് വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും പ്രകാശിപ്പിക്കുക, റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നാട്ടിക ഗ്രാമപഞ്ചായത്തിന്റെ ജനദ്രോഹ ദുർഭരണത്തിനെതിരെ കോൺഗ്രസ് നാട്ടിക മണ്ഡലം കമ്മിറ്റി നാട്ടിക പഞ്ചായത്ത് ഓഫീസിന് മുമ്പിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു.ഡിസിസി ജനറൽ സെക്രട്ടറി നൗഷാദ് ആറ്റുപറമ്പത്ത് പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തു.കോൺഗ്രസ് നാട്ടിക മണ്ഡലം പ്രസിഡന്റ് പി എം സിദ്ദിഖ് അധ്യക്ഷത വച്ചു, പൊതുശ്മശാന സ്ഥലത്ത് കൂമ്പാരമായി കിടക്കുന്ന മാലിന്യം നീക്കം ചെയത് മാറാരോഗങ്ങളിൽ നിന്നും നാട്ടികയിലെ ജനങ്ങളെ രക്ഷിക്കാനും, ചുവന്ന മണ്ണിട്ട് തൂർത്ത അങ്ങാടി തോട് അടക്കമുള്ള നാട്ടികയിലെ പ്രധാന തോടുകളും കാനകളും തുറന്ന് വെള്ളം ഒഴുകി പോകുന്നതിന് ആവശ്യമായ നടപടിയെടുക്കാനും വെള്ളക്കെട്ട് ഒഴിവാക്കാനും, തെരുവ് വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും പ്രകാശിപ്പിക്കുകയും റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് സഞ്ചാരയോഗ്യമാക്കാനുമുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കണമെന്നും ഉദ്ഘാടകൻ ഡിസിസി ജനറൽ സെക്രട്ടറി നൗഷാദ് ആറ്റുപറമ്പത്ത് ആവിശ്യപ്പെട്ടു,അല്ലാത്തപക്ഷം ജനകീയ പ്രക്ഷോഭങ്ങളുമായി നാട്ടിക പഞ്ചായത്തിന് മുന്നിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും നാട്ടുകാരും ഉണ്ടാകുമെന്നും നൗഷാദ് ആറ്റുപറമ്പത്ത് കൂട്ടിച്ചേർത്തു. ഡിസിസി ജനറൽ സെക്രട്ടറി അനിൽ പുളിക്കൽ മുഖ്യപ്രഭാഷണം നടത്തി, ഡിസിസി ജനറൽ സെക്രട്ടറി വി ആർ വിജയൻ,അഡ്വ.സുനിൽ ലാലൂർ, മഹിളാ കോൺഗ്രസ് ബ്ലോക്ക് പ്രസിഡണ്ട് പി വിനു,ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ഭാരവാഹികളായ എ എൻ സിദ്ധപ്രസാദ്,സി ജി അജിത്കുമാർ,പി കെ നന്ദനൻ, ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ബിന്ദു പ്രദീപ്, സി എസ് മണികണ്ഠൻ, ശ്രീദേവി മാധവൻ, കെ വി സുകുമാരൻ എന്നിവർ സംസാരിച്ചു. മത്സ്യത്തൊഴിലാളി കോൺഗ്രസ് ജില്ലാ സെക്രട്ടറി പിസി ജയപാലൻ, മഹിളാ കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് റീന പത്മനാഭൻ, ബാബു പനക്കൽ, രഹന ബിനീഷ്,കമലശ്രീകുമാർ, പി കെ വാസവൻ,പി എം സുബ്രമുണ്യൻ, ഹേമ പ്രേമൻ, ജിജ ശിവൻ,എ എസ് പത്മപ്രഭ, കൃഷ്ണകുമാർ എരണെഴത്ത് വെങ്ങാലി,ഷെരീഫ് പാണ്ടികശാല, മണികണ്ഠൻ ഗോപുരത്തിങ്കൽ, രാജീവ് അരയംപറമ്പിൽ, സ്കന്ദരാജ് നാട്ടിക, എന്നിവർ ധർണ്ണയിൽ പങ്കെടുത്തു.

നാട്ടിക പഞ്ചായത്തിലേക്ക് കോൺഗ്രസ് നടത്തിയ പ്രതിഷേധ ധർണ്ണ ഡി.സി.സി ജനറൽ സെക്രട്ടറി നൗഷാദ് ആറ്റുപറമ്പത്ത് ഉദ്ഘാടനം ചെയ്യുന്നു

ആടുകളെ കൊന്നു തിന്നു

ചാവക്കാട്: കറുകമാട് മുൻ കടപ്പുറം പഞ്ചായത്ത് പ്രസിഡന്റ് റംല അഷ്റഫിന്റെ വീട്ടിലെ ആടുകളെയാണ് ഇന്നലെ പുലർച്ചെ കൂടുപൊളിച്ച് നായ്ക്കളും കുറുനരികളു മടങ്ങുന്ന കൂട്ടം കടിച്ചു കൊന്നത്.

നാലു ദിവസങ്ങൾക്കു മുമ്പാണ് കൂട്ടത്തിൽ ഒരു ആട് പ്രസവിച്ചത്. പുലർകാലത്ത് ബഹളം കേട്ട് വീട്ടുകാർ പുറത്തിറങ്ങിയെങ്കിലും നായ്ക്കളുടെ കൂട്ടത്തിലേക്ക് അടുക്കാനായില്ല. പിന്നീട് നായ്ക്കളെ ഓടിക്കുകയായിരുന്നു കൂടിനടുത്ത് ചെന്നു നോക്കിയപ്പോൾ ആട്ടിൻകുട്ടികളേയും വലിയ ആടുകളുടെ പകുതിയോളവും അവ തിന്നു തീർത്ത നിലയിലായിരുന്നു ഒരു ആട്ടിൻകുട്ടിയെ കാണാനില്ല.

പൂർണമായും ഭക്ഷിച്ചു കാണും. കറുകമാടും കടപ്പുറം പഞ്ചായത്തിലെ പലയിടങ്ങളിലും നായ്ക്കളുടെ ശല്യം വർദ്ധിച്ചിരിക്കുകയാണ്. ആളുകൾ പോലും ഭയാശങ്കയിലാണ്. കൂട്ടംകൂടി വരുന്ന തെരുവ് നായ്ക്കളും കുറുനെരികളും ആളുകൾക്കു നേരെയും അക്രമാശക്കരായേക്കാം



ഐ.സി.എൽ ടൂർ ആൻഡ് ട്രാവൽസിന്റെ നവീകരിച്ച ഓഫീസ് ഉദ്ഘാടനം ഐ.സി.എൽ ടൂർ ആൻഡ് ട്രാവൽസ് മാനേജിംഗ് ഡയറക്ടർ ഉമ അനിൽകുമാർ നിർവ്വഹിക്കുന്നു

ഐ.സി.എൽ ടൂർ ആൻഡ് ട്രാവൽസിന്റെ നവീകരിച്ച ഓഫീസ് ഉദ്ഘാടനം ചെയ്തു

ഇരിങ്ങാലക്കുട: മെയിൻ റോഡിൽ പ്രവർത്തിക്കുന്ന ഐ.സി.എൽ ടൂർ ആൻഡ് ട്രാവൽസിന്റെ നവീകരിച്ച ഷോറൂം ഐ.സി.എൽ ടൂർ ആൻഡ് ട്രാവൽസ് മാനേജിംഗ് ഡയറക്ടർ ഉമ അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഐ.സി.എൽ ഫിൻകോർപ് സി.എം.ഡി അഡ്വ.കെ.ജി അനിൽകുമാർ മുഖ്യാതിഥിയായിരുന്നു. ദുബായ് ആസ്ഥനമാക്കി ഐ.സി.എൽ ഫിൻകോർപ് ടൂർ ആന്റ് ട്രാവൽസ് വളർച്ചയുടെ പടവുകൾ കയറുകയാണെന്ന് ലാറ്റിൻ അമേരിക്കൻ ഗുഡ് വിൽ അംബാസിഡറും ഐ.സി.എൽ ഫിൻകോർപ് സി.എം.ഡിയുമായ അഡ്വ.കെ.ജി അനിൽകുമാർ പറഞ്ഞു. ദുബായിലെ ഏറ്റവും വലിയ ഡെസർട്ട് ക്യാമ്പുകളിലൊന്ന് ഇന്ന് ഐ.സി.എല്ലിന് സ്വന്തമാണെന്നും, ലോകത്തിലെ തന്നെ ഏറ്റവും വലിയ ദോ ക്രൂയ്സും ഐ.സി.എൽ ടൂർ ആൻഡ് ട്രാവൽസിന്റെ നേതൃത്വത്തിൽ ദുബായിയിൽ പ്രവർത്തനം ആരംഭിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഐ.സി.എൽ ഫിൻകോർപ് സി.എഫ്.ഒ കെ.മാധവൻകുട്ടി, കമ്പനി സെക്രട്ടറി ടി.വി വിശാഖ്, എ.ജി.എം(ഓപ്പറേഷൻ) കെ.രാമചന്ദ്രൻ, എ.ജി.എം (ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ്സ്) സതീശൻ കെ.പി, സീനിയർ എച്ച്.ആർ മാനേജർ സാം മാളിയേക്കൽ എന്നിവർ പങ്കെടുത്തു.

താൽക്കാലിക ഒഴിവ്

തൃശൂർ: മങ്കട ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ മണിക്കൂർ വേതനാടിസ്ഥാനത്തിൽ ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകളിലെ വിവിധ വിഷയങ്ങൾ പഠിപ്പിക്കാൻ അംഗീകൃത ഹോട്ടൽ മാനേജ്മെന്റ് ഡിഗ്രി/ ഡിപ്ലോമയും പ്രവർത്തിപരിചയം ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടാതെ ബുക്ക് കീപ്പിങ്, കമ്പ്യൂട്ടർ വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപകരുടെയും താൽക്കാലിക ഒഴിവുകളുണ്ട്. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റുകൾ സഹിതം അഭിമുഖത്തിന് ജൂൺ 27ന് രാവിലെ 10ന് ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തണം. ഫോൺ: 04933 295733.

അനിൽ മാളയെ ആദരിച്ചു

മാള: പ്രസ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നാടക സംഗീത സംവിധാനത്തിന് മൂന്നുതവണ സംസ്ഥാന അവാർഡ് നേടിയ അനിൽ മാളയെ ആദരിച്ചു.ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട രേഖ ഷാന്റി ജോസഫിന് സ്വീകരണം നൽകി. തിയോളജിയിൽ ഉന്നത വിജയം നേടിയ മാധ്യമപ്രവർത്തകൻ നജീബ് ഹിശാമി, എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം നേടിയ മുഹമ്മദ് ഫായിസ് എന്നിവർക്ക് മെമെന്റോ നൽകി അനുമോദിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് വി.എസ്. പ്രിൻസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രസ് ക്ലബ്ബ് പ്രസിഡണ്ട് ഷാന്റി ജോസഫ് തട്ടകത്ത് അധ്യക്ഷത വഹിച്ചു.കോഴിക്കോട് രൂപതാ മെത്രാൻ ബിഷപ്പ് ഡോക്ടർ വർഗീസ് ചക്കാലക്കൽ വിശിഷ്ടാതിഥിയായി സംബന്ധിച്ചു.ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഡൊമനിക്ക് ജോമോൻ ഇ പി രാജീവ് എന്നിവർ സംസാരിച്ചു സെക്രട്ടറി അബ്ദാസ് മാള സ്വാഗതവും ട്രഷറർ പി വി യശ് പാൽ നന്ദിയും പറഞ്ഞു.

നാടക സംഗീത സംവിധാനത്തിന് മൂന്നുതവണ സംസ്ഥാന അവാർഡ് നേടിയ അനിൽ മാളയെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്.പ്രിൻസ് പൊന്നാട അണിയിച്ച് ആദരിക്കുന്നു



ക്രൈസ്റ്റ് എൻജിനീയറിങ് കോളജിൽ കോഴ്സ് കംപ്ലീഷൻ സെറിമണി ഡോ. പി ആർ ഷാലിജ് ഉദ്ഘാടനം ചെയ്യുന്നു

ക്രൈസ്റ്റ് എൻജിനീയറിങ് കോളജിൽ കോഴ്സ് കംപ്ലീഷൻ സെറിമണി

ഇരിങ്ങാലക്കുട : ക്രിയാത്മകമായ ആശയങ്ങൾ മുന്നോട്ട് വയ്ക്കാൻ കഴിയുന്നവരാണ് കരിയറിൽ മുന്നേറുക എന്ന് കേരള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഡയറക്ടർ ഇൻ ചാർജ് ഡോ. പി ആർ ഷാലിജ്. ക്രൈസ്റ്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2020-24 ബാച്ചിന്റെ കോഴ്സ് കംപ്ലീഷൻ സെറിമണി ഉദ്ഘാടനം ചെയ്ത് സംസാരിക്കുക യായിരുന്നു അദ്ദേഹം. സാങ്കേതിക വിദ്യകളിലെ അതിവേഗമുള്ള മാറ്റത്തിന് ഒപ്പമെത്തണമെങ്കിൽ അനുദിനം പുതിയ അറിവുകളും നൈപുണ്യങ്ങളും ആർജിച്ചു കൊണ്ടിരിക്കേണ്ടത് അനിവാര്യമാണ്. സാമൂഹിക പ്രതിബദ്ധതയുള്ള എഞ്ചിനീയർമാരെയാണ് കാലഘട്ടം ആവശ്യപ്പെടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺ പാലിയേക്കര അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സിഎം ഐ ദേവമാതാ പ്രൊവിൻസ് വിദ്യാഭ്യാസ കൗൺസിലർ ഫാ. സന്തോഷ് മുണ്ടന്മാണി മുഖ്യ പ്രഭാഷണം നടത്തി. ഇരിങ്ങാലക്കുട ക്രൈസ്റ്റ് സ്ഥാപനങ്ങളുടെ മാനേജർ ഫാ. ജോയി പീനിക്കപറമ്പിൽ, ജോയിന്റ് ഡയറക്ടർ ഫാ. മിൽനർ പോൾ വിതയത്തിൽ,പ്രിൻസിപ്പൽ ഡോ. സജീവ് ജോൺ, വൈസ് പ്രിൻസിപ്പൽ ഡോ. വി ഡി ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. അക്കാദമിക് ഡയറക്ടർ ഡോ. മനോജ് ജോർജ് കോഴ്സ് കംപ്ളീഷൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. 2024 ൽ ബി ടെക് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകളും വിവിധ എൻഡോവ്മെന്റുകളും ചടങ്ങിൽ വിതരണം ചെയ്തു.

മാർക്കറ്റ് മിസ്റ്ററി വർക്ക്ഷോപ്പ്

തൃശൂർ: മാർക്കറ്റിംഗ് മേഖലയിൽ പ്രാവീണ്യം നേടാൻ താൽപര്യമുള്ള സംരംഭകർക്കായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് മൂന്ന് ദിവസത്തെ 'മാർക്കറ്റ് മിസ്റ്ററി ' വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. ജൂൺ 27 മുതൽ 29 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം. 2950 രൂപയാണ് ഫീസ്. താമസം ആവശ്യമില്ലാത്തവർക്ക് 1200 രൂപ. പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1800 രൂപയും താമസം കൂടാതെ 800 രൂപയുമാണ് ഫീസ്. താൽപര്യമുള്ളവർ ഓൺലൈനായി http://kied.info/trainingcalendar ലിങ്കിൽ അപേക്ഷിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. ഫോൺ: 0484 2532890, 0484 2550322, 9188922800.

പൊന്നാനി-ചാവക്കാട് ദേശീയപാത അപകടം പതിവ്

അണ്ടത്തോട്: വാഹനങ്ങളുടെ അമിതവേഗം മൂലം നിർമ്മാണം പുരോഗമിക്കുന്ന പൊന്നാനി- ചാവക്കാട് ദേശീയപാതയിൽ അപകടം പതിവാകുന്നു. ദേശീയപാതയുടെ സർവ്വീസ് റോഡിൽ നിന്ന് പ്രധാന റോഡിലേക്ക് താൽക്കാലികമായി പ്രവേശിക്കുന്ന സ്ഥലങ്ങളിലാണ് വാഹനങ്ങൾ കൂട്ടിയിടിക്കുന്നത്.വെളിയംങ്കോട് മുതൽ അണ്ടത്തോട് പെരിയമ്പലം വരെ പ്രധാന റോഡിലെ ടാറിങ്ങ് പൂർത്തിയായതോടെ വാഹനങ്ങളുടെ വേഗത കൂടി.

സർവ്വീസ് റോഡിലൂടെ വരുന്ന വാഹനങ്ങളെ അമിത വേഗത്തിൽ പോകുന്ന വാഹനങ്ങൾ ഇടിച്ചു തെറിപ്പിക്കുകയും അപകടത്തിൽ മരണങ്ങൾ വരെ സംഭവിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം പാലപ്പെട്ടി പുതിയിരുത്തിയിൽ സ്കൂട്ടർ യാത്രക്കാരൻ കാറിടിച്ചു മരിച്ചിരിന്നു. ഇങ്ങന

പ്രതിഷേധ ധർണ

ആലപ്പുഴ: കുടുംബ കോടതികളിലെയും നേഗോഷിബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രാകാരമുള്ള കേസുകളിലും നടപ്പിലാക്കുന്ന അന്യായമായ കോടതി ഫീസ് വർദ്ധനവ് സാധാരണക്കാർക്ക് കോടതികളെ സാമീപ്പിക്കാനും നീതി നേടുന്നതിനും തടസം സൃഷ്ടിക്കുമെന്ന് ബാർ കൗൺസിൽ അംഗവും ലോയേഴ്സ് കോൺഗ്രസ് സംസ്ഥാന കമ്മിറ്റി അംഗവുമായ എസ് സുദർശനകുമാർ.

ഫീസ് വർധനവിന് എതിരെ ലോയേഴ്സ് കോൺഗ്രസ് ജില്ലാ കോടതി യൂണിറ്റ് കമ്മിറ്റി നടത്തിയ പ്രധിഷേധ ധർണ ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിയമിത്തിനെതിരായ ഒപ്പുശേഖരണം ജില്ലാ പ്രസിഡന്റ് എസ് ഗോപകുമാർ ഉൽഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് കെ ജയകുമാർ അധ്യക്ഷനായി. യൂണിറ്റ് സെക്രട്ടറി പി എ സമീർ സ്വാഗതംആശംസിച്ചു. ശംസിച്ചു ഡി സി സി ജനറൽ സെക്രട്ടറി ടി എച് സലാം, യൂണിറ്റ് ഭാരവാഹികളായ പി എ എസ് അജ്മൽ, മിജി എസ് മണി, രേഷ്മ കെ കുമാർ, കെ പി ജോബി, പ്രിയ അരുൺ തുടങ്ങിയർ നേതൃത്വ നൽകി

സെക്രട്ടേറിയൽ പ്രാക്ടിസ് ഡിപ്ലോമ

ആലപ്പുഴ: കേരള സർക്കാർ സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ ആലപ്പുഴയിലുള്ള സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ദ്വിവത്സര ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടിസ് കോഴ്സിലേക്ക് 2024 2025 അധ്യയന വർഷത്തെ പ്രവേശന ആരംഭിച്ചു. എസ്.എസ്.എൽസി/തത്തുല്യ പരീക്ഷയിൽ ഉന്നത വിദ്യാഭ്യാസത്തിനു അർഹത നേടിയിട്ടുള്ളവർക്ക് അപേക്ഷിക്കാം. ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിന് ീീീ.ീിഹ്യമറാശശൈിീ്യഴ/ഴരശ എന്ന വെബ് സൈറ്റ് സന്ദർശിക്കുക. പൊതു വിഭാഗത്തിന് 100 രൂപയും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് 50 രൂപയുമാണ് അപേക്ഷാഫീസ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ ഒമ്പത്. ഫോൺ :0477223717 5, 7306319744.

ആലപ്പുഴ വാർത്തകൾ

തിരഞ്ഞെടുപ്പ് വിജയത്തിന് ശേഷമുള്ള സ്വീകരണ പരിപാടി സ്ഥലത്തെത്തിയ കുട്ടികളുമായി സെൽഫിയെടുക്കുന്ന കെ.സി.വേണുഗോപാൽ എം.പി

കെ.സിയുടെ സ്വീകരണ പരിപാടികൾക്ക് തുടക്കം

ആലപ്പുഴ: തിരഞ്ഞെടുപ്പ് വിജയത്തിന് ശേഷമുള്ള കെ.സി.വേണുഗോപാലിന്റെ സ്വീകരണ പരിപാടികൾക്ക് തുടക്കമായി. സ്വീകരണ പര്യടനത്തിന്റെ ഉദ്ഘാടനം മുതിർന്ന കോൺഗ്രസ് നേതാവ് ഡി.സുഗതൻ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ആര്യാട് പഞ്ചായത്തിൽ നിർവഹിച്ചു. എഎ ഷുക്കൂർ, ജോൺസൺ എബ്രഹാം,ബി.ബൈജു, കെ. എ ഹാമിദ് കുഞ്ഞാശാൻ, വാഴയിൽ അബ്ദുല്ല, വി. എം ഷൗക്കത്തലി, സജീർ അബൂബക്കർ തുടങ്ങിയ നേതാക്കൾ വിവിധയിടങ്ങളിൽ പങ്കെടുത്തു. മാരാരിക്കുളം,ആലപ്പുഴ നോർത്ത് ബ്ലോക്കുകളിൽ വിവിധ ഇടങ്ങളിൽ നൽകിയ സ്വീകരണം കെ.സി.വേണുഗോപാൽ ഏറ്റുവാങ്ങി. ശക്തമായ മഴയെ അവഗണിച്ചാണ് പ്രവർത്തകർ കെ.സി.വേണുഗോപാലിന് സ്വീകരണം ഒരുക്കിയത്. ഇന്ന് ആലപ്പുഴ സൗത്ത് ബ്ലോക്കിലും ഞയറാഴ്ച ചേർത്തലയിലും സ്വീകരണ പരിപാടികൾ സംഘടിപ്പിക്കും.

ആലപ്പുഴ സൗത്ത് ബ്ലോക്കിൽ വൈകുന്നേരം 3 മുതൽ കന്നിട്ട ജെട്ടിയിൽ നിന്ന് ആരംഭിച്ച് ചുങ്കപ്പാലം,വണക്കമാസ പള്ളി,എസ് എസ് കലാ മന്ദിർ,സെന്റ് ആന്റണീസ് സ്കൂളിന് സമീപം, ഏ.വി.ജെ ജംഗ്ഷൻ,സീറോ ജംഗ്ഷൻ,കല്ലുപാലം, മഠത്തിപ്പറമ്പ് വടശ്ശേരി,കൊട്ടാരപ്പാലം, താഴത്തു പറമ്പ് ക്ഷേത്രം വഴി,ആറാട്ടുകുളം വഴി ടി ഡി സ്കൂളിന് പുറകിലൂടെ നാഷണൽ ഹൈവേയിൽ എത്തും. ജുമാ മസ്ജിദ് റോഡിലൂടെ കുടുംബി കോളനി, തിരുവമ്പാടി ജംഗ്ഷൻ, പഴവീട് ജംഗ്ഷൻ,ദേവീ നഗർ,കരിങ്കുറ്റി ജംഗ്ഷൻ,കൈതവനെ എൻ എസ്എസ് കരയോഗം,കണിയാംകുളം ജംഗ്ഷൻ, മാത്തൂർ ലൈൻ റോഡ്, കോണിശ്ശേരി കോതക്കായം റോഡ്,കളർകോട്,നടക്കാവ്,കൈതവന,എൻജിഓ കോട്ടേഴ്സ് ,വലിയ ചൂട് കാട് രക്തസാക്ഷി മണ്ഡപം,അയ്യംപറമ്പ് വഴിഉപഭോക്ത കോടതി, നാരകപ്പറമ്പ്, തിരുവമ്പാടി ജംഗ്ഷൻ, പുലയൻ വഴി ജംഗ്ഷൻ, മുല്ലാത്തു വളപ്പ് മുസ്ലിം പള്ളി,കറുക ജംഗ്ഷൻ വഴി കോയാപറമ്പ് ,ഇരവുകാട് ,ചങ്ങനാശ്ശേരി മൂക്ക്,പതിയാംകുളങ്ങര , ത്രിവേണി ജംഗ്ഷൻ,കുതിരപ്പന്തി,വാടയ്ക്കൽ,മത്സ്യഗന്ധി ജംഗ്ഷൻ,വാടപ്പൊഴിപ്പാലം,ആശുപത്രി ജംഗ്ഷൻ,വെറ്റക്കാരൻ ജംഗ്ഷൻ, മുഖാംപള്ളി , വെള്ളക്കിണർ ജംഗ്ഷൻ,ഇർഷാദ് പള്ളി,ആലിശ്ശേരി,കുളമാക്കിൽ,പുതിയ മുനിസിപ്പൽ ഓഫീസ്, അമ്മൻകോവിൽ ജംഗ്ഷൻ, കലക്ട്രേറ്റ്, സക്കറിയാബസാർ,പുത്തൻ പള്ളി,വട്ടപ്പള്ളിയിൽ സമാപനം.

സാംസ്കാരിക ഉൽസവം

നെടുമ്പാശേരി: പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയായ സ്മൃതി സാംസ്കാരികോത്സവത്തിന്റെ ഭാഗമായി കവിയും കഥകളി കലാകാരനുമായ എം എൻ പാലൂരിന്റെ അനുസ്മരണ പരിപാടി ഇന്ന് രാവിലെ 10 മുതൽ പാറക്കടവ് എൻഎസ്എസ് ഓഡിറ്റോറിയത്തിൽ നടക്കും. ആധുനിക കവികളിൽ പ്രമുഖനും പാറക്കടവ് സ്വദേശിയുമായ എം എൻ പാലൂരിന്റെ അനുസ്മരണ ചടങ്ങുകൾ പാറക്കടവ് ഇഎംഎസ് സ്മാരക ലൈബ്രറിയുമായി സഹകരിച്ചാണ് സംഘടിപ്പിക്കുന്നത്. പുസ്തകപ്രദർശനം, അക്ഷരശ്ലോക സദസ്സ്, പാലൂർ കവിത പാരായണം, കവിയരങ്ങ്, പ്രഭാഷണങ്ങൾ, ആദരവുകൾ എന്നിവയുണ്ടാകും. വൈകിട്ട് അഞ്ചുമണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽ ഡോ. സുനിൽ പി ഇളയിടം പ്രഭാഷണം നടത്തും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി വി പ്രദീഷ് അധ്യക്ഷനാകും.

എംഡിഎംഎയുമായി യുവാവ് പിടിയിൽ

കൊച്ചി: അതിമാരക രാസലഹരിയായ എം.ഡി.എം.എയുമായി യുവാവ് പിടിയിൽ. മരട്, തുരുത്തി ക്ഷേത്രത്തിന് സമീപം കളരിക്കൽ വീട്ടിൽ ജോമിൻ ജോഷി(28)യെയാണ് കൊച്ചി സിറ്റി യോദ്ധാവ് സ്ക്വാഡും പാലാരിവട്ടം പൊലിസും ചേർന്ന് പിടികൂടിയത്. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പാലാരിവട്ടം, ചക്കരപ്പറമ്പ്, നെട്ടയിൽ ലെയിനിലെ അപ്പാർട്മെന്റിലെ ഫ്ളാറ്റിൽ നടത്തിയ പരിശോധനയിലാണ് പ്രതിയിൽ നിന്നും ഒരു സിപ്പ് ലോക്ക് കവറിലാക്കി സൂക്ഷിച്ചിരുന്ന 11.62 ഗ്രാം എം.ഡി.എം.എയും വിൽപന നടത്തി ലഭിച്ച 1,17,000 രൂപയും പിടിച്ചെടുത്തത്.

ഓൺലൈൻ തട്ടിപ്പിലൂടെ യുവതിയുടെ 12 ലക്ഷം കവർന്നു

നാല് യുവാക്കൾ അറസ്റ്റിൽ

ആലപ്പുഴ: ഓൺലൈൻ തട്ടിപ്പിലൂടെ യുവതിയുടെ 12 ലക്ഷം രൂപ കവർച്ച നടത്തിയ നാലു പേർ ആലപ്പുഴ നോർത്ത് പൊലിസിന്റെ പിടിയിലായി.

ആലപ്പുഴ സ്വദേശിനിയായ യുവതിയുടെ 12 ലക്ഷം രൂപ തട്ടിയെടുത്ത മലപ്പുറം പുക്കോട്ടൂർ മേനാട് കുഴിയൻ ഉമ്മർ അലി (34) , പുക്കോട്ടൂർ അറവുങ്കര ഷെമീർ അലി(34), പുക്കോട്ടൂർ വെളുത്താടി വീട് അക്ബർ(32) , കാവനൂർ മാതയം പുറത്ത് ഇരുവേലി റിൻഷാദ്(22) എന്നിവരാണ് അറസ്റ്റിലായത്.

തട്ടിപ്പ് കേസിൽ അറസ്റ്റിലായ അക്ബർ(32) റിൻഷാദ്(22), ഷെമീർ അലി(34),ഉമ്മർ അലി

പരാതിക്കാരിയുടെ പണം നഷ്ടപ്പെട്ട അക്കൗണ്ടിന്റെ വിവരങ്ങൾ ശേഖരിച്ച് നടത്തിയ അന്വേഷണത്തെ തുടർന്ന് പ്രതികൾ മലപ്പുറം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ താമസിക്കുന്നതായി വിവരം ലഭിച്ചു.

ആലപ്പുഴ നോർത്ത് ഐ. എസ്. എച്ച്. ഒ സുമേഷ് സുധാകരന്റെ നേതൃത്വത്തിൽ രണ്ടു സംഘങ്ങളിലായി പൊലിസ് മലപ്പുറം ജില്ലയിൽ നിന്ന് പ്രതികളെ പിടികൂടുകയായിരുന്നു. കൂടുതൽ പേർ ഇനിയും അറസ്റ്റിലാകാനുണ്ടന്ന് പൊലിസ് പറഞ്ഞു.

എസ്. ഐ സെബാസ്റ്റ്യൻ പി ചാക്കോ, എ.എസ്.ഐ സുമേഷ്, ഷൈൻ, ഡെബിൻ ഷാ റോബിൻസൺ, ഗിരിഷ് ,സുജിത്ത്,ലവൻ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

മർച്ചന്റ് നേവിയിൽ ജോലി വാഗ്ദാനം നൽകി പണം തട്ടിയ യുവാവ് അറസ്റ്റിൽ

ആലപ്പുഴ: മർച്ചന്റ് നേവിയിൽ ജോലി വാഗ്ദാനം നൽകി പണം തട്ടിയ കേസിൽ മുഖ്യ പ്രതി പിടിയിൽ.

പട്ടണക്കാട് പാറയിൽ വാർഡിൽ പുതുപ്പറമ്പത്ത് വെളിവീട്ടിൽ താമസിക്കുന്ന ജിത്തു സേവിയർ (30) ആണ് പുന്നപ്ര പൊലിസിന്റെ പിടിയിലായത്. മർച്ചന്റ് നേവിയിൽ മാസം 50,000 രൂപ ശമ്പളം ലഭിക്കുന്ന സ്ഥിര ജോലി നൽകാമെന്ന് പറഞ്ഞു വിശ്വസിപ്പിച്ച് പുന്നപ്ര സ്വദേശിയായ സെഫിനിൽ നിന്നാണ് പണം തട്ടിയത്.

വ്യാജ ഓഫർ ലെറ്റർ നൽകി 8 ലക്ഷം രൂപയാണ് വാങ്ങിയത്. ഫേസ്ബുക്ക് വ്യാജ അക്കൗണ്ട് നിർമിച്ച് വെബ്സൈറ്റ് ഉണ്ടാക്കുകയും ഫോൺ നമ്പർ നൽകി ഉദ്യോഗാർത്ഥികളുടെ വിശ്വാസം നേടിയെടുക്കുകയും ചെയ്യും.

തുടർന്ന് ടിക്കറ്റ് കാഷ്, ഡോക്കുമെന്റേഷൻ ചാർജ്, മെഡിക്കൽ ചാർജ്, എമിഗ്രേഷൻ ചാർജ് എന്നിവ പറഞ്ഞു വലിയ തുക ഈടാക്കും. അമ്പലപ്പുഴ ഡി.വൈ.എസ്.പി കെ.ജി അനീഷിന്റെ നേതൃത്വത്തിൽ പുന്നപ്ര എസ്.ഐ ആനന്ദ്, വിനിൽ എം. കെ, അനു സാലസ്, സേവ്യർ എന്നിവരാണ് പ്രതിയെ പിടികൂടിയത്.

ജിത്തു സേവ്യർ

യോഗാ ദിനം ആചരിച്ചു

ചെങ്ങന്നൂർ : നഗരസഭയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര യോഗാ ദിനം ആചരിച്ചു. നഗരസഭ ചെയർപേഴ്സൺ ശോഭാ വർഗീസ് ഉദ്ഘാടനം ചെയ്തു. ജനകീയ ആസൂത്രണ പദ്ധതി പ്രകാരമുള്ള വനിതകൾക്കുള്ള സൗജന്യ യോഗാ പരിശീലനവും ചെയർപേഴ്സൺ ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ റ്റി.കുമാരി അദ്ധ്യക്ഷത വഹിച്ചു.

വൈസ് ചെയർമാൻ കെ. ഷിബുരാജൻ, സെക്രട്ടറി എം.എസ്.ശ്രീരാഗ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ഡോ: ജയമോഹൻ ദേവ് ബോധവൽക്കരണ ക്ലാസ്സെടുത്തു.

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ മിനി സജൻ, റിജോ ജോൺ ജോർജ്, ശ്രീദേവി ബാലകൃഷ്ണൻ, കൗൺസിലർമാരായ പി.ഡി.മോഹനൻ, രോഹിത് പി. കുമാർ, എസ്.സുധാമണി, ഇന്ദു രാജൻ, ആതിര ഗോപൻ, വി.വിജി, മനീഷ് കീഴാമഠത്തിൽ, ആയുർവേദ ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ:പി.എ സ്.ന സീർ, ഡോ: ആശിഷ് പോൾ തോമസ്, ഡോ: ബി.എസ് ബിന, നഗരസഭ സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ സി.നിഷ, സി.ഡി.എസ്. ചെയർപേഴ്സൺ എസ്.ശ്രീകല എന്നിവർ പ്രസംഗിച്ചു. ഡോ: കെ.ജ്യോത്സ്ന യോഗ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ചമ്പക്കുളം വള്ളംകളി ഇന്ന്

കുട്ടനാട് : വള്ളംകളി മത്സരങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള ചമ്പക്കുളം മൂലം ജലോത്സവം ഇന്ന് ചമ്പക്കുളത്ത് പമ്പയാറ്റിൽ നടക്കും. 6 ചുണ്ടൻ വള്ളങ്ങൾ, 2 വെപ്പ് ബി ഗ്രേഡ് വള്ളങ്ങൾ എന്നിവയുൾപ്പെടെ 8 വള്ളങ്ങളാണ് ഇക്കുറി പങ്കെടുക്കുക. രാവിലെ 11.30ന് മഠത്തിൽ ക്ഷേത്രത്തിലും മാപ്പിളശേരി തറവാട്ടിലും തിരുവിതാംകൂർ ദേവസ്വം ബോർഡ് അധികാരികൾനടത്തുന്ന ആചാരാനുഷ്ഠാനങ്ങൾ. 1.30ന് കലക്ടർ അലക്സ് വർഗീസ് പതാക ഉയർത്തും. മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും. തോമസ് കെ. തോമസ് എംഎൽഎ അധ്യക്ഷത വഹിക്കും. 2.30ന് മാസ് ഡ്രിൽ. വർഗീസ് ജോസഫ് വല്യാക്കൽ മാസ്റ്റർ ഓഫ് സെറിമണിയാകും.പി ആർ പദ്മകുമാർ പ്രതിജ്ഞയ്ക്കു നേതൃത്വം നൽകും. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത് ഫ്ലാഗ് ഓഫ് ചെയ്യും. 3ന് മത്സരങ്ങൾ തുടങ്ങും. 3.40ന് സാംസ്കാരിക സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി ഉദ്ഘാടനം ചെയ്യും. 4.50ന് ചുണ്ടൻ വള്ളങ്ങളുടെ ഫൈനൽ മത്സരം. 5ന് സമാപന സമ്മേളനം ഉദ്ഘാടനവും സമ്മാനവിതരണവും കൊടിക്കുന്നിൽ സുരേഷ് എംപി നിർവഹിക്കും.

മൂലം ജലോത്സവത്തിന് മുന്നോടിയായി വർണ്ണാഭമായ ഘോഷയാത്രയുടെ ഫ്ളാഗ്ഓഫ് കർമ്മം നെടുമുടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനി മന്മഥൻ നായർ നിർവഹിക്കുന്നു

മൂലം ജലോത്സവത്തിന് മുന്നോടിയായി വർണ്ണാഭമായ ഘോഷയാത്ര ഇന്നലെ നടത്തി. ചമ്പക്കുളം കൊച്ചു പള്ളിക്ക് സമീപത്തുനിന്നും ആരംഭിച്ച സാംസ്കാരിക ഘോഷയാത്ര നെടുമുടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മിനി മന്മഥൻ നായർ ഫ്ളാഗ് ഓഫ് വാദ്യ മേളങ്ങളുടെയും നിശ്ചല ദൃശ്യങ്ങളും ഉണ്ടായിരുന്നു.ഘോഷയാത്ര ചമ്പക്കുളം പടിപ്പുര ക്ഷേത്രത്തിനു സമീപം സമാപിച്ചു സമാപന സമ്മേളനം കെ കെ ഷാജു ഉദ്ഘാടനം ചെയ്തു. ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ടി ജി ജലജകുമാരി അധ്യക്ഷയായി. ജലോത്സവ സമിതി ഭാരവാഹികളായ ജോസ് കാവനാട്, എവി മുരളി, ജോസഫ് ജോസഫ് വല്യായാക്കൽ, അഡ്വ മുട്ടാർ ഗോപാലകൃഷ്ണൻ, അജിത്ത് പരിഷത്ത്, ജോപ്പൻ ജോയി വാരിക്കാട്, ടോം ജോസ്, കെ വി ജയപ്രകാശ്, ശ്രീകുമാർ കുമ്മാട്, നെടുമുടി, ചമ്പക്കുളം പഞ്ചായത്ത് അംഗങ്ങളായ സ്മിതാ രാജേഷ്, എൻ എസ് കുഞ്ഞുമോൻ, മറിയാമ്മ,േ നേ സോഫിയാമ്മ, ബിനാ ജോപ്പൻ, തോമസ് ജോസഫ്, ഉഷാ സുബാഷ്, മറിയാമ്മ ഫിലിപ്പ്, അമ്പിളി സാബു എന്നിവർ സംസാരിച്ചു.

സ്പീഡ് ബോട്ടുകൾക്ക് നിയന്ത്രണം

ആലപ്പുഴ: ചമ്പക്കുളത്ത് പമ്പയാറ്റിൽ ഇന്ന് നടക്കുന്ന മൂലം ജലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി പമ്പയാറ്റിൽ മാപ്പിളശ്ശേരി കടവുമുതൽ തെക്കോട്ട് ഫിനിഷിങ് പോയിന്റ് വരെയുള്ള ഭാഗത്ത് സ്പീഡ് ബോട്ടുകളുടെ സർവ്വീസുകൾ ഈ ദിവസം നിരോധിച്ചതായി ആലപ്പുഴ പോർട്ട് ഓഫീസർ അറിയിച്ചു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവധി

ആലപ്പുഴ: മൂലം ജലോത്സവ ദിനമായ ഇന്ന് ഉച്ചയ്ക്കു ശേഷം കുട്ടനാട് താലൂക്കിലെ നെടുമുടി, ചമ്പക്കുളം പഞ്ചായത്തുകളിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ച് ജില്ല കളക്ടർ ഉത്തരവായി.പൊതു പരീക്ഷകൾ മുൻ നിശ്ചയ പ്രകാരം നടത്തുന്നതിന് ഉത്തരവ് ബാധകമല്ല.

പനിയുണ്ട്; സൂക്ഷിച്ചില്ലേൽ പണിയാകും

എച്ച്.വൺ.എൻ. വണ്ണിന് ശ്രദ്ധിക്കുക

ആലപ്പുഴ: ജില്ലയിൽ എച്ച്.വൺ.എൻ. വൺ. കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ പ്രതിരോധശീലങ്ങൾ ശ്രദ്ധിക്കണമെന്നും രോഗലക്ഷണങ്ങൾ അവഗണിക്കരുതെന്നും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു.

ലക്ഷണങ്ങൾ തുടർച്ചയായ തുമ്മൽ, പനി, തൊണ്ടവേദന, മൂക്കൊലിപ്പ്, ചുമ, ശ്വാസതടസ്സം, ഛർദ്ദി എന്നിവ ലക്ഷണങ്ങളാണ്. രോഗബാധയുള്ളവർ വായും മൂക്കും പൊത്താതെ തുമ്മുകയും ചുമക്കുകയും ചെയ്യുമ്പോഴും മറ്റുള്ളവരുമായി അടുത്തിടപഴകുമ്പോഴും രോഗിയുടെ സ്രവങ്ങൾ പുരളാനിടയുള്ള പ്രതലങ്ങളിൽ സ്പർശിക്കുമ്പോഴും രോഗാണു ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് എത്തി രോഗ പകർച്ച ഉണ്ടാക്കുന്നു.

രോഗപ്രകർച്ച തടയാൻ പ്രതിരോധ ശീലങ്ങൾ പാലിക്കുക. രോഗമുള്ളയാൾ നിർബന്ധമായും മാസ്ക് ധരിക്കുക. കൈകൾ ഇടയ്ക്കിടെ സോപ്പ് ഉപയോഗിച്ച് കഴുകുക. പനിയുള്ളപ്പോൾ മറ്റുള്ളവരിൽ നിന്ന് അകലം പാലിക്കുകയും പൊതുസ്ഥലങ്ങൾ, ജോലി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പോകാതിരിക്കുകയും ചെയ്യുക.

പനി ഉള്ളപ്പോൾ കുഞ്ഞുങ്ങളെ സ്കൂൾ/അങ്കണവാടികൾ/ക്രഷ് എന്നിവിടങ്ങളിൽ വിടാതിരിക്കുക. രോഗം ഇല്ലാത്തവരും പൊതുസ്ഥലങ്ങളിലും തിരക്കുള്ള ഇടങ്ങളിലും ആശുപത്രി സന്ദർശന വേളകളിലും മാസ്ക് ധരിക്കേണ്ടതാണ്.

രോഗമുള്ളവർ നന്നായി വിശ്രമിക്കുക. കഞ്ഞിവെള്ളം തിളപ്പിച്ചാറിയ വെള്ളം തുടങ്ങിയ പാനീയങ്ങൾ ധാരാളം കുടിക്കുകയും പോഷകപ്രദമായ ഭക്ഷണം കഴിക്കുകയും ചെയ്യുക.

ഗർഭിണികൾ, പ്രമേഹം രക്താതിമർദ്ദം ശ്വാസകോശ രോഗങ്ങൾ, വൃക്ക രോഗങ്ങൾ തുടങ്ങി മറ്റു രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണം. ഇവർ ചെറിയ ജലദോഷം വന്നാൽ പോലും ഉടൻ വൈദ്യസഹായം സ്വീകരിക്കേണ്ടതാണ്.എച്ച്.വൺ.എൻ. വൺ. പനിക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാണ്. സ്രവപരിശോധനയും സാധ്യമാണ്.സമ്പർക്കം മൂലം രോഗസാധ്യത ഉള്ളവരും മറ്റു ഗുരുതര രോഗങ്ങൾക്ക് ചികിത്സയിലിരിക്കുന്ന രോഗസാധ്യത കൂടിയവരും മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം പ്രതിരോധമരുന്ന് കഴിക്കേണ്ടതാണ്.

അമൃത ആശുപത്രിക്ക് നേട്ടം

കൊച്ചി: ടൈംസ് ഹയർ എജ്യുക്കേഷന്റെലോകത്തെ മികച്ച 100 ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പട്ടികയിൽ അമൃത വിശ്വവിദ്യാപീഠം ഇടംപിടിച്ചു. ആരോഗ്യരംഗത്തആഗോളതലത്തിൽ ഏഴാം സ്ഥാനം നേടി. കൊച്ചിയിലും ഫരീദാബാദിലുമുള്ള അമൃത ആശുപത്രികളുടെ പ്രവർത്തന മികവിൽ ഐക്യരാഷ്ട്ര സംഘടനയുടെ സസ്റ്റെയ്നബിൾ ഡവലപ്മെന്റ് ഗോളുകളിൽ മികച്ച ആരോഗ്യവും ക്ഷേമവും വിഭാഗത്തിലാണ് അമൃത വിശ്വവിദ്യാപീഠം ലോകറാങ്കിങിൽ ഏഴാം സ്ഥാനം സ്വന്തമാക്കിയത്. 2024 ജൂൺ 10 മുതൽ 13 വരെ ബാങ്കോക്കിൽ നടന്ന ഗ്ലോബൽ സസ്റ്റെയ്നബിൾ ഡവലപ്മെന്റ് കോൺഗ്രസിലാണ് ലോകത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക പുറത്തിറക്കിയത്.

പുസ്തക ആസ്വാദന കുറിപ്പ് മത്സരം

കൊച്ചി: ജൂൺ 19ന് ആരംഭിച്ച വായനാ പക്ഷാചരണത്തിന്റെ ഭാഗമായി എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി നടത്തുന്ന പുസ്തക ആസ്വാദന കുറിപ്പ് മത്സരത്തിൽ ജൂൺ 27 വരെ പങ്കെടുക്കാം.

ഹയർ സെക്കണ്ടറി, ഹൈസ്കൂൾ, യു.പി സ്കൂൾ കുട്ടികൾക്ക് കുറിപ്പുകൾ അയക്കാം. വായിച്ചിട്ടുള്ള മലയാള പുസ്തകങ്ങളെ കുറിച്ചുള്ള ആസ്വാദന കുറിപ്പാണ് വേണ്ടത്. മൂന്നു പേജിൽ കവിയരുത്. പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തലോടു കൂടിയ കുറിപ്പുകൾ ജൂൺ 27നകം തപാലിലോ ഇ-മെയിലിലോ ലഭിച്ചിരിക്കണം. ഇ-മെയിൽ വിലാസം: dio.ekm@gmail.com

നെഹ്റുട്രോഫി പബ്ലിസിറ്റി കമ്മിറ്റിയുടെ പ്രഥമ യോഗം

നെഹ്റു ട്രോഫി മാധ്യമ കവറേജിനുള്ള സൗകര്യം മെച്ചപ്പെടുത്തും

ആലപ്പുഴ: ഓഗസ്റ്റ് 10, രണ്ടാം ശനിയാഴ്ച പുന്നമടക്കായലിൽ നടക്കുന്ന 70ാമത് നെഹ്റു ട്രോഫി ജലമേളയിൽ മാധ്യമ കവറേജിനും സുഗമമായ ചിത്രീകരണത്തിനുമുള്ള സൗകര്യം മെച്ചപ്പെടുത്താൻ ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റിയോട് ആവശ്യപ്പെടാൻ കളക്ടറേറ്റിൽ ചേർന്ന പബ്ലിസിറ്റി കമ്മിറ്റി പ്രഥമ യോഗം തീരുമാനിച്ചു. വള്ളംകളിയുടെ ഭാഗമായി ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. ലോഗോ തയ്യാറാക്കൽ മത്സര വിജയിക്കുള്ള സമ്മാനത്തുക 10,000 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. മാധ്യമപ്രവർത്തകരുമായി ചേർന്ന് പബ്ലിസിറ്റി കമ്മിറ്റി നടത്തുന്ന തുഴത്താളം ഫോട്ടോ പ്രദർശനത്തിൽ മികച്ച ഫോട്ടോയ്ക്ക് സമ്മാനമായി സ്വർണനാണയം നൽകും. വള്ളംകളിയുടെ ആവേശം ജനങ്ങളിൽ എത്തിക്കാൻ സ്കൂൾ, കോളജ് വിദ്യാർഥികൾ, പൊതുജനങ്ങൾ എന്നിങ്ങനെ എല്ലാ വിഭാഗക്കാർക്കും പങ്കെടുക്കാവുന്ന മത്സരങ്ങൾ സംഘടിപ്പിക്കും. നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റി കൺവീനറായ ജില്ല ഇൻഫർമേഷൻ ഓഫീസർ കെ.എസ്. സുമേഷിന്റെ അധ്യക്ഷതയിൽ ജില്ല ഇൻഫർമേഷൻ ഓഫീസിലാണ് യോഗം ചേർന്നത്. കമ്മിറ്റി അംഗങ്ങളായ മുനിസിപ്പാലിറ്റി ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ നസീർ പുന്നയ്ക്കൽ, കൗൺസിലർ സിമി ഷാഫി ഖാൻ, എ. കബീർ, കെ. നാസർ, എസ്.എ. അബ്ദുൽ സലാം ലബ്ബ, റോയ് പാലത്ര, എം.പി. ഗുരുദയാൽ, രമേശൻ ചെമ്മാപറമ്പിൽ പങ്കെടുത്തു.

പുസ്തക ആസ്വാദന കുറിപ്പ് മത്സരം

കൊച്ചി: ജൂൺ 19ന് ആരംഭിച്ച വായനാ പക്ഷാചരണത്തിന്റെ ഭാഗമായി എറണാകുളം ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി നടത്തുന്ന പുസ്തക ആസ്വാദന കുറിപ്പ് മത്സരത്തിൽ ജൂൺ 27 വരെ പങ്കെടുക്കാം. ഹയർ സെക്കണ്ടറി, ഹൈസ്കൂൾ, യുപി സ്കൂൾ കുട്ടികൾക്ക് കുറിപ്പുകൾ അയക്കാം. വായിച്ചിട്ടുള്ള മലയാള പുസ്തകങ്ങളെ കുറിച്ചുള്ള ആസ്വാദന കുറിപ്പാണ് വേണ്ടത്. മൂന്നു പേജിൽ കവിയരുത്. പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തലോടു കൂടിയ കുറിപ്പുകൾ ജൂൺ 27നകം തപാലിലോ ഇ-മെയിലിലോ ലഭിച്ചിരിക്കണം. ഇ-മെയിൽ വിലാസം: dio.ekm@gmail.com തപാൽ: ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, കണയന്നൂർ താലൂക്ക് ഓഫീസ്, പാർക്ക് അവന്യൂ റോഡ്, എറണാകുളം, കൊച്ചി: 682011

അമൃത ആശുപത്രിക്ക് നേട്ടം

കൊച്ചി: ടൈംസ് ഹയർ എജ്യുക്കേഷന്റെ ലോകത്തെ മികച്ച 100 ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പട്ടികയിൽ അമൃത വിശ്വവിദ്യാപീഠം ഇടംപിടിച്ചു. ആരോഗ്യരംഗത്തആഗോളതലത്തിൽ ഏഴാം സ്ഥാനം നേടി. കൊച്ചിയിലും ഫരീദാബാദിലുമുള്ള അമൃത ആശുപത്രികളുടെ പ്രവർത്തന മികവിൽ ഐക്യരാഷ്ട്ര സംഘടനയുടെ സസ്റ്റെയ്നബിൾ ഡവലപ്മെന്റ് ഗോളുകളിൽ മികച്ച ആരോഗ്യവും ക്ഷേമവും വിഭാഗത്തിലാണ് അമൃത വിശ്വവിദ്യാപീഠം ലോകറാങ്കിങിൽ ഏഴാം സ്ഥാനം സ്വന്തമാക്കിയത്. 2024 ജൂൺ 10 മുതൽ 13 വരെ ബാങ്കോക്കിൽ നടന്ന ഗ്ലോബൽ സസ്റ്റെയ്നബിൾ ഡവലപ്മെന്റ് കോൺഗ്രസിലാണ് ലോകത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക പുറത്തിറക്കിയത്.

ചെയിൻ ഫെസ്റ്റ് തുടങ്ങി

കൊച്ചി:ജോയ് ആലുക്കാസിന്റെ ചെയിൻ ഫെസ്റ്റിനും മംഗല്യ ഉത്സവത്തിനും തുടക്കമായി. ചെയിൻ ഫെസ്റ്റ് ഓഫറിന്റെ ഭാഗമായി വൈവിധ്യമാർന്ന ചെയിനുകൾക്ക് പണിക്കൂലിയിൽ 5% ഇളവും, മംഗല്യ ഉത്സവം ഓഫറിലൂടെ വിവാഹ ജല്ലറി പർച്ചേസുകൾക്ക് 2.99% ഇളവും ലഭിക്കും. പരിമിത കാലത്തേക്കാണ് ഓഫർ.
വിവാഹ ആഭരണങ്ങൾക്കുള്ള മുൻകൂർ ബുക്കിംഗ് സൗകര്യം 90 ദിവസം വരെ ലഭ്യമാണെന്നും കമ്പനി അറിയിച്ചു.

എറണാകുളം വാർത്തകൾ

ബാർ ഹോട്ടൽ മാറ്റി സ്ഥാപിക്കണമെന്ന്

ആലുവ : തോട്ടും മുഖം മഹിളാലയം കവലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരാധനാലയങ്ങളും പ്രവർത്തിക്കുന്ന ജനവാസ മേഖലയിൽ തുടങ്ങിയിട്ടുള്ള ബാർ ഹോട്ടൽ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് കീഴ്മാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനവും ബാറിനു മുമ്പിൽ ധർണ്ണയും നടത്തി. മണ്ഡലം പ്രസിഡൻറ് ലിസി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു .ആലുവ ബ്ലോക്ക് പ്രസിഡൻറ് പി. എ മുജീബ് ഉദ്ഘാടനം ചെയ്തു. പി വി എൽദോസ് ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എം എം സാജു, റസീല ശിഹാബ്, ടി പി അബ്ദുൽ അസീസ് ,സനില അഭിലാഷ് ,മുൻ പഞ്ചായത്ത് പ്രസിഡണ്ട് ലൈസ സെബാസ്റ്റ്യൻ, കെ കെ അജിത് കുമാർ ,പി കെ രമേശ് ,കെ പി സിയാദ് ,ടി എസ് ഷറഫുദ്ദീൻ, എം എ സത്താർ, ലില്ലി ജോയ് ,അച്ചാമ്മ സ്റ്റീഫൻ ,അനസ് പള്ളിക്കുഴി, റെനീസ് സുബൈർ, മുഹമ്മദ് അസർ എന്നിവർ സംസാരിച്ചു.

റോഡിന്റെ വശങ്ങൾ തകർന്നു

കോതമംഗലം: നവീകരിക്കുന്ന ആയക്കാട് വേട്ടാമ്പാറ റോഡിന്റെ ഇരുവശവും തകർന്നു. പിണ്ടിമന ആലുംചുവടിന് സമീപം വലിയ അപകടാവസ്ഥയാണുണ്ടായിരിക്കുന്നത്. ടാറിംഗിന് മുന്നോടിയായി റോഡിന് ഇരുവശത്തും വിരിച്ചിരുന്ന വലിയ മെറ്റൽ മഴവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയിരുന്നു. ഇവിടെ ഇപ്പോൾ വലിയ ഗർത്തങ്ങളാണ് രൂപപ്പെട്ടിരിക്കുന്നത്. വളവും കയറ്റിറക്കവും വീതികുറവും ഉള്ള ഭാഗമായതിനാൽ വാഹനങ്ങൾ അപകടത്തിൽപ്പെടാൻ സാധ്യത ഏറെയാണ്. ഇരുചക്രവാഹനങ്ങൾക്കും ഭീഷണിയുണ്ട്. എതിരെവരുന്ന വാഹനങ്ങൾക്ക് കടന്നുപോവാൻപോലും കഴിയില്ല. ഇതിനകംതന്നെ ഏതാനും അപകടങ്ങളുണ്ടാകുകയും ചെയ്തിട്ടുണ്ട്. റോഡ് ഈ അവസ്ഥയിലെത്തിയിട്ട് ആഴ്ചകൾ കഴിഞ്ഞു. അപകടമുന്നറിയിപ്പായി റിബൺ കെട്ടിയതൊഴിച്ചാൽ മറ്റ് നടപടികളൊന്നുമുണ്ടായിട്ടില്ല. എത്രയും വേഗം അപകടാവസ്ഥ ഇല്ലാതാക്കണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം.

സാംസ്കാരിക ഉൽസവം

നെടുമ്പാശേരി: പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയായ സ്മൃതി സാംസ്കാരികോത്സവത്തിന്റെ ഭാഗമായി കവിയും കഥകളി കലാകാരനുമായ എം എൻ പാലൂരിന്റെ അനുസ്മരണ പരിപാടി ഇന്ന് രാവിലെ 10 മുതൽ പാറക്കടവ് എൻഎസ്എസ് ഓഡിറ്റോറിയത്തിൽ നടക്കും. ആധുനിക കവികളിൽ പ്രമുഖനും പാറക്കടവ് സ്വദേശിയുമായ എം എൻ പാലൂരിന്റെ അനുസ്മരണ ചടങ്ങുകൾ പാറക്കടവ് ഇഎംഎസ് സ്മാരക ലൈബ്രറിയുമായി സഹകരിച്ചാണ് സംഘടിപ്പിക്കുന്നത്. പുസ്തകപ്രദർശനം, അക്ഷരശ്ലോക സദസ്സ്, പാലൂർ കവിത പാരായണം, കവിയരങ്ങ്, പ്രഭാഷണങ്ങൾ, ആദരവുകൾ എന്നിവയുണ്ടാകും. വൈകിട്ട് അഞ്ചുമണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽ ഡോ. സുനിൽ പി ഇളയിടം പ്രഭാഷണം നടത്തും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി വി പ്രദീഷ് അധ്യക്ഷനാകും.

എംഡിഎംഎയുമായി യുവാവ് പിടിയിൽ

കൊച്ചി: അതിമാരക രാസലഹരിയായ എം.ഡി.എം.എയുമായി യുവാവ് പിടിയിൽ. മരട്, തുരുത്തി ക്ഷേത്രത്തിന് സമീപം കളരിക്കൽ വീട്ടിൽ ജോമിൻ ജോഷി(28)യെയാണ് കൊച്ചി സിറ്റി യോദ്ധാവ് സ്ക്വാഡും പാലാരിവട്ടം പൊലീസും ചേർന്ന് പിടികൂടിയത്. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പാലാരിവട്ടം, ചക്കരപ്പറമ്പ്, നെട്ടയിൽ ലെയിനിലെ അപ്പാർട്മെന്റിലെ ഫ്ളാറ്റിൽ നടത്തിയ പരിശോധനയിലാണ് പ്രതിയിൽ നിന്നും ഒരു സിപ്പ് ലോക്ക് കവറിലാക്കി സൂക്ഷിച്ചിരുന്ന 11.62 ഗ്രാം എം.ഡി.എം.എയും വിൽപന നടത്തി ലഭിച്ച 1,17,000 രൂപയും പിടിച്ചെടുത്തത്. കൊച്ചിയിലെ യുവാക്കളെ കേന്ദ്രീകരിച്ചു വിൽപന നടത്തുവാൻ എത്തിച്ച മയക്കുമരുന്നാണ് പിടികൂടിയത്. കൃത്യത്തിൽ കൂടുതൽ പേർക്കു പങ്കുണ്ടോയെന്ന് അന്വേഷിച്ചു വരികയാണെന്ന് പാലാരിവട്ടം പൊലീസ് അറിയിച്ചു.

അന്തർദേശീയ യോഗാദിനാചരണത്തിന്റെ ഭാഗമായി എറണാകുളം സെന്റ് തെരേസാസ് കോളേജിൽ എൻഎസ്എസ്, എൻസിസി വിദ്യാർത്ഥികൾ ചേർന്ന് നടത്തിയ യോഗാഭ്യാസം.

നിതിൻ കൃഷ്ണൻ

നാടെങ്ങും യോഗാദിനം ആചരിച്ചു

ശ്രീമൂലനഗരം: ഗ്രാമപഞ്ചായത്തിൽ യോഗാദിനം ആചരിച്ചു പഞ്ചായത്ത് പ്രസിഡൻറ് വി എം ഷംസുദ്ദീൻ പരിപാടി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡൻറ് സിന്ധു പാറപ്പുറം യോഗത്തിൽ അധ്യക്ഷത വഹിച്ചു. ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ. നിഷാ മാധവൻ, ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ. അഭിജിത്ത്, ബ്ലോക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഡ്വ. ഷബീറലി , പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എൻ സി ഉഷാകുമാരി എന്നിവർ പ്രസംഗിച്ചു.

കാലടി: കാഞ്ഞൂർ പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രം വിമല നേഴ്സിംഗ് സ്കൂൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗ ദിനാചരണം നടത്തി. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡൻറ് വിജി ബിജു ഉദ്ഘാടനം ചെയ്തു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ലിബിൻ,മെഡിക്കൽ ഓഫീസർ ഡോ. സഞ്ജു പോൾ യോഗാ ദിന സന്ദേശം നൽകി. ഹെൽത്ത് ഇൻസ്പെക്ടർ ലാലു ജോസഫ് സംസാരിച്ചു. തുടർന്ന് സഞ്ജീവിനി യോഗസെൻറർ ഇൻസ്പെക്ടർ രതീഷിന്റെ നേതൃത്വത്തിൽ യോഗ പരിശീലനവും സെമിനാറും നടത്തി.

മൂവാറ്റുപുഴ : മുളവൂർ എം എസ് എം സ്കൂളിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗാദിനത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഡോ: മുഹമ്മദ് അലീഫ് കുട്ടികൾക്ക് യോഗാഭ്യാസ മുറകളിൽ പരിശീലനം നൽകി. എം എസ് എം ട്രസ്റ്റ് ചെയർമാൻ എം എം സീതി ദിനാചരണത്തിന്റെ ഉൽഘാനം നിർവഹിച്ചു.

പ്രധാനധ്യാപിക ഇ എം സൽമത്ത് യോഗാദിന സന്ദേശം നൽകി. സ്കൂളിൽ യോഗ അസംബ്ളി സംഘടിപ്പിച്ചു. ക്ലാസ് തലങ്ങളിൽ യോഗ പോസ്റ്ററുകളും തയ്യാറാക്കുകയും, കുട്ടികൾ യോഗ പതിവാക്കുന്നതിനായുള്ള പ്രതിജ്ഞയെടുക്കുകയും ചെയ്തു.

മൂവാറ്റുപുഴ: അന്താരാഷ്ട്ര യോഗ ദിനത്തിന്റെ ഭാഗമായി പായിപ്ര ഗ്രാമപ്പഞ്ചായത്ത് ആയുർവേദ ഡിസ്പെസറിയിൽ യോഗ ദിനാചരണവും യോഗ ഡാൻസും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.എം. അസീസ് ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ എം എ നൗഷാദ് അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാർ എം സി വിനയൻ, എ ടി സുരേന്ദ്രൻ, വിജി പ്രഭാകരൻ , നൗഷാദ് എള്ളുമല എന്നിവർ സംസാരിച്ചു.

ആയുർവേദ ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ ഡോ.ജോസഫ് തോമസ് സ്വാഗതവും യോഗ ട്രെയിനർ ഡോ. നീതു രാജ് നന്ദിയും പറഞ്ഞു.

മട്ടാഞ്ചേരി: ടി.ഡി. ഹൈസ്ക്കൂളിലെ എൻസിസി, എസ് പി സി ,ജെ ആർ സി, സ്കൗട്ട്സ് ഗൈഡ്സ് എന്നീ സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ യോഗാ ദിനം ആചരിച്ചു. യോഗാചാര്യൻ നന്ദകുമാർ ഷേണായ് യോഗാഭ്യാസം നയിച്ചു. സ്കൂൾ മാനേജർ അവിനാശ് പി ഉദ്ഘാടനം ചെയ്തു.

ഹെഡ്മിസ്ട്രസ്സ് ആശ ജി. പൈ അധ്യക്ഷത വഹിച്ചു. എം എം സലിം , എൽ ശ്രീകുമാർ, അനിത കെ.എസ്, ചിത്ര കെ എൻ, അശ്വതി.വി. കമ്മത്ത്, ദിനേശ് എൻ. പൈ വെങ്കടേശ് ജി എന്നിവർ പ്രസംഗിച്ചു.

ഡിഎൽഎഫ് ഫ്ളാറ്റിൽ മൂന്ന് പേർക്ക് കൂടി രോഗബാധ

കൊച്ചി: കാക്കനാട് ഡി.എൽ.എഫ് ഫ്ളാറ്റ് സമുച്ചയങ്ങളിൽ വയറിളക്കരോഗബാധക്ക് ശമനമില്ല. ഇതുവരെ 495 പേർക്ക് രോഗലക്ഷണങ്ങൾ ഉണ്ടായതായി സർവേ വഴി കണ്ടെത്തിയിട്ടുണ്ടെന്ന് ജില്ലാ ആരോഗ്യവകുപ്പ് അറിയിച്ചു. ഇന്നലെ 3 പേർക്കാണ് പുതുതായി രോഗലക്ഷണം കണ്ടെത്തിയത്. സംഭവത്തെ തുടർന്ന് ആരോഗ്യ വകുപ്പ് പരിശോധനക്ക് അയച്ച സമ്പിളുകളിൽ ഫലം ലഭിച്ച മൂന്ന് സാമ്പിളുകളിൽ കോളിഫോം ബാക്ടീരിയകളുടെ സാനിധ്യം സ്ഥിരീകരിച്ചിരുന്നു. ഫ്ളാറ്റിലെ വിവിധ കുടിവെള്ള സ്രോതസുകളായ ഓവർഹെഡ് ടാങ്കുകൾ, ബോർവെല്ലുകൾ, ഡൊമെസ്റ്റിക്ക് ടാപ്പുകൾ, കിണറുകൾ, ടാങ്കർ ലോറികളിൽ സപ്ലൈ ചെയ്യുന്ന വെള്ളം എന്നിവയിൽ നിന്നായി ഇതുവരെ 46 സാമ്പിളുകളാണ് പരിശോധനക്ക് അയച്ചിട്ടുള്ളത്. ഇവയിൽ 19 സാമ്പിളുകളിലെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചതിൽ പലതിലും ബാക്ടീരിയുടെ സാനിധ്യം കണ്ടെത്തിയിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് വെള്ളത്തിന്റെ ഗുണനിലവാരം മോശമെന്നാണെന്നും, വിശദമായ പരിശോധനാ റിപ്പോർട്ട് ലഭ്യമാകാനുണ്ടെന്നും ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞിരുന്നു. അതേസമയം ഇന്നലെ ഡെപ്യൂട്ടി കളക്ടർ അബ്ദാസ് വി.ഇയുടെ അധ്യക്ഷതയിൽ ജില്ലാ മെഡിക്കൽ ഓഫിസർ (ആരോഗ്യം ഡോ സക്കീന ഡിഎൽഎഫ് ഫ്ളാറ്റിലെ നിവാസികളുമായി നടത്തിയ യോഗത്തിൽ സ്ഥിതി വിവരങ്ങൾ വിലയിരുത്തി. ഫ്ളാറ്റുകളിൽ ഉപയോഗിക്കുന്ന വെള്ളത്തിലെ ക്ലോറിൻ അളവിന്റെ പരിശോധന ദിവസേന രണ്ടു നേരം തുടരാൻ യോഗത്തിൽ തീരുമാനിച്ചു. ഇത് ഏകോപിപ്പിക്കാൻ കാക്കനാട് കുടുബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി. ഇന്നലെ 8 ഫ്ളാറ്റുകളിൽ നിന്നു പരിശോധിച്ച വെള്ളത്തിൽ ക്ലോറിന്റെ അളവ് തൃപ്തികരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

സൗത്ത് റെയിൽവേ സ്റ്റേഷൻ പുനർനിർമാണം മന്ദഗതിയിലെന്ന് എം പി

കൊച്ചി: കൊച്ചിയിലെ വെള്ളക്കെട്ട് വിഷയത്തിൽ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടാൽ വേണ്ട പിന്തുണ ഉറപ്പാക്കുമെന്ന് ഹൈബി ഈഡൻ എം പി. മന്ത്രി പി.രാജീവുമായി ഈ കാര്യം സംസാരിച്ചിട്ടുണ്ട്. മെട്രോ രണ്ടാംഘട്ട നിർമാണം വേഗത്തിലാക്കുന്നതൊനൊപ്പം അതുമൂലം ഉണ്ടകാൻ സാധ്യതയുള്ള വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കാണുമെന്നും ഇതിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക പിന്തുണ ആവശ്യമാണെന്നും ഹൈബി പറഞ്ഞു. എറണാകുളം പ്രസ് ക്ലബ്ബിൽ നടത്തിയ മീറ്റ് ദി പ്രസിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.എറണാകുളം ജങ്ഷൻ റെയിൽവേ സ്റ്റേഷൻ (സൗത്ത്) നിർമാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. ഇത് റെയിൽവേ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തും. പൊന്നുരുന്നി മാർഷലിങ് യാർഡിന്റെ പിറ്റ് ലൈൻ പൂർത്തിയാക്കി. ഇവിടം സെൺട്രൽ റെയിൽവേ ടെർമിനൽ ആക്കി ഉയർത്തണമെന്ന ആവശ്യം പ്രധാനമന്ത്രിയെ അറിയിച്ചിരുന്നു. എന്നാൽ കേന്ദ്രസർക്കാർ അനുകൂല നടപടി എടുത്തിട്ടില്ല. മാർഷലിംഗ് യാർഡിൽ നിന്ന് പുതിയ ട്രെയിൻ സർവീസ് ആരഭിക്കുന്നതിനായി ശ്രമം നടത്തും. കൊച്ചി മെട്രോ ദീർഘിപ്പിക്കൽ, നഗരത്തിലെ വെള്ളക്കെട്ടിന് പരിഹാരം, കുടിവെള്ള ക്ഷാമം പരിഹരിക്കൽ തുടങ്ങിയ പദ്ധതികളാണ് രണ്ടാംവരവിൽ തനിക്ക് മുന്നിലുള്ളത്. വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓപ്പറേഷൻ ബ്രേക്ക് ത്രൂ നടപ്പാക്കിയെങ്കിലും അത് ശാശ്വത പരിഹാരമായില്ല. ഇതിനായി കൊച്ചി കോർപ്പറേഷൻ കൂടാതെ സമീപത്തുള്ള എല്ലാ തദ്ദേശ സ്ഥാപനങ്ങളുമായി തുറന്ന ചർച്ച നടത്തണം. നഗരത്തിലെ ആറ് തോടുകൾ നവീകരിക്കണം. കയ്യേറ്റങ്ങൾ ഒഴിവാക്കും. ഇതിന് രാഷ്ട്രീയത്തിന് അതീതമായി എല്ലാ പാർട്ടികളും ഒരുമിക്കണമെന്നും ഹൈബി പറഞ്ഞു. കൊച്ചി നഗരത്തിലെ ഗതാഗത കുരുക്കിന് പരിഹാരമായി ഇടപ്പള്ളി-അരൂർ എലിവേറ്റഡ് ഹൈവേ, കൊച്ചി-തേനി ബൈപ്പാസ്, അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് എന്നിവയാണ് പരിഗണനയിലുള്ളത്. ഇടപ്പള്ളി-അരൂർ അണ്ടർ പാസേജും പരിഗണനയിലുണ്ട്. കുടിവെള്ള വിതരണത്തിനായി സംസ്ഥാന സർക്കാർ ഒരു രൂപയുടെ പദ്ധതി പോലും നടപ്പിലാക്കിയിട്ടില്ല. ജില്ലക്ക് ആവശ്യമായ കുടിവെള്ളത്തിന്റെ 6065 ശതമാനം വെള്ളം മാത്രമാണ് ജല അതോറിട്ടി നൽകുന്നത്. കൊച്ചിക്ക് ആവശ്യമായ കുടിവെള്ള പദ്ധതിയില്ല. വ്യവസായമേഖലയ്ക്ക് വെള്ളം നൽകുന്നതിന് എതിരല്ല. എന്നാൽ പെരിയാറിൽ നിന്ന് അതെടുക്കാൻ സാധിക്കില്ല. ഫ്ളാറ്റുകളിലേക്ക് എത്തുന്ന കുടിവെള്ളത്തിന് വിശ്വാസയോഗ്യതയില്ല. അമൃത് പദ്ധതിയിൽ നിന്ന് ജല സംഭരണികൾ നിർമിച്ചിട്ടുണ്ടെങ്കിലും വെള്ളം എത്തിക്കുന്ന നടപടികളൊന്നും ഒരുക്കിയിട്ടില്ല. ഇതിന് ശാശ്വത പരിഹാരം കാണുമെന്നും ഹൈബി പറഞ്ഞു.

ബെന്നി ബഹനാന്റെ പര്യടനം മാറ്റിവെച്ചു

ആലുവ: ചാലക്കുടി പാർലമെന്റ് മണ്ഡലത്തിൽ നിന്നും യുഡിഎഫ് സ്ഥാനാർത്ഥിയായി വിജയിച്ച ബെന്നി ബഹനാൻ എംപി ഇന്ന് ആലുവ നിയോജകമണ്ഡലത്തിൽ നടത്താനിരുന്ന പര്യടനം മാറ്റി വെച്ചു. ബെന്നി ബഹനാന്റെ ഭാര്യാമാതാവ് മരണപ്പെട്ടതിനാലാണ് ഇന്നത്തെ പര്യടനം മാറ്റി വെച്ചതെന്നും പര്യടനം മറ്റൊരു ദിവസം നടക്കുമെന്നും ചെയർമാൻ ലത്തീഫ് പൂഴിത്തറയും ജനറൽ കൺവീനർ എം കെ എലത്തീഫും അറിയിച്ചു.

വാഹനാപകടം

കോതമംഗലം: കൊച്ചിധനുഷ് കോടി ദേശീയപാതയിൽ നെല്ലിമറ്റത്ത് വച്ച് നിയന്ത്രണം വിട്ട കാർ എതിർദിശയിൽ വന്ന ബൈക്ക് ഇടിച്ച് തെറിപ്പിച്ചു. ബൈക്ക് ഓടിച്ചിരുന്ന ഊന്നുകൽ പിലിക്കാട്ട് തോട്ടം വീട്ടിൽ മനോജിന് (46) പരിക്കേറ്റു. ഇയാളെ കോതമംഗലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് വിദഗ്ധ ചികിത്സക്കായി തൊടുപുഴ സെന്റ് ആന്റണീസ് ആശുപത്രിയിലേക്ക് മാറ്റി. വെള്ളി പുലർച്ചെയാണ് അപകടം. കൊടുങ്ങല്ലൂർ ഭാഗത്തേക്ക് പോവുകയായിരുന്ന കാർ യാത്രികർ ഉറങ്ങിയതാണ് അപകട കാരണമെന്ന് പറയുന്നു. കാർ യാത്രികർക്ക് പരിക്കില്ല. ഊന്നുകൽ പൊലീസ് മേൽനടപടി സ്വീകരിച്ചു.

കാപ്പ ചുമത്തി നാടുകടത്തി

കാലടി: കാഞ്ഞൂർ പുതിയേടം പയ്യപ്പിള്ളി വീട്ടിൽ അരുൺ ജോർജ്(28)നെയാണ് 6 മാസത്തേക്ക് നാടു കടത്തിയത്. ജില്ലാ പോലീസ് മേധാവി ഡോ.വൈഭവ് സക്സേനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം റേഞ്ച് ഡിഐജി പൂട്ടവിമലാദിത്യയാണ് ഇതുസംബന്ധിച്ച ഉത്തരവിട്ടത്. കാലടി പോലീസ് സ്റ്റേഷൻ പരിധിയിൽ കൊലപാതകശ്രമം, വീട് കയറിയുള്ള അതിക്രമം, ദേഹോപദ്രവമേൽപ്പിക്കൽ തുടങ്ങി നിരവധി കേസുകളിൽ പ്രതിയാണ്.കഴിഞ്ഞ ഫെബ്രുവരിയിൽ കാലടി പോലീസ് രജിസ്റ്റർ ചെയ്ത അടിപിടിക്കേസിൽ പ്രതിയായതിനെ തുടർന്നാണ് നാടുകടത്തൽ നടപടി.

ചെണ്ടുമല്ലി തൈ വിതരണം

നെടുമ്പാശേരി: ഫാർമേഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ ചെണ്ടുമല്ലി (ഓറഞ്ച്, മഞ്ഞ),ജമന്തി (മഞ്ഞ, വെള്ള), വാടാമല്ലി (മെറൂൺ) എന്നീ തൈകൾ വിൽപ്പന നടത്തുന്നു. ഏതെടുത്താലും നാല് രൂപയാണ് വില. തിങ്കളാഴ്ച്ച അത്താണി പുത്തൻതോട് മർച്ചന്റ്സ് ടവറിലാണ് വില്പന നടത്തുന്നത്. പച്ചക്കറി തൈകളുടെ വിതരണവും തിങ്കളാഴ്ച മുതൽ ആരംഭിക്കും. ഫോൺ: 9605344048.

നുസ്രത്തുൽ ഇസ്‌ലാം സ്കൂളിന് റ ഫ്രിജറേറ്റർ നൽകി

കൊച്ചി: ചിറ്റേത്തുകര നുസ്രത്തുൽ ഇസ്‌ലാം എൽ.പി സ്കൂളിന് പ്രമുഖ കമ്പനി നോർഡൻ റഫ്രിജറേറ്റർ കൈമാറി. കമ്പനിയുടെ സിഎസ്ആർ പദ്ധതിയുടെ ഭാഗമായാണ് റഫ്രിജറേറ്റർ നൽകിയത്. പദ്ധതിയുടെ ഉദ്ഘാടനം നോർഡന്റെ ഗ്ലോബൽ മാർക്കറ്റിങ് മേധാവി മൈക്ക് ലൂയിസ് നിൽവഹിച്ചു. ഇൻഫോ പാർക്ക് സബ് ഇൻസ്പെക്ടർ ശ്രീജിത്ത് ഭദ്രൻ അധ്യക്ഷത വഹിച്ചു.സ്കൂൾ അധ്യാപകരായ ഷാഹൽ, ശശിധരൻ കല്ലേരി, നോർഡൻ ചീഫ് ഫിനാൻഷ്യൽ ഓഫിസർ വിജയ്, സി.ഒ.ഒ ശാബിൽ കെ.എ എന്നിവർ പങ്കെടുത്തു.

എയർ ഇന്ത്യയുടെ ആസ്ഥാന മാറ്റം; കൊച്ചി ബിസിനസ് ഹബ്ബിന് തിരിച്ചടിയാകും

നെടുമ്പാശ്ശേരി : എയർ ഇന്ത്യ എക്സ്പ്രസിന്റെ ആസ്ഥാനം കൊച്ചിയിൽ നിന്നും ഗുഡ്ഗാവിലേക്ക് മാറ്റിയത് മൂലം തിരിച്ചടിയാകുന്നത് എയർ ലൈൻ കമ്പനികളുടെ ബിസിനസ് ഹബ് ആയി മാറുകയെന്ന കൊച്ചിയുടെ മോഹങ്ങൾക്ക്. നയപരമായ കാര്യങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഇപ്പോൾ ടാറ്റയുടെ ഉടമസ്ഥതയിലുള്ള വിമാനകമ്പനി ആസ്ഥാനം മാറ്റി സ്ഥാപിച്ചത്. 2013 മുതൽ കൊച്ചിയിൽ പ്രവർത്തിച്ചിരുന്ന ആസ്ഥാനമാണ് ഹരിയാനയിലേക്ക് മാറ്റിയത്. ഇതോടെ 300 ൽപ്പരം ആളുകൾക്ക് ജോലി നഷ്ടമായിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ. 2023 മുതലാണ് ഇതിനായുള്ള നീക്കങ്ങൾ കമ്പനി ആരംഭിച്ചത്. ഇതിനായി അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ ജീവനക്കാരെ ഹരിയാനയിലേക്ക് മാറ്റുകയാണ് ആദ്യം ചെയ്തത്. ആസ്ഥാനമാറ്റത്തോടെ പലർക്കും ജോലി നഷ്ടമാകുകയും നിരവധി പേർ ജോലി ഉപേക്ഷിക്കുകയും ചെയ്തു. എന്നാൽ വളരെ കുറച്ച് ജീവനക്കാരെ മാത്രം നിലനിർത്തി കൊച്ചിയിലെ എലംകുളത്ത് ഓഫീസ് പ്രവർത്തിക്കുമെന്നാണ് കമ്പനി വ്യക്തമാക്കുന്നത്. മാതൃ കമ്പനിയായ എയർ ഇന്ത്യയ്ക്കൊപ്പം ചേർന്ന് പ്രവർത്തനം ക്രമീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ആസ്ഥാനമാറ്റം. എന്നാൽ ആസ്ഥാനം കൊച്ചിയിൽ നിന്നും മാറ്റിയെങ്കിലും വിമാന സർവീസ് ഓപ്പറേഷനുകളിൽ മാറ്റമുണ്ടാകില്ലെന്നും കമ്പനിയുടെ പ്രധാനപ്പെട്ട കേന്ദ്രമായി കൊച്ചി തുടരുമെന്നുമാണ് എയർ ഇന്ത്യ വ്യക്തമാക്കുന്നത്. ഗൾഫ് മേഖലയിലെ പ്രവാസികൾ ഉൾപ്പെടെ ആശ്രയിക്കുന്ന വിമാനകമ്പനിയെന്ന നിലയിൽ വലിയ ലാഭമാണ് കൊച്ചി സെക്ടറിൽ നിന്ന് എയർ ഇന്ത്യ എക്സ്പ്രസിന് ലഭിക്കുന്നത്. എന്നാൽ അടുത്തിടയായി ജീവനക്കാരും കമ്പനിയും തമ്മിലുള്ള ബന്ധം അത്ര സുഖകരമല്ലെന്നാണ് സൂചന. ഇത് നിരവധി വിമാന സർവീസുകളെയും ബാധിച്ചിരുന്നു. കഴിഞ്ഞ മാസം 300 ഓളം ക്

വയോധികയെ ആക്രമിച്ച കേസിൽ മകൾ അറസ്റ്റിൽ

കോട്ടയം: വയോധികയെ ആക്രമിച്ച കേസിൽ ഇവരുടെ മകളെ പോലീസ് അറസ്റ്റ് ചെയ്തു. വിജയപുരം, മാങ്ങാനം ആനത്താനം ഭാഗത്ത് ചക്കുപുരക്കൽ വീട്ടിൽ ലൈലയെയാണ് (42) കോട്ടയം ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്.
ഇവർകഴിഞ്ഞ ദിവസം രാത്രിയിൽ വീട്ടിൽ വെച്ച് ഇവരുടെ

ലൈല

മാതാവായവയോധികയുമായി വാക്കുതർക്കം ഉണ്ടായി വയോധികയെ ചീത്ത വിളിക്കുകയും, സമീപത്ത് കിടന്നിരുന്ന പ്ലാസ്റ്റിക് കസേര കൊണ്ട് തലയ്ക്ക് അടിക്കുകയുമായിരുന്നു.
വയോധികയ്ക്ക് കിട്ടുന്ന പെൻഷനിലെ തന്റെ വീതം കുറഞ്ഞുപോയി എന്നു പറഞ്ഞായിരുന്നു ഇവർ വയോധികയെ ആക്രമിച്ചത്. പരാതിയെ തുടർന്ന് ഈസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഇവരെ പിടികൂടുകയുമായിരുന്നു.
കോട്ടയം ഈസ്റ്റ് സ്റ്റേഷൻ എ.എസ്.ഐ ലിനി, സബീന, സി.പി.ഓ മാരായ പ്രീത, ജ്യോതി എന്നിവർ ചേർന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്.
കോടതിയിൽ ഹാജരാക്കിയ ഇവരെ റിമാൻഡ് ചെയ്തു.

നിയന്ത്രണം വിട്ട് കാർ മറിഞ്ഞു

പൊൻകുന്നം : ദേശീയപാത 183 ൽ 20ാം മൈൽ മുസ്‌ലിംപള്ളിക്ക് സമീപം 15 അടിയോളം താഴ്ചയുള്ള വീട്ടുമുറ്റത്തേക്ക് കാർ മറിഞ്ഞു. യാത്രക്കാർക്ക് പരിക്കില്ല. വെള്ളിയാഴ്ച രാവിലെ ഏഴിനായിരുന്നു അപകടം. കോട്ടയത്തു നിന്നും കൂവപ്പള്ളി ഭാഗത്തേക്ക് പോകുകയായിരുന്ന കാർ മറ്റൊരു വാഹനത്തെ മറികടക്കുന്നതിനിടയിലാണ് അപകടം. എതിരെ വന്ന വാഹനത്തിൽ ഇടിക്കാതിരിക്കാൻ വെട്ടിച്ചപ്പോൾ റോഡിൽ നിന്ന് താഴ്ചയിലേക്ക് പതിക്കുകയായിരുന്നു.

കോട്ടയം വാർത്തകൾ

സംഘാടക മികവ് ; പി.ജി. ഷാജി മോന് കാൻഫെഡ് പുരസ്കാരം

വൈക്കം: വൈക്കം മുഹമ്മദ് ബഷീർ സ്മാരക സമിതി ജനറൽ സെക്രട്ടറിയും തലയോലപ്പറമ്പ് ഫാർമേഴ്സ് ബാങ്ക് ബ്രാഞ്ച് മാനേജരുമായ പി.ജി. ഷാജിമോന് നല്ല സംഘാടക മികവും സാംസ്കരിക പ്രവർത്തനവും മുൻ നിറുത്തി കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതിയായ കാൻഫെഡ് ഏർപ്പെടുത്തിയ പി.ടി. ഭാസ്കര പണിക്കർ പുരസ് കാരത്തിന് അർഹനായി.

38 വർഷമായി തലയോലപ്പറമ്പ് ജവഹർ സെന്ററിലൂടെ സാമൂഹ്യ സാംസ്കാരിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന ഷാജി മോന് കാൻഫെഡ് നൽകുന്ന രണ്ടാമത്തെ പുരസ്കാരമാണ്.
കാൻഫെഡിന്റെ 47ാം മത് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ജൂൺ 30 ന് തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന ചടങ്ങിൽ പുരസ്കാരം നൽകി ആദരിക്കും.

മുസ്‌ലിം ലീഗ് പായിപ്പാട് പഞ്ചായത്ത് കൺവെൻഷൻ നാളെ

പായിപ്പാട്: മുസ്‌ലിം ലീഗ് പായിപ്പാട് പഞ്ചായത്ത് കൺവെൻഷൻ നാളെ വൈകിട്ട് 3 മണിക്ക് ലീഗ് ഹൗസിൽ നടക്കും.
പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് മുബാഷ് മുഹമ്മദ് ഇസ്മായിൽ മുതിരപ്പറമ്പിൽ അധ്യക്ഷത വഹിക്കും. മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് അസീസ് ബഡായിൽ ഉദ്ഘാടനം നിർവഹിക്കും.
ജില്ലാ ജനറൽ സെക്രട്ടറി റഫീഖ് മണിമല മുഖ്യ പ്രഭാഷണം നടത്തും.

പട്ടിത്താനത്ത് കാറുകൾ കൂട്ടിയിടിച്ചു ഒരാൾക്ക് പരിക്ക്

ഏറ്റുമാനൂർ: പട്ടിത്താനത്ത് കാറുകൾ കൂട്ടിയിടിച്ചു, ഒരാൾക്ക് പരിക്ക്.
എം സി റോഡിൽ ഗതാഗത തടസം നേരിട്ടു. കോട്ടയം സംക്രാന്തി സ്വദേശി നിഷാന്തിനാണ് (29) പരിക്കേറ്റത്.
ഇന്നലെ രാവിലെ 9 മണിയോടെ എം സി റോഡിൽ പട്ടിത്താനം ഭാഗത്തായിരുന്നു അപകടം.
ഇരുവശത്ത് നിന്നും എത്തിയ കാറുകൾ കൂട്ടിയിടിക്കുകയായിരുന്നു. അപകട വിവരം അറിഞ്ഞ് മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് സ്ക്വാഡിലെ എം.വി.ഐ അശോകുമാറും , അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ജോർജ് വർഗീസും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്.
അപകടത്തെ തുടർന്ന് എം സി റോഡിൽ ഗതാഗത തടസം ഉണ്ടായി.

വീട്ടമ്മയെ ആക്രമിച്ച കേസിൽ അന്യസംസ്ഥാന സ്വദേശി അറസ്റ്റിൽ

ഏറ്റുമാനൂർ : അന്യസംസ്ഥാന സ്വദേശിയായ വീട്ടമ്മയെ ആക്രമിച്ച കേസിൽ ബാംഗ്ലൂർ സ്വദേശിയെ പോലീസ് അറസ്റ്റ്ചെയ്തു. ബാംഗ്ലൂർ സ്വദേശിയായ വിജയ് (25) എന്നയാളെയാണ് ഏറ്റുമാനൂർ പോലീസ് അറസ്റ്റ് ചെയ്തത്.

വിജയ്

ഇയാൾ കഴിഞ്ഞദിവസം ഇയാളുടെ റൂമിന് സമീപം താമസിച്ചിരുന്ന വീട്ടമ്മയുടെ ഭർത്താവിനെ ചീത്ത വിളിച്ച് ആക്രമിച്ചു. ഇത് തടയാൻ ശ്രമിച്ച ഇയാളുടെ ഭാര്യയെ വിജയ് മർദ്ദിക്കുകയായിരുന്നു. പരാതിയെ തുടർന്ന് ഏറ്റുമാനൂർ പോലീസ് നടത്തിയ തിരച്ചിലിൽ ഇയാളെ പിടികൂടുകയുമായിരുന്നു. ഏറ്റുമാനൂർ സ്റ്റേഷൻ എസ്.എച്ച്.ഓ ഷോജോ വർഗീസിന്റെ നേതൃത്വത്തിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ഇയാളെ കോടതിയിൽ ഹാജരാക്കി.

ഫോറസ്റ്റ് ഓഫിസർക്ക് പെരുമ്പാമ്പിന്റെ കടിയേറ്റു

കണമല : ഫോറസ്റ്റ് ഓഫിസിനടുത്ത് വീടിനോട് ചേർന്ന് പെരുമ്പാമ്പിനെ പിടികൂടുന്നതിനിടെ വലതു കയ്യിൽ പെരുമ്പാമ്പിന്റെ കടിയേറ്റ് ഫോറസ്റ്റ് ഡെപ്യൂട്ടി റേഞ്ച് ഓഫിസർക്ക് പരിക്ക്. ഈ സമയം അതുവഴി വന്ന എരുമേലി പഞ്ചായത്തിന്റെ പാലിയേറ്റീവ് സംഘം പ്രഥമ ശുശ്രൂഷ നൽകി. ഇന്നലെ രാവിലെ പത്ത് മണിയോടെ എയ്ഞ്ചൽവാലിയിൽ എഴുകുംമണ്ണ് ഫോറസ്റ്റ് ഓഫിസിന് അടുത്താണ് സംഭവം. ഫോറസ്റ്റ് ഓഫിസർ ജയകുമാറിനാണ് പരിക്കേറ്റത്. ഓഫിസറെ എരുമേലി സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പെരുമ്പാമ്പിനെ പിടികൂടി ചാക്കിനുള്ളിൽ ആക്കി വാഹനത്തിൽ കയറ്റുന്നതിനിടെയാണ് കടിയേറ്റത്. പഞ്ചായത്തിന്റെ പാലിയേറ്റീവ് സംഘത്തിലെ മേറീന ജോർജ്, ഷിജോ ചെറുവാഴക്കുന്നേൽ, ആശാ പ്രവർത്തക സൂസമ്മ എന്നിവർ ചേർന്ന് ആണ് പ്രഥമ ശുശ്രൂഷ നൽകിയത്.

യോഗ കോഴ്സ്

കോട്ടയം: പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആജീവനാന്ത വിദ്യാഭ്യാസ സ്വയംഭരണ സ്ഥാപനമായ സ്കോൾ കേരളയിൽ നാഷണൽ ആയുഷ് മിഷന്റെയും സംസ്ഥാന ആയുഷ് മിഷന്റെയും അംഗീകാരത്തോടെ ആരംഭിച്ച ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആൻഡ് സ്പോർട്സ് യോഗ കോഴ്സിന്റെ രണ്ടാം ബാച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. 04812300 443 . 9496094157

കോട്ടയത്ത് സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു) സംസ്ഥാന സമ്മേളനത്തിന് തുടക്കംകുറിച്ച് സ്വാഗതസംഘം ചെയർമാൻ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് അസീസ് ബഡായിൽ പതാക ഉയർത്തുന്നു.നസീം ഹരിപ്പാട്, റഫീഖ് മണിമല, എസ് സെയ്ഫുദ്ദീൻ,അസീസ് കുമാരനല്ലൂർ,സിബി മുഹമ്മദ്,അഹമ്മദ് കുട്ടി ഉണ്ണികുളം, ആമിർ കോഡൂർ, പി ഐ ഷാഹുൽ ഹമീദ് തുടങ്ങിയവർ സമീപം

സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സമ്പൂർണ സമ്മേളനം ഇന്ന്

'തളരുന്ന സിവിൽ സർവീസ് തകരുന്ന കേരളം' – സെമിനാർ

കോട്ടയം: സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു) സംസ്ഥാന സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് മാമൻ മാപ്പിള ഹാളിൽ സമ്പൂർണ സമ്മേളനം നടക്കും. രാവിലെ ഒൻപത് മണിക്ക് സംസ്ഥാന പ്രസിഡന്റ് പ്രസിഡന്റ് സിബി മുഹമ്മദ് പതാക ഉയത്തും. പത്ത് മണിക്ക് 'തളരുന്ന സിവിൽ സർവീസ്; തകരുന്ന കേരളം' എന്ന പ്രമേയത്തിൽ നടക്കുന്ന സെമിനാർ ഡോ.എൻ കെ പ്രേമചന്ദ്രൻ എം പി ഉദ്ഘാടനം ചെയ്യും. സംസ്ഥാന വൈസ് പ്രസിഡന്റ് കെ അബ്ദുൽ ബഷീർ ആധ്യക്ഷനാകും.
യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡന്റ് അഡ്വ അബിൻ വർക്കി, മുസലിം യുത്ത് ലീഗ് ദേശീയ വൈസ് പ്രസിഡന്റ് അഡ്വ ഷിബു മീരാൻ, അഷ്റഫ് മാണിക്യം തുടങ്ങിയവർ പ്രഭാഷണം നടത്തും.
11.30ന് സമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. മുസ്‌ലീം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.പി.എം.എ സലാം മുഖ്യ പ്രഭാഷണം നടത്തും. നിയുക്ത എം പി ഹാരിസ് ബീരാൻ മുഖ്യാതിഥിയായിരിക്കും.പി കെ ബഷീർ എം എൽ എ, മണി സി കാപ്പൻ, യുത്ത് ലീഗ് ജനറൽ സെക്രട്ടറി പി കെ ഫിറോസ്,കെ എ അഷ്റഫ്, വി പി നാസർ, പി പി മുഹമ്മദ് കുട്ടി, സോമൻ പുതിയാത്ത്, നാസർ നങ്ങാരത്തു,പി ഐ ഷാഹുൽ ഹമീദ് തുടങ്ങിയവർ സംബന്ധിക്കും.
പ്രതിനിധി സമ്മേളനം 12 മണിക്ക് എസ്.ഇ.യു സംസ്ഥാന പ്രസിഡന്റ് സിബി മുഹമ്മദ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന വൈസ് പ്രസിഡന്റ് എം.എ മുഹമ്മദലി പ്രമേയ പ്രഭാഷണം നടത്തും. എസ്.ടി.യു ദേശീയ സെക്രട്ടറി ഉമ്മർ ഒട്ടുമ്മൽ, ഡോ. ആബിദ ഫാറൂഖി, ഒ. ഷൗക്കത്തലി സംബന്ധിക്കും.
ഉച്ചക്ക് രണ്ടിന് ' ഇന്ത്യൻ ദേശീയതയും ഫെഡറലിസവും' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ. കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യും. സമസ്ത ഹെഡ് ക്വാർട്ടേഴ്സ് സെക്രട്ടറി റാഫി പോത്തൻകാട് അധ്യക്ഷത വഹിക്കും. മുൻ എം എൽ എ കെ എൻ എ ഖാദർ, യുത്ത് ലീഗ് ദേശീയ ജനറൽ സെക്രട്ടറി വി കെ ഫൈസൽ ബാബു, കെ പി സി സി വക്താവ് രാജു പി നായർ, എസ് സൈഫുദ്ധീൻ തുടങ്ങിയവർ പ്രസഗിക്കും.
സുഹൃദ് സമ്മേളനം പി ഉബൈദുള്ള എം എൽ എ ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡന്റ് ബീര് പി മുഹമ്മദ് ആധ്യക്ഷനാകും. ചാണ്ടി ഉമ്മൻ എം എൽ എ മുഖ്യ പ്രഭാഷണം നടത്തും. യു ടി എഫ് ചെയർമാൻ ചവറ ജയകുമാർ, സെറ്റ്കോ ചെയർമാൻ കെ ടി അബ്ദുൽ ലത്തീഫ്, പി ടി അബ്ദുൽ ഹഖ്, നാസർ മുണ്ടക്കയം ഗഫൂർ പന്തീർപാടം, കെ എം റഷീദ് സംബന്ധിക്കും.
ഷി കോൺഫ്രൻസ് കെ ടി മൈമൂനയുടെ അധ്യക്ഷതയിൽ വനിതാ ലീഗ് സംസ്ഥാനപ്രസിഡന്റ് സുഹ്റ മമ്പാട് ഉദ്ഘാടനം ചെയ്യും.
ഈരാറ്റുപേട്ട മുനിസിപ്പൽ ചെയർമാൻ സുഹ്റ അബ്ദുൽ ഖാദർ, ഷഹ്ബാനത് ടീച്ചർ,മരിയ ഉമ്മൻ തുടങ്ങിയവർ പ്രസംഗിക്കും.വൈകീട്ട് അഞ്ചിന് കോട്ടയം ടൗണിൽ ജീവനക്കാരുടെ ശക്തിപ്രകടനം നടക്കും. സംഘടനാ ചർച്ചകൾക്കും ഭാരവാഹി തെരഞ്ഞെടുപ്പിനും ശേഷം സമ്മേളനം നാളെ സമാപിക്കും.

മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിലെ യാത്രയ്ക്കായി ഏർപ്പെടുത്തിയ സൈക്കിളുകളുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിക്കുന്നു.

ഗ്രീൻ കാമ്പസ്; എം.ജിയിൽ യാത്രയ്ക്ക് ഇനി സൈക്കിളുകൾ

കോട്ടയം: എം.ജി സർവകലാശാലയിലെ വിദ്യാർഥികൾക്കും അധ്യാപകർക്കും ജീവനക്കാർക്കും കാമ്പസിനുള്ളിൽ യാത്ര ചെയ്യുന്നതിന് സൈക്കിളുകൾ ഏർപ്പെടുത്തി. ഗ്രീൻ കാമ്പസ് പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ട് ആദ്യ ഘട്ടമായി ഗിയറുള്ള എട്ടു സൈക്കിളുകളാണ് പ്രധാന ഗേറ്റിനു സമീപം ക്രമീകരിച്ചിരിക്കുന്നത്.
പദ്ധതിയുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിച്ചു. ആദ്യ ഘട്ടം വിജയിച്ചാൽ കൂടുതൽ സൈക്കിളുകൾ ഏർപ്പെടുത്തുന്നത് പരിഗണിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.
പ്രധാന കവാടത്തിനു സമീപം സെക്യൂരിറ്റി പോയിൻറിൽ ക്യു ആർ കോഡ് സകാൻ ചെയ്ത് വിവരങ്ങൾ നൽകിയാൽ രണ്ടു മണിക്കൂർ സമയത്തേക്ക് സൈക്കിളുകൾ സൗജന്യമായി ലഭിക്കും. കാമ്പസിനു പുറത്തേക്ക് സൈക്കിളുകൾ കൊണ്ടുപോകുന്നതിന് അനുമതിയില്ല.
ഉദ്ഘാടനച്ചടങ്ങിൽ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു തുടങ്ങിയവർ പങ്കെടുത്തു.

പട്ടാളത്തിൽ ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടി ; യുവാവ് അറസ്റ്റിൽ

വൈക്കം: യുവാവിന് ആർമിയിൽ ജോലി വാങ്ങി നൽകാമെന്നു പറഞ്ഞു വിശ്വസിപ്പിച്ച് യുവാവിൽ നിന്നും എട്ട് ലക്ഷത്തോളം രൂപ തട്ടിയെടുത്ത കേസിൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു.
എറണാകുളം എയിംസ് പെരുമാനത്താഴം ഭാഗത്തെ ഫ്ലാറ്റിലെ താമസക്കാരനായ എസ്.സന്തോഷ് കുമാറിനെയാണ്(49) വൈക്കം പോലീസ് അറസ്റ്റ് ചെയ്തത്.ഇയാൾ തലയാഴം സ്വദേശിയായ യുവാവിന് ആർമിയിൽ ജോലി വാങ്ങി നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച്

സന്തോഷ്കുമാർ.

2021 മുതൽ പലതവണകളായി എട്ടു ലക്ഷത്തോളം രൂപ തട്ടിയെടുക്കുകയായിരുന്നു. തുടർന്ന് ജോലി ലഭിക്കാതെയും പണം തിരികെ നൽകാതിരുന്നതിനെയും തുടർന്ന് യുവാവ് പോലീസിൽ പരാതി നൽകുകയായിരുന്നു. പരാതിയെ തുടർന്ന് വൈക്കം പോലീസ് അന്വേഷണസംഘം നടത്തിയ ശക്തമായ തിരച്ചിലിൽ ഒളിവിൽ കഴിഞ്ഞിരുന്ന ഇയാളെ ബാംഗ്ലൂരിൽ നിന്നും പിടികൂടുകയായിരുന്നു.വൈക്കം സ്റ്റേഷൻ എസ്.ഐ ജോർജ് കെ. മാത്യു, സി.പി.ഓ മാരായ അജീഷ്, പ്രവീണോ, ലിജു തോമസ് എന്നിവരും അന്വേഷണസംഘത്തിൽ ഉണ്ടായിരുന്നു.ഇയാൾക്ക്അമ്പലപ്പുഴ സ്റ്റേഷനില്സമാനമായ കേസുകൾ നിലവിലുണ്ട് .കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

കുടുംബശ്രീയിൽ മൈക്രോ എന്റെർപ്രൈസ് കൺസൾട്ടന്റ്: അപേക്ഷ ക്ഷണിച്ചു

കോട്ടയം: കുടുംബശ്രീ വാഴൂർ, ഏറ്റുമാനൂർ ബ്ലോക്കുകളിൽ നടപ്പാക്കുന്ന എസ്.വി.ഇ.പി പദ്ധതിയിൽ മൈക്രോ എന്റെർപ്രൈസ് കൺസൾട്ടന്റുമാരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി 2545. യോഗ്യത: പ്ലസ് ടു. അപേക്ഷകർ അതത് ബ്ലോക്ക് പരിധിയിൽ സ്ഥിരതാമസക്കാരും കുടുംബശ്രീ അംഗമോ കുടുംബാംഗമോ ഓക്സിലറി ഗ്രൂപ്പ് അംഗമോ ആയിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 47 ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം ഉണ്ടായിരിക്കും. താൽപര്യമുള്ളവർ വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷ, ബയോഡാറ്റ, യോഗ്യത പ്രമാണങ്ങളുടെ പകർപ്പ്, അയൽക്കൂട്ട കുടുംബാംഗം /ഓക്സിലറി ഗ്രൂപ്പ് അംഗം എന്നു തെളിയിക്കുന്ന സി.ഡി.എസിന്റെ കത്ത് എന്നിവ സഹിതം ജൂലൈ 12ന് വൈകിട്ട് അഞ്ചിനു മുൻപായി കോട്ടയം കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ സമർപ്പിക്കണം.ഫോൺ :04812302049

ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ്

കോട്ടയം: സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഏറ്റുമാനൂർ ഗവൺമെന്റ് കൊമേർഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ദ്വിവത്സ ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് കോഴ്സിലേക്ക് 2024 25 അധ്യയന വർഷത്തേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പത്താംക്ലാസാണ് യോഗ്യത. പൊതുവിഭാഗത്തിന് 100 രൂപയും പട്ടികവിഭാഗത്തിന് 50 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. www.polyadmission.org/gci എന്ന വെബ് സൈറ്റ് വഴി ജൂലൈ ഒമ്പതിനകം ഓൺലൈൻ ആയിട്ട് അപേക്ഷിക്കണം. ഫോൺ: 0481 2537676, 9633345535

ജില്ലാ വികസന സമിതി

കോട്ടയം: ജൂൺ മാസത്തെ ജില്ലാ വികസന സമിതി യോഗം 29ന് രാവിലെ 11 മണിക്ക് ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

ബഷീർ ദിനാചരണവും പുരസ്കാര സമർപ്പണവും ജൂലൈ 5 ന്

തലയോലപ്പറമ്പ് : വൈക്കം മുഹമ്മദ് ബഷീറിന്റെ 30 മത് ചരമദിനമായ ജൂലൈ 5 ബഷീർ ദിനമായി ഫെഡറൽ ബാങ്കിന്റെ സഹകരണത്തോടെ വൈക്കം മുഹമ്മദ് ബഷീർ സ്മാരക സമിതി, ബഷീർ അമ്മ മലയാളം എന്നിവയുടെ നേതൃത്വത്തിൽ ബഷീറിന്റെ ജന്മനാട്ടിൽ ആചരിക്കും
ബഷീർ കുടുംബ സമേതം താമസിച്ചിരുന്ന തലയോലപ്പറമ്പ് ഫെഡറൽ നിലയത്തിനു മുൻവശം രാവിലെ 10.30 ന് ബഷീർ ദിനാചരണ പരിപാടികളുടെ ഉദ്ഘാടനവും പുരസ്കാര സമർപ്പണവും നടത്തും.
സ്മാരക സമിതി ചെയർമാൻ കിളിരൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ മുൻ മന്ത്രിയും പ്രഭാഷകനുമായ മുല്ലക്കര രത്നകരൻ ബഷീർ ബാല്യകാലസഖി പുരസ്കാരം എം.എൻ. കാരശ്ശേരിയ്ക്കും ബഷീർ അമ്മ മലയാളം പുരസ്കാരം കെ. എ. ബീനയ്ക്കും നൽകും. സമിതി വൈസ് ചെയർമാൻ ഡോ. പോൾ മണലിൽ ആദരഭാഷണം നടത്തും. ചടങ്ങിൽ വെച്ച് ബാല്യകാല സഖിയുടെ 80ാം പിറന്നാൾപതിപ്പ് (ഡി.സി.ബുക്സ്) കിളിരൂർ രാധാകൃഷ്ണനും എം.എൻ. കാരശ്ശേരി യുടെ ബഷീറിന്റെ പൂങ്കവനം (മാതൃഭൂമി ബുക്സ്) എന്ന പുസ്തകം മുല്ലക്കര രത്നകരനും കെ.എ. ബീനയുടെ ബഷീർ എന്ന അനുഗ്രഹം (ലോഗോസ് ബുക്സ്) എന്ന പുസ്തകം ഡോ. എസ്. ലാലി മോളും തമ്പി ആന്റണി യുടെ ഏകാന്തതയുടെ നിമിഷങ്ങൾ (മാതൃഭൂമി ബുക്സ്) എന്ന പുസ്തകം ഡോ. പോൾ മണലിൽ എന്നിവർ പ്രകാശനം നടത്തും. പുരസ്കാര ജേതാക്കൾക്ക് ബഷീർ സ്മാരക സമിതി യുടെ 10001 രൂപ ക്യാഷ് അവാർഡ് ഫെഡറൽ ബാങ്ക് സോണൽ ഹെഡ് നിഷ. കെ. ദാസും സമിതി ഡയറക്ടർ അഡ്വ. ടോമി കല്ലാനി യും നൽകും.

സെമിനാറും യോഗാപ്രദർശനവും ഉദ്ഘാടനം ചെയ്തു

കോട്ടയം: രാജ്യാന്തര യോഗ ദിനത്തോടനുബന്ധിച്ചു കോട്ടയം ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സെമിനാറും യോഗാപ്രദർശനവും സഹകരണതുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും യോഗ അസോസിയേഷൻ ഓഫ് കോട്ടയത്തിന്റെയും ചേതനയോഗയുടേയും യോഗാ ടീച്ചേഴ്സ് അസോസിയേഷന്റെയും യോഗാ ക്ലബുകളുടേയും സംയുക്ത ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ചടങ്ങിൽ യോഗ അസോസിയേഷൻ ഓഫ് കോട്ടയം വി.പി. ലാലുമോൻ അധ്യക്ഷനായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി.ബിന്ദു മുഖ്യപ്രഭാഷണം നടത്തി. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ബൈജു ഗുരുക്കൾ, ചേതന യോഗാ സെക്രട്ടറി സി.കെ. ഹരിഹരൻ, ജോയിന്റ് സെക്രട്ടറി കെ.ടി. സുഗുണൻ, സ്പോർട്സ് കൗൺസിൽ സെക്രട്ടറി എൽ. മായാദേവി എന്നിവർ പ്രസംഗിച്ചു.

രാജ്യാന്തര യോഗ ദിനത്തോടനുബന്ധിച്ചു കോട്ടയം ഇൻഡോർ സ്റ്റേഡിയത്തിൽ നടന്നയോഗാപ്രദർശനം

സംയുക്ത അധ്യാപക സമതി സെക്രട്ടറിയേറ്റ് മാർച്ച് വിജയിപ്പിക്കും: കെ.എസ്.ടി.യു

കോട്ടയം: വിവിധ ആവിശ്യങ്ങൾ ഉന്നയിച്ച് കൊണ്ട് സംയുക്ത അദ്ധ്യാപക സമിതി 26 ന് നടത്തുന്ന സെക്രട്ടറിയേറ്റ് മാർച്ച് വിജയിപ്പിക്കുവാൻ കോട്ടയത്ത് ചേർന്ന കെ.എസ്.ടി.യു ജില്ലാ കമ്മറ്റി യോഗം തിരുമാനിച്ചു. അക്കാദമിക് കലണ്ടർ വിഷയത്തിൽ സർക്കാർ നിലപാട് തിരുത്തണമെന്നും യോഗം ആവശ്യപ്പെട്ടു.ജില്ലാ പ്രസിഡണ്ട് നാസർ മുണ്ടക്കയം അദ്ധ്യക്ഷത വഹിച്ചു.ഭാരവാഹികളായ ടി.എ.നിഷാദ്,തൗഫീഖ് ബഷീർ, പി.കെ.സന്തോഷ് കുമാർ, എൻ.വൈ.ജമാൽ, ടി.എ.ജബ്ബാർ, സിജു ജോർജ് എന്നിവർ പ്രസംഗിച്ചു.

ലോക്സഭാ തെരഞ്ഞെടുപ്പ്; വരവ്ചെലവ് കണക്കെടുപ്പ് 30ന്

കോട്ടയം: ലോക്സഭാ തെരഞ്ഞെടുപ്പിൽ കോട്ടയം ലോക്സഭാ മണ്ഡലത്തിലെ സ്ഥാനാർഥികളുടെ വരവ് ചെലവു കണക്കുകൾ അനു രഞ്ജനപ്പെടുത്തുന്നതിനുള്ള യോഗം ജൂൺ 30ന് രാവിലെ 10.00 മണി മുതൽ ക
ളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. ഓരോ സ്ഥാനാർഥിയും തെരഞ്ഞെടുപ്പ് വരവ് ചെലവ് കണക്കുകൾ തെരെഞ്ഞെടുപ്പ് ഫലം വന്ന് 30 ദിവസത്തിനുള്ളിൽ നിർണയിക്കപ്പെട്ടിട്ടുള്ള മാതൃകയിൽ സമർപ്പിക്കണം എന്നാണു ചട്ടം.
അനുരഞ്ജന യോഗത്തിന്റെ വരവ് ചെലവ് കണക്കുകളുടെ കരട് സ്റ്റേറ്റ്മെന്റ്/റിപ്പോർട്ട്, ആവശ്യമായ മറ്റു രേഖകൾ എന്നിവ സഹിതം സ്ഥാനാർഥിയോ ഏജന്റോ പങ്കെടുക്കണം.
തെരഞ്ഞെടുപ്പ് ചെലവു നിരീക്ഷകൻ, അസിസ്റ്റന്റ് ചെലവു നിരീക്ഷകർ, അക്കൗണ്ടിംഗ് ടീമുകൾ എന്നിവർ യോഗത്തിൽ പങ്കെടുക്കും. കണക്കുകൾ നിശ്ചിത മാതൃകയിൽ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കാത്ത സ്ഥാനാർഥികൾക്കെതിരെ ജനപ്രാതിനിധ്യ നിയമത്തിലെ ചട്ട പ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ

ഡോക്ടർ താൽക്കാലിക നിയമനം

ആലപ്പുഴ: കായംകുളം താലൂക്കാശുപത്രിയിൽ, നഗരസഭ പദ്ധതിയിൽ ഉൾപ്പെടുത്തിഉച്ചയ്ക്ക് മൂന്ന് മണിമുതൽ രാത്രി 10 മണിവരെ സായാഹ്ന ഒ.പി. വിഭാഗം കൈകാര്യം ചെയ്യുന്നതിന് ഡോക്ടർമാരെ വാക്ക് ഇൻ ഇന്റർവ്യൂ മുഖേന താത്കാലിക നിയമനം നട ത്തുന്നു. 2024 ജൂലൈ മൂന്ന് ബുധനാഴ്ച രാവിലെ 11 മണിയ്ക്കാണ് ഇന്റർവ്യൂ. എം.ബി.ബി.എസ്. യോഗ്യതയുള്ള രജിസ്ട്രേഡ് ഡോക്ടർമാരെയാണ് പരിഗണിക്കുന്നത്. താത്പര്യമുള്ളവർ യോഗ്യത, പ്രവൃത്തി പരിചയം, പ്രായം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി കൂടിക്കാഴ്ചയ്ക്ക് എത്തണം. വിശദവിവരങ്ങൾക്ക് ആശുപത്രി ഓഫീസുമായി പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

വെറ്ററിനറി ഡോക്ടർ അഭിമുഖം

ആലപ്പുഴ: കേന്ദ്ര സർക്കാരിന്റെ എൽ.ഐ.എച്ച് ആൻഡ് ഡി.സി.പി. പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലേയ്ക്ക് (കഞ്ഞിക്കുഴി, മുതുകുളം ബ്ലോക്കറുകൾ) വെറ്ററിനറി ഡോക്ടർ തസ്തികയിൽ വാക്ക്ഇൻഇന്റർവ്യൂ വഴി താത്കാലികമായി നിയമനം നടത്തുന്നു. 2024 ജൂൺ 25ന് പകൽ 10.30 മണി മുതൽ 12 മണി വരെ മുല്ലയ്ക്കലിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിലാണ് അഭിമുഖം. ആഴ്ചയിൽ ആറ് ദിവസം പ്രവർത്തി ദിവസമായിരിക്കും. പരമാവധി 89 ദിവസത്തേക്കോ, അല്ലാത്തപക്ഷം എംപ്ലോയ്മെന്റിൽ നടക്കുന്നതുവരേയോ ആയിരിക്കും നിയമന കാലാവധി. യോഗ്യത: ബാച്ചിലർ ഓഫ് വെറ്ററിനറി സയൻസ് അൻഡ് അനിമൽ ഹസ്ബൻഡറി, കേരള വെറ്റിനറി കൗൺസിൽ രജിസ്ട്രേഷൻ. വിശദവിവരങ്ങൾക്ക്: 04772252431.

പൊതുവാർത്തകൾ

ആരോഗ്യമന്ത്രിക്കെതിരെ സി.പി.ഐ

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിക്ക് മുന്നിൽ ഘടകകക്ഷിയുടെ സർക്കാർ വിരുദ്ധസമരം

ആലപ്പുഴ: ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിലെ പ്രശ്നങ്ങളിൽ ആരോഗ്യ മന്ത്രി വീണ ജോർജിനെതിരെ എൽ.ഡി.എഫിലെ രണ്ടാംകക്ഷിയായ സി.പി.ഐ രംഗത്ത്. സി.പി.ഐ. ജില്ലാ കൗൺസിൽ സംഘടിപ്പിച്ച ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രി സംരക്ഷണ ബഹുജന ശൃംഖലയിൽ പങ്കെടുത്ത നേതാക്കളാണ് ആരോഗ്യ വകുപ്പിനും വകുപ്പ് മന്ത്രിക്കുമെതിരെ ആഞ്ഞടിച്ചത്. ആശുപത്രിയെ സംബന്ധിച്ച് ഉയരുന്ന പരാതികളിന്മേൽ ആരോഗ്യ മന്ത്രിയുടെ ഇടപെടൽ ഫലപ്രദമാകുന്നില്ലെന്ന് യോഗം ഉദ്ഘാടനം ചെയ്ത സി.പി.ഐ ജില്ലാസെക്രട്ടറി ടി. ജെ ആഞ്ചലോസ് കുറ്റപ്പെടുത്തി. ആശുപത്രി വികസന സമിതി യോഗം ചേരാത്തതിന്റെ കാരണം ബന്ധപ്പെട്ടവർ വ്യക്തമാക്കണമെന്നും, ഒഴിവുകൾ അടിയന്തരമായി നികത്തണമെന്നും, അടുത്ത നാളുകളിലുണ്ടായ ചില മരണങ്ങളെ കുറിച്ചുള്ള അന്വേഷണറിപ്പോർട്ടുകളും അതിന്മേൽ സ്വീകരിച്ച നടപടികളും പ്രസിദ്ധീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സി.പി.ഐ. ജില്ലാ കൗൺസിൽ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി ജംഗ്ഷനിൽ സംഘടിപ്പിച്ച സംരക്ഷണ ബഹുജന ശൃംഖല

ആലപ്പുഴ മെഡിക്കൽ കോളജിനെതിരെ സർക്കാർ തുടരുന്ന അവഗണനയ്ക്ക് എതിരെ നടന്ന സമരത്തിൽ നൂറുകണക്കിന് പേർ കണ്ണികളായി. ആശുപത്രിയുമായി ബന്ധപ്പെട്ട നിരവധി ആവശ്യങ്ങളിന്മേൽ ജില്ലയിലാകെ നടത്തിയ ഒപ്പുശേഖരണ കാമ്പയിന്റെ തുടർച്ചയായിട്ടാണ് ഇന്നലത്തെ സമരം. ലോക്സഭ തിരഞ്ഞെടുപ്പ് പരാജയത്തിന് പിന്നാലെ സർക്കാരിനെതിരെ സമരവുമായി ഘടകക്ഷി തന്നെ രംഗത്ത് എത്തിയത് സി.പി.എമ്മിന് വലിയ ക്ഷീണമായി. സമരത്തിൽ നിന്നും സി.പി.ഐയെ പിന്മാറ്റാൻ സി.പി.എം വലിയ ഇടപെടലുകൾ നടത്തിയിരുന്നുയെങ്കിൽ വിജയിച്ചില്ല. സമരത്തിൽ ജില്ലാ അസി സെക്രട്ടറി പി. വി. സത്യനേശൻ അദ്ധ്യക്ഷനായിരുന്നു.എ.ഐ.വൈ.എഫ്. സംസ്ഥാന സെക്രട്ടറി ടി.ടി. ജിസ്മോൻ, സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗങ്ങളായ ജി.കൃഷ്ണപ്രസാദ്, ദീപ്തി അജയകുമാർ, വി.മോഹൻദാസ്, ഡി.സുരേഷ് ബാബു, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.എസ്.ശിവപ്രസാദ്, ജില്ലാ എക്സി അംഗങ്ങളായ ആർ.ഗിരിജ, കെ. കാർത്തികേയൻ പ്രസംഗിച്ചു.

അന്യായമായ കോർട്ട് ഫീസ് വർധനവിനെതിരെ കേരള ലോയേഴ്സ് ഫോറം ജില്ലാ കമ്മിറ്റിയുടെ നിവേദനം എറണാകുളത്ത് നടന്ന സിറ്റിംഗിൽ ജസ്റ്റിസ് മോഹൻ കമ്മിഷൻ മുൻപാകെ ജില്ലാ സെക്രട്ടറി അഡ്വ. ദിലീപ് റഹ്മാൻ സമർപ്പിക്കുന്നു.

ബി.എ.ഐ ഭാരവാഹികളുടെ സ്ഥാനാരോഹണം ഇന്ന്

ആലപ്പുഴ : കരാറുകാർ, എൻജിനിയർമാർ, നിർമാണ മേഖലയുമായി ബന്ധപ്പെട്ട മറ്റു പ്രൊഫഷണലുകൾ, കമ്പനികൾ എന്നിവരുടെ സംഘടനയായ ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (ബി എ ഐ) ആലപ്പുഴ സെന്ററിന്റെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം ഇന്ന് നടക്കുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

വൈകിട്ട് ഏഴിന്ന് ആലപ്പുഴ പൽമിറ മിൽഫോർഡ് ഹോട്ടലിലാണ് പരിപാടി. കെ സി വേണുഗോപാൽ എംപി ഉദ്ഘാടനം ചെയ്യും. ബിഎഐ ആലപ്പുഴ സെന്റർ ചെയർമാൻ ബിജോയ്സ് കെ എബ്രഹാം അധ്യക്ഷത വഹിക്കും. സ്ഥാനാരോഹണച്ചടങ്ങുകൾക്ക് ബിഎഐ സംസ്ഥാന ചെയർമാൻ പിഎൻ സുരേഷ് നേതൃത്വം നൽകും.

ബിഎഐ ആലപ്പുഴ സെന്റർ നിയുക്ത ചെയർമാൻ ഷൈൻ ജോസഫ്, സുമേഷ് ചന്ദ്രദാസൻ, ദീപക് ദിനേശൻ, ധർമ്മരാജ് പി എൻ, രാഗേഷ് ചക്രപാണി, പി ജി ഗോപിനാഥ്, ശരത് സ്നേഹജൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

അന്താരാഷ്ട്ര യോഗ ദിനാചരണം

ആലപ്പുഴ: നെഹ്റു യുവ കേന്ദ്ര ആലപ്പുഴയുടെ ആഭിമുഖ്യത്തിൽ പത്താമത് അന്താരാഷ്ട്ര യോഗ ദിനം ആചരിച്ചു. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ആൻഡ് റൂറൽ ബാങ്ക് പ്രസിഡന്റ് സി.കെ. ഷാജിമോഹൻ യോഗ ദിനം ഉദ്ഘടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. സിന്ധു എസ്. നായർ അധ്യക്ഷയായി.

യോഗാധ്യാപിക എസ്.സംഗീത ക്ലാസ് നയിച്ചു. മാനേജർ ഫാ. സെലെസ്റ്റിൻ പുത്തൻപുരക്കൽ, വിവേക് ശശിധരൻ, എസ്. ശിവമോഹൻ, സീന കുരിയൻ, ആൽബിൻ ആൽബർട്ട് തുടങ്ങിയവർ സംസാരിച്ചു.

ഹരിപ്പാട്: മണ്ണാറശാല യു. പി. സ്കൂൾ കായിക, ആരോഗ്യ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗ ദിനാചരണം നടത്തി.സ്കൂൾ പ്രഥമാധ്യാപിക കെ. എസ്. ബിന്ദു ഉദ്ഘാടനം ചെയ്തു.പി.ടി.എ പ്രസിഡന്റ് സി. പ്രകാശ് അധ്യക്ഷത വഹിച്ചു.

യോഗ പരിശീലകയും ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ ഏരിയ സെക്രട്ടറിയുമായ ഡോ.ധന്യ. ആർ.പിള്ള യോഗ പരിശീലനം നടത്തി. യോഗ പരിശീലകരായ ഡോ.ആരതി.ആർ. പണിക്കർ, ഡോ.ഗോപിക കൃഷ്ണ ബെൻ,ഡോ. റിഷ രമേശ്, അധ്യാപകരായ പി. തുഷാര, എം. എസ്.സർജു എന്നിവർ ആശംസകൾ അർപ്പിച്ചു. കായിക അധ്യാപകൻ ഷജിത്ത് ഷാജി സ്വാഗതവും ആരോഗ്യ ക്ലബ്ബ് കൺവീനർ എസ്. ധന്യ നന്ദിയും പറഞ്ഞു.

ആലപ്പുഴ: ലജ്നത്തുൽ മുഹമ്മദിയ്യ എൽ.പി സ്കൂളിൽ യോഗ ദിനാചരണം നടന്നു. പ്രധാനാധ്യാപകൻ അബ്ദുൽ മാഹിൻ റഷീദ് ഉദ്ഘാടനം ചെയ്തു. അധ്യാപകരായ പി.എസ് സുൽഫത്ത്, സഹിറ, സജ്ന കാസിം, എ.എം മുഹമ്മദ് ശാഫി, സജ്ജാദ് റഹ്മാൻ, അൻസില, ജയലക്ഷ്മി, നസ്നി, നൗസിയ, ആമിന, മുഹ്സിന, സൗജത്ത്, ഷമീന എന്നിവർ സംബന്ധിച്ചു.

വാഹനാപകടം

കോതമംഗലം: കൊച്ചിധനുഷ് കോടി ദേശീയ പാതയിൽ നെല്ലിമറ്റത്ത് വച്ച് നിയന്ത്രണം വിട്ട കാർ എതിർ ദിശയിൽ വന്ന ബൈക്ക് ഇടിച്ച് തെറിപ്പിച്ചു. ബൈക്ക് ഓടിച്ചിരുന്ന ഊന്നുകൽ പിലിക്കാട്ട് തോട്ടം വീട്ടിൽ മനോജിന് (46) പരിക്കേറ്റു. ഇയാളെ കോതമംഗലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തുടർന്ന് വിദഗ്ധ ചികിത്സക്കായി തൊടുപുഴ സെന്റ് ആന്റണീസ് ആശുപത്രിയിലേക്ക് മാറ്റി. വെള്ളി പുലർച്ചെയാണ് അപകടം. കൊടുങ്ങല്ലൂർ ഭാഗത്തേക്ക് പോവുകയായിരുന്ന കാർ യാത്രികർ ഉറങ്ങിയതാണ് അപകട കാരണമെന്ന് പറയുന്നു. കാർ യാത്രികർക്ക് പരിക്കില്ല. ഊന്നുകൽ പൊലീസ് മേൽനടപടി സ്വീകരിച്ചു.

കാപ്പ ചുമത്തി നാടുകടത്തി

കാലടി: കാഞ്ഞൂർ പുതിയേടം പയ്യപ്പിള്ളി വീട്ടിൽ അരുൺ ജോർജ്(28)നെയാണ് 6 മാസത്തേക്ക് നാടു കടത്തിയത്. ജില്ലാ പോലീസ് മേധാവി ഡോ.വൈഭവ് സക്സേനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം റേഞ്ച് ഡിഐജി പൂട്ട വിമലാദിത്യയാണ് ഇതുസംബന്ധിച്ച ഉത്തരവിട്ടത്.

കാലടി പോലീസ് സ്റ്റേഷൻ പരിധിയിൽ കൊലപാതകശ്രമം, വീട് കയറിയുള്ള അതിക്രമം, ദേഹോപദ്രവമേൽപ്പിക്കൽ തുടങ്ങി നിരവധി കേസുകളിൽ പ്രതിയാണ്.കഴിഞ്ഞ ഫെബ്രുവരിയിൽ കാലടി പോലീസ് രജിസ്റ്റർ ചെയ്ത അടിപിടിക്കേസിൽ പ്രതിയായതിനെ തുടർന്നാണ് നാടുകടത്തൽ നടപടി.

ബാർ ഹോട്ടൽ മാറ്റി സ്ഥാപിക്കണമെന്ന്

ആലുവ : തോട്ടും മുഖം മഹിളാലയം കവലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരാധനാലയങ്ങളും പ്രവർത്തിക്കുന്ന ജനവാസ മേഖലയിൽ തുടങ്ങിയിട്ടുള്ള ബാർ ഹോട്ടൽ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് കീഴ്മാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനവും ബാറിനു മുമ്പിൽ ധർണ്ണയും നടത്തി.

മണ്ഡലം പ്രസിഡൻറ് ലിസി സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു .

ആലുവ ബ്ലോക്ക് പ്രസിഡൻറ് പി. എ മുജീബ് ഉദ്ഘാടനം ചെയ്തു.

പി വി എൽദോസ് ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എം എം സാജു, റസീല ശിഹാബ്, ടി പി അബ്ദുൽ അസീസ് ,സനില അഭിലാഷ് ,മുൻ പഞ്ചായത്ത് പ്രസിഡണ്ട് ലൈസ സെബാസ്റ്റ്യൻ, കെ കെ അജിത് കുമാർ ,പി കെ രമേശ് ,കെ പി സിയാദ് ,ടി എസ് ഷറഫുദ്ദീൻ, എം എ സത്താർ, ലില്ലി ജോയ് ,അച്ചാമ്മ സ്റ്റീഫൻ ,അനസ് പള്ളിക്കുഴി, റെനീസ് സുബൈർ, മുഹമ്മദ് അസർ എന്നിവർ സംസാരിച്ചു.

റോഡിന്റെ വശങ്ങൾ തകർന്നു

കോതമംഗലം: നവീകരിക്കുന്ന ആയക്കാട് വേട്ടാമ്പാറ റോഡിന്റെ ഇരുവശവും തകർന്നു. പിണ്ടിമന ആലുംചുവടിന് സമീപം വലിയ അപകടാവസ്ഥയാണുണ്ടായിരിക്കുന്നത്.

ടാറിംഗിന് മുന്നോടിയായി റോഡിന് ഇരുവശത്തും വിരിച്ചിരുന്ന വലിയ മെറ്റൽ മഴവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയിരുന്നു. ഇവിടെ ഇപ്പോൾ വലിയ ഗർത്തങ്ങളാണ് രൂപപ്പെട്ടിരിക്കുന്നത്. വളവും കയറ്റിറക്കവും വീതികുറവും ഉള്ള ഭാഗമായതിനാൽ വാഹനങ്ങൾ അപകടത്തിൽപ്പെടാൻ സാധ്യത ഏറെയാണ്.

ഇരുചക്രവാഹനങ്ങൾക്കും ഭീഷണിയുണ്ട്. എതിരെവരുന്ന വാഹനങ്ങൾക്ക് കടന്നുപോവാൻപോലും കഴിയില്ല.

ഇതിനകംതന്നെ ഏതാനും അപകടങ്ങളുണ്ടാകുകയും ചെയ്തിട്ടുണ്ട്. റോഡ് ഈ അവസ്ഥയിലെത്തിയിട്ട് ആഴ്ചകൾ കഴിഞ്ഞു. അപകടമുന്നറിയിപ്പായി റിബൺ കെട്ടിയതൊഴിച്ചാൽ മറ്റ് നടപടികളൊന്നുമുണ്ടായിട്ടില്ല. എത്രയും വേഗം അപകടാവസ്ഥ ഇല്ലാതാക്കണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം.

മറ്റത്തിൽ ഭാഗം ഗവൺമെന്റ് എൽ പി സ്കൂളിൽ വായന പക്ഷാചരണത്തോടനുബന്ധിച്ച് 62–ാം വയസ്സിലും വിദ്യാർത്ഥിയായ അബ്ദുൽ ഷുക്കൂറിനെ ആദരിക്കുന്നു

62–ാം വയസിലും പഠിതാവ്

ഷുക്കൂറിന് ആദരവുമായി അക്ഷര മുത്തശ്ശി

അരൂക്കുറ്റി: മറ്റത്തിൽ ഭാഗം ഗവൺമെന്റ് എൽ പി സ്കൂളിൽ വായന പക്ഷാചരണത്തോടനുബന്ധിച്ച് 62–ാം വയസ്സിലും വിദ്യാർത്ഥിയായ അബ്ദുൽ ഷുക്കൂറിനെ അക്ഷര മുത്തശ്ശി ആദരിച്ചു. കരുണ റീഹാബിലിറ്റേഷൻ സെന്ററിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ബഡ്സ് സ്കൂളിലെ വിദ്യാർത്ഥിയാണ് ഈ 62 വയസ്സുകാരൻ. സ്കൂൾ പ്രഥമ അധ്യാപകൻ എം കെ അബ്ദുറഹ്മാന്റെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം ബിനിത പ്രമോദ് ഉദ്ഘാടന കർമ്മം നിർവഹിച്ചു . സഹോദര സ്നേഹത്തിന്റെ പുതിയ പാഠങ്ങൾ അബ്ദുൽ ഷുക്കൂറിന്റെ സഹോദരനായ അബ്ദുൽ സലിം കുട്ടികൾക്ക് പകർന്നു നൽകി.

തുടർന്ന് മുൻപ്രധാന അധ്യാപകനായിരുന്ന എം പി ശിവകുമാർ കുട്ടികൾക്ക് വായനാദിന സന്ദേശം നൽകുകയും സ്കൂൾ ലൈബ്രറിയിലേക്കായി പുസ്തകങ്ങൾ കൈമാറുകയും ചെയ്തു .

എ.കെ.ജി വായനശാലയുടെ നേതൃത്വത്തിൽ വായനാദിന ക്വിസ് മത്സരം സംഘടിപ്പിച്ചു.വാർഡ് മെമ്പറായ കെ.എ മാത്യു, എ.കെ ജി ഗ്രന്ഥശാല സെക്രട്ടറിയായ പി സി രമേശൻ വനിതാ വേദി സെക്രട്ടറിയായ സൗമ്യ എന്നിവർ ആശംസകൾ നേർന്നു.

ക്രിക്കറ്റ് ലീഗ് ലോഗോ പ്രകാശനവും സമ്മാനദാനവും

കൊച്ചി: എറണാകുളം പ്രസ് ക്ലബ്ബ് മീഡിയ ഹൗസുകൾക്കായി സംഘടിപ്പിക്കുന്ന വിനോദ് കരിമാട്ട് മെമ്മോറിയൽ ട്രോഫിക്ക് വേണ്ടിയുള്ള പ്രസ് ക്ലബ്ബ് ക്രിക്കറ്റ് ലീഗ് (പിസിഎൽ) പ്രഥമ സീസണിന്റെ ലോഗോ പ്രകാശനം ഹൈബി ഈഡൻ എം.പി നിർവഹിച്ചു. വിനോദ് കരിമാട്ടിന്റെ ഭാര്യ സൗമ്യ ലോഗോ ഏറ്റുവാങ്ങി. ഇന്ത്യൻ ഓയിൽ കോർപറേഷൻ, ജെയിൻ യൂണിവേഴ്സിറ്റി, വിപിഎസ് ലേക്ഷോർ ആശുപത്രി എന്നിവരുടെ സഹകരണത്തോടെ ജൂൺ 23,24 തീയതികളിലായി കലൂർ ഡിഎൻഎ സ്പോർട്സ് ഹബ്ബിലാണ് ടൂർണമെന്റ് അരങ്ങേറുന്നത്. എറണാകുളത്തെ 15 മാധ്യമ സ്ഥാപനങ്ങൾ പങ്കെടുക്കും. പ്രസ് ക്ലബ്ബ് ഹാളിൽ നടന്ന ചടങ്ങിൽ ലോക്സഭ തിരഞ്ഞെടുപ്പ് ഫലപ്രവചന മത്സര വിജയികൾക്കുള്ള സമ്മാനദാനവും ഹൈബി ഈഡൻ എം.പി നിർവഹിച്ചു. കേരളകൗമുദി ചീഫ് റിപ്പോർട്ടർ പി.എസ് സോമനാഥൻ, ന്യൂസ് മലയാളം 24/7 ചീഫ് ക്യാമാറമാൻ അരുൺ പി.എസ് എന്നിവർ സമ്മാനങ്ങൾ ഏറ്റുവാങ്ങി. പ്രസ് ക്ലബ്ബ് പ്രസിഡന്റ് എം.ആർ ഹരികുമാറിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ സെക്രട്ടറി എം.സൂഫി മുഹമ്മദ് സ്വാഗതവും, സ്പോർട്സ് ക്ലബ്ബ് കൺവീനർ അഷ്റഫ് തൈവളപ്പ് നന്ദിയും പറഞ്ഞു.

കേരള ഡെമോക്രാറ്റിക് പാർട്ടിയുടെ ജില്ലാ കമ്മിറ്റി ഓഫീസ് മാണി സി കാപ്പൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

എൽ.ഡി.എഫിനെ ജനം തള്ളിക്കളയും: മാണി.സി. കാപ്പൻ

ആലപ്പുഴ: വരാനിരിക്കുന്ന നിയമസഭാ ഉപതെരഞ്ഞെടുപ്പിലും തുടർന്ന് വരുന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും പിണറായി നേതൃത്വം നൽകുന്ന മുന്നണിയെ ജനങ്ങൾ തിരസ്കരിക്കുമെന്ന് മാണി സി കാപ്പൻ എംഎൽഎ പറഞ്ഞു.അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫ് നൂറിലധികം സീറ്റുകൾ നേടി അധികാരത്തിൽ എത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. കെ.ഡി.പി.ജില്ലാ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.ചടങ്ങിൽ അഡ്വ.അഹമ്മദ് അമ്പലപ്പുഴ അധ്യക്ഷത വഹിച്ചു. സുൽഫിക്കർ മയൂരി. സലിം പി.മാത്യു, കടകംപള്ളി സുകു, ബേബി തോമസ്, സിബി മാത്യു. പ്രദീപ് കരുണാകരൻ പിള്ള , ജിജി പുന്തല, മൻസൂർ റഹുമാനിയ,സുധീർ നാലുകെട്ട് , പുന്നപ്ര അപ്പച്ചൻ ബിജു കോട്ടുപ്പള്ളി , ഷബീർ അബ്ദുസ്റ്റി.പി.രാജൻ ഹാഷിം വിയപുരം സംസാരിച്ചു.

യുദ്ധം സാമ്രാജ്യത്വ ശക്തികൾക്ക് അനിവാര്യം: ഗീവർഗീസ് മാർ കുറിലോസ്

കായംകുളം: യുദ്ധം സാമ്രാജ്യത്വ ശക്തികൾക്ക് അനിവാര്യമാണെന്നും, ഉൽപാദനത്തിന്റെ അൻപതു ശതമാനത്തോളം ഇന്ന് യുദ്ധോപകരണങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുകയാണെന്നും ഡോ ഗീവർഗീസ് മാർ കുറിലോസ് പറഞ്ഞു .

കായംകുളം പാർക്ക് മൈതാനിയിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച പലസ്തീൻ ഐക്യദാർഢ്യ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശാസ്ത്ര സാങ്കേതിക വിദ്യയുടെ മേഖലയുടെ വളർച്ച മുഴുവൻ യുദ്ധ വ്യവസായത്തിലാണ് ഉപയോഗിക്കുന്നതെ ന്നും ,യുദ്ധത്തെ ചെറുക്കാൻ എല്ലാ രാജ്യങ്ങളിലും ജനങ്ങൾ പ്രതിരോധം ഉയർത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ചെറുതും വലുതുമായ ജനാഭിപ്രായങ്ങൾ ലോക സമാധാനം ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

ഐക്യദാർഢ്യ സമ്മേളനത്തിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ ആലപ്പുഴ ജില്ലാ വൈസ് പ്രസിഡൻറ് ബി.ദിലീപൻ അധ്യക്ഷത വഹിച്ചു. അഡ്വ.ഒ.ഹാരിസ്, ഡോ. ജനാർദ്ദനക്കുറുപ്പ്, എം ഷാജർ ഖാൻ, എസ്. സീതി ലാൽ, റ്റി.ബി. വിശ്വനാഥൻ, അഡ്വ.ബി.കെ. രാജഗോപാൽ, അഡ്വ. എം.എസ്.ഉണ്ണിത്താൻ, മായാ വാസുദേവ്, അഡ്വ. പ്രകാശ് മാഞ്ഞാലിൽ, സുരേഷ് കുമാർ ഓലക്കട്ടിയമ്പലം, സജീർ കുന്നുകണ്ടം,എൻ. ഉദയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

കായംകുളം പാർക്ക് മൈതാനിയിൽ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംഘടിപ്പിച്ച പലസ്തീൻ ഐക്യദാർഢ്യ സമ്മേളനം ഡോ ഗീവർഗീസ് മാർ കുറിലോസ് ഉദ്ഘാടനം ചെയ്യുന്നു

പലസ്തീൻ ഐക്യദാർഢ്യ പ്രമേയം ആർ.പാർത്ഥസാരഥി വർമ്മയും പ്രമുഖ മനുഷ്യാവകാശ പ്രവർത്തനും പത്രപ്രവർത്തകനുമായിരുന്ന ബി.ആർ.പി.ഭാസ്കർ അനുസ്മരണ പ്രമേയം അഡ്വ. ശാന്തിരാജും അവതരിപ്പിച്ചു.

സമ്മേളനത്തിനു മുന്നോടിയായി കായംകുളം ട്രാൻസ് പോർട്ട് സ്റ്റാന്റിൽ നിന്ന് ആരംഭിച്ച യുദ്ധവിരുദ്ധ സമാധാന റാലി കായംകുളം ടൗൺ ചുറ്റി പാർക്ക് മൈതാനിയിൽ സമാപിച്ചു.

എ.എച്ച്.എം. ഹുസൈൻ (പ്രസിഡന്റ്) — സക്കീർ കോയിക്കൽ (ജനറൽ സെക്ര) — മിഥുൻ ശ്രീധർ (ട്രഷറർ)

ജി.എസ്.ടി വരുമാനം വെളിപ്പെടുത്തണം

കായംകുളം: സ്വർണ്ണവ്യാപാര മേഖലയിൽ നിന്ന് ലഭിച്ച ജി.എസ്.ടി വരുമാനം വെളിപ്പെടുത്തണമെന്ന് ആൾ കേരള ഗോൾഡ് ആന്റസിൽ വർമർച്ചന്റ്സ് അസോസിയേഷൻ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് റോയി പാലത്ര ആവശ്യപ്പെട്ടു. കായംകുളം ടൗൺ യൂണിറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് എ.എച്ച്.എം. ഹുസൈൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് നസീർ പുന്നക്കൽ , വൈസ് പ്രസിഡന്റ് വേണു കൊപ്പറ, വിജയകുമാർ, നിസാം അറഫ, സത്താർ അലങ്കാർ, റോജ ഇർഷാദ്, ബിനീഷ്,രവീന്ദ്രൻ എന്നിവർ പ്രസംഗിച്ചു. പുതിയ,ഭാരവാഹികളായി. എ.എച്ച്.എം.ഹുസൈൻ (പ്രസിഡന്റ്) ഷൗക്കത്ത് സ്വർണ്ണ മഹാൾ, ഷഫീഖ് അറേബ്യൻ , അബു ജനത (വൈസ് പ്രസിഡന്റ്മാർ), സക്കീർ കോയിക്കൽ (ജനറൽ സെക്രട്ടറി), ഷാനവാസ് മംഗല്യ,അയ്യപ്പൻ കൊയ്പ്പള്ളി, സത്താർ അലങ്കാർ (സെക്രട്ടറിമാർ), മിഥുൻ ശ്രീധർ (ട്രഷറർ)

ക്യാഷ് അവാർഡ്: സമയപരിധി നീട്ടി

ആലപ്പുഴ: കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ആലപ്പുഴ ജില്ലാ ഓഫീസിൽ അംഗങ്ങളായവരുടെ മക്കളിൽ 2023 2024 അധ്യയനവർഷത്തിൽ പത്താം തരത്തിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടിയവർക്കുള്ള ക്യാഷ് അവാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള സമയപരിധി ജൂൺ 30 വരെ ദീർഘിപ്പിച്ചു. ഫോൺ നമ്പർ0477 2241455.

പ്രതി അറസ്റ്റിൽ

തിരുവനന്തപുരം: മെഡിക്കൽ കോളേജിന് സമീപം യുവാവിനെ വെട്ടി പരിക്കേല്പിച്ച കേസിലെ പ്രതി അറസ്റ്റിൽ. മെഡിക്കൽ കോളേജ് കിഴങ്ങുവിള വീട്ടിൽ സുരേഷ് എന്ന പപ്പൻ സുരേഷ്(47)നെ ആണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. ഇക്കഴിഞ്ഞ 16 നാണ് സംഭവം. മദ്യം വാങ്ങിച്ചു കൊടുക്കാത്തതിലുള്ള വിരോധത്താൽ എ.സി.ആർ ലബോറട്ടറിക്ക് മുൻ വശത്തുള്ള ആംബുലൻസ് പാർക്കിംഗിന് സമീപത്താണ് യുവാവിനെയും സുഹൃത്തുക്കളെയും വെട്ടി പരിക്കേല്പിച്ചത്.

പെൺകുട്ടിയെ പീഡിപ്പിച്ച യുവാവ് പിടിയിൽ

നരുവാമൂട്:മൊബൈൽ ചാർജ്ജ് ചെയ്തു കൊടുത്ത പരിചയം വച്ചു പ്രായപൂർത്തി ആകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ വിവാഹിതനും രണ്ടു കുട്ടികളുടെ പിതാവുമായ യുവാവിനെ നരുവാമൂട് പൊലിസ് അറസ്റ്റ് ചെയ്തു. നരുവാമൂട് താന്നിവിള സ്വദേശി വിശാഖ് (28) നെയാണ് പോക്സോ നിയമ പ്രകാരം അറസ്റ് ചെയ്തത്. ഇക്കഴിഞ്ഞ ഇക്കഴിഞ്ഞ മെയ് മാസം ആണ് കേസിന് ആസ്പദമായ സംഭവം നടന്നത്.പരിചയം വച്ച് വീട്ടിൽ ആരും ഇല്ലാതിരുന്ന സമയത്ത് അതിജീവിതയുടെ വീട്ടിൽ എത്തിയാണ് ഇയാൾ കുട്ടിയെ പീഡനത്തിന് ഇരയാക്കിയത്.

മടവൂർ എൻ.എസ്.എസ് സ്കൂളിൽ വായനാചരണം

കിളിമാനൂർ: മടവൂർ എൻഎസ്എസ് ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വായന മാസാചരണ പരിപാടികൾക്ക് തുടക്കം കുറിച്ചു. ഹെഡ് മിസ്ട്രസ് ഒ.ബി കവിത ഉദ്ഘാടനം ചെയ്തു. വിദ്യാരംഗം കൺവീനർ എസ്. ഷീല അധ്യക്ഷത വഹിച്ചു. അക്ഷരദീപം തെളിയിക്കൽ, പുസ്തക താലപ്പൊലി, പുസ്തകത്തൊട്ടിൽ, വായനാദിന പ്രതിജ്ഞ, പി എൻ പണിക്കർ അനുസ്മരണം, പുസ്തകപരിചയം, ചിത്രരചന, വായന ക്വിസ് എന്നിവ സംഘടിപ്പിച്ചു. വായന മാസാചരണ പരിപാടികളുടെ ഭാഗമായി അമ്മ വായന, കഥാപാത്ര ദൃശ്യാവിഷ്കാരം എന്നിവ സംഘടിപ്പിക്കും.

തിരുവനന്തപുരം വാർത്തകൾ

ശിഹാബ് തങ്ങൾ സ്മാരകവേദി സംസ്ഥാന കൗൺസിൽ അംഗം പുലിപ്പാറ യൂസഫിനെ ജനകീയ മനുഷ്യാവകാശ പരിസ്ഥിതി സംരക്ഷണ സമിതി ആദരിക്കുന്നു

സ്നേഹാദരവ് നൽകി

നെടുമങ്ങാട്:ജനകീയ മനുഷ്യാവകാശ പരിസ്ഥിതി സംരക്ഷണ സമിതി താലൂക്ക് കമ്മിറ്റിയുടെ യുടെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി മാസാചരണത്തിന്റെ ഭാഗമായി പരിസ്ഥിതി, സാമൂഹിക പ്രവർത്തനത്തിന് വിവിധ സ്ഥലങ്ങളിൽ നേതൃത്വം നൽകിയ ഗാന്ധിയൻ കർമ്മവേദി താലൂക്ക് കമ്മിറ്റി പ്രസിഡണ്ടും, ശിഹാബ് തങ്ങൾ സ്മാരകവേദി സംസ്ഥാന കൗൺസിൽ അംഗവുമായ പുലിപ്പാറ യൂസഫിനെ ജനകിയ മനുഷ്യാവകാശ പരിസ്ഥിതി സംരക്ഷണ സമിതിയുടെ സംസ്ഥാന പ്രസിഡണ്ട് ഡോക്ടർ. തത്തൻ കോട് കണ്ണൻ പൊന്നാട അണിയിച്ചു സ്നേഹാദരവ് നൽകി. സാമൂഹിക പ്രവർത്തകരായആനാട് ജയചന്ദ്രൻ,കെ. സൊമശേഖരൻ നായർ, മുഹമ്മദ് ഇല്യാസ് പത്താംകല്ല്,നെടുമങ്ങാട് കെഎസ് പ്രമോദ്,വഞ്ചുവം ഷറഫ്,രാജൻ പള്ളിമുക്ക്, രാജശേഖരൻ, വിജയകുമാരി, നൗഫിക്കർ, സയ്യിദത്ത് ബിവി തുടങ്ങിയവർ സംബന്ധിച്ചു.

ഷിഗ്നാപ്പൂരിലെ പുരോഹിതർ പൗർണ്ണമിക്കാവിൽ എത്തുന്നു

തിരുവനന്തപുരം: വിഴിഞ്ഞം വെങ്ങാനൂർ പൗർണ്ണമിക്കാവ് ശ്രീബാല ത്രിപുര സുന്ദരി ദേവീക്ഷേത്രത്തിലെ ശനീശ്വര പ്രതിഷ്ഠയുടെ പ്രാണപൂജകൾക്കായി മഹാരാഷ്ട്രയിലെ വാതിലുകളില്ലാത്ത നഗരം എന്ന് കേൾവികേട്ട ഷിഗ്നാപ്പൂരിലെ പ്രശസ്തമായ ശനിക്ഷേത്രത്തിലെ മുഖ്യ പുരോഹിതരായ സന്ദീപ് ശിവാജി മുല്യയും സഞ്ജയ് പത്മാകർ ജോഷിയും എത്തുന്നു. മിഥുന മാസത്തിലെ പൗർണ്ണമിയായ ഇന്നാണ് ശനീശ്വരന്റെ പ്രാണപ്രതിഷ്ഠ നടത്തുന്നത്. പൂജകൾ ആരംഭിച്ചു. ആദ്യമായാണ് ഷിഗ്നാപ്പൂർ ശനിക്ഷേത്രത്തിലെ മുഖ്യപുരോഹിതർ മറ്റൊരു ക്ഷേത്രത്തിലെ പൂജാ കർമ്മങ്ങൾക്ക് പങ്കെടുക്കുന്നത്. ശനിഷിഗ്നാപ്പൂർ ക്ഷേത്രത്തിന് സമീപത്തെ അപൂർവ്വ കാഴ്ചയാണ് വാതിലുകളില്ലാത്ത വീടുകൾ. ക്ഷേത്രത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ വീടുകളും കടകളും മാത്രമല്ല ബാങ്കുകൾ പോലും പൂട്ട് ഉപയോഗിച്ച് പൂട്ടാറില്ല.

ശാന്തിഗിരി യോഗദിനാചരണം

പോത്തൻകോട് : പാരമ്പര്യത്തിനും പൈതൃകത്തിനും ചികിത്സയ്ക്കുമൊന്നും രാഷ്ട്രീയമില്ലാത്തതുപോലെ യോഗയിലും രാഷ്ട്രീയം കാണരുതെന്നും അതു നമ്മുടെ സംസ്കാരത്തെ വാർത്തെടുക്കുന്നുവെന്നും ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി. ആശ്രമം റിസർച്ച് സോൺ ആഡിറ്റോറിയത്തിൽ വെച്ച് നടന്ന യോഗദിനാചരണം പരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്വാമി. ഇൻഡിമസി ഹീലിംഗ് വില്ലേജ് മാനേജിംഗ് ഡയറക്ടർ ഗുരു യോഗിശിവൻ മുഖ്യാതിഥിയായി. ഇന്റർനാഷണൽ യോഗട്രെയിനർ എം. ആനന്ദവല്ലി, യോഗാചാര്യൻ കെ.കൃഷ്ണൻ നായർ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

ഒന്നാം പ്രതി പിടിയിൽ

തിരുവനന്തപുരം: പാറവിള മുസ്ലിം പള്ളിക്ക് സമീപം കാറിൽ ഇരിക്കുകയായിരുന്ന യുവാവിനെയും സുഹൃത്തിനെയും സംഘം ചേർന്ന് ഉപദ്രവിച്ച കേസിലെ ഒന്നാം പ്രതി അറസ്റ്റിൽ. പാറവിള പുതുവൽ പുത്തൻവീട്ടിൽ ചന്ദ്രനെയാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്. ചന്ദ്രൻ ലഹരി വസ്തു കച്ചവടം ചെയ്യുന്ന വിവരം പോലീസ് അറിയിച്ചതിലുള്ള വിരോധത്താലാണ് ആക്രമണം. സംഭവത്തിൽ യുവാവിന്റെ മൂക്കിന് പരിക്കേറ്റു. കാറിനും സംഘം കേടുണ്ടാക്കി.

വ്യാജ പാസ്പോർട്ടുമായി ബംഗ്ലാദേശ് പൗരൻ അറസ്റ്റിൽ

തിരുവനന്തപുരം:വ്യാജ പാസ്പോർട്ടുമായി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിയ ബംഗ്ലാദേശ് പൗരൻ മുഹമ്മദ് ഹുസൈൻ മൊല്ല അറസ്റ്റിൽ. ഷാർജയിലേക്കുള്ള വിമാനത്തിൽ യാത്ര ചെയ്യുന്നതിനായാണ് ഇയാൾ ഇന്നലെ രാവിലെ വിമാനത്താവളത്തിലെത്തിയത്. എമിഗ്രേഷനിൽ വിഭാഗത്തിൽ പാസ്പോർട്ട് പരിശോധിച്ചപ്പോൾ വ്യാജമാണെന്ന് ബോധ്യമായിയ തുടർന്ന് എമിഗ്രേഷൻ വിഭാഗം നല്കിയ പരാതി പ്രകാരം വലിയതുറ പോലിസ് ഇയാളെ അറസ്റ്റ് ചെയ്യുകയായിരുന്നു.

കഞ്ചാവ് ചെടികളുമായി യുവാവ് പിടിയിൽ

നെടുമങ്ങാട്: കഞ്ചാവ് ചെടികളുമായി യുവാവ് പിടിയിൽപനവൂർ കരിക്കുഴി മാൻകുഴി സുമയ്യയുടെ വീട്ടിൽ നിന്നുമാണ് അമീർഹംസ മകൻ മുഹമ്മദ് ഷെഹീ(23)നെ കഞ്ചാവ് ചെടികളുമായ് പിടികൂടിയത്. രണ്ട് മാസമായി ഷെഹീൻ ഈ വീട്ടിൽ ഒറ്റയ്ക്ക് താമസം തുടങ്ങിയത്. അയൽ കാരുമായി ഒരു ബന്ധവും സ്ഥാപിച്ചിരുന്നില്ല.

രണ്ട് അടി ഉയരത്തിൽ വളർന്ന ചെടിയാണ് പിടികൂടിയത്. കുറച്ച് നാൾ മുമ്പ് പ്രതിയെ ബൈക്കിൽ കഞ്ചാവുമായി പൊലീസ് പിടിച്ചിട്ടുണ്ട്. രാത്രികാലങ്ങളിൽ നിരവധി ചെറുപ്പക്കാർ ഈ വീട്ടിൽ വന്നുപോകുന്നത് ശ്രദ്ധയിൽപെട്ട നാട്ടുകാർ വിവരം തിരുവനന്തപുരം റൂറൽ ജില്ലാ പൊലീസ് മേധാവി കിരൺനാരായണിനെ അറിയിക്കുകയും തുടർന്ന് ഡാൻസാഫ് ടീമിനെ കൊണ്ട് രഹസ്യമായി അന്വേഷണം നടത്തിയതിൽ ഈവീട്ടിൽ ചെറുപ്പക്കാർ കൂടി ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതായി മനസ്സിലാക്കി. തുടർന്നാണ് നെടുമങ്ങാട് പൊലീസും ഡാൻസാഫ് ടീമും ചേർന്ന് ഈ വീട്ടിൽ പരിശോധനനടത്തിയതിലാണ് പോളിത്തീൻ കവറിൽ നാട്ടുവളർത്തിയ 5 കഞ്ചാവ് ചെടിയും, കഞ്ചാവ് ഉപയോഗിക്കുന്നതിനുള്ള ആധുനിക ഉപകാരണവും കണ്ടെത്തിയത്. തുടർന്ന് എക്സൈസ് പാർട്ടിവന്ന് കഞ്ചാവ്ചെടിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം പൊലീസ് നടപടി പൂർത്തിയാക്കി കഞ്ചാവ് ചെടിയും പ്രതി ഷെഹിനെയും അറസ്റ്റ് ചെയ്തു.

സ്ഥലംമാറ്റം: വിദ്യാഭ്യാസ വകുപ്പ് മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയൻ ഡി.പി.ഐക്ക് മുന്നിൽ ധർണ നടത്തി

തിരുവനന്തപുരം: സർക്കാർ വകുപ്പുകളിൽ ഓൺലൈൻ സ്ഥലം മാറ്റം മാത്രമേ ആകാവൂ എന്ന ഉത്തരവ് നിലനിൽക്കെ, യാതൊരു മാനദണ്ഡവും പാലിക്കാതെ വിദ്യാഭ്യാസവകുപ്പിൽ ജീവനക്കാരെ സ്ഥലം മാറ്റിയതിൽ പ്രതിഷേധിച്ച് വിദ്യാഭ്യാസ വകുപ്പ് മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയൻ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ മുന്നിൽ ധർണ നടത്തി. സംസ്ഥാന നേതാക്കളായ ജി. ജയകുമാർ, കെ. രാജീവ്, എ. നിസാമുദ്ദീൻ, കെ. എസ്. മഹേഷ് കുമാർ തുടങ്ങിയവർ സംസാരിച്ചു. എട്ടും പത്തും വർഷങ്ങളായി സ്ഥലം മാറ്റമില്ലാതെ ഡയറക്ടറേറ്റിൽ തുടരുന്ന ജീവനക്കാർക്ക് സ്ഥലം മാറ്റം നൽകാത്തതാണ് ഇത്തരം ദുഷ്പ്രവണതകൾക്ക് അടിസ്ഥാനമെന്നും ഹെഡ് ക്വാർട്ടേഴ്സ് കൂടി ഉൾപ്പെടുത്തി ഓൺലൈൻ പൊതു സ്ഥലം മാറ്റം അടിയന്തിരമായി നടത്തണമെന്നും നേതാക്കൾ ആവശ്യപ്പെട്ടു. ജൂൺ 12 ന് 112 ജൂനിയർ സൂപ്രണ്ടുമാരെയും, 52 സീനിയർ സൂപ്രണ്ടുമാരെയും സ്ഥലം മാറ്റി. എന്നാൽ ഇതിനായി അപേക്ഷ ക്ഷണിക്കുകയോ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയോ ചെയ്തില്ല. ഓർക്കാപ്പുറത്ത് സ്ഥലം മാറ്റം ലഭിച്ചവർ പരാതിയുമായി മേലാപ്പീസിലേക്കു പ്രവഹിച്ചപ്പോൾ തിരുത്തൽ ഉത്തരവിറക്കി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് കുഴയുന്ന അവസ്ഥയായി. സൂപ്രണ്ടുമാരുടെ ഒഴിവുകൾ മുഴുവൻ നികത്തിക്കൊണ്ട് പ്രൊമോഷനും ഇറക്കിക്കഴിഞ്ഞ് 18 ാം തീയതി സ്ഥലം മാറ്റ അപേക്ഷ ക്ഷണിച്ച് ഡയറക്ടറേറ്റ് വീണ്ടും പരിഹാസ്യരായെന്നും നേതാക്കൾ പറയുന്നു.

മാനദണ്ഡവും പാലിക്കാതെ വിദ്യാഭ്യാസവകുപ്പിൽ ജീവനക്കാരെ സ്ഥലം മാറ്റിയതിൽ പ്രതിഷേധിച്ച് മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയൻ ഡി.പി.ഐക്ക് മുന്നിൽ ധർണ നടത്തിയപ്പോൾ

ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് രക്ഷാമാർഗമൊരുക്കും: സതീശൻ

തിരുവനന്തപുരം: കേരളത്തിലെ തകർന്നടിഞ്ഞ ഉന്നത വിദ്യാഭ്യാസരംഗത്തെ രക്ഷിക്കുന്നതിന് ആശയങ്ങൾ ആവിഷ്കരിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. ഫെഡറേഷൻ ഓഫ് ഓൾ കേരള യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻസിന്റെ 23ാമത് സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ ഒട്ടുമിക്ക സർവകലാശാലകളിലും വിസി നിയമനം മുടങ്ങിയിരിക്കുന്നു. കാമ്പസുകളിൽ അക്രമവും അരാജകത്വവും മുമ്പെങ്ങുമില്ലാത്തവിധം വർദ്ധിച്ചു. സർവ്വകലാശാലകളുടെ അക്കാദമിക് ഭരണ സാമ്പത്തിക കാര്യങ്ങളിൽ സർക്കാരും വകുപ്പ് മന്ത്രിയും അനുവദനീയമല്ലാത്ത അധികാരവും കൈകടത്തലും നടത്തുകയാണെന്നും വി ഡി സതീശൻ പറഞ്ഞു. ഉന്നത വിദ്യാഭ്യാസ രംഗത്ത് സമഗ്ര സംഭാവന നൽകിയ വിദ്യാഭ്യാസവിചക്ഷണനുള്ള ഉമ്മൻചാണ്ടി സ്മാരക പ്രജ്ഞാന ശ്രേഷ്ഠ പുരസ്കാരം ഡോ. എ. സുകുമാരൻ നായർക്ക് മരണാനന്തര ബഹുമതിയായി സമ്മാനിച്ചു. രമേശ് ചെന്നിത്തല എം എൽ എ യിൽ നിന്നും ഡോ. അച്യുത് ശങ്കർ എസ്. നായർ പുരസ്കാരം ഏറ്റുവാങ്ങി.സംസ്ഥാന പ്രസിഡന്റ് ഒ. റ്റി. പ്രകാശ് അധ്യക്ഷത വഹിച്ചു.പ്രതിനിധിസമ്മേളനം എ.പി. അനിൽകുമാർ എം എൽ എ യും യാതയയപ്പ് സമ്മേളനം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം എൽ എ യും ഉദ്ഘാടനം ചെയ്തു. ആർ.എസ് ശശികുമാർ,പ്രഫ. ആർ അരുൺകുമാർ, കെ അബ്ദുൽ മജീദ്, ഡോ. ഗ്ലാഡ്സ്റ്റൺ,ജാഫർ ഖാൻ, എം എസ് ഇർഷാദ്, ആർ അരുൺകുമാർ, കെ സി സുബ്രമണ്യൻ,ആർ പ്രവീൺകുമാർ, എൻ എൽ ശിവകുമാർ നേമം ഷജീർ, ഗോപു നെയ്യാർ, എസ് അരുൺ,വീണ എസ് ബൈജു, നിതിൻ പ്രസാദ് തുടങ്ങിയവരും പ്രസംഗിച്ചു.

ഫെഡറേഷൻ ഓഫ് ഓൾ കേരള യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻസിന്റെ 23മത് സംസ്ഥാന സമ്മേളനം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം ചെയ്യുന്നു

ബാലികമാർക്ക് പീഡനം

രണ്ടാനച്ഛന് ജീവപര്യന്തം തടവും 14.5 ലക്ഷം പിഴയും

ആറ്റിങ്ങൽ: പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ രണ്ടാനച്ഛന് ജീവപര്യന്തം തടവും, 14,50,000 രൂപ പിഴ ശിക്ഷയും വിധിച്ച് ആറ്റിങ്ങൽ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതി ജഡ്ജ് ബിജു കുമാർ ഉത്തരവായി. പെൺകുട്ടികളുടെ മാതാവിനൊപ്പം ഭർത്താവ് എന്ന നിലയിൽ താമസിച്ചു വന്ന ബന്ധുവായ ബിനുകുമാർ (43) കാരനെയാണ് കോടതി ശിക്ഷിച്ചത്. രണ്ട് പെൺകുട്ടികളോടും അതിക്രമം നടത്തിയത് സംബന്ധിച്ച് രണ്ടു കേസുകളാണ് രജിസ്റ്റർ ചെയ്ത്.

മാതൃസഹോദരി പുത്രിയുടെ കുട്ടികളാണ് അതിജീവിതകൾ. അതിജീവിതകളിൽ മൂതിർന്ന കുട്ടി ഋതുമതിയായതു മുതൽ ലൈംഗികാതിക്രമം നടത്തുകയും ഇവരെ നിർബന്ധിച്ച് മദ്യം കഴിപ്പിക്കുകയും ചെയ്തിരുന്നു. പെൺകുട്ടികളെ ശാരീരിക ഉപദ്രവത്തിന് വിധേയാക്കുകയും, അസുഖാവസ്ഥയിൽ പോലും ആശുപത്രിയിൽ എത്തിക്കാതിരിക്കുകയും ചെയ്ത ക്രൂരത പ്രവർത്തിച്ചു എന്ന കുറ്റവും ചുമത്തിയിരുന്നു.

മാതാപിതാക്കൾ പിരിഞ്ഞതിനെ തുടർന്നാണ് അതിജീവിതകളായ പെൺകുട്ടികളുടെ അമ്മക്ക് പ്രതിയുമൊത്ത് താമസിക്കേണ്ടിവന്നത്. പ്രതിയുടെ അതിക്രമം ഭയന്ന് കുട്ടികളും അമ്മയും മുറിയുടെ വാതിൽ അകത്തു നിന്ന് പൂട്ടിയിരുന്നെങ്കിലും പ്രതി അതും തകർത്തു. പ്രതിയുടെ അതിക്രമത്തിൽ വീട് വിട്ട് ഓടേണ്ടി വന്ന അതിജീവിതകളും മാതാവും അയൽ വീട്ടിൽ അഭയം തേടിയതിനെ തുടർന്ന് നാട്ടുകാർ ഇടപെട്ട് പ്രതിയെ വീട്ടിൽ നിന്ന് ഇറക്കിവിട്ടിരുന്നു. പ്രതിയുടെ ഭീഷണിക്ക് വഴങ്ങി ലൈംഗികാതിക്രമം പുറത്ത് പറയാൻ കുട്ടികളും മാതാവും ഭയപ്പെട്ടിരുന്നു. ശല്യം സഹിക്കവയ്യാതെയാണ് ഇവർ വീടുമാറിയതും പൊലീസിൽ പരാതി നൽകിയതും.

അച്ചൻകോവിൽ പൊലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറായിരുന്ന പ്രകാശ്, എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ച കേസിൽ കുറ്റകൃത്യം സംഭവിച്ചത് പള്ളിക്കൽ പൊലീസ് സ്റ്റേഷൻ പരിധിയിൽ ആണെന്ന് കണ്ട് പള്ളിക്കൽ പൊലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടർ എം സഹിൽ എഫ്ഐആർ റീ രജിസ്റ്റർ ചെയ്ത് പൊലീസ് ഇൻസ്പെക്ടർ ശ്രീജിത്ത്. പി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസുകളിലാണ് പ്രതിയെ കുറ്റക്കാരനായി കണ്ടെത്തി ശിക്ഷ വിധിച്ചത്. രണ്ട് കേസുകളിലും പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. എം. മുഹസിൻ ഹാജരായി.

സഹോദരനെ കൊന്ന കേസിൽ പ്രതിക്ക് ജീവപര്യന്തം കഠിനതടവും പിഴയും

നെയ്യാറ്റിൻകര: മുടവൂർപാറ ശിവൻ കൊലക്കേസിൽ സഹോദരൻ മുരുകന് ജീവപര്യന്തം കഠിനതടവും പിഴയും. നെയ്യാറ്റിൻകര പള്ളിച്ചൽ പൂങ്കോട് ബാബാ നിവാസിൽ താമസിച്ചിരുന്ന ശിവനെ കൊലപെടുത്തിയ കേസിലെ പ്രതിയും കൊലചെയ്യപ്പെട്ട ശിവന്റെ ഇളയസഹോദരനുമായ മുരുകന് (46) ജീവപര്യന്തം കഠിനതടവും 2,50,000 രൂപ പിഴ ശിക്ഷയുമാണ് നെയ്യാറ്റിൻകര അഡിഷണൽ ജില്ലാ ജഡ്ജി എ.എം. ബഷീർ വിധിച്ചത്.

പ്രതി മുരുകൻ കൊല്ലപ്പെട്ട ശിവൻ

തിരുനെൽവേലി തെങ്കാശി സ്വദേശിയായ മുരുകൻ പള്ളിച്ചൽ മുടവൂർപാറയിൽ വാടകയക്ക് താമസിച്ചു വരികയാണ്. 2018 ജൂൺ ആറിന് രാത്രി 8.15 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. പ്രതിയായ മുരുകന്റെ ജ്യേഷ്ഠൻ ആണ് കൊലചെയ്യപ്പെട്ട ശിവൻ. പള്ളിച്ചൽ പൂങ്കോട് ബാബ നിവാസിൽ ഭാര്യ ധന്യയ്ക്കും മകൻ വിഷ്ണുവുമൊത്തു വാടക വീട്ടിലാണ് ശിവൻ താമസിച്ചു വന്നിരുന്നത്.

പ്രതി മുരുകൻ തമിഴ്നാട്ടിലുള്ള ഭാര്യയെയും മക്കളെയും ഉപേക്ഷിച്ച ശേഷം തെങ്കാശിയിൽനിന്ന് മറ്റൊരു സ്ത്രീയുമൊത്തു രഹസ്യമായി മുടവൂർ പാറയിൽ താമസിച്ചു വരികയായിരുന്നു. ഇതിനിടെയാണ് മുരുകന്റെ ആദ്യ ഭാര്യയിലുള്ള മകൻ കാർത്തിക് മുടവൂർപാറ ശിവന്റെ വീട്ടിലെത്തിയത്.

കാർത്തിക് ശിവനോട് തന്റെ പിതാവിന്റെ വീട് കാണിച്ചു തരാൻ ആവശ്യപ്പെട്ടു. ആദ്യം സമ്മതിക്കാതിരുന്ന ശിവൻ പിന്നീട് കാർത്തിക്കിനേയും കൂട്ടി മുരുകന്റെ വീട്ടിലെത്തി. തന്റെ ആദ്യ ഭാര്യയിലെ മകനെ തിരിച്ചറിഞ്ഞ മുരുകൻ പ്രകോപിതനായി. തർക്കത്തിനിടെ മുരുകൻ വീടിന്റെ അടുക്കളയിൽ സൂക്ഷിച്ചിരുന്ന കൊടുവാൾ എടുത്തുകൊണ്ട് വന്നു ശിവനെ വെട്ടി പരിക്കേൽപ്പിച്ചു. തിരിഞ്ഞു ഓടാൻ ശ്രമിച്ച ശിവന്റെ മുതുകിലും ഇടതു തുടയിലും പ്രതി പിന്നെയും വെട്ടി. സംഭവസ്ഥലത്തു വെച്ചു തന്നെ ശിവൻ മരിച്ചു.

എഫ്.യു.ഇ.ഒ യുടെ പുതിയ ഭാരവാഹികൾ

തിരുവനന്തപുരം: ഫെഡറേഷൻ ഓഫ് ഓൾ കേരള യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻസിന്റെ(എഫ്.യു.ഇ.ഒ) സംസ്ഥാനസമ്മേളനത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു എൻ മഹേഷ് (പ്രസിഡന്റ്),ജയൻ ചാലിൽ (ജനറൽ സെക്രട്ടറി),കെ എസ് ജയകുമാർ (ട്രഷറർ),ടി പി വിജയകുമാർ, വി എസ് മജീദ്, ആർ പ്രവീൺ, ആഷിഖ് എം.ഹഖ് (വൈസ് പ്രസിഡന്റുമാർ),ഡോ. പി.എ. പ്രദീപ്, എസ്. ഗിരീഷ്, അരുൺ, എൻ സി ജോസ് (സെക്രട്ടറിമാർ)

ഉമ്മൻ ചാണ്ടി സ്മാരക പ്രജ്ഞാനശ്രേഷ്ഠ പുരസ്കാരം മരണാനന്തര ബഹുമതിയായി രമേശ് ചെന്നിത്തല എം എൽ എയിൽ നിന്ന് മുൻ വിസി ഡോ.എ. സുകുമാരൻ നായരുടെ മകൻ ഡോ. അച്യുത് ശങ്കർ എസ് ഏറ്റുവാങ്ങുന്നു

മന്നാനിയ കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ഇക്കണോമിക്സ് ആൻഡ് മീഡിയ സ്റ്റഡീസ് വിഭാഗം ലോക അഭയാർത്ഥി ദിനത്തിൽ സംഘടിപ്പിച്ച ഫോട്ടോ എക്സിബിഷൻ പ്രിൻസിപ്പലും ന്യൂനപക്ഷ ക്ഷേമ വികസന വകുപ്പ് മുൻ ഡയറക്ടറുയ പ്രൊഫ.ഡോ. പി. നസീർ ഉദ്ഘാടനം ചെയ്യുന്നു

അഭയാർഥികളുടെ ജീവിതം വരച്ചു കാട്ടി എക്സിബിഷൻ

പാങ്ങോട്: ലോക അഭയാർത്ഥി സമൂഹത്തിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മന്നാനിയ കോളജ് ഓഫ് ആർട്സ് ആൻഡ് വിദ്യാർത്ഥികൾ. ലോകാ അഭയാർഥി ദിനത്തിൽ അവരുടെ ജീവിതങ്ങളുടെ നേർചിത്രങ്ങൾ ഫോട്ടോ എക്സിബിഷൻ ആയി സംഘടിപ്പിച്ചാണ് വിദ്യാർത്ഥികൾ ഐക്യദാർഢ്യം അറിയിച്ചത്. മനുഷ്യർ എന്ന അഭയാർത്ഥികൾ എന്ന് പേരിട്ട ഫോട്ടോ എക്സിബിഷൻ കോളേജ് പ്രിൻസിപ്പലും ന്യൂനപക്ഷ ക്ഷേമ വികസന വകുപ്പ് മുൻ ഡയറക്ടറുമായ പ്രൊഫ. ഡോ. പി നസീർ ഉദ്ഘാടനം ചെയ്തു. യുദ്ധക്കൊതിയും വംശഹത്യയോടുള്ള ആത്മനിന്ദയില്ലായ്മയും ലോകത്ത് എവിടെയാണെങ്കിലും സാധാരണക്കാരായ മനുഷ്യരെ മാത്രമാണ് ബാധിക്കുന്നതെന്ന് പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കവേ പ്രൊഫ. ഡോ. പി. നസീർ അഭിപ്രായപ്പെട്ടു. ഇക്കണോമിക്സ് ആൻഡ് മീഡിയ സ്റ്റഡീസ് വിഭാഗം വിദ്യാർത്ഥികളാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയിൽ കോളജ് വൈസ് പ്രിൻസിപ്പൽ ഡോ.ദിൽഷാദ് ബിൻ അഷ്റഫ് സൂപ്രണ്ട് കടയ്ക്കൽ ജുനൈദ്, ഇക്കണോമിക്സ് മീഡിയ സ്റ്റഡീസ് വിഭാഗം മേധാവി ഡോ. പി. ഇസ്രത്ത് അധ്യാപകരായ ഷാനി എസ് അർച്ചന ബാലകൃഷ്ണൻ ലക്ഷ്മി വിജയൻ എന്നിവരും സന്നിഹിതരായിരുന്നു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 22 ശനി
ഗൾഫ് ചന്ദ്രിക

കൊടിക്കുന്നിൽ സുരേഷിന് പ്രോടെം സ്പീക്കർ പദവി നൽകാത്തത് വിവേചനമാണ്. അവരുടെ മനസ്സിന്റെ ചെറുപ്പം കൊണ്ടായിരിക്കാം. സർക്കാരിന്റെ പോക്ക് എങ്ങോട്ടാണ്. കൊടിക്കുന്നിൽ സുരേഷിനെ ഒഴിവാക്കിയത് എന്ത്കൊണ്ടാണ്. കൊടിക്കുന്നിലിന്റെ അയോഗ്യതക്ക് എന്താണ് കാരണം. സത്യപ്രതിജ്ഞ ചൊല്ലികൊടുക്കാനുള്ള അർഹത പോലും അദ്ദേഹത്തിനില്ലേ. ദലിത് വിഭാഗത്തിൽ നിന്നുള്ളത് കൊണ്ടാണോ കണക്കിലെടുക്കാത്തത്. പ്രോംടേം സ്പീക്കർ പദവിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ കീഴ് വഴക്കങ്ങൾ ലംഘിക്കപ്പെട്ടു.

– കെ.സി വേണുഗോപാൽ

പ്ലസ്‌വൺ സീറ്റുകളുടെ എണ്ണം വർധിപ്പിച്ചില്ലെങ്കിൽ സർക്കാരിനെതിരെ സമരം ചെയ്യുമെന്ന എസ്.എഫ്.ഐ നിലപാട് പരിഹാസ്യമാണ്. പ്ലസ് വൺ സീറ്റുകളുടെ എണ്ണം വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.യു കേരളത്തിലുടനീളം ശക്തമായ സമര പരിപാടികൾ സംഘടിപ്പിച്ചു. കെ.എസ്.യു പ്രതിഷേധത്തിനൊടുവിൽ സീറ്റുകളുടെ എണ്ണം സർക്കാർ വർധിപ്പിക്കുമെന്ന സാഹചര്യം ഉണ്ടായപ്പോൾ അതുവരെ ഉറക്കം നടിച്ചിരുന്ന എസ്.എഫ്.ഐ പൊടുന്നനെ സർക്കാരിനെതിരെ സമരം ചെയ്യുമെന്നുള്ള പ്രസ്താവനയെ കേരളത്തിലെ വിദ്യാർഥി സമൂഹം അർഹിക്കുന്ന അവജ്ഞയോടെ തള്ളും.

– അലോഷ്യസ് സേവ്യർ

കേരള വാർത്തകൾ

CLICK അന്തരിച്ച മുസ്‌ലിം ലീഗ് നേതാവ് എം.പി അബ്ദുൽഖാദറിന്റെ വസതിയിലെത്തിയ മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രാർത്ഥന നടത്തുന്നു. അഡ്വ. ഷിബു മീരാൻ, അൻസാർ മുണ്ടാട്ട്, സുബൈർ ഓണമ്പിള്ളി, അഡ്വ. വി.ഇ അബ്ദുൽ ഗഫൂർ, അഡ്വ. ഹാരിസ് ബീരാൻ എം.പി സമീപം

അബ്ദുൽഖാദറിന്റെ വിടവാങ്ങൽ വലിയ നഷ്ടം: സാദിഖലി തങ്ങൾ

മലപ്പുറം/കൊച്ചി: സീതി സാഹിബിൽനിന്നും മുസ്‌ലിംലീഗിനെ കുറിച്ചറഞ്ഞു, പൊതുപ്രവർത്തകനായി നാടിനെ സേവിച്ച എം.പി അബ്ദുൽഖാദറിന്റെ വിടവാങ്ങൽ പാർട്ടിയുടെ വലിയ നഷ്ടമാണെന്ന് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു.'ചന്ദ്രിക'യുടെ വിതരണക്കാരനായാണ് അദ്ദേഹം പൊതുപ്രവർത്തനം തുടങ്ങിയത്. പിന്നീട് ഏജന്റ്, റിപ്പോർട്ടർ തുടങ്ങി ഗവേണിങ് ബോഡി അംഗംവരെയായി വളർന്നു. എറണാംകുളം ജില്ലയിൽ മുസ്‌ലിംലീഗിന്റെ ആദ്യകാല സംഘാടകരിൽ പ്രമുഖനായിരുന്നു. കുന്നത്തുനാട് താലൂക്ക് ജനറൽ സെക്രട്ടറി, പെരുമ്പാവൂർ മണ്ഡലം പ്രസിഡന്റ്, എറണാകുളം ജില്ലാ വൈസ് പ്രസിഡന്റ്, ട്രഷറർ, പ്രസിഡന്റ് പദവിയിലെത്തി. ദീർഘകാലം മുസ്‌ലിംലീഗ് സംസ്ഥാന കൗൺസിൽ അംഗമായും സംസ്ഥാന പ്രവർത്തക സമിതി അംഗമായും സജീവമായിരുന്നു. എറണാകുളം ജില്ലയിലെ പൊതുപരിപാടികളിലുണ്ടാകാൻ പോകുന്ന അദ്ദേഹത്തിന്റെ അസാന്നിധ്യം നഷ്ടബോധമുണ്ടാക്കുന്നു. സർവശക്തൻ പരലോക വിജയം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നുവെന്നും തങ്ങൾ കൂട്ടിച്ചേർത്തു. അശരണർക്കും സമൂഹത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്നവർക്കും തണലേകാൻ ജീവിതത്തിന്റെ നല്ലൊരു ഭാഗം മാറ്റിവെച്ച വ്യക്തിയായിരുന്നു എം.പി അബ്ദുൽ ഖാദറെന്ന് മുസ്‌ലിം ലീഗ് ദേശീയ ജന.സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി അനുസ്മരിച്ചു. മുസ്‌ലിം ലീഗിനേയും ചന്ദ്രികയേയും നെഞ്ചിലേറ്റി പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വേണ്ടി അഹോരാത്രം പ്രയത്നിച്ചയാൾ കൂടിയായിരുന്നു അദ്ദേഹമെന്നും കുഞ്ഞാലിക്കുട്ടി ചേർത്തു. അദ്ദേഹത്തിന്റെ വസതിയിലെത്തി അനുശോചനം രേഖപ്പെടുത്തിയ ശേഷം സംസാരിക്കുകയായിരുന്നു പി.കെ കുഞ്ഞാലിക്കുട്ടി. വ്യത്യസ്തമായ പ്രവർത്തന മികവിലൂടെ തന്റേതായൊരു ഇടം കെട്ടിപ്പെടുത്തയാളായിരുന്നു അദ്ദേഹമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് വി.കെ ഇബ്രാഹിംകുഞ്ഞ് , അഡ്വ. ഹാരിസ് ബീരാൻ എം.പി എന്നിവരും അനുശോചിച്ചു

CLICK അന്തരിച്ച മുസ്‌ലിം ലീഗ് നേതാവ് എം.പി അബ്ദുൽഖാദറിന്റെ മയ്യിത്ത് സന്ദർശിച്ച ശേഷം അദ്ദേഹത്തെ അനുസ്മരിക്കുന്ന മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി

CLICK മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിനെ മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ സന്ദർശിച്ചപ്പോൾ.

പ്ലസ് വൺ സീറ്റ് സന്ധിയില്ലാസമരം

മൂന്നാം ദിവസം അറസ്റ്റ് വരിച്ച് 7 എം.എസ്.എഫ് പ്രവർത്തകർ

സ്വന്തം ലേഖകൻ
മലപ്പുറം

വിദ്യാർഥികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന ഇടതുപക്ഷ സർക്കാരിനെതിരായ അനിശ്ചിതകാല സമരത്തിന്റെ മൂന്നാം ദിവസം ഏഴ് എം.എസ്.എഫ് പ്രവർത്തകർ കൂടി അറസ്റ്റിൽ. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർഥികളടക്കം സീറ്റ് ലഭിക്കാതെ പുറത്തിരിക്കുമ്പോഴും സർക്കാർ തുടരുന്ന നിസംഗതക്കെതിരെ സമരം ശക്തമാക്കിയിരിക്കുകയാണ് എം.എസ്.എഫ് ജില്ലാ കമ്മിറ്റി. നോക്കുകുത്തിയായ ആർ.ഡി.ഡി ഓഫീസിന് പൂട്ടിടാൻ ചെന്ന ഏഴ് പ്രവർത്തകരെയാണ് പൊലീസ് അറസ്റ്റ് ചെയ്ത് നീക്കിയത്.

തുടർപഠന യോഗ്യത നേടിയ 32410 വിദ്യാർഥികൾ പഠനാവസരമില്ലാതെ പുറത്തായിട്ടും കള്ളക്കണക്ക് നിരത്തുന്ന സർക്കാരിനെതിരെ മുദ്രാവാക്യങ്ങളുയർത്തി ആർ.ഡി.ഡി ഓഫീസ് ഉപരോധിക്കാനെത്തിയ എം.എസ്.എഫ് പ്രവർത്തകരെ കെട്ടിടത്തിലേക്ക് പ്രവേശിക്കാനനുവദിക്കാതെ തടഞ്ഞു. എന്നാൽ പൊലീസ് പ്രതിരോധം മറികടന്ന് ആർ.ഡി.ഡി ഓഫീസിന് മുന്നിൽവരെയെത്തിയ പ്രവർത്തകരെ പൊലീസ് ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്തുനീക്കുകയായിരുന്നു.

ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പ്, സെക്രട്ടറി ഫർഹാൻ ബിയ്യം, വിങ് കൺവീനർ മബ്റൂഖ് കോട്ടക്കൽ, സംസ്ഥാന കമ്മിറ്റിയംഗം എം. ഷാക്കിർ, മങ്കട മണ്ഡലം ജനറൽ സെക്രട്ടറി ആസിഫ് കൂരി, സെക്രട്ടറി ശാഫി മങ്കട, വിങ് കൺവീനർ മുസ്തഫ മീനാർകുഴി എന്നിവരാണ് ഇന്നലെ അറസ്റ്റിലായത്. പിന്നീട് ഇവരെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു. പൊലീസ് അതിക്രമങ്ങൾക്കും അറസ്റ്റിനും സമരവീര്യം തണുപ്പിക്കാനാവില്ലെന്നും തുടർപഠനത്തിന് യോഗ്യത നേടിയ മുഴുവൻ വിദ്യാർഥികൾക്കും പ്രവേശനം ലഭിക്കുന്നതുവരെ സമരം തുടരുമെന്നും കബീർ മുതുപറമ്പ് പറഞ്ഞു.

ജില്ലയിലെ പ്ലസ് വൺ പ്രവേശനത്തിനുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതുവരെ ശക്തമായ സമരം നടത്തുമെന്ന് എം.എസ്.എഫ് അറിയിച്ചിരുന്നു. കഴിഞ്ഞ ശനിയാഴ്ച്ച എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസിന്റെ നേതൃത്വത്തിൽ ആർ.ഡി.ഡി ഓഫീസ് പൂട്ടിയിട്ടാണ് എം.എസ്.എഫ് സമരം ശക്തമാക്കിയത്. അന്ന് 10 പ്രവർത്തകരെ പൊലീസ് അറസ്റ്റു ചെയ്തിരുന്നു.

CLICK പ്ലസ് വൺ സീറ്റ് നിഷേധത്തിനെതിരെ എം.എസ്.എഫ് മലപ്പുറത്ത് തുടരുന്ന ആർ.ഡി.ഡി ഓഫീസ് ഉപരോധത്തിൽ ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പിനെ അറസ്റ്റ് ചെയ്തു നീക്കുന്നു

പ്ലസ് വൺ നീതിസമരം സമരനായകനെ റിമാന്റ് ചെയ്തു

മലപ്പുറം: ജില്ലയിലെ വിദ്യാർഥികളുടെ അവകാശങ്ങൾക്കുവേണ്ടി എം.എസ്.എഫ് നടത്തുന്ന അനിശ്ചിതകാല സമരത്തിന് നേതൃത്വം നൽകിയ ജില്ലാ ജനറൽ സെക്രട്ടറി വി.എ വഹാബിനെ കോടതി 14 ദിവസത്തേക്ക് റിമാന്റ് ചെയ്തു. കഴിഞ്ഞ ശനിയാഴ്ച മുതൽ സമരരംഗത്തുണ്ടായിരുന്ന വഹാബിനെ മലപ്പുറം ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് റിമാന്റ് ചെയ്തത്. ശനിയാഴ്ച ആർ.ഡി.ഡി ഓഫീസ് പൂട്ടിയിട്ട് നടത്തിയ സമരത്തിനെതിരായ കേസ് ഇന്നലെ കോടതി പരിഗണിച്ചിരുന്നു. വഹാബിനെതിരെ ഗുരുതര റിപ്പോർട്ടാണ് പൊലീസ് കോടതിയിൽ സമർപ്പിച്ചത്. ഇതോടെ റിമാന്റ് ചെയ്യുകയായിരുന്നു. റിമാന്റ് ചെയ്ത വഹാബിനെ മഞ്ചേരി സബ്ജയിലിലേക്ക് മാറ്റി. എം.എസ്.എഫ് ജില്ലാ ജനറൽ സെക്രട്ടറി വി.എ വഹാബിന്റെ അറസ്റ്റ് കൊണ്ടും ജയിലിലടക്കൽ കൊണ്ടും ഈ പോരാട്ടവീര്യത്തെ തകർക്കാനാവില്ല. ശക്തമായ സമരങ്ങൾക്ക് ജില്ലയിൽ എം.എസ്.എഫ് നേതൃത്വം കൊടുക്കുമെന്ന് ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പ് അറിയിച്ചു.

വിദ്യാഭ്യാസ മന്ത്രിയെ തള്ളി എസ്.എഫ്.ഐ

മലപ്പുറം: മലബാറിൽ പ്ലസ് വണ്ണിന് മതിയായ സീറ്റുകളുണ്ടെന്ന വിദ്യാഭ്യാസ മന്ത്രിയുടെ വാദത്തെ തള്ളി എസ്.എഫ്.ഐ ദേശീയ പ്രസിഡന്റ് വി.പി സാനു. ഗുരുതര പ്രതിസന്ധി പരിഹരിക്കാൻ അധിക ബാച്ചുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് മന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ടെന്നും പരിഹാരമായില്ലെങ്കിൽ എസ്.എഫ്.ഐ സമരത്തിനിറങ്ങുമെന്നും സാനു വാർത്താസമ്മേളനത്തിൽ പറഞ്ഞു. എം.എസ്. എഫും പ്രതിപക്ഷ സംഘടനകളും നടത്തിവരുന്ന സമരങ്ങളെ രാഷ്ട്രീയ ഉദ്ദേശത്തോടെയുള്ളതാണെന്ന് ഇടത്പക്ഷ സർക്കാരും ഇടത് സംഘടനകളും മുദ്രകുത്തുന്നതിനിടെയാണ് വിദ്യാർഥി സംഘടനയുടെ ദേശീയ നേതാവിന്റെ പ്രസ്താവന. എസ്.എഫ്.ഐ മലപ്പുറം ജില്ലാ കമ്മിറ്റി കഴിഞ്ഞദിവസം മതിയായ സീറ്റുകളുണ്ടെന്ന കണക്ക് നിരത്തിയിരുന്നു. ഇതിനെ തള്ളിയ വി.പി സാനുവിന്റെ പ്രസ്താവന ഇടത് മുന്നണിക്കുള്ളിലെ ഭിന്നത വ്യക്തമാക്കുന്നതാണ്.

അതേസമയം പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് എം.എസ്.എഫ് അടക്കമുള്ള പ്രതിപക്ഷ വിദ്യാർഥി സംഘടനകളുടെ സമരം തുടരുകയാണ്. മലപ്പുറം ജില്ലയിൽ പണം കൊടുത്ത് പഠിക്കാൻ പോലും മതിയായ സീറ്റില്ലാത്ത സ്ഥിതിയാണുള്ളത്. അൺ എയ്ഡഡ് സീറ്റിലും മാനേജ്മെന്റ് സീറ്റിലും പ്രവേശനം നേടിയാലും ഏഴായിരത്തിലധികം കുട്ടികൾക്ക് അവസരമുണ്ടാകില്ല.

വിദ്യാർഥികൾ നെട്ടോട്ടമോടുകയും വിദ്യാർഥി ആത്മഹത്യ ചെയ്യുന്നതുൾപ്പെടെയുണ്ടായിട്ടും കത്തെഴുതിയെന്നാണ് എസ്.എഫ്.ഐ പറയുന്നതെന്ന് എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ് പറഞ്ഞു. സമരവുമായി എം.എസ്.എഫ് മുന്നോട്ട്പോകുമെന്നും കത്തോ പ്രഖ്യാപനങ്ങളോ അല്ല ആത്മാർത്ഥതയുണ്ടെങ്കിൽ എം.എസ്.എഫിനൊപ്പം വിദ്യാർഥികൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ച് എസ്.എഫ്.ഐ സമരത്തിനിറങ്ങണമെന്നും നവാസ് പറഞ്ഞു. എട്ട് വർഷത്തെ പിണറായി വിജയൻ സർക്കാരിന്റെ നിസംഗതയാണ് ദുരവസ്ഥക്ക് കാരണം.

എസ്.ഇ.യു സംസ്ഥാന സമ്മേളനത്തിന് പ്രൗഢോജ്വല തുടക്കം

അഴിമതിയും കെടുകാര്യസ്ഥതയും ഇടതു സർക്കാരിന്റെ മുഖമുദ്ര: ഫ്രാൻസിസ് ജോർജ്

കോട്ടയം: ജീവനക്കാരുടെയും അധ്യാപകരുടെയും ന്യായമായ അവകാശങ്ങൾ നിഷേധിക്കുന്നതോടൊപ്പം, അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കി കേരളം പിണറായി സർക്കാർ ഭരിച്ചു മുടിച്ചുവെന്ന് ഫ്രാൻസിസ് ജോർജ് എംപി. കോട്ടയത്ത് സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു) സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച കൗൺസിൽ യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാന പ്രസിഡന്റ് സിബി മുഹമ്മദ് അധ്യക്ഷനായി. പി. ഉബൈദുള്ള എം.എൽ.എ, ടി.വി ഇബ്രാഹിം എം.എൽ.എ, എസ്.ടി.യു ദേശീയ പ്രസിഡന്റ് അഹമ്മദ് കുട്ടി ഉണ്ണികുളം, മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അസീസ് ബഡായിൽ, എസ്.ഇ.യു ജനറൽ സെക്രട്ടറി ആമിർ കോഡൂർ, മുസ്‌ലിംലീഗ് ജില്ലാ ജനറൽ സെക്രട്ടറി റഫീഖ് മണിമല, സംസ്ഥാന പ്രവർത്തകസമിതിയംഗം അസീസ് കുമാരനല്ലൂർ, ബിലാൽ റഷീദ്, പി ഐ നൗഷാദ്, നാസർ നങ്ങാരത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

'തലമുറ സംഗമം' നജീബ് കാന്തപുരം എം.എൽ.എ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് വി.ജെ സലീം ആധ്യക്ഷനായി. കെ.എസ് ഹലീൽ റഹ്മാൻ, നസീം ഹരിപ്പാട്, എ.എം അബൂബക്കർ, അമ്പലപ്പുഴ ശ്രീകുമാർ, ഇ.സി റാജുദ്ദീൻ, സി കൊച്ചുമുഹമ്മദ്, മുഹമ്മദ് മുസ്തഫ, അബ്ദുൽ സലാം ഹാജി,സി ലക്ഷ്മണൻ, എൻ.കെ അഹമ്മദ് പ്രസംഗിച്ചു. നേരത്തെ സ്വാഗതസംഘം ചെയർമാൻ അസീസ് ബഡായിൽ പതാക ഉയർത്തി.

സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് മാമൻ മാപ്പിള ഹാളിൽ സമ്പൂർണ സമ്മേളനം നടക്കും. രാവിലെ ഒൻപത് മണിക്ക് സംസ്ഥാന പ്രസിഡന്റ് പ്രസിഡന്റ് സിബി മുഹമ്മദ് പതാക ഉയത്തും. പത്ത് മണിക്ക് 'തളരുന്ന സിവിൽ സർവീസ്; തകരുന്ന കേരളം' എന്ന പ്രമേയത്തിൽ നടക്കുന്ന സെമിനാർ ഡോ. എൻ.കെ പ്രേമചന്ദ്രൻ എം.പി ഉദ്ഘാടനം ചെയ്യും. സംസ്ഥാന വൈസ് പ്രസിഡന്റ് കെ അബ്ദുൽ ബഷീർ അധ്യക്ഷനാകും. യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡന്റ് അഡ്വ. അബിൻ വർക്കി, മുസ്‌ലിം യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡന്റ് അഡ്വ. ഷിബു മീരാൻ, അഷ്റഫ് മാണിക്യം തുടങ്ങിയവർ പ്രഭാഷണം നടത്തും.

11.30ന് സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം മുഖ്യ പ്രഭാഷണം നടത്തും. പ്രതിനിധി സമ്മേളനം 12 മണിക്ക് എസ്.ഇ.യു സംസ്ഥാന പ്രസിഡന്റ് സിബി മുഹമ്മദ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന വൈസ് പ്രസിഡന്റ് എം.എ മുഹമ്മദലി പ്രമേയ പ്രഭാഷണം നടത്തും.

ഉച്ചക്ക് രണ്ടിന് 'ഇന്ത്യൻ ദേശീയതയും ഫെഡറലിസവും' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും. സമസ്ത ഹെഡ് ക്വാർട്ടേഴ്സ് സെക്രട്ടറി റാഫി പോത്തൻകാട് അധ്യക്ഷത വഹിക്കും. മുൻ എം.എൽ.എ കെ.എൻ.എ ഖാദർ, യുത്ത് ലീഗ് ദേശീയ ജനറൽ സെക്രട്ടറി വി.കെ ഫൈസൽ ബാബു, കെ.പി.സി.സി വക്താവ് രാജു പി നായർ, എസ് സൈഫുദ്ദീൻ തുടങ്ങിയവർ പ്രസംഗിക്കും. സുഹൃദ് സമ്മേളനം പി ഉബൈദുള്ള എം.എൽ.എ ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡന്റ് പി മുഹമ്മദ് അധ്യക്ഷനാകും. ചാണ്ടി ഉമ്മൻ എം.എൽ.എ മുഖ്യ പ്രഭാഷണം നടത്തും. ഷി കോൺഫ്രൻസ് കെ.ടി മൈമൂനയുടെ അധ്യക്ഷതയിൽ വനിതാ ലീഗ് സംസ്ഥാനപ്രസിഡന്റ് സുഹ്റ മമ്പാട് ഉദ്ഘാടനം ചെയ്യും. ഈരാറ്റുപേട്ട മുനിസിപ്പൽ ചെയർമാൻ സുഹ്റ അബ്ദുൽ ഖാദർ, ഷഹ്ബാനത് ടീച്ചർ, മരിയ ഉമ്മൻ തുടങ്ങിയവർ പ്രസംഗിക്കും. വൈകിട്ട് അഞ്ചിന് കോട്ടയം ടൗണിൽ ജീവനക്കാരുടെ ശക്തിപ്രകടനം നടക്കും. സംഘടനാ ചർച്ചകൾക്കും ഭാരവാഹി തെരഞ്ഞെടുപ്പിനും ശേഷം സമ്മേളനം നാളെ സമാപിക്കും.

CLICK സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (എസ്.ഇ.യു) സംസ്ഥാന കൗൺസിൽ മീറ്റ് കോട്ടയത്ത് ഫ്രാൻസിസ് ജോർജ് എം.പി ഉദ്ഘാടനം ചെയ്യുന്നു

ഇൻഷുറൻസ് വാഗ്ദാനം ചെയ്ത് അഭിഭാഷകനിൽ നിന്ന് പണം തട്ടിയ വ്യാജ ഡോക്ടർ പിടിയിൽ

പറവൂർ: ഡോക്ടർ ആണെന്ന വ്യാജേന ചികിത്സക്കായി ഇൻഷുറൻസ് സഹായം വാങ്ങി നൽകാമെന്ന് പറഞ്ഞ് അഭിഭാഷകനിൽ നിന്ന് പണം തട്ടിയെടുത്ത കേസിൽ വ്യാജ ഡോക്ടറായ യുവാവും, അമ്മയും പൊലീസ് പിടിയിലായി. കോട്ടയം കിടങ്ങൂർ മംഗലത്ത് കുഴിയിൽ രതീഷ് (34), മാതാവ് ഉഷ അശോകൻ (57) എന്നിവരെയാണ് പറവൂർ പൊലീസ് അറസ്റ്റ് ചെയ്തത്. കോട്ടുവള്ളി കൈതാരം സ്വദേശിയായ പി.യു വിനോദ് കുമാറിൽ നിന്ന് ഒരു ലക്ഷം രൂപയാണ് ഇവർ തട്ടിയെടുത്തത്.

ശ്രീനാഥ് നായർ എന്ന പേരിലുള്ള ഫേസ്ബുക്ക് അക്കൗണ്ടിലൂടെയാണ് രതീഷ് വിനോദ് കുമാറിനോട് സൗഹൃദം സ്ഥാപിച്ചത്. താൻ കളമശേരി മെഡിക്കൽ കോളജിലെ കാർഡിയാക് തൊറാസിക് വാസ്കുലാർ സർജൻ അസി. പ്രൊഫസർ ഡോ.വിഷ്ണുദത്ത് എന്നാണ് രതീഷ് പരിചയപ്പെടുത്തിയത്. വിനോദ് കുമാറിന്റെ പിതാവിന് അക്കാലത്താണ് അർബുദ രോഗം സ്ഥിരീകരിച്ചത്. കേരളത്തിലെ ഒരു പ്രധാന അർബുദരോഗ വിദഗ്ധനെ കാണാൻ ഇയാൾ സഹായിക്കുകയും ചെയ്തു. കുടുംബത്തിന്റെ ചികിത്സയുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്റ്റ് മെഡിക്കൽ എഡ്യൂക്കേഷൻ (ഡിഎംഇ) മുഖാന്തിരം ഇൻഷുറൻസ് സ്പോൺസർഷിപ്പ് തരപ്പെടുത്തി തരാം എന്ന് അഭിഭാഷകനോട് ഇയാൾ വാഗ്ദാനം ചെയ്തു. ഒരു വർഷം 15 ലക്ഷം രൂപയോളം ഇതുവഴി ലഭിക്കുമെന്നും പറഞ്ഞ് വിശ്വസിപ്പിച്ചു.

2023 ജൂൺ മുതൽ ഒക്ടോബർ വരെ പലതവണകളായി ഒരു ലക്ഷം രൂപ ഇയാൾ നിർദേശിച്ച അക്കൗണ്ടിലേക്ക് അയച്ചു നൽകി. രതീഷിന്റെ അമ്മ ഉഷയുടെ അക്കൗണ്ടാണിത്. വീഡിയോ കോളിൽ വിളിക്കാൻ ശ്രമിച്ചെങ്കിലും നടന്നിരുന്നില്ല. ഇൻഷുറൻസ് പോളിസി ലഭിക്കാൻ വൈകിയതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് തട്ടിപ്പ് പുറത്തായത്.

എൽഡി ക്ലർക്ക് ജോലി വാഗ്ദാനം ചെയ്ത് 10 ലക്ഷം രൂപ തട്ടിയെടുത്തത് ഉൾപ്പടെ കേരളത്തിലെ വിവിധ സ്റ്റേഷനുകളിലായി പത്തോളം കേസുകൾ ഇയാൾക്കെതിരെയുണ്ട്. രണ്ട് കേസിൽ അമ്മ ഉഷയും പ്രതിയാണ്. ഇൻസ്പെക്ടർ അനീഷ് കരീമിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയ ഇരുവരേയും റിമാൻഡ് ചെയ്തു.

രതീഷ് ഉഷ

കൊടിക്കുന്നിൽ സുരേഷിന് പ്രോടെം സ്പീക്കർ പദവി നിഷേധിച്ചതിനെതിരെ വ്യാപക പ്രതിഷേധം

തിരുവനന്തപുരം: ഇന്ത്യൻ പാർലമെന്റിലെ ഏറ്റവും മുതിർന്ന അംഗം കൊടിക്കുന്നിൽ സുരേഷിന് പ്രോടെം സ്പീക്കർ പദവി നിഷേധിച്ചതിനെതിരെ സംസ്ഥാനത്ത് വ്യാപക പ്രതിഷേധം. മോദിക്കും ബി.ജെ.പിക്കും കേവല ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിലും പാർലമെന്ററി കീഴ്‌വഴക്കങ്ങൾ ലംഘിക്കുന്നത് ജനവിധിയോടും രാജ്യത്തെ ജനാധിപത്യ വ്യവസ്ഥിതിയോടുമുള്ള വെല്ലുവിളിയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ കുറ്റപ്പെടുത്തി. ജനങ്ങൾ തിരിച്ചടി നൽകിയിട്ടും ജനാധിപത്യത്തെയും ഭരണഘടനയെയും ബി.ജെ.പിയും മോദിയും അവഹേളിക്കുന്നത് അംഗീകരിക്കാനാകില്ല. കേന്ദ്ര നടപടി പ്രതിഷേധാർഹമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. നടപടി മോദി സർക്കാരിന്റെ ഏകാധിപത്യ സ്വഭാവം തുറന്ന് കാട്ടുന്നതാണെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല പറഞ്ഞു. നടപടിയെ കെപിസിസി മുൻ പ്രസിഡന്റ് വി.എം സുധീരനും അപലപിച്ചു.